R41
32F6

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
065140

Madras University

DOCTRINA·VIM·PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below

30 APR.

4

30 MAR 1968

13 APR 1968

O. 61

Jeevithapadabavum

155 A

UNIVERSITY LIBRARY
27 NOV. 1931
MADRAS

ശ്രീ

# ജീവിതപ്രഭാവം.

MADRAS UNIVERSITY
11 NOV 1931
RESEARCH INSTITUTE

എം. രാമൻ നായര് — പ്രകാശകൻ.

2-ാം പതിപ്പ് — 1500 കോപ്പി.

1-ാം പതിപ്പ് പ്രസിദ്ധപ്പെടുത്തിയത്. ഏപ്രിൽ 1926.
2-ാം പതിപ്പ് ,, ജൂൺ 1926.

എമ്പയർ പ്രസ്സ്, കോഴിക്കോട്.

1926.

All rights reserved with the author.

…LINGHAMS STORES
BOOK-SELLERS & STATIONERS
PALGHAT.

എൻ നാരായണൻ നായർ

ഗ്രന്ഥകർത്താ.

വില [illegible] ണ.

Malayalam Dept

65140
RH1
32F6

# വിഷയാനുക്രമണിക.


| | ഭാഗം. |
|---|---|
| ആമുഖോപന്യാസം. | i |
| അവതാരിക | ii—iv |
| 2-ാംപതിപ്പിന്റെ മുഖവുര | v |
| 1-ാംപതിപ്പിന്റെ മുഖവുര | vi—ix |
| ജീവിതവിജയം | x—xi |
| I ജീവിതരീതി | 1—16 |

1. ജീവിത തത്വം.
2. അവസരങ്ങൾ.
3. നിത്യാഭ്യാസം.
4. കൃത്യം.
5. വ്യവസ്ഥ

II. സ്വശക്തി 17—30

1. പരിശ്രമം.
2. പൌരുഷം.
3. ഏകാഗ്രത.
4. ദൃഢനിശ്ചയം.
5. ശഹനശക്തി.
6. ആത്മവിശ്വാസം.
7. ലജ്ജ.

ഭാഗം.

III സത്യമര്യാദ 31—43

1. സത്യം.
2. നടവടി.
3. അഭിമാനം.
4. മര്യാദ.

IV സുശീലം 44—53

1. മനസ്തുഷ്ടി.
2. സുശീലം.
3. സംഭാഷണം.
4. ക്ഷമ.
5. പൈശൂന്യം.

V ധർമ്മം. 54—72

1. ധർമ്മം.
2. സ്വപ്രയത്നം.
3. വിദ്യാഭ്യാസം.
4 കർമ്മപരിചയജ്ഞാനം.
5. ലോകപരിചയജ്ഞാനം.
6. തൊഴിൽ.

VI ധനം 73—87

1. ധനം.
2. ദാരിദ്ര്യം.
3. കടം.

ഭാഗം.
4. ആയവ്യയങ്ങൾ.
5. ലാഭം.
6. പരോപകാരം.
VII വിവാഹം 88—104
1. വിവാഹം.
2 ചാരിത്രശുദ്ധി.
3. സ്വഭാവഗുണം.
4. ഗൃഹഭരണപ്രാപ്തി.
5. സൌന്ദൎയ്യം.
6. സ്ത്രീസ്വാതന്ത്ര്യം.
7. സന്താനപോഷണം.
VIII ആരോഗ്യം.
105—118
1. ആരോഗ്യം.
2. വ്യായാമം.
3 ശുചി.
4. ഭക്ഷണം.
5. ലഹരിവസ്തുക്കൾ.
6. ഉടുപ്പ്.
7. വിശ്രമം.
8. ചികിത്സ.
IX ഐകമത്യം,
119—125.
1. സ്വാതന്ത്ര്യം.

ഭാഗം.
2. അഭിപ്രായഭേദങ്ങൾ.
3. ഐകമത്യം.
X മാഹാത്മ്യം.
126—136
1. മാഹാത്മ്യം.
2. മനോനൈൎമ്മല്യം.
3 സമഭാവന.
4. സ്ഥൈൎയ്യം.
5 സത്യം.
XI ദൈവഭജനം.
137—150
1. മതം.
2 ദൈവം.
3. മനുഷ്യൻ.
4 ദൈവഭജനം.
5 ഹിന്തുമതം.
XII മോക്ഷം.
151—165.
1. വിധി.
2 കലിയുഗം.
3. മോക്ഷം
4 വിജ്ഞാപനം.

---

പുസ്തകാഭിപ്രായങ്ങൾ. i—xvi

# ആമുഖോപന്യാസം.

---

എൻ. നാരായണൻ നായരവർകൾ എഴുതിയ 'ജീവിതപ്രഭാവം' എന്ന പുസ്തകം ഞാൻ വായിച്ചുനോക്കി. ഇതിൽ മനുഷ്യജീവിതത്തിൽ ഒരാൾക്കു നേരിടാവുന്ന സകല വിഷയങ്ങളെക്കുറിച്ചും ഗ്രന്ഥകൎത്താവു വിചിന്തനം ചെയ്തിരിക്കുന്നു. ജീവിതരീതി, സ്വാശക്തി, സത്യം, ശീലം, ധൎമ്മം, ധനം, വിവാഹം, ആരോഗ്യം, ഐകമത്യം, മഹത്വം, ഭക്തി, മോക്ഷം എന്നീ അദ്ധ്യായനാമങ്ങൾതന്നെ എത്രത്തോളം ക്രൂലങ്കഷമായിട്ടാണ് ജീവിതപ്രഭാവത്തെപ്പററി ഇതിൽ വിമൎശിച്ചിരിക്കുന്നതു എന്നു കാണിക്കുന്നുണ്ട്. ഈ പുസ്തകത്തിൽ സ്ഥായിയായ് കാണുന്ന ഉല്പതിഷ്ണുത്വം വായനക്കു സുഖത്തെത്തരുന്നുണ്ട്. സന്മാൎഗ്ഗപാഠം പഠിപ്പിക്കണമെന്നുള്ള അഭിപ്രായം പ്രബലമായിരിക്കുന്ന ഇക്കാലത്തു ഇപ്രകാരമുള്ള പുസ്തകങ്ങൾക്കു വിദ്യാലയങ്ങളിൽ ഒരു സ്ഥാനം ഉള്ളതാകുന്നു.

ഈ പുസ്തകം ഗ്രന്ഥകൎത്താവിന്റെ പ്രഥമശ്രമമാണ്. ഇദ്ദേഹം മേലും പുസ്തകങ്ങൾ എഴുതിക്കാണ്മാൻ ആഗ്രഹിക്കുന്നു. ഇദ്ദേഹത്തിന്റെ സാഹിത്യശ്രമങ്ങളിൽ സകല വിജയത്തേയും ആശംസിക്കുന്നു.

എം. രാമവൎമ്മ തമ്പാൻ ബി. ഏ., എൽ. ടി.

പ്രിൻസിപ്പാൾ, സാമൂതിരികോളേജ്,

കോഴിക്കോട്,
14—3—1926.

കോഴിക്കോട്.

# അവതാരിക.

‘ജീവിതപ്രഭാവം’ എന്ന ഇപ്പുസ്തകത്തിന്നു ഞാൻ ഒരു അവതാരിക എഴുതേണമെന്നു തൽകർത്താവായ എൻ. നാരായണൻനായരവർകൾ എന്നോടാവശ്യപ്പെട്ടപ്പോൾ സ്വതവേ പല ബുദ്ധിമുട്ടുകളുമുള്ള എനിക്കു ഏതെങ്കിലും ഒഴികഴിവു പറഞ്ഞു ആ കൃത്യത്തിൽനിന്നു പിൻമാറാമായിരുന്നു. എന്നാൽ ഇപ്പുസ്തകത്തിൻെറ പേരും, അതിന്നു യോജിച്ച വിഷയവിവേചനവും, വിഷയവിതരണവും, നാരായണൻനായരവർകളുടെ ഒഴിക്കുവാൻ നിവൃത്തിയില്ലാത്ത അപേക്ഷയുമാണു എന്നെ ഈ അവതാരിക എഴുതുവാൻ നിർബ്ബന്ധിതനാക്കിയത്.

മലയാളഭാഷയിൽ പുസ്തകങ്ങൾ കണക്കിലധികം വർദ്ധിക്കുന്നുണ്ടെങ്കിലും, പൊതുവിൽ സദാചാരപരമായ തത്വങ്ങളുടങ്ങിയവ നന്നെ കുറവായിട്ടാണു കാണുന്നത്. “കഥയില്ലാത്ത” ചില കഥകളും, യാതൊരു ചമൽക്കാരവും, ആശയവൈശിഷ്ട്യവുമില്ലാത്ത കവിതകളുമാണു ഇക്കാലത്തും നമ്മുടെ ഭാഷാഭണ്ഡാരത്തിൽ നിക്ഷേപിക്കപ്പെട്ടുവരുന്ന പ്രധാന സമ്പത്തുകൾ. എന്നാൽ കുറഞ്ഞൊരു കാലമായി ഏതാനും പണ്ഡിതന്മാരുടെ നിരന്തരമായ പ്രയത്നത്താൽ ആത്മീയ തത്വങ്ങൾകൂടി ഇക്കാലത്തു പുസ്തകരൂപത്തിൽ പുറത്തിറങ്ങിത്തുടങ്ങിയിരിക്കുന്നു. കള്ളക്കഥകൾകൊണ്ടും, പുരാണങ്ങൾകൊണ്ടും ലോകത്തിന്നു യാതൊരു ഗുണവും സിദ്ധിക്കുന്നില്ലെന്നു അനുഭവംകൊണ്ടു

പരക്കെ അറിയുവാനിടവന്നതിൻെറ ഫലമാണു ഭാഷയിൽ ഇങ്ങിനെ ഒരു പ്രസ്ഥാനം ഇപ്പോഴെങ്കിലും വന്നുകൂടിയത്. ഈ വക പുസ്തകങ്ങൾ എത്രതന്നെ ഉണ്ടായാലും അധികമായിപ്പോകുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. ആഭാസകാവ്യങ്ങളും, അസംബന്ധ പുരാണങ്ങളും പാരായണം ചെയ്തു മനോമുകുരങ്ങൾക്കു മലിനത വരുത്തിയിരിക്കുന്ന പല മലയാളികൾക്കും യഥാൎത്ഥ തത്വോപദേശങ്ങളടങ്ങിയ ഇത്തരം ഗ്രന്ഥങ്ങൾ കൊണ്ടേ വാസ്തവത്തിൽ പരിശുദ്ധരാകുവാൻ സാധിക്കയുള്ളൂ. നാരായണൻ നായരവർകളുടെ ഇപ്പുസ്തകത്തിൻെറ ആകൎഷണീയമായ പേരുതന്നെ അതു ആദ്യവസാനംവായിച്ചു നോക്കേണമെന്നു ആൎക്കും ആഗ്രഹമുണ്ടാക്കിത്തീൎക്കും. നമുക്കു ലോകത്തിൽ എല്ലാംകൊണ്ടും പ്രാധാന്യമേറിയ ജീവിതപദ്ധതിയിൽ നാം അനുകരിക്കേണ്ടുന്ന മുഖ്യ കാൎയ്യങ്ങളാണു അദ്ദേഹം ഇപ്പുസ്തകത്തിൽ വിവരിക്കുന്നത്. അതുകൊണ്ടുതന്നെ ഗ്രന്ഥത്തിൻെറ ഉപയോഗവും വിശദമാകുന്നു.

'ജീവിതപ്രഭാവം' എന്ന ഇപ്പുസ്തകത്തിൽ ജീവിതരീതി, സ്വാശക്തി, സത്യമൎയ്യാദ, സുശീലം, ധൎമ്മം, ധനം, വിവാഹം, ആരോഗ്യം, ഐകമത്യം, മാഹാത്മ്യം, ദൈവഭജനം, മോക്ഷം എന്നിങ്ങിനെ നമ്മുടെ ജീവിതത്തിന്നു പ്രത്യേകാവശ്യമായ പന്ത്രണ്ടു വിഷയങ്ങളാണടങ്ങിയിരിക്കുന്നത്. ഈ പന്ത്രണ്ടു വിഷയങ്ങളും ഓരോ പ്രത്യേകാദ്ധ്യായത്തിൽ, പല വിശിഷ്ട ഗ്രന്ഥങ്ങളിലും, മഹാന്മാരുടെ അഭിപ്രായങ്ങളിലുമുള്ള തത്വങ്ങളെ ക്രോഡീകരിച്ചു

ഗ്രന്ഥകർത്താവു സ്വാഭിപ്രായത്തോടുകൂടി എഴുതിയിട്ടുള്ളതാകുന്നു. ഈ വിഷയങ്ങളിലുള്ള തത്വങ്ങളെല്ലാം നമുക്കു ആദരണീയവും, അനുകരണീയവുമാകുന്നു. ഇപ്പുസ്തകത്തിലെ ഭാഷക്കും സുഗമതയുണ്ട്.

ഈ "ജീവിതപ്രഭാവം" പൊതുവിൽ വായനക്കാൎക്ക അവരുടെ ജീവിതാനുഷ്ഠാനത്തിന്നു ഒരു മാതൃകയായി പരിണമിക്കേണമെന്നും, നാരായണൻനായരവർകൾ വിശിഷ്ടതത്വങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ ഇനിയും എഴുതേണമെന്നുമുള്ള ആശംസയോടുംകൂടി ഇപ്പുസ്തകത്തെ ഞാൻ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്ന്

സി. കൃഷ്ണൻ ബി. ഏ., ബി. എൽ.,

മിതവാദി പത്രാധിപർ.

ലക്ഷ്മീവിലാസ്,
കോഴിക്കോട്,
24—3—1926.

# മുഖവുര.

"ജീവിതപ്രഭാവ"ത്തിന്നു രണ്ടുമാസത്തിന്നുള്ളിൽ തന്നെ മറെറാരു പതിപ്പുകൂടി വേണ്ടിവന്നതായ സംഗതി അതിനെക്കുറിച്ചു പൊതുജനങ്ങൾക്കു ജനിച്ചിരിക്കുന്ന പ്രത്യേക സംതൃപ്തിയെ സ്പഷ്ടമാക്കുന്നുണ്ട്. കേരളത്തിലുള്ള നാനാജാതിമതസ്ഥന്മാരുടേയും പ്രാതിനിധ്യം വഹിക്കുന്ന എല്ലാ പത്രങ്ങളും അതുപോലെതന്നെ സുപ്രസിദ്ധന്മാരായ പലേ മഹാന്മാരും നേതാക്കന്മാരും ഇപ്പുസ്തകത്തെപ്പററി അഭിപ്രായഭേദമെന്നിയെ ശ്ലാഘിച്ചിട്ടുള്ളതിൽ എനിക്കു അനല്പമായ കൃതാൎത്ഥതക്കവകാശമുണ്ട്. അവയിൽ ചില അഭിപ്രായങ്ങളെ പുസ്തകത്തിന്റെ അവസാനത്തിൽ ചേൎത്തിട്ടുണ്ട്. സ്ഥലച്ചുരുക്കത്താൽ മുഴുവനും പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാഞ്ഞതാണ്.

ഈ പതിപ്പിൽ കൂടുതൽ ചില സംസ്കാരങ്ങൾ വരുത്തീട്ടുണ്ട്. ഇടെക്കിടെക്കുള്ള ശ്ലോകങ്ങളെ വേർതിരിച്ചു കാണിച്ച് അവയുടെ അൎത്ഥം ചുവട്ടിൽ ചേൎത്തിരിക്കുന്നത് സാധാരണന്മാൎക്ക് സഹായമായ്ത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു.

പൊതുജനോപയോഗപ്രദമായ എന്റെ പരിശ്രമത്തിൽ എന്നെ പലേപ്രകാരത്തിലും പ്രോത്സാഹിപ്പിച്ച മഹാശയന്മാൎക്കെല്ലാം ഞാൻ ഈ അവസരത്തിൽ മനഃപൂൎവ്വമായ വന്ദനം പറഞ്ഞുകൊള്ളുന്നു.

തിരൂരങ്ങാടി,
1—6—26.

ഞാവല്ലൂർ നാരായണൻനായർ.

# ഒന്നാംപതിപ്പിന്റെ മുഖവുര.

:o:

ബഹുജനങ്ങൾക്കു കൃത്യാകൃത്യബോധവും, ഗുണദോഷവിവേചനവും, ജീവിതയാത്രക്കുപകരിക്കുന്ന വിജ്ഞാനവും നല്കുന്നതിന്നനുസരിച്ചായിരിക്കും ഏതു പുസ്തകത്തിന്റെയും ഉപയോഗം. തത്വജ്ഞാനവിഷയങ്ങളടങ്ങിയ പുസ്തകങ്ങൾ അനേകം പ്രചാരത്തിലുണ്ടെങ്കിലും സാധാരണന്മാക്കും, ലോകരംഗത്തിൽ അപരിചിതന്മാക്കും കൂടി ജീവിതത്തിന്റെ ഉദ്ദേശവും, രീതിയും, പ്രഭാവവും, സുഗമമായി ഗ്രഹിപ്പാൻ സഹായമായ്തീരുന്ന പുസ്തകങ്ങൾ മലയാളഭാഷയിൽ ദുല്ലഭമാണ്. സംശയങ്ങളും, പരിഭ്രമങ്ങളും വദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു ലോകപരിജ്ഞാനവും ആത്മീയശക്തിയും ഉണ്ടാക്കിത്തീക്കുന്ന പുസ്തകങ്ങളാണ് പൊതുജനങ്ങൾക്കു അത്യാവശ്യമായ്തീന്നിരിക്കുന്നത്. ഈ ഒരു സംഗതിയാണ് എന്നെ ഈ പരിശ്രമത്തിലേക്കു പ്രേരിപ്പിച്ചത്.

ജ്ഞാനപ്രകാശം ഉദിക്കായ്ക നിമിത്തമാണ് നാം ലൌകികവും, ദൈവികവുമായ ബാദ്ധ്യതകളെ വേർപിരിച്ചു, ആന്തരീയമായ തത്വങ്ങളെ ആലോചിയ്ക്കാതെ, ബാഹ്യാനുഷ്ഠാനങ്ങളേയും, നിരത്ഥകങ്ങളും അനത്ഥപ്രദങ്ങളുമായ അനാചാരങ്ങളേയും മൂഢവിശ്വാസത്തോടുകൂടി പിന്തുടൎന്നു വരുന്നത്. സ്വാത്ഥത്തിന്റെയും, ആത്മീയതത്വത്തിന്റെയും പരസ്പര സംഘട്ടനം മൂലമാണ് സമസ്തദോഷങ്ങളും ഉത്ഭവിക്കുന്നത്. നാം ലോകത്തിലും, ലോകം

സത്യസ്വരൂപനായ ദൈവത്തിങ്കലും സ്ഥിതിചെയ്യുന്നതിനാൽ സ്വധമ്മങ്ങളെല്ലാം ലോകോപകാരത്തേയും, സത്യത്തേയും ആശ്രയിച്ചുതന്നെ ഇരിക്കണം. സ്വാത്ഥം, ഗൃഹസ്ഥാശ്രമധമ്മം, സ്വദേശാഭിമാനം, പരോപകാരം ഇത്യാദി സവ്വ ധമ്മങ്ങളേയും പരസ്പരോപയുക്തമാക്കി ഈശ്വരാപ്പണമെന്ന നിലയിൽ മനോവാക്കായങ്ങളാൽ ഉള്ള സവ്വവ്യാപാരങ്ങളിലും അനുഷ്ഠിച്ചു തന്നിമിത്തം ആത്മശക്തിയുടെ പ്രഭാവോദയത്താൽ ജീവിതയാത്രയിൽ സാരമായ അഭിവൃദ്ധി പ്രാപിക്കുകതന്നേയാണ് മനുഷ്യരുടെ പരമധമ്മം. ലോകം നിലനില്ക്കുന്നേടത്തോളംകാലം മിക്കപേക്കും ലൌകികകമ്മങ്ങളെ നിശ്ശേഷം ത്യജിച്ചിരിപ്പാൻ കഴിവുണ്ടാകുന്നതല്ല. എന്നാൽ അജ്ഞാനവിമൂഢതന്നിമിത്തം ആശാപാശങ്ങളാൽ ബദ്ധന്മാരായി ദുഷ്കമ്മങ്ങളിലേപ്പെട്ടുകൊണ്ടിരിക്കാതെ പരമാത്ഥബോധത്തെ ലഭിച്ചു സൽപഥസഞ്ചാരണം ചെയ്തു സ്വധമ്മങ്ങളെല്ലാം വ്യവസ്ഥയോടു കൂടി നടത്തി സദാചാരനിഷ്ഠയിൽ ക്രമേണ ദൃഢപ്പെടുവാൻ ആക്കും സാധിക്കുന്നതാണ്. പക്ഷെ, തത്വസാരങ്ങളുള്ള ഗ്രഹിച്ചതുകൊണ്ടു മാത്രം യാതൊരു പ്രയോജനവുമുണ്ടാകുന്നതല്ല. സദാ ശ്രദ്ധവെച്ചു പരിശീലനം ചെയ്തുകൊണ്ടിരുന്നാൽമാത്രമെ അവ പ്രബലമായി മനസ്സിൽ പതിഞ്ഞു സഫലമായ്ത്തീരുകയുള്ളൂ. അതിലേക്കു ജീവിതത്തിന്റെ ഉദ്ദേശവും, മഹിമയും, ജീവിതത്തെ ക്രമപ്പെടുത്തുന്ന രീതിയും സവ്വരും ഗ്രഹിച്ചിരിക്കേണ്ടതുമാണ്.

"ധമ്മനിഷ്ഠഃ, തപോനിഷ്ഠഃ, സത്യനിഷ്ഠഃ സദാഭവ" എന്ന പ്രമാണത്തിന്നനുസരിച്ചു നിശ്ചലമായ ആത്മവി

ശ്വാസത്തോടും, ആത്മസംയമനത്തോടുംകൂടി നിരന്തരം പുരുഷപ്രയത്നം ചെയ്തുകൊണ്ടു സത്യമയ്യാദകളെ അനുസരിച്ച് സ്വധമ്മം നടത്തിക്കൊണ്ടിരുന്നാൽ മാത്രമെ ജീവിതയാത്ര നിറവേററി പരിപൂണ്ണമായ സ്വാതന്ത്ര്യവും, ജ്ഞാനവും, സമാധാനവും അടങ്ങിയിരിക്കുന്നതായ സച്ചിദാനന്ദപദം (മോക്ഷം) പ്രാപിക്കാനിടവരികയുള്ളു. ആത്മബോധം വർദ്ധിപ്പിച്ച് സമസ്തസൃഷ്ടികളെ സേവിക്കുന്നതുതന്നെയാണ് ശരിയായ ഈശ്വരഭക്തി. ജനസമുദായത്തിലേക്കു നന്മയായിരിക്കുമെന്നു ബോദ്ധ്യമുള്ള കാര്യങ്ങളെ യഥാശക്തി നിവ്വഹിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടത് സവ്വരുടെയും സ്വധമ്മമാണ്.

ഈ ചെറുപുസ്തകത്തിൽ സാഹിത്യോൽക്കഷമുണ്ടെന്നോ, ഇതിലടങ്ങിയ ആശയങ്ങൾ മുഴുവനും എൻേറതാണെന്നോ ഞാൻ അഭിമാനിക്കുന്നില്ല. അനേകം വിശിഷ്ടഗ്രന്ഥങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന തത്വസാരങ്ങളേയും, മഹാന്മാരുടെ അഭിപ്രായങ്ങളേയും, ക്രോഡീകരിച്ചു ശ്രുതിയുക്ത്യനുഭവത്തിന്നനുസരിച്ചു ഇക്കാലത്തു പരക്കെ ബോദ്ധ്യമായിരിക്കുന്ന തത്വങ്ങളെ സ്വാഭിപ്രായത്തോടുകൂടി ഇതിൽ സംക്ഷിപ്തമായി അടക്കീട്ടുണ്ടെന്നും, ഭവാണ്ണവത്തിലെ ചുഴികളിലകപ്പെട്ടു കരകാണാതെ നിരാശപ്പെടുന്നവക്കു പ്രത്യേകിച്ചും ഇതു ഒരു മാഗ്ഗദശിയായിത്തീരുവാനിടയുണ്ടെന്നും മാത്രമുള്ള സംതൃപ്തിയെ എനിക്കുള്ളു. പൊതുജനോപകാരത്തെ ഉദ്ദേശിച്ചു ആന്തരമായ വിശ്വാസപൂവ്വം ഞാൻ ചെയ്തതായ ഈ പരിശ്രമം നിമിത്തം സഹജീ

വികളിൽ ചിലരെങ്കിലും സന്മാൎഗ്ഗത്തിൽ ജീവിതത്തെ നയിക്കുവാനും, ജനസമുദായത്തിന്നു അല്പമെങ്കിലും നന്മ വൎദ്ധിപ്പാനും ഇടവരുന്നതായാൽ ഞാൻ കൃതാൎത്ഥനായി. ആയതിനാൽ ഈ പുസ്തകത്തെ എല്ലാവരും സൌഹാൎദ്ദത്തോടുകൂടി സ്വീകരിക്കേണമെന്നപേക്ഷിച്ചുംകൊണ്ടു ഞാൻ ഇതിനെ പൊതുജനസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

സാഹിത്യസംബന്ധമായ എൻെറ ഈ ആദ്യത്തെ പരിശ്രമത്തിൽ എന്നെ സൎവ്വദാ പ്രോത്സാഹിപ്പിച്ച സാമൂതിരി കോളേജ് പ്രിൻസിപ്പാൾ എം. രാമവൎമ്മതമ്പാനവർകൾക്കും, മിതവാദി പത്രാധിപർ സി. കൃഷ്ണനവർകൾക്കും, എ. സി. ഗോവിന്ദനവർകൾക്കും ഞാൻ ഈ അവസരത്തിൽ എൻെറ ഹൃദയംഗമമായ നന്ദിപറഞ്ഞുകൊള്ളുന്നു. ഈ പുസ്തകത്തിൻെറ അച്ചടി വൃത്തിയായും ഭംഗിയായും നിൎവ്വഹിച്ചുതന്ന എമ്പയർ പ്രസ്സുകാരോടും എനിക്കുള്ള കൃതാൎത്ഥതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരൂരങ്ങാടി,
30—3—26.

ഞാവല്ലൂർ നാരായണൻനായർ
ഗ്രന്ഥകൎത്താവ്.

# ജീവിതവിജയം.

1. വിശിഷ്ടമാം മാനുഷജന്മസാരം
ഗ്രഹിച്ചിടാത്തോർ മനുജപ്പുഴുക്കൾ
വിനഷ്ടമാക്കാതൊരു മാത്രപോലും
ഹൃദിസ്ഥമാക്കീടുക തത്വമെല്ലാം.

2. ഭൂതത്തിലെത്തെറ്റുകൾ തീർക്കുവാനും,
ഭാവിക്കു രൂപങ്ങൾ ചമയ്ക്കുവാനും,
ജീവസ്സിനോജസ്സു വളർത്തുവാനും
പ്രയുക്തമാക്കീടുക 'വർത്തമാനം'.

3. മനസ്സിനാഹ്ലാദമകറ്റുമോരോ
വിചാരമെല്ലാമൊരു ഭാണ്ഡമാക്കി
ഉറപ്പെഴും പെട്ടിയിലിട്ടുപൂട്ടി
പുറത്തിരുന്നങ്ങു ചിരിച്ചുകൊൾവിൻ!

4. പ്രയത്നശാലിക്കെത്താത്തകാര്യം
ധരിപ്പിനൊന്നും ഭുവനത്തിലില്ല
സഹിച്ചുകഷ്ടം, ക്ഷമയോടുനിത്യം
പ്രകൃഷ്ടമായ് ചെയ്യുക കർമ്മമെല്ലാം.

5. വിഘ്നങ്ങളോടൊക്കെയെതിർത്തു ധീരൻ
പ്രശാന്തനായ് മന്നിൽ മഹാൻ ജയിപ്പൂ;
സമ്പന്നനാം ദുർമ്മതി തീരെ നിന്ദ്യൻ,
പരാശ്രയത്താൽ കഴിവോൻ ജന്തുതാൻ.

6. സ്വഭാവമുണ്ടാം പരിശീലനത്താൽ,
ക്രിയക്കുമൂലം പരിചിന്തനം താൻ,
മൎത്ത്യൎക്കു കാൎയ്യം പുരുഷാൎത്ഥമത്രെ;
താ,ങ്ങാൎക്കുമേ സൽ പരമാൎത്ഥ തത്വം.

7. കുടത്തിലേററവും ജലമാണു ഭാരം,
നിമഗ്നഃനററം ലഘ്വബ്ധിപോലും
ഇടുങ്ങിവിങ്ങും മമതാദിദുഃഖം
വിരിഞ്ഞൊരാത്മാവതു താൻ പ്രഹൎഷം.

8. ജീവിച്ചിരിപ്പാൻ കൊതി ലേശമില്ലാ-
തുൎവ്വീതലം രൌരവ തുല്യമാകിൽ
സൎവ്വാന്തരാത്മപ്രഭ ദീപ്തമായാൽ
സ്വൎല്ലോക സൌഖ്യങ്ങളുമെത്ര തുച്ഛം.

9. ബ്രഹ്മത്തെ ഹൃത്തിൽസ്സതതം നിനച്ചു
സൎവ്വത്ര സാന്നിദ്ധ്യമതും ഗ്രഹിച്ചു
ധൎമ്മത്തെയെല്ലാം ശിരസാ വഹിച്ചു-
ങ്ങൎപ്പിക്ക ജന്മം സഹജീവികൾക്കായ്.

10. ഇതാണു സാക്ഷാൽ വിജയൈകമാൎഗ്ഗം,
ഇതാണു ജീവന്റെ മഹാ പ്രഭാവം,
ഇതാണു ശാസ്ത്രാന്തരമാം രഹസ്യം,
ഇതാണു മൎത്ത്യന്റെ വിശേഷഭാഗ്യം.

---

ഓം ശുഭമസ്തു.

7 NOV. 1931

ഓം

സച്ചിദാനന്ദസ്വരൂപായ നമഃ

# ജീവിത പ്രഭാവം.

---

## 1. ജീവിതരീതി.

"ദേവത്വമമരേശത്വം തൽ പൂജ്യത്വഞ്ച മാനവാഃ
പ്രയാന്തിവാഞ്ഛിതം ചാന്യൽ ദൃഢം യേ വ്യവസായിനഃ"

മാർക്കണ്ഡേയപുരാണം.

(ദേവത്വവും, ദേവേന്ദ്രത്വവും, ദേവേന്ദ്രപൂജ്യത്വവും മററു സർവ്വാഭീഷ്ടങ്ങളും സ്ഥിരോത്സാഹികൾ പ്രാപിക്കുന്നു.)

1. ജീവിത തത്വം—അഭിവൃദ്ധിക്കായിക്കൊണ്ടുള്ള സ്വശക്തി നിമിത്തമാണ് മനുഷ്യന്നു ഭൂമണ്ഡലത്തിലെ സർവ്വസൃഷ്ടികളിലുംവെച്ചു ഉൽകൃഷ്ടത. സ്വശക്തി എന്നുവെച്ചാൽജഡശക്തിയല്ല; പ്രകൃതിയെ ക്രമേണ തനിക്കു കീഴടക്കുവാൻ സാധിക്കുന്ന ആത്മശക്തിയാണ്. ജഡത്തിനേക്കാൾ സൂക്ഷ്മത്തിന്നു എത്രയോ ബലം കൂടുമെന്നുള്ള സംഗതിക്കു ആവി, വിദ്യുച്ഛക്തി മുതലായവ ദൃഷ്ടാന്തങ്ങളാണല്ലോ. സർവ്വജീവമൂലധാതുവർഗ്ഗങ്ങളിലും ക്രമേണ ജാഗ്രൽ

സ്വപ്ന സുഷുപ്ത്യവസ്ഥകളിൽ സ്ഥിതിചെയ്യുന്ന ആത്മ കിരണമുണ്ട്. സസ്യാദികൾക്കുകൂടി വികാരങ്ങൾ സ്വല്പ മായുണ്ടെന്നുള്ള സംഗതി ഡാക്ടർ ബോസ് എന്ന മഹാൻ ഈയിടെ പ്രത്യക്ഷപ്പെടുത്തീട്ടുണ്ടല്ലോ. എന്നാൽ മനുഷ്യ നിൽ മാത്രമെ ആത്മാവിന്നു ബോധം വർദ്ധിച്ചു തുടങ്ങീ ട്ടുള്ളു. ബോധത്തിൻെറ അഭിവൃദ്ധി ആന്തരീയം, ബാഹ്യം എന്നിങ്ങിനെ രണ്ടുവിധമാണ്. പൌരസ്ത്യന്മാരുടെ തത്വ ജ്ഞാനം അഭ്യന്തരമായ അഭിവൃദ്ധിയുടേയും പാശ്ചാത്യ ന്മാരുടെ നാഗരീകത്വം ബാഹ്യമായ അഭിവൃദ്ധിയുടേയും സൂചകങ്ങളാണ്. അവകളിൽ ആദ്യത്തേതു ശ്രേയസ്സും (glory) രണ്ടാമത്തേതു പ്രേയസ്സും (pleasure) ആണ്. എങ്കിലും ഇപ്പോഴത്തേതിലും അധികം ഉയൎന്നുയൎന്നു നി ല്ക്കുന്ന പദവികൾ ഇനിയുമുണ്ട്. ബാഹ്യാഭ്യന്തരങ്ങളായ രണ്ടുവിധമുള്ള അഭിവൃദ്ധികളിലും ഒരുപോലെ പുഷ്ടി പ്രാ പിക്കുന്നതാണ് മഹിമ.

സൎവ്വ പ്രാണികളും പ്രകൃതിയിൽനിന്നു സ്വതവെ ല ഭിക്കുന്ന ഭോഗങ്ങളിൽമാത്രം തൃപ്തിപ്പെടുന്നു. എന്നാൽ മ നുഷ്യനാകട്ടെ അവകളിൽ തൃപ്തിപ്പെട്ടിരിക്കാതെ സ്വാ തന്ത്ര്യം, ജ്ഞാനം, ആനന്ദം എന്നീ മൂന്നവസ്ഥകളുടെ ഉപൎയ്യുപൎയ്യഭിവൃദ്ധിക്കനുഗ്രഹിച്ച് പരിശ്രമിക്കുന്നു. ഈ മൂ ന്നവസ്ഥകളും പരസ്പരാശ്രിതങ്ങളുമാണ്. പ്രസ്തുത അവ സ്ഥാത്രയത്തിൻെറ പരിപൂൎണ്ണതയെയാണ് മോക്ഷം, കൈ വല്യം, നിൎവ്വാണം, ദൈവപദം എന്നെല്ലാം പറയുന്നത്. ക്ഷണഭംഗുരങ്ങളായ ലൌകികസുഖങ്ങളെല്ലാം നിത്യാന

ന്ദത്തിന്റെ മാത്രാഭ്രതങ്ങളാണ്. അതിനാൽ ഉത്തമമായ മാനുഷജന്മം ലഭിച്ചിട്ടുകൂടി ജീവിതയാത്രയുടെ തത്വത്തെ മനസ്സിലാക്കി സ്വശക്തിയെ ഉണർത്തി ധർമ്മാർത്ഥകാമമോക്ഷങ്ങളായ പുരുഷാർത്ഥ ചതുഷ്ടയസിദ്ധിക്കായ്ക്കൊണ്ട് പരിശ്രമിക്കാതെ ജീവിതത്തെ വ്യർത്ഥമാക്കുന്നതു പരമഭോഷത്വമാണെന്നു പറയേണ്ടതില്ലല്ലോ.

ജീവിതയാത്രയിൽ അഭിവൃദ്ധി പ്രാപിച്ച സമ്പൂർണ്ണത ലഭിക്കേണമെങ്കിൽ, സർവ്വർക്കും മൂന്നുവിധമായ ബാദ്ധ്യതകളെ നിറവേററണ്ടതുണ്ട്. ആയതു

(1) താന്താങ്ങളുടെ സ്വന്തം നില ഉറപ്പിക്കുക.

(2) ലോകത്തോടുകൂടി സഹകരണം ചെയ്യുക.

(3) സത്യസ്വരൂപനായ ദൈവത്തെ ഭജിക്കുക.

എന്നിങ്ങിനെ മൂന്നാണ്. ചുരുക്കിപ്പറയുന്നതായാൽ പ്രസ്തുത ബാദ്ധ്യതകൾ മൂന്നും ക്രമേണ ധർമ്മവും, മര്യാദയും, സത്യവുമാണ്. കർമ്മം, ജ്ഞാനം, ഭക്തി എന്ന ത്രികോണാകൃതിയായ മോക്ഷമാർഗ്ഗത്തിലേക്കു നയിക്കുന്ന ഉപമാർഗ്ഗം തന്നെയാണ് സത്യമര്യാദകളോടുകൂടിയ സ്വധർമ്മം. ജീവിതയാത്രയിൽ സത്യം ആസ്പദവും, മര്യാദ ദീപവും, ധർമ്മം പരിശ്രമവുമാണ്. കർത്തവ്യകർമ്മമാണ് ധർമ്മം. ബോധത്തിന്റെ പ്രകാശമാണ് മര്യാദ. നിർവ്യാജമായ ഭക്തിയാണ് സത്യം. ധർമ്മത്തെ അനുസരിക്കാത്ത കർമ്മവും, മര്യാദയെ ശോഭിപ്പിക്കാത്ത ജ്ഞാനവും, സത്യത്തെ ആശ്രയിക്കാത്ത ഭക്തിയും വികടവും കപടവുമാണ്. സൂക്ഷ്മമായി പര്യാലോചനചെയ്താൽ സർവ്വതോമുഖമായ അഭിവൃദ്ധി പ്രാപി

ക്കേണമെങ്കിൽ, സത്യധൎമ്മമൎയ്യാദകളെ ക്ഷിത്യാദിഗോള ങ്ങളുടെ സ്പന്ദന, പരിഭ്രമണ, പ്രാദക്ഷിണ്യ ഗതികളെന്ന പോലെ പരസ്പരോപയുക്തമാക്കി നിരന്തരം പരിശീലനം ചെയ്തുകൊണ്ടിരിക്കേണ്ടതുണ്ട്.

താന്താങ്ങളുടെ സ്വന്തം പ്രകൃതത്തെ വ്യവസ്ഥപ്പെട്ട ത്താതെയും, പ്രപഞ്ചതത്വങ്ങളെ കുറിച്ചു ബോധം ഉദി ക്കാതെയും, ആത്മാവിന്നനുമുഖമാൎദ്ദ്ദ്രീരാതെയും ദുഃഖമോച നം ഒരിക്കലും ലഭിക്കുന്നതല്ല. മാനുഷചാപല്യങ്ങളെ കീഴ ടക്കുവാൻ തക്ക സ്വശക്തി സ്ഫുരിച്ചിട്ടില്ലാത്തവർ സ്വധ ൎമ്മത്തെ നടത്താതിരുന്നാൽ അലസന്മാരും ചപലന്മാരും ദൈവഹതന്മാരും പരാധീനന്മാരുമായ്ത്തീരുന്നു. സംസാര വിഷയങ്ങളെ നിശ്ശേഷം പരിത്യജിപ്പാനുള്ള വൈരാഗ്യം ഉദിച്ചിട്ടില്ലാത്തവർ മൎയ്യാദ ആചരിക്കാതിരുന്നാൽ അ ജ്ഞാനതമോമയന്മാരും കഠിനഹൃദയന്മാരും പ്രതിബന്ധ ങ്ങളാൽ തടയപ്പെട്ടുന്നവരുമായിത്തീരുന്നു. സത്യത്തെ ആ ശ്രയിക്കാത്തവരെല്ലാം ദുൎമ്മാൎഗ്ഗികളും ദുൎമ്മാൎഗ്ഗാസക്തിയു ടെ ദുൎന്നിവാരഫലമായ യാതനാനുതാപങ്ങൾ അനുഭവിച്ചു അധോഗതി പ്രാപിക്കുന്നവരുമായിരിക്കും. ആയതിനാൽ മാഹാത്മ്യം ലഭിക്കുന്നതുവരെ മനസാ, വാചാ, കൎമ്മണാ എന്നിങ്ങിനെ ത്രികരണങ്ങളാലുമുള്ള സൎവ്വ വ്യാപാരങ്ങളി ലും സത്യധൎമ്മമൎയ്യാദകളെ അംഗീകരിക്കുന്നതാണ് നന്മ എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. സത്യധൎമ്മമൎയ്യാദകളിൽ പ്ര ഷ്ഠിപ്പെടേണമെങ്കിൽ ചില വ്യവസ്ഥാക്രമങ്ങൾ നിത്യപ രിശീലനത്താൽ ദൃഢപ്പെട്ടുത്തേണ്ടതുണ്ട്. അതിനായ്ക്കൊ

ണ്ടു നിരപരാധ സുന്ദരമായ ബാലജീവിതത്തിൽ തന്നെ സ്വപ്രയത്നശീലവും, സ്വധർമ്മനിഷ്ഠയും, സമസൃഷ്ടിസ്നേഹവും, ഈശ്വരഭക്തിയും ഉണ്ടാക്കിത്തീർക്കേണ്ടതാവശ്യമാണ്.

2. അവസരങ്ങൾ—സമയം എത്രയും വിലപിടിച്ചതാണ്. അനേകം അണുക്കൾ ഒന്നോടൊന്നു ചേർന്നു സ്ഥിതിചെയ്യുന്നതാണു ഒരു രൂപം. അപ്രകാരംതന്നെ അനേകം നിമിഷങ്ങൾ തുടരെത്തുടരെ കോർത്തുനില്ക്കുന്ന ഒരു സ്ഥിതിയാണു ജീവിതം. ജന്മസാഫല്യമുണ്ടായിത്തീരേണമെങ്കിൽ സമയവും അതിന്റെ ഉപയോഗവും ഊടയും പാവുമെന്നപോലെ ഇരിക്കണം. ഒരു ഊടക്കു ഒരു പാവു തെററിയാൽ ആ ന്യൂനത തുണി മുഴുവനും ബാധിക്കുന്നു. ആ ന്യൂനതയെ പരിഹരിക്കേണമെങ്കിൽ അതുവരെ നടത്തിയ നെയ്ത്ത് മുഴുവൻ അഴിച്ചു വീണ്ടും ആദ്യമെ തുടങ്ങുകതന്നെ വേണം. സമയം വ്യർത്ഥമാക്കിയാൽ ആത്മശക്തിക്കും ബുദ്ധിക്കും ശുഷ്കതയും ദാരിദ്ര്യവും സംഭവിച്ചു ആ ന്യൂനത ജീവിതകാലം മുഴുവനും എന്നു മാത്രമല്ല തദനന്തരവും ബാധിക്കും. പോയ്പ്പോയ ധനത്തെ നിരന്തരമായ അദ്ധ്വാനത്താലും, പോയ്പ്പോയ വിദ്യയെ വീണ്ടുമുള്ള പഠിപ്പിനാലും, പോയ്പ്പോയ ആരോഗ്യത്തെ ഔഷധങ്ങളാലും ദിനചര്യക്രമത്താലും വീണ്ടും സമ്പാദിക്കാം. എന്നാൽ പോയ്പ്പോയ സമയത്തെ ഒരു പ്രകാരേണയും വീണ്ടെടുപ്പാൻ നിവൃത്തിയില്ല. ജീവിതത്തിലെ ഒരു മണിക്കൂറെങ്കിലും വൃഥാവിൽ കളഞ്ഞാൽ അതു എന്നെന്നേക്കും പോയ്പ്പോയതുതന്നെ.

ദിവസന്തോറുമുള്ള ഉദയാസ്തമനം ജീവിതത്തിന്റെ ഓരോരംശത്തെ അപഹരിച്ചുകൊണ്ടുപോകുന്നു. ജീവിതത്തിലധികം ബാല്യമായും വാൎദ്ധക്യമായും കഴിഞ്ഞുപോകുന്നു. ശേഷമുള്ള അല്പത്തിൽ പകുതി ഉറക്കത്തിന്നും, നിത്യവൃത്തികൾക്കും, ഭോഗങ്ങൾക്കും ഉപയോഗിക്കേണ്ടിവരുന്നു. ആയതിനാൽ നമുക്കു സ്വന്തം കൈവശമായി നില്ക്കുന്ന കാലോഹരിയെ ഒരു നിമിഷംപോലും വ്യൎത്ഥമാക്കാതെ അഭിവൃദ്ധിക്കായി ഉപയോഗിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഓരോ ഉദയാസ്തമനം കഴിയുന്തോറും മൃത്യു അണഞ്ഞണഞ്ഞു വരുന്നു. അതുകൊണ്ടു

"കാലക്ഷേപോനകൎത്തവ്യഃ
ക്ഷീണമായുഃ ക്ഷണേ ക്ഷണേ"*

എന്ന അഭിജ്ഞവചനത്തെ ഓൎമ്മവെച്ചു ഒരു നിമിഷം പോലും നിഷ്പ്രയോജനമായ്ത്തീരാതിരിപ്പാൻ സൂക്ഷിക്കേണ്ടതാണ്. കൎത്തവ്യകൎമ്മത്തിന്നു വീഴ്ച വരുത്തിപ്പോയല്ലോ എന്നു പിന്നീടു പശ്ചാത്താപം ജനിക്കുമ്പോൾ സമയം തിരികെ കിട്ടുന്നതല്ലായ്കയാൽ കൎത്തവ്യകൎമ്മങ്ങളെ നിറവേററുവാൻ എപ്പോഴും സൂക്ഷിച്ചു അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കേണ്ടതു എല്ലാവരുടെയും മുറയാണ്.

അസംബന്ധപ്രലാപങ്ങളിലും, ഉത്സവകോലാഹലങ്ങളിലും, വിനോദപരമ്പരകളിലും, സുഖഭോഗസമൃദ്ധിക

---

* കാലത്തെ വലിച്ചെറിഞ്ഞുകളയരുത്; ആയുസ്സ് നിമിഷന്തോറും ചുരുങ്ങിവരുന്നു.

ളിലും പരദൂഷണങ്ങളിലും മററുമായി സമയത്തെ ദുർവ്യ യം ചെയ്യാതെ തൻെറയും തൻെറ സഹജീവികളുടെയും അഭിവൃദ്ധിക്കായ്ക്കൊണ്ടു സദാ ജാഗരൂകനായി സമയത്തെ വിനിയോഗിച്ചുകൊണ്ടിരുന്നാൽ ജീവിതത്തിന്നുള്ളിൽ എന്തെല്ലാം മഹത്തരങ്ങളായ കൃത്യങ്ങൾ നേടി സമാധാനം പ്രാപിക്കാം! സമയത്തെ ജ്ഞാനമായിട്ടോ ധനമായിട്ടോ രൂപാന്തരപ്പെടുത്തുന്നതാണ് അനിതരസാധാരണമായ വൈദഗ്ദ്ധ്യം. ചില നിമിഷങ്ങളിൽ ഒരായുസ്സിൻെറ 'യോഗ്യഭാഗ്യ'ത്തിൻെറ ബീജം അടങ്ങിയിരിക്കാം. അതെപ്പോഴാണെന്നു ആൎക്കുമറിഞ്ഞുകൂടാ. ജീവിതത്തിന്നിടയിൽ ഒരിക്കലെങ്കിലും ഭാഗ്യശ്രീ അണഞ്ഞു ചെല്ലാത്തവരാരുമില്ല. പക്ഷെ ആ അനുകൂലശക്തിയെ യഥോചിതം സ്വീകരിപ്പാൻ ഒരാൾ ജാഗരൂകനായി കാത്തുനില്ക്കുന്നില്ലെങ്കിൽ അതു പിൻതിരിഞ്ഞുപോയി അന്യസ്ഥാനം പിടിക്കുന്നതാണ്.

നല്ല കാലത്തിന്നും അന്യന്മാരുടെ സഹായത്തിന്നും ഭാഗ്യവിശേഷത്തിന്നും കാത്തിരിക്കാതെ സാധാരണ അവസരങ്ങളെയെല്ലാം പിടികൂടി ഉപയോഗപ്പെടുത്തുന്നതാണ് വിവേകം. മടിയന്മാൎക്കാണു അവസരങ്ങളൊന്നും ദൃശ്യമാകാത്തത്. ഉത്സാഹശീലന്മാർ അവസരങ്ങളെ നിമിഷംപ്രതി ഉണ്ടാക്കിത്തീൎക്കുന്നു. ഉറക്കം, മയക്കം, ശൃംഗാരം, പരദൂഷണം, ഏഷണി, 'സുഖഭോഗം എന്നിവകളിൽ മടിയന്മാർ വ്യൎത്ഥമാക്കിക്കളയുന്ന .സമയത്തെ ഉത്സാഹശീലന്മാർ ഉപയോഗപ്പെടുത്തി ജീവിതത്തെ സ

ഫലമാക്കിത്തീൎക്കുന്നു. വിശ്രമസമയങ്ങളിൽനിന്നു ദിവസേന ഒരു മണിക്കൂർ നേരമെങ്കിലും നാം 'സ്വയാഭിവൃദ്ധി'ക്കായിക്കൊണ്ടു ഉപയോഗിച്ചുകൊണ്ടിരുന്നാൽ നമ്മുടെ ജീവിതത്തിന്നുള്ളിൽ ആ സമയത്തിന്റെ ചെറുക്കം കൊണ്ടു എന്തെല്ലാം നന്മകളുണ്ടാക്കിത്തീൎക്കാം. സ്വൎണ്ണ ഉരുക്കാം രാകിപ്പൊടിച്ചുവീഴുന്ന ധൂളികളെ മെഴുകിൽ ഒട്ടിച്ചെടുത്തു ശേഖരിച്ചു ചില സ്വൎണ്ണവേലക്കാർ അനവധി ധനം സമ്പാദിക്കുന്നില്ലേ? നമുക്കു മിക്കപേൎക്കും ദിവസേന ഒരു മണിക്കൂറെങ്കിലും ആത്മീയാഭിവൃദ്ധിക്കു വിനിയോഗിപ്പാൻ വിഷമതയുണ്ടാകുമെന്നു തോന്നുന്നില്ല. ലോകരംഗത്തിൽ പ്രധാന വേഷക്കാരായി ജീവിച്ചവരെല്ലാം മുൻപറഞ്ഞ പ്രകാരമാണ് ഉന്നതി പ്രാപിച്ചിരിക്കുന്നത്. വളരെക്കാലം ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ലോകപ്രസിദ്ധി നേടിയ ഗ്ലാഡ്സ്റ്റൻ എന്ന മഹാൻ തന്റെ അനന്യസാധാരണമായ ജോലിത്തിരക്കുകളുടെ ഇടയിൽ കിട്ടുന്ന അല്പസമയംപോലും നഷ്ടമായിപ്പോകാതിരിപ്പാൻ വേണ്ടി ഒഴിവു കിട്ടുന്ന സമയങ്ങളിലെല്ലാം ഉപയോഗിക്കേണ്ടതിന്നു തന്റെ കയ്യശം എപ്പോഴും ചില ചെറുഗ്രന്ഥങ്ങളെ എടുക്കുക പതിവായിരുന്നു. ഇങ്ങിനെ സ്വല്പസമയങ്ങളെക്കൂടി വിനിയോഗിക്കുക മൂലം അദ്ദേഹത്തിന്നു തന്റെ ജീവതദശയിൽ എത്രയോ ആയിരം പുസ്തകങ്ങൾ വായിച്ചു അറിവു സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കുശാഗ്രബുദ്ധികളും എത്രതാണ്ടു 'സൎവ്വജ്ഞ

പീഠം' കയറിയവരുമായ ഗ്ലാഡ്സ്റ്റനെപ്പോലെയുള്ള മഹാന്മാർ നമ്മുടെ ദൃഷ്ടിയിൽ നിസ്സാരമെന്നു തോന്നുന്ന സ്വല്പസമയങ്ങളെ ഇത്രത്തോളം വിലമതിച്ചു സ്ഥിതിക്കു മനുഷ്യനായി ജനിച്ചു മനുഷ്യനു വേണ്ടുന്ന യാതൊരറിവും സിദ്ധിച്ചിട്ടില്ലാത്ത നമ്മെപ്പോലെയുള്ള സാധാരണക്കാർ സമയവിനിയോഗത്തിൽ എത്രത്തോളം ശ്രദ്ധാലുക്കളായിരിക്കേണമെന്നു പറയേണ്ടതില്ലല്ലോ.

പുഷ്പങ്ങളെ അനേകം പ്രാണികൾ സന്ദർശിക്കുന്നുണ്ട്. എന്നാൽ തേനീച്ചകൾ മാത്രമെ പുഷ്പങ്ങളിൽനിന്നു സാരാംശമായ തേൻ എടുത്തുകൊണ്ടുപോകാറുള്ളു. അതുപോലെ തന്നെ വിവേകമുള്ളവർ തങ്ങൾ എത്തുപെടുന്ന സർവ്വരിൽനിന്നും, സർവ്വ സംഭവങ്ങളിൽനിന്നും, പ്രകൃതിയിൽനിന്നും,

* "ഭവിതവ്യാനാം ദ്വാരാണി ഭവന്തി സർവ്വത്ര"

എന്ന ആപ്തവാക്യംപോലെ തത്വസാരങ്ങളെ സംഗ്രഹിക്കും. സർവ്വസാധാരണമായ തന്റേടം, അദ്ധ്വാനശീലം, വ്യവസ്ഥയായ നടവടി ഇവകളാൽ തന്നെയാണ് എത്രഗംഭീരമായ കാര്യ്യസിദ്ധിയും. അവകളില്ലെങ്കിൽ എത്രതന്നെ ശക്തിയും, ബുദ്ധിയും സാമർത്ഥ്യവും ഉണ്ടായിരുന്നാലും പ്രയോജനമൊന്നുമില്ല. ഏതൊരു വിജയത്തിനിലേക്കും അന്യന്മാർക്കു വേണ്ടി സുഗമവും സുഖകരവുമാ

---

* സംഭവിക്കുവാൻ പോകുന്ന കാര്യ്യങ്ങളിലേക്കുള്ള പഴുതുകൾ എല്ലാവിടെയും ഉണ്ടായിത്തീരുന്നു.

യ മാൎഗ്ഗം ആരും ഇതേവരെ തുറന്നിട്ടിട്ടില്ല. അതിന്നാകട്ടെ സാധിക്കയുമില്ല. കണ്ടും മേടും കല്ലും മുള്ളും നിറഞ്ഞ പെരുവഴിയാണ് വിജയത്തിലെക്കുള്ള മാൎഗ്ഗം. നിത്യവൃത്തിയിൽ സംഭവിക്കുന്ന നിസ്സാരമായ സംഭവങ്ങളിൽ പോലും ദൃഷ്ടിയും ശ്രദ്ധയും ആലോചനയും പതിക്കുമ്പോഴാണു ജ്ഞാനവും പ്രാപ്തിയുമുണ്ടായിത്തീരുന്നത്. സൂചിയന്മാരായിരുന്നാൽ കാൎയ്യപ്രാപ്തിയും പരമാൎത്ഥബോധവും ലഭിപ്പാൻ സംഗതിയില്ല. സ്വല്പവും നിസ്സാരവുമായ കാൎയ്യങ്ങളിൽനിന്നു തന്നേയാണ് ഗൌരവമേറിയ കാൎയ്യങ്ങളുടെയും ഉൽപത്തി. ഒരൊററ വിരോധമായ വാക്കോ, പ്രവൃത്തിയോ, മുഖഭാവമൊ, ഉപേക്ഷയൊ അശ്രദ്ധയോ നിമിത്തം എത്രത്തോളം ആപത്തുകളും നാശങ്ങളും ഉണ്ടായിത്തീരുന്നുണ്ട്! മഹായുദ്ധങ്ങൾകൂടിയും നിസ്സാരമായ സംഗതികളിൽനിന്നാണ് ആരംഭിക്കുന്നത്. ഏതൊരു നിസ്സാരമായ സംഗതിയിലും, നാം സൂക്ഷ്മമായി ദൃഷ്ടിവെച്ചാൽ, ഓരോ പാഠം പഠിക്കേണ്ടതുണ്ടാകും. മനോവാക്ക്കായങ്ങളാലുള്ള ഏതു വ്യാപാരങ്ങൾക്കും മനോവൃത്തിയെത്തന്നെ ആധാരമാക്കി കോൎത്തുകോൎത്തു പെരുകിവരുന്ന ഭവിഷ്യത്തുകളുണ്ട്.

ജന്മസാഫല്യത്തെ സമ്പാദിപ്പാൻ ഒരു പ്രത്യേക സ്വഭാവമുണ്ട്. അതു ജാഗ്രതയോടുകൂടിയ പരിശ്രമശീലവും സൎവ്വരോടുമുള്ള രഞ്ജിപ്പുമാണ്. സൂക്ഷ്മദൃഷ്ടി വെക്കുന്നതായാൽ, ഓരോ നിമിഷവും ഓരോ അവസരമാണ്. സ്വധൎമ്മം പ്രവൃത്തിപ്പാനുള്ള അവസരം—സഹജീവികളെ

സഹായിപ്പാനുള്ള അവസരം—ഐക്യം വൎദ്ധിപ്പിപ്പാനുള്ള അവസരം—സ്വശക്തി പുഷ്ടിപ്പെടുത്തുവാനുള്ള അവസരം—ജ്ഞാനം സമ്പാദിപ്പാനുള്ള അവസരം—ശാന്തത ശീലിപ്പാനുള്ള അവസരം—മനസ്സാക്ഷിയെ തൃപ്തിപ്പെടുത്തുവാനുള്ള അവസരം—ബുദ്ധിയെ വികസിപ്പിപ്പാനുള്ള അവസരം—എന്നിങ്ങിനെ അസംഖ്യം പ്രകാരേണ ഓരോ നിമിഷത്തേയും ഉപയോഗപ്പെടുത്താവുന്നതാണ്. ശുഷ്കാന്തിയുള്ള ഒരാൾക്കു പരിശ്രമങ്ങൾക്കുള്ള അവസരം ലഭിക്കാതിരിക്കയില്ല. തുറന്ന ഹൃദയത്തിന്നു നന്മക്കുള്ള അവസരങ്ങൾ തോന്നാതിരിക്കയില്ല. മടിയന്മാൎക്കും സുഖിയന്മാൎക്കുമാണു അവസരങ്ങളൊന്നും കാണാതിരിക്കുക. ഏററവും തുച്ഛമായ പുഷ്പവും, എത്രയും നിസ്സാരമായ കൃമിയും; സൂക്ഷ്മമായ പരിശോധനയിൽ, നമുക്കു ജ്ഞാനസാരങ്ങളെ നൽകുന്നതാണ്. ലോകത്തിലും പ്രകൃതിയിലും എവിടെ നോക്കിയാലും, നമുക്കു ഓരോ പാഠങ്ങൾ പഠിക്കാവുന്നതാണ്.

3. നിത്യാഭ്യാസം—"നിത്യാഭ്യാസി ആനയെ എടുക്കും" എന്ന പഴഞ്ചൊല്ല് അക്ഷരം പ്രതി വാസ്തവമാണ്. നിത്യപരിശീലനത്താൽ സൎവ്വസൽഗ്ഗുണങ്ങളേയും സഹജമാക്കിത്തീൎക്കാവുന്നതാണെന്നും നിത്യപരിചയമാണു നമ്മുടെ സ്വഭാവത്തിന്റെ ആസ്പദമെന്നും മുഖ്യമായി ഓൎമ്മവെക്കേണ്ടു ഒരു തത്വസാരമാണ്. മനുഷ്യൻ, യഥാൎത്ഥത്തിൽ, അസംഖ്യം ശീലങ്ങളുടെ ഒരു വലിയ അടുക്കാണ്. പൂൎവ്വവാസനകൾക്കനുസരിച്ചാണ് മനുഷ്യന്റെ സ്വഭാ

വം സ്ഥിതിചെയ്യുന്നത്. വൎത്തമാനജന്മംകൂടി മുജ്ജന്മവാസനക്കനുരൂപമായിട്ടാണെന്നു സൎവ്വ ശാസ്ത്രങ്ങളും ഉൽഘോഷിക്കുന്നുണ്ട്. അതുകൊണ്ടു നിത്യപരിശീലനത്തിലാണ് നമ്മുടെ രക്ഷയായ കോട്ടയും ദുർബലമായ തുറസ്സും. ഏതൊരു കാൎയ്യവും ആദ്യം തുടങ്ങുമ്പോൾ വളരെ പ്രയാസം തോന്നുന്നതിനാൽ അത്യന്തം ശുഷ്കാന്തിയോടു കൂടി അഭ്യാസിച്ചു കഷ്ടപ്പെടേണ്ടിവരുന്നു. രണ്ടു പ്രാവശ്യം ആ കാൎയ്യം നടത്തിയാൽ അതിന്നു പിന്നെ അത്ര പ്രയാസം തോന്നാറില്ല. നാലു പ്രാവശ്യം നടത്തുമ്പോഴേക്കു അതു എളുപ്പമായ്ത്തീരുന്നു. പത്തു പ്രാവശ്യം അനുഷ്ഠിച്ചാൽ അതു സഹജമായ്ത്തീൎന്നു ശ്രദ്ധിച്ചിട്ടില്ലെങ്കിൽ കൂടി വെടുപ്പായി നടക്കുന്നു. എന്നു മാത്രമല്ല പിന്നീടു തുടൎച്ചയായി പ്രവൃത്തിച്ചുകൊണ്ടിരിക്കാഞ്ഞാൽ അതു തീരെ അസുഖമായും തോന്നുന്നു. ഇതാണു സൎവ്വ നിപുണതകളുടെയും കാൎയ്യപ്രാപ്തിയുടേയും വിശേഷതകളുടെയും രഹസ്യം. സൽസ്വഭാവം, മനസ്തുഷ്ടി, ബുദ്ധിവിവേകം, പരിശ്രമശീലം, ഹൃദയശുദ്ധി എന്നുവേണ്ട സത്യധൎമ്മമൎയ്യാദകളെ പോലും നിത്യാഭ്യാസത്താൽ സഹജമാക്കിതീൎപ്പാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. നിത്യപരിചയത്താൽ അന്യന്മാരെയും, അന്യ ഗൃഹങ്ങളേയും സ്ഥലങ്ങളേയും കൂടി നാം സ്നേഹിച്ചുപോകാറുണ്ടല്ലൊ.

മനുഷ്യരിൽ അന്യോന്യ വിപരീതമായി പ്രവൃത്തിക്കുന്ന മൂന്നു ശക്തികളുണ്ടെന്നു മനസ്സിലാക്കേണ്ടതാണ്. അവകളേതെന്നുവെച്ചാൽ (1) ജന്തുധൎമ്മങ്ങളെ അനുസരി

ച്ച് പ്രവൃത്തിക്കുന്ന ആവേഗം. (2) പ്രതിവായുള്ള സ്വഭാവം. (3) ആത്മശക്തി എന്നിവകളാണ്. ഇവകളിൽ രണ്ടാമത്തേതായ സ്വഭാവത്തിനെ നിത്യ പരിശീലനത്താൽ പരിഷ്കരിക്കുന്നതായാൽ മാത്രമെ ഒന്നാമത്തേതിനെ ജയിപ്പാനും മൂന്നാമത്തേതിനെ പ്രകാശിപ്പിപ്പാനും നിവൃത്തിയുള്ളു.

4. ക്ലൃപ്തം—ഏതിനും ഓരോ നിശ്ചയം ചെയ്തു നിശ്ചിതമായ സമയത്തുതന്നെ അതാതു നിർവഹിക്കുന്നതാണ് ക്ലൃപ്തം. അതു സത്യത്തിൻെറ ഒരംഗവുമാണ്. ക്ലൃപ്തമില്ലാത്തവർ ജയത്തിൻെറ പിമ്പിലായ്പോകുന്നു. ക്ലൃപ്തമില്ലാത്തവരുടെ സൌകര്യത്തിന്നു ലോകഗതി അനുസരിക്കുന്നതല്ലായ്കയാൽ അവർക്കു സർവരുടേയും ദുരഭിപ്രായത്തിന്നും അതൃപ്തിക്കും അവിശ്വാസത്തിന്നും ഇടവരുന്നു. ക്ലൃപ്തതാലാണ് വിശ്വാസത്തിൻെറ ബീജം അങ്കുരിക്കുന്നത്. ദിവസേന ഒരു മിനുട്ടു മാത്രം വ്യത്യാസം കാണിക്കുന്ന ഒരു ഘടികാരത്തിനെ കൂടി ആരും വിശ്വസിക്കുകയില്ല. ചില്ലറ സംഗതികളിൽകൂടി ക്ലൃപ്തം ശീലിച്ചാൽ മാത്രമെ മുഖ്യമായ സംഗതികളിലും ക്ലൃപ്തമുണ്ടാകയുള്ളു. ജയത്തിന്നും തോൽവിക്കുമുള്ള അന്തരം അല്പം മിനുട്ടുകൾ മാത്രമാണ്.

നമുക്കു പ്രകൃതിയിൽ നിന്നുതന്നെ ക്ലൃപ്തം പഠിക്കാവുന്നതാണ്. സർവ്വ ഗോളങ്ങളും ഒരു മാത്രപോലും പിഴവുവരുത്താതെ ക്ലൃപ്തത്തോടും ക്രമത്തോടും കൂടി ഗതിചെയ്തുകൊണ്ടിരിക്കുന്നു. ഒരു ഗ്രഹമോ ഒരു നക്ഷത്രമോ ഗതി

യിൽ ഒരു മാത്രപോലും പിഴച്ചുപോയാൽ ഗോളങ്ങൾ തമ്മിൽ മുട്ടി നശിപ്പാനിടവന്നേക്കാം. ലവലേശമെങ്കിലും പിഴക്കാത്ത ഗ്രഹങ്ങളുടെ ഗതി നിമിത്തമാണല്ലൊ ഗ്രഹണം മുതലായവയുകളെ കൃത്യമായി ഗണിപ്പാൻ സാധിക്കുന്നത്. പ്രകൃതിയിൽ എവിടെ നോക്കിയാലും കൃത്യത്തിനും ക്രമത്തിനും യാതൊരു വീഴ്ചയും കാണുന്നില്ല. ചില അവസരങ്ങൾ തെററിപ്പോകാനിടവന്നാൽ ആജീവനാന്തം വ്യാപിക്കുന്ന ദോഷങ്ങൾ നേരിട്ടേക്കാം. ഒരു ഡ്രൈവരുടെ ഒരു മിനുട്ടു നെരത്തെ ഉപേക്ഷ നിമിത്തം തീവണ്ടികൾ തമ്മിൽ കൂട്ടിമുട്ടി അനേക ജീവനാശത്തിനും മുതൽനാശത്തിനും ഇടവരുന്നു. ഒരു മിനുട്ടുനേരം വൈകുന്നതു നിമിത്തം തീവണ്ടി തെററി ഒരു ദിവസം ഉഴലിച്ചയായി തീരുന്നതിന്നു പുറമെ കാൎയ്യദോഷങ്ങളും സംഭവിക്കുന്നു. കൃത്യവും ക്രമവുമാണ് ജീവിതത്തിൻെറ മൎമ്മം. കൃത്യംപോലെ നടക്കാതെ എപ്പോഴും ഓരോ ഒഴിവുകഴിവു പറയുന്നവർ ഒന്നിനും കൊള്ളരുതാത്തവരാണെന്നു തീൎച്ചപ്പെടുത്താം.

കാലചക്രമെന്ന ഘടികാരത്തിൽ 'ഇപ്പോൾ' എന്ന വൎത്തമാനമല്ലാതെ 'മുമ്പു' എന്നു ഉറങ്ങിപ്പോയ ഭൂതവും 'പിന്നെ' എന്ന സ്വപ്നപ്രായമായ ഭാവിയും ദൃശ്യമല്ല. വൎത്തമാനകാലമാണു ജാഗ്രത്ത്. വൎത്തമാനകാലത്തിനെ വേണ്ടവിധത്തിൽ ഉപയോഗിച്ചാൽ മാത്രമെ ഭൂതത്തിലെ പിഴവുകൾ തീൎത്തു ഭാവിയെ രൂപീകരിപ്പാൻ സാധിക്കയുള്ളു. ഭൂതത്തേയും ഭാവിയേയും കുറിച്ചു ആലോചനഗ്രസ്ത

ന്മാരാകുന്നതു സമയത്തെ വ്യൎത്ഥമാക്കുക മാത്രമാണ്.

"വൎത്തമാനേഷു കാൎയ്യേഷു വൎത്തയന്തി വിചക്ഷണാഃ" എന്നാണല്ലോ ആപ്തവാക്യം. 'നാളെ' എന്ന പദം വിഡ്ഢികളുടെ നിഘണ്ടുവിലെ ഉള്ളൂ എന്നു ലോകവിശ്രുതനായ നെപ്പോളിയൻ പറഞ്ഞിരിക്കുന്നു. ഏതു കാൎയ്യവും പിന്നേക്കെന്നുവെച്ചാൽ ആ കാൎയ്യം നടക്കയില്ലെന്നു തന്നെ തീൎച്ചയാക്കാം. കാൎയ്യങ്ങളെല്ലാം നീട്ടിക്കുറിക്കുന്ന ദീൎഘസൂത്രികൾ സാധാരണ 'സത്ത്യക്ക പിമ്പിൽ' ആയിപ്പോകുന്നു. ഓരോ ദിവസത്തേക്കുമുള്ള കാൎയ്യപരിപാടി തലേന്നു രാത്രി തന്നെ നിശ്ചയിക്കേണ്ടതാണ്.

ക്രിയകളെല്ലാം കുറിക്കുതന്നെ കൊള്ളിക്കണം. ലക്ഷ്യത്തിന്റെ കുറി ലേശമെങ്കിലും തെററിയാൽ വെടി പാളിപ്പോകുമല്ലോ. ആയതിനാൽ അബദ്ധങ്ങളൊന്നും പിണയാതിരിപ്പാൻ സൂക്ഷ്മദൃഷ്ടി ഏതിലും വെണ്ടതാണ്. അതിസൂക്ഷ്മമായ ഒന്നാണല്ലോ സത്യം. ഏതൊരു കാൎയ്യം നടത്തേണ്ടിവരുന്നുവോ അതിനാലുള്ള താല്ക്കാലിക ക്ലേശസുഖങ്ങളെ പററി ആലോചിയാതെ അതിൽ പരിപൂൎണ്ണത ഉണ്ടാക്കിത്തീൎക്കുന്നതാണ് ഗുണം.

5. വ്യവസ്ഥ—വസ്തുക്കളെ വരിവരിയായി അടുക്കി ഒരു പെട്ടിയിൽ വെക്കുന്നപോലെതന്നെ എല്ലാ കാൎയ്യങ്ങളിലും തുടരെത്തുടരെയുള്ള ഒരു ക്രമമാണ് വ്യവസ്ഥ. ക്രമം അദ്ധ്വാനകഷ്ടത്തിനെ അനായാസമാക്കിത്തീൎക്കുന്നു. ക്രമത്തോടുകൂടിയ സാവധാനം അതില്ലാതുള്ള അതിവേഗതയേയും കൂടി മുൻകടക്കും എന്നുള്ള തത്വത്തിന്നു ഉദാഹര

ണമായി ആമ മുയലിനെ പന്തയത്തിൽ ജയിച്ച കഥ എല്ലാവരും ഓൎമ്മിക്കുമല്ലൊ. ധ്രുതഗതിയോടുകൂടി ഓടുന്നവർ പിടഞ്ഞോ തടഞ്ഞോ വീഴുവാനോ മദ്ധ്യേ ഇരുന്നാശ്വസിക്കുവാനോ ഇടവരുന്നു. ക്രമമായി പ്രവൃത്തിക്കുന്നവർ കഷ്ടം കൂടാതെ ഉദ്ദേശപ്രാപ്തിക്കു തക്ക സമയത്തെത്തിച്ചേരുന്നു. ഇന്നിന്ന സമയത്തു ഇന്നിന്ന പ്രവൃത്തി എന്നു നിശ്ചയിച്ചു വഴിക്കുവഴിയായി പ്രവൃത്തിക്കുന്നതും, ഓരോ സംഘത്തിൻെറ അംഗങ്ങളിൽ ഓരോരുത്തൎക്കു ഇന്നിന്ന ബാദ്ധ്യത എന്നു നിജപ്പെടുത്തുന്നതും, ഓരോന്നിനും ഓരോരോ സ്ഥാനം നിയമിക്കുന്നതും, സ്ഥാനനിലകൾക്കനുസരിച്ചു സ്വധൎമ്മം മുറക്കു നടത്തുന്നതും എല്ലാം വ്യവസ്ഥ തന്നെ. രാജ്യഭരണത്തിൻെറ നീതിന്യായവും, സേനകൾക്കുള്ള ശക്തിയും, സൂൎയ്യമണ്ഡലത്തിൻെറ നിലനില്പ് കൂടിയും വ്യവസ്ഥയിലാണു ഇരിക്കുന്നത്. അപ്രകാരം തന്നെ വ്യവസ്ഥയിലാണു നമ്മുടെ ജീവിതവും സ്ഥിതിചെയ്യുന്നത്. വ്യവസ്ഥ മൂലമായിട്ടാണ് ക്രിയാപടുത്വവും ഫലപുഷ്ടിയും സിദ്ധിക്കേണ്ടത്. ക്രിയാസാമൎത്ഥ്യമുള്ളവൎക്കു "വല്ലഭനു പുല്ലുമായുധം" എന്ന വിധത്തിൽ എപ്രകാരമെങ്കിലും കാൎയ്യം നിവൃത്തിപ്പാൻ സാധിക്കുന്നതാണ്.

# II. സ്വശക്തി.

"ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മീ
ര്ദ്ദൈവേന ദേയമിതി കാപുരുഷാ വദന്തി
ദൈവം നിഹത്യ കുരു പൌരുഷമാത്മശക്ത്യാ
യത്നേകൃതേ യദി ന സിദ്ധ്യതി കോത്ര ദോഷഃ"

ഹിതോപദേശം.

(ഉത്സാഹിയായ പുരുഷകേസരിയെ ഐശ്വൎയ്യം പ്രാപിക്കുന്നു. വിധിയാണ് കൊടുക്കുന്നതെന്നു പൌരുഷമില്ലാത്തവരാണ് പറയുന്നത്. വിധിയെ നിരസിച്ചു ആത്മശക്തിയാൽ പുരുഷപ്രയത്നം ചെയ്ക. യത്നം ചെയ്തിട്ടു സാദ്ധ്യമായില്ലെങ്കിൽ കൂടി എന്താണ് ദോഷം?)

1. <u>പരിശ്രമം</u>—പ്രയത്നമൊന്നുമില്ലാതെ പൊട്ടുന്നനവെയൊ, യദൃച്ഛയായോ, അവിചാരിതമായോ യാതൊരു ഫലപ്രാപ്തിയും ആക്സ്മം ഉണ്ടാകുന്നതല്ല. അഹേതുകമായി യാതൊന്നും പ്രപഞ്ചത്തിൽ സംഭവിച്ചു കാണുന്നില്ല. ചില സംഗതികളിൽ ഹേതുക്കളെ നാം പ്രത്യക്ഷമായി കാണുന്നില്ലെങ്കിൽ തന്നെയും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭവിക്കാത്ത സൂക്ഷ്മമായ ഹേതു എന്തോ ഉണ്ടെന്നു തന്നെ തീൎച്ചപ്പെടുത്താം. കാരണമില്ലാതെ കാൎയ്യമുണ്ടാവാൻ നിവൃത്തിയില്ല. നിരന്തരമായ ദീൎഘ പരിശ്രമങ്ങളുടെ ഫലമാണ് തീവണ്ടി, മോട്ടർ, വി

മാനം, വിദ്യുദ്ദീപം, കമ്പിത്തപ്പാൽ, തീക്കപ്പൽ മുതലായ സർവ്വ യന്ത്രങ്ങളും.

* "ഉദ്യമേനൈവ സിദ്ധ്യന്തി
കാര്യാണി നമനോരഥൈഃ"

എന്ന ആപ്തവാക്യപ്രകാരം നിരന്തരമായ പരിശ്രമം കൂടാതെ ജീവിതയാത്രയിൽ യാതൊരഭിവൃദ്ധിയും പ്രാപിക്കുന്നതേയല്ല. ശക്തിയും ബുദ്ധിയും സാമർത്ഥ്യവും മററും ആയുധങ്ങൾ മാത്രമാണ്.

+ "വിനായുദ്ധേന വീര്യേണ
കഥം ജയമവാപ്നുയാൽ"

എന്നു പറഞ്ഞപോലെ വിജയം പ്രാപിക്കേണമെങ്കിൽ ആയുധങ്ങളെ ഉപയോഗിക്കുകതന്നെ വേണം. "ഉരുമ്പരിക്കെ കൽകുഴിയും" എന്ന പഴമൊഴിപോലെ അശ്രാന്തപരിശ്രമത്താൽ സർവ്വാഭീഷ്ടങ്ങളേയും നിറവേററാവുന്നതാണ്. തുള്ളികൾ ധാരധാരയായി വീണുകൊണ്ടിരുന്നാൽ പാറകൂടി തുളയുന്നുണ്ടല്ലൊ.

അദ്ധ്വാനത്തിന്നു മനസ്സു അനുകൂലമായ്ത്തീൎന്ന് ദേഹത്തിലെ സർവ്വ നാഡികളും അഭീഷ്ടത്തെ ഒരുപോലെ പങ്കുകൊള്ളുന്ന ഒരവസ്ഥയാണ് ഉത്സാഹം. വെറുപ്പു തോന്നാ

---

* പ്രയത്നത്താൽ തന്നെയാണ് കാര്യങ്ങളെല്ലാം സാധിക്കുന്നത്; അനുഗ്രഹങ്ങളാലല്ല.

+ യുദ്ധം കൂടാതെ വിക്രമംകൊണ്ടുമാത്രം എങ്ങിനെയാണ് ജയം ലഭിക്കുന്നത്.

വുന്ന അലംഭാവങ്ങളെത്തെ കൂടി ഉത്സാഹം ഹിതമാക്കിത്തീർക്കുന്നു. ഒരു പ്രിയനു തന്റെ പ്രേമഭാജനത്തിൽ മറ്റാരും കാണാത്തതായ അസംഖ്യം ഗുണങ്ങളും വിശേഷതകളും സൂക്ഷ്മദൃഷ്ടിയാൽ എങ്ങിനെ ദൃശ്യമാകുന്നുവോ അങ്ങിനെതന്നെ ഉത്സാഹത്തിന്റെ പ്രഭാവത്താൽ ഉദ്ദേശത്തിന്റെ സർവ്വ മഹിമകളും ഭൂതക്കണ്ണാടിയിലെന്നപോലെ തെളിഞ്ഞുകാണപ്പെടുന്നു. സ്ഥിരോത്സാഹത്താൽ മാത്രമെ പരിശ്രമം നിലനില്പുയുള്ളൂ. ഉത്സാഹത്തിന്റെ വിപരീതഗുണമാണ് വൈമനസ്യം. പരിശ്രമശീലത്തിന്റെ വിപരീത സ്വഭാവമാണു മടി "മടി കുടി കെടുക്കും" എന്നുള്ള ആപ്തവാക്യം ഇക്കാലത്തു എത്രയൊ അനുഭവപ്പെട്ടുകാണുന്നുണ്ടെന്നു വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. 'സ്വസ്ഥവൃത്തിക്കാർ' അധികം ഉണ്ടായിരിക്കുക നിമിത്തമാണ് നമ്മുടെ നാട്ടിൽ ഇത്രത്തോളം വഴക്കുകളും മത്സരങ്ങളും ദുർവ്യവഹാരങ്ങളും തന്നിമിത്തം അധോഗതിയും വർദ്ധിച്ചുവരുന്നത്.

2. പൌരുഷം—പരിശ്രമങ്ങളിൽ മടിയോ വിഘ്നങ്ങളോ നേരിടുമ്പോൾ പൌരുഷത്തെ ഉണർത്തി പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കേണ്ടതാണ്. ആത്മചൈതന്യത്തിന്റെ വികാസമായ പൌരുഷമാണ് സ്വശക്തി. പൌരുഷം ഉണരുമ്പോൾ തന്നിൽ അലസമായിക്കിടക്കുന്ന സർവ്വ ശക്തികളേയും ജാഗ്രതപ്പെടുത്തുന്നു. പൌരുഷത്തിനെ ഉണർത്തിയാൽ വിധിയെപ്പോലും തടുത്തു ക്രമേണ തന്റെ അഭിവൃദ്ധിക്കുള്ള മാർഗ്ഗം തുറക്കാവുന്നതുതന്നെയാ

ണ്. പൌരുഷത്തിൻെറ പുഷ്ടിയാണ് വീൎയ്യവും ഐശ്വൎയ്യ
വും. പൌരുഷമാണ് ആത്മരക്ഷക്കുള്ള ഏകശക്തി. സ
ത്വത്തിൻെറ ആധിക്യത്താലാണ് സിംഹം തന്നേക്കാൾ
എത്രയോ വലിപ്പവും ശക്തിയുമുള്ള ആനയെക്കൂടി ജയി
ച്ച് മൃഗവൎഗ്ഗത്തിൻെറ രാജസ്ഥാനം വഹിക്കുന്നത്. പൌര
ുഷത്തിൻെറ ഉണൎച്ചയാൽ മാത്രമെ മനസ്സ് കീഴടങ്ങുകയു
ള്ളു. പൌരുഷബലത്തോടുകൂടിയ അഭീഷ്ടമാണ് ആജ്ഞാ
ശക്തി. ആജ്ഞാശക്തിയെയാണു ഇംഗ്ലീഷിൽ വിൽപ
വർ (Will-Power) എന്നു പറയുന്നത്. സ്വശക്തി പുഷ്ടി
പ്പെടുത്തുവാനുള്ള മന്ത്രം ആത്മവിശ്വാസവും, യന്ത്രം ദേ
ഹാരോഗ്യവും, തന്ത്രം ദൃഢനിശ്ചയവുമാണ്. സ്വശക്തി
യുള്ളവർ മാത്രമെ സത്യമൎയ്യാദകളോടുകൂടി സ്വധൎമ്മം നി
റവേററി മാഹാത്മ്യം പ്രാപിപ്പാൻ കഴികയുള്ളു. ഭൂചരി
ത്രം അറിവുള്ളേടത്തോളം, മനുഷ്യന്മാർ ഇതേവരെ മഹ
ത്വം പ്രാപിച്ചതും രാജ്യക്കാർ ഉച്ചം പ്രാപിച്ചതും സ്വശ
ക്തിമൂലമായിട്ടുതന്നേയാണ്. ഫലത്തിലല്ല, ഫലം സിദ്ധിപ്പാ
നുള്ള പ്രാപ്തി ഉണ്ടാക്കിത്തീൎക്കുന്നതിലാണ് മഹിമ. സ്വ
ശക്തിക്കനുരൂപമായ ഫലം പ്രകൃതിനിയമേന ക്രമത്തിൽ
ഉണ്ടായിത്തീരുന്നതാണ്. അനുസരണമഭ്യസിച്ചില്ലാതെ
ആജ്ഞാശക്തി ലഭിക്കുന്നതല്ല. മനസ്സിനെ അടക്കി ഉപ
യോഗിക്കുന്തോറും ആത്മശക്തി ഉണൎന്നുവരുന്നു.

പൌരുഷത്തിൻെറ ഹ്രാസമാണ് ആലസ്യം.

*"ആലസ്യം ഹി മനുഷ്യാണാം ശരീരസ്ഥോ മഹാരിപുഃ"

---

* ആലസ്യമാണ് മനുഷ്യരുടെ ദേഹത്തിൽ സ്ഥിതിചെ
യ്യുന്ന മഹാശത്രു.

എന്ന പ്രമാണത്തെ ഓൎമ്മവെച്ചു ആലസ്യത്തെ ദൂരവെ അകററേണ്ടതാണ്. അതിസുഖവും ആധിവ്യാധികളുമാണ് പൌരുഷത്തിൻെറ വിരോധികൾ. സുഖജീവിതവും സ്വാസ്ഥവൃത്തിയും പൌരുഷത്തെ ആലസ്യപ്പെടുത്തുവാനിടയുണ്ട്. പൌരുഷത്തിന്നു ബലമില്ലാത്തവർ ധാതുമൂലവങ്ങ്ങളെന്നപോലെ അസ്വാതന്ത്രന്മാർതന്നെ ആയിരിക്കും.

3. <u>ഏകാഗ്രത</u>—മനസ്സിനെ നിത്യാഭ്യാസത്താൽ ക്രമേണ സ്വാധീനപ്പെടുത്തി ഏകാഗ്രമായി പരിശ്രമങ്ങളിലേക്കു നടത്തിയാൽ ഏതുവിധമുള്ള ഉദ്ദേശങ്ങളും സാധിക്കാവുന്നതാണ്. മനസ്സിനെ അനുസരണപ്പെടുത്താതെ ജീവിതയാത്രയിൽ അഭിവൃദ്ധി പ്രാപിക്കുകയെന്നതു അസംഭവ്യമാണ്: ആയതിനാൽ സൎവ്വപ്രാധാന്യമായി തന്നെത്താൻ ഭരിപ്പാനുള്ള സ്വശക്തിയെയാണ് ബലപ്പെടുത്തേണ്ടത്. ഒരാൾ എത്രതന്നെ സമൎത്ഥനായിരുന്നാലും തനിക്കടക്കുവാൻ വയ്യാത്ത ഒരൊററ ചാപല്യമുണ്ടായാൽ അതു ആയാളെ അസ്വാതന്ത്രനാക്കിത്തീൎക്കാതിരിക്കയില്ല. നല്ല ഓൎമ്മയോടും, ഉണൎച്ചയോടും, ശ്രദ്ധയോടും, ചൊടിയോടും കൂടി എപ്പോഴും എന്തിന്നും സന്നദ്ധനായിരിക്കുന്ന ഒരു സ്ഥിതിയാണ് ജാഗ്രത. ജാഗ്രതയുള്ളപ്പോൾ പഞ്ചേന്ദ്രിയങ്ങളെന്നു മാത്രമല്ല സൎവ്വകരണങ്ങളും സമയോചിതം വേണ്ടതു പ്രവൃത്തിപ്പാനായി ഒരുങ്ങിനില്ക്കുന്നു.

അന്യചിന്തയൊന്നും തരസമയത്തണയാതെ ഉദ്ദിഷ്ട കാൎയ്യത്തിൽതന്നെ അതിതീക്ഷ്ണമായ ജാഗ്രതയോടുകൂടി നിമഗ്നമായിരിക്കുന്ന മനസ്സിൻെറ സ്ഥിതിയാണ് ഏകാഗ്രത. ദ്രാവകങ്ങളെപ്പോലെ സൎവ്വദിക്കിലേക്കും വ്യാപിക്കുന്ന ചഞ്ചലമനസ്കന്മാൎക്ക യാതൊരുകാൎയ്യവും സഫലമായിത്തീരുകയില്ല. ഭൂമിയുടെ ഉപരിഭാഗം മുഴുവൻ തിരഞ്ഞുനോക്കിയാലും പലേ സ്ഥലങ്ങളിലും അല്പാല്പമായി കഴിച്ചുനോക്കിയാലും ശുദ്ധജലം ലഭിക്കയില്ല. ഒരേ സ്ഥലത്തുതന്നെ ആഴത്തിൽ കുഴിച്ചുനോക്കിയാൽ മാത്രമെ അതു ലഭിക്കയുള്ളു. അതുപോലെതന്നെ "സൂക്ഷിച്ചുനോക്കിയാൽ കാണാത്തതും കാണും" പ്രകൃതി മനസ്സിൻെറയും മുഴുവൻ മനസ്സിൻെറയും ഭേദഗതിയിൽ തന്നെയാണ്. സ്തുത്യമായ വിജയത്തിൻെറയും നിന്ദ്യമായ അപജയത്തിൻെറയും അന്തരം കിടക്കുന്നത്.

4. <u>ദൃഢനിശ്ചയം</u>—ദൃഢനിശ്ചയത്താൽ മാത്രമേ മനസ്സ് വ്യവസ്ഥപ്പെടുകയുള്ളു. ഏതൊരു കാൎയ്യവും ആരംഭിക്കുന്നതിന്നു മുമ്പായി അതിൻെറ ഗുണദോഷങ്ങളെയും, സാദ്ധ്യാസാദ്ധ്യതകളേയും, മാൎഗ്ഗങ്ങളേയും, മാൎഗ്ഗസാധനങ്ങളേയുംകുറിച്ചു ഗാഢമായും, ശാന്തമായും, യുക്തിയുക്തമായും പൎയ്യാലോചന ചെയ്യേണ്ടതാണ്. അതിന്നു ശേഷം വിവേകപൂൎവ്വമായ ഉത്തമവിശ്വാസത്തിന്നനുസരിച്ചു കാൎയ്യങ്ങൾ അപ്പപ്പോൾതന്നെ തീൎച്ചപ്പെടുത്തി ആ തീൎപ്പിനെ സംബന്ധിച്ചു മനസ്സിൽ ഒരു ദൃഢനിശ്ചയം ചെയ്യണം. വിവേകമാണ് ആത്മാവിൻെറ മന്ത്രി. മനുഷ്യന്നു ഇ

തരസൃഷ്ടികളെക്കാളുമുള്ള ഉൽകൃഷ്ടത മുഖ്യമായി വിവേകം നിമിത്തമാകയാൽ ആ വിശേഷസിദ്ധിയെ വേണ്ടതുപോലെ ഉപയോഗിക്കേണ്ടതുതന്നെ. സാഹസകൃത്യങ്ങളാൽ സ്വയംകൃതാനൎത്ഥങ്ങളുത്ഭവിക്കുന്നു. പശ്ചാത്തപിച്ചതുകൊണ്ടു നഷ്ടപ്പെട്ടുപോയ സമയവും അദ്ധ്വാനവും വീണ്ടുകിട്ടുന്നതല്ലല്ലോ. എന്നാൽ കാൎയ്യങ്ങൾക്കു 'തീൎച്ചമൂൎച്ച'യില്ലാതെ ആലോചിച്ചാലോചിച്ചു കഴിച്ചുകൂട്ടുന്നതു ഹിതവുമല്ല. തീരാത്ത സംശയം വ്രണരോഗമെന്നപോലെ ആകയാൽ നിശ്ചയമെന്ന ഔഷധത്താൽ അതിനെ ചികിത്സിച്ചു മാററുകതന്നെ വേണം. കാൎയ്യങ്ങൾക്കു 'തീൎച്ചമൂൎച്ച'യുള്ളവൻ ജയത്തിൻെറ മുഖത്തു നോക്കിനില്ക്കുന്നവനാണ്. ഒരു കാൎയ്യം ചെയ്യേണമൊ വേണ്ടയൊ എന്നു സംശയിച്ചുകൊണ്ടിരിക്കുന്നതും, ഏതു കാൎയ്യമാണ് മുമ്പിൽ ചെയ്യേണ്ടതെന്നു തീരുമാനിക്കാൻ കഴിയാതെ പരിഭ്രമിച്ചു നില്ക്കുന്നതുമായ 'ഇതി കൎത്തവ്യതാ മൂഢത' അപ്രാപ്തിയെ സൂചിപ്പിക്കുന്നു. ഉത്തമവിശ്വാസത്തിന്മേൽ താൻ തീൎച്ചപ്പെടുത്തിയ കാൎയ്യത്തിനെ സംബന്ധിച്ചു ചില വ്യവസ്ഥകളോടുകൂടിയ ഒരു കാൎയ്യപരിപാടി നിൎണ്ണയിച്ചു തഃപരം താൻ കാൎയ്യം നിറവേററിയേ ഇരിക്കയുള്ളു. എന്നുള്ള ഉറപ്പോടുകൂടി പരിശ്രമിച്ചുകൊണ്ടിരിക്കണം. ജനങ്ങളിൽ ഓരോരുത്തർ ഓരോവിധം അഭിപ്രായപ്പെടുമ്പോഴൊക്കെ ചാഞ്ചാട്ടികൊണ്ടിരുന്നാലും, മററോരോന്നു കാണുമ്പോൾ ആ വഴിക്കൊക്കെ തിരിഞ്ഞാലും, ക്രിയാനുഷ്ഠാനത്തിൽ മടുപ്പോ വെറുപ്പോ തോന്നിയാലും വിജയശ്രീ

പിൻതിരിഞ്ഞു ഓടിപ്പോകുന്നു. ഏതൊരു കാര്യവും, ചെയ്യേണ്ടതാണെന്നു തീച്ചപ്പെടുത്തിയാൽ. "ശുഭസ്യശീഘ്രം" എന്ന മട്ടിൽ ഉടനെതന്നെ വ്യവസ്ഥയോടുകൂടി ചെയ്യാനാരംഭിക്കണം. ചെയ്യേണ്ടതല്ലെന്നു തീച്ചപ്പെടുത്തിയാൽ, അതിനെ മനസ്സിൽനിന്നു ദൂരവെ അകററുകയും വേണം.

നിശ്ചയത്തിൻെറ ദാർഢ്യത്താലാണ് മനസ്സിന്നു ക്ഷമയുളവാകുന്നത്. ക്ഷമയില്ലാത്തവർ മനസ്സിൻെറ ആധിനിമിത്തം കാര്യങ്ങൾക്കു കൊള്ളരുതാതായ്ത്തീരുന്നു. കഷ്ടങ്ങളെയെല്ലാം സഹിച്ചു കാലാന്തരത്തിലും നിലനില്ക്കുന്നവർ ജയം നേടുന്നു. ഫലപ്രാപ്തിക്കു എത്ര കാലതാമസം വേണ്ടിവരുമെന്നു ശരിയായി ധരിക്കുന്നതിലാണ് വിജയത്തിന്നുള്ള അഹ്ത. ഒടുവിലത്തെ മേട്ടം ആണിയെ തറക്കുന്നു; അവസാനത്തെ വെട്ട് മരത്തിനെ വീഴ്ത്തുന്നു; പരീക്ഷക്കടുത്തു മുമ്പുള്ള ദിവസങ്ങളിലെ പഠിപ്പു വിജയത്തെ നല്കുന്നു; ആരംഭത്തിൽ ശൂരതയോടെ എതിത്തിരുന്നാലും ഒടുവിൽ പിമ്പോട്ടു പാദം വലിക്കുന്നവനെ ശത്രു ജയിക്കുന്നു. കഷ്ടത്തിനെ ഹിതമാക്കി ഫലപ്രാപ്തിവരെ ക്ഷമയോടുകൂടി കമ്മാനുഷ്ഠാനം നടത്തുന്നതു തന്നെയാണ് അതിമാനുഷത്വം.

5. <u>സഹനശക്തി</u>—ആത്മരക്ഷക്കു കട്ടപ്പമായി പരിശ്രമിക്കുമ്പോഴാണ് അസാധാരണയായ ചൈതന്യം പ്രകാശിക്കുന്നത്. വിഘ്നങ്ങൾ നേരിടുമ്പോഴാണ് പൌരുഷം ഉള്ളേടത്തോളം ഉണരത്തപ്പെടുന്നത്. ഉയരവും ബലവും കൂടിയ വൃക്ഷങ്ങൾ പാറകളുടെ ഇടുക്കിൽ മുളച്ചുവളരുന്നവ

യാണ്. ശക്തിയോടുകൂടി വീശുന്ന കാററു ദുർബ്ബലന്റെ വസ്ത്രാവരണത്തെ വീഴ്ത്തുന്നു; എന്നാൽമന്ദമാരുതനേല്ക്കുമ്പോഴാണ് ബലവാന്റെ വസ്ത്രം അശ്രദ്ധനിമിത്തം വീണുപോകുന്നത്. പൌരുഷമുള്ളവർ ആപത്തിൽ നിന്നു റബ്ബർ പന്തുപോലെ ഉൽപതനം ചെയ്യുന്നു; ദുർബ്ബലന്മാർ മണ്ണുരുളപോലെ അതിൽ പതിഞ്ഞു പോകുന്നു. ആപത്തു നേരിടുമ്പോഴാണ് പൌരുഷമുള്ളവന്റെ ശക്തി മുഴുവൻ ഉണരുന്നത്. സമ്പത്സമൃദ്ധിയിൽ വളരുവാൻ തരംകിട്ടുന്നവർ അശക്തന്മാരായിതീരുവാൻ എളുപ്പമുണ്ട്.

ജീവിതം സുഖമായി നയിക്കേണ്ടതിനു സൌകര്യങ്ങൾ അനായാസേന കിട്ടിയാൽ മനുഷ്യനു ജാത്യാലുള്ള സ്വസ്ഥവൃത്തിക്കുള്ള മോഹം നിമിത്തം സ്വശക്തി പ്രകാശിപ്പാൻ അവസരം ലഭിക്കുന്നില്ല. കഷ്ടം, അനുഭവിക്കുന്ന സമയത്തു ദുഃഖപ്രദമാണെങ്കിലും, മനുഷ്യനെ നന്നാക്കിത്തീർക്കുന്നു. സ്വർണ്ണത്തിനെ ഉരുക്കിവാർത്തു അടിച്ചുപരത്തിനീട്ടി വലിച്ചാലല്ലാതെ ആഭരണമായിത്തീരുകയില്ല. ഭൂമിയെ എത്രത്തോളം ഉഴവാക്കി ചവുട്ടിമറിച്ചുകലക്കി ചേറാക്കി നടുന്നുവോ അത്രത്തോളം വിള നന്നായിത്തീരുന്നു. മുതലാളി തനിക്കു തൃപ്തനായ പണിക്കാരനു ശേഷമുള്ള വേലക്കാരെക്കാൾ ക്ലേശകരമായ പ്രവൃത്തികൾകൊടുത്തു ഒടുവിൽ അവിചാരിതമായ സംഭാവന നൽകുന്നു. നമുക്കു സ്നേഹമുള്ളവരെയാണ് നാം ശാസിക്കുന്നതും ശിക്ഷിക്കുന്നതും. അപ്രകാരംതന്നെ സർവ്വജ്ഞനായ ജഗന്നിയന്താവു നമ്മേക്കാൾ നമ്മുടെ ഹിതത്തെ മനസ്സിലാക്കി

നമ്മെ ഉപയോഗമാക്കിത്തീർപ്പാൻ വേണ്ടി പരമകാരുണ്യത്താൽ നമുക്കു കഷ്ടത്തെ നൽകുന്നതാണെന്നു സമാധാനപ്പെടേണ്ടതാണ്.

* "വിസ്മരിഷ്യസി ചേന്മാതഃ കദാചിന്നിജമാത്മജം
നൂനം ന വിസ്മരിഷ്യാമി മയാസൃഷ്ടം ചരാചരം"

എന്നാണല്ലോ ഭഗവദ്വചനം. കഷ്ടങ്ങളെല്ലാം സ്വാനുഭവംകൊണ്ടറിഞ്ഞിട്ടുള്ളവർ മാത്രമെ പരക്ലേശം അറികയുള്ളു.

സംസാരസാഗരത്തിലെ ചുഴികളിലും, തിരകളിലും, കൊടുങ്കാററിലും, പാറയിടുക്കുകളിലും ദേഹമെന്ന കപ്പലിനെ നടത്തി വിജയം പ്രാപിച്ചവർ തന്നെയാണ് സംസാരസാഗരത്തിൽ കൂടി സഹജീവികളെ കടത്തിവിടുവാൻ യോഗ്യന്മാർ. അങ്ങിനെയുള്ളവർ സംസാരത്തിൽ യാതൊരു ഭയവും ഭ്രമവും ഇല്ലാത്ത ആപന്മുക്തന്മാരാണ്. സുഖമായ സ്ഥലങ്ങളിൽ കൂടി കപ്പലോട്ടിയവനു ആ നൈപുണ്യം ലഭിക്കുന്നതുമല്ല. വിഘ്നങ്ങളും, തോൽവികളും, കഷ്ടങ്ങളും, ആപത്തുകളും നേരിടുമ്പോൾ മാത്രമേ ജ്ഞാനവും ആത്മശക്തിയും പ്രകാശിക്കയുള്ളു. ആപത്തു ഭാവിയിലിരിക്കുന്നതായ ഭാഗ്യദീപത്തിന്റെ നിഴലാ

---

* അമ്മ തന്റെ കുട്ടിയെ എപ്പോഴെങ്കിലും ഒരിക്കൽ മറന്നുകളഞ്ഞാൽ കൂടിയും ഞാൻ എന്നാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ചരാചരങ്ങളെ ഓർമ്മവിടുകയില്ല നിശ്ചയം.

ണ്. കടിച്ചാൽ പൊട്ടാത്ത ചിരട്ടക്കുള്ളിൽ അടങ്ങിയിരിന്ന സ്വാദേറിയ നാളികേരഫലമെന്നതുപോലെ ആപദാവരണത്താൽ സൌഖ്യങ്ങൾ ഗോപനം ചെയ്യപ്പെട്ടിരിക്കുന്നു.

കഷ്ടം അനുഭവിക്കാതെ ഒരാൾക്കു ആത്മീയഗുണങ്ങളുണ്ടായിത്തീരുന്നതു ദുർല്ലഭമാണ്. കഷ്ടം അടിക്കടി എത്രത്തോളം അനുഭവിച്ചിട്ടുണ്ടോ അത്രത്തോളമാണു സുഖമനുഭവിച്ചറിവാനുള്ള ശക്തി. 'കഠിന വേനലിന്നു ശേഷമുണ്ടാകുന്ന വർഷം' ആനന്ദാധിക്യപ്രദം തന്നെ. കഷ്ടങ്ങളും ആപത്തുകളും നമ്മുടെ പ്രാപ്തിയേയും ഗുണങ്ങളേയും പരീക്ഷിക്കുന്നു. നാം നമ്മുടെ നിർഭാഗ്യത്തെ ധൈര്യത്തോടും ക്ഷമയോടും കൂടിയ പരിശ്രമത്താൽ ജയിച്ചാൽ നിർഭാഗ്യം നമ്മെ സഹായിച്ചുതുടങ്ങും. നാം ഓരോ കാര്യങ്ങളിലും വിജയം പ്രാപിക്കുന്തോറും ആ വിജയശ്രീ നമ്മിൽ ആവേശിച്ചു വീണ്ടും വിജയത്തിന്നായി നമ്മെ പ്രേരണചെയ്യും.

ഉച്ചനീചാവസ്ഥകൾ ഗ്രഹങ്ങൾക്കു കൂടിയുണ്ട്. ആദിത്യചന്ദ്രന്മാർക്കുകൂടി ഗ്രഹണം സംഭവിക്കുന്നുണ്ട്. അതിനാൽ ദുർദ്ദശാവിപാകങ്ങളിൽ മനസ്സ് മൌഢ്യപ്പെട്ട് ഭഗ്നോത്സാഹന്മാരാകാതെ "പരിവർത്തനം പ്രകൃതിയുടെ മൂലതത്വ"മാണെന്നും, ദുഃഖോപശമനത്തിന്നുള്ള വഴി മുഴുവൻ അടഞ്ഞിരിക്കുമ്പോഴും സർവ്വേശ്വരനു നമ്മെ സഹായിപ്പാൻ കഴിയുമെന്നും, മനസ്സിനെ ശുദ്ധിചെയ്തു ആത്മശക്തിയെ ഉണർത്തുവാനായിക്കൊണ്ട് ലഭിച്ച ഒരവസരമാണ്

വിഘ്നമെന്നും സമാധാനിച്ചു സ്വധർമ്മം സത്യമര്യാദയോടു കൂടി നടത്തി സ്ഥിരചിത്തന്മാരായിരിക്കേണ്ടതാണ്. ക്ഷമ അസ്തമിക്കുമ്പോഴാണ് അധഃപതനം സംഭവിക്കുന്നത്. കഷ്ടത്തിലും അപജയത്തിലും ഹാസ്യത്തിലും കൂടിയാണ് യോഗ്യതക്കും യശസ്സിന്നുമുള്ള മാർഗ്ഗം. കഷ്ടത്തിൽ കടുങ്ങിയവനെ ത്യജിക്കുക, ലോകസാധാരണ സമ്പ്രദായങ്ങളിൽനിന്നു വ്യത്യാസപ്പെട്ടു നടക്കുന്നവനെ ഹസിക്കുക, വിജയം നേടിയവനെ മാനിക്കുക, ഇതാണു ലോകരീതി. ലോകത്തിൽ വിഖ്യാതി നേടിയവരെല്ലാം ആദ്യകാലങ്ങളിൽ അസംഖ്യം കഷ്ടങ്ങളേയും ജനങ്ങളുടെ ഹാസ്യത്തേയും സഹിച്ചവർതന്നെ ആയിരുന്നു. അതെല്ലാം അഗണ്യമാക്കി ധൈര്യത്തോടും, ക്ഷമയോടും, ഏകാഗ്രതയോടുംകൂടി പരിശ്രമം തുടൎന്നുകൊണ്ടിരുന്നപ്പോഴാണ് സ്തുത്യൎഹന്മാരായ്ത്തീൎന്നത്.

6. <u>ആത്മവിശ്വാസം</u>—ഒരു കർത്തവ്യകർമ്മത്തെ തനിക്കു നിറവേററാൻ കഴിയുമെന്നുള്ള പൂർണ്ണബോധമാണ് ആത്മവിശ്വാസം. ആത്മവിശ്വാസത്താൽ മാത്രമേ മനസ്സിന്നു ധൈര്യം ഉണ്ടാകയുള്ളൂ. ആത്മവിശ്വാസം താന്താങ്ങളിൽ ശേഖരിച്ചിരിപ്പുള്ള അളവററ ശക്തിയെ സൂചിപ്പിക്കുന്നു. ആത്മവിശ്വാസത്തിൻെറ പൂർണ്ണതയെ നോക്കി ഉദ്ദേശങ്ങളുടെ സാദ്ധ്യാസാദ്ധ്യതാലക്ഷണങ്ങളെ ഒരുവിധം നിർണ്ണയിക്കാം. ആത്മവിശ്വാസം ധാരാളമുണ്ടെങ്കിൽ അമാനുഷമായ പ്രവൃത്തികൾകൂടി നടത്തുവാൻ സാധിക്കുന്നതാണ്. ഗുരുവിൽ പൂർണ്ണമായി വിശ്വസിച്ച ഒരു ശിഷ്യ

ന്നു ജലപ്രവാഹത്തിൻമീതെ നടപ്പാൻ കഴിഞ്ഞു; എന്നാൽ ഇരുവിന്നു അതിന്നു കഴിഞ്ഞില്ല.

ആത്മവിശ്വാസം കുറവായ ഒരാളെ അന്യന്മാർ നിസ്സാരമാക്കുന്നതിൽ ആശ്ചര്യമില്ല. "നിറക്കുടം തുളമ്പുകയില്ല" എന്നപോലെ വിനയവും അനുസരണയും സ്വശക്തിയുടെ അംഗങ്ങൾതന്നെ. എന്നാൽ സ്വാശ്രയം സ്വശക്തിയുടെ മർമ്മമാണ്. സ്വാശ്രയത്തിൽ നിലനില്പാൻ കഴിവുണ്ടെങ്കിൽ മാത്രമെ സ്വാഭിമാനം യഥാർത്ഥത്തിൽ ഉണ്ടായിരിക്കയുള്ളു. പരാധീനത്വമുള്ളവർക്ക് സ്വാഭിമാനം ഉദിപ്പാനവകാശമില്ല. സ്വപ്രയത്നത്താൽ നിലനില്ക്കുന്നവരാരും പരാധീനന്മാരല്ല. സ്വാശ്രയശക്തിയുള്ളവന്നു താൻ രാജാവാണെന്നുള്ള ഗർവ്വമല്ല ഉള്ളത്; തനിക്കു രാജ്യംപിടിപ്പാൻ കഴിവുണ്ടെന്നുള്ള ധൈര്യമാണ് ഉള്ളത്. സർവ്വ ആപത്തുകളേയും അഗണ്യമായി കരുതുന്ന ഒരു ശക്തിയാണ് ധൈര്യം. ധൈര്യമുള്ളവന്റെ അരികെനിന്നു സർവ്വ വിഘ്നങ്ങളും അകന്നകന്നു പോകുന്നു. ഭീരുവിന്റെ സമീപത്തു സർവ്വ പ്രതിബന്ധങ്ങളും അണഞ്ഞണഞ്ഞെത്തുന്നു. തടസ്ഥങ്ങളെല്ലാം മനോദൌർബ്ബല്യരൂപേണ തന്നിൽതന്നെയാണ് ആദ്യം ഉത്ഭവിക്കുന്നത്.

7. ലജ്ജ—താന്താങ്ങളെക്കുറിച്ചുതന്നെ അധികം നിരൂപണം ചെയ്യുന്നതിനാലുണ്ടാവുന്ന അഭിമാനാധിക്യത്താലും, മററുള്ളവർ താന്താങ്ങളെക്കുറിച്ച് എന്തു വിചാരിക്കുമെന്നു ശങ്കിക്കുന്നതിനാലുണ്ടാകുന്ന ആത്മവിശ്വാസക്കുറവിനാലുമാണ് ലജ്ജ ഉത്ഭവിക്കുന്നത്. ലജ്ജ സൽഗ്ഗു

ങ്ങളേയും പ്രാപ്തിയേയും ശോഭിപ്പാനനുവദിക്കാതെ നി ഗ്രഹനം ചെയ്യുന്നു. ലോകമെല്ലാം തന്നെത്തന്നെ നോക്കിയിരിക്കയല്ലെന്നും, സർവ്വർക്കും താന്താങ്ങളുടെ കാര്യങ്ങൾതന്നെ പിടിപ്പതുമുണ്ടെന്നും, നാട്യംകൊണ്ടു ഒന്നിനേയും മറച്ചുകൂടെന്നും, ലോകസാമാന്യത്തിന്നും ഓരോരുത്തരുടെ യോഗ്യതയെക്കുറിച്ചു ശരിയായി വിലമതിപ്പാൻകഴിവുണ്ടെന്നും മനസ്സിലാക്കിയാൽ ലജ്ജ വിട്ടുതുടങ്ങും. ലജ്ജയുള്ളവർ ധവളമായ വസ്ത്രങ്ങൾ ധരിച്ചു എപ്പോഴും ജനങ്ങളുടെ ഇടയിൽ ചേരുമാറികൊണ്ടിരിക്കയാണ് വേണ്ടത്. ലജ്ജ പുരുഷന്മാർക്ക് ഒരു ചാപല്യമാണ്. പ്രസരിപ്പുള്ളവരാണു ജയം സാധാരണയായി കരസ്ഥപ്പെടുത്തുന്നതെന്നു ചിലർ ആക്ഷേപിക്കാറുണ്ട്. എന്നാൽ പ്രസരിപ്പുള്ളവർക്കാണ് സാധാരണയായി പ്രയത്നവും, ധൈര്യവും, തീർച്ചമൂർച്ചയും, നയവും ഉണ്ടായിരിക്കുക. ലജ്ജയുള്ളവരെ നാട്യമോ ഡംഭോ ഉള്ളവരാണെന്നു ലോകം തെററിധരിപ്പാനും കൂടി ഇടയുണ്ട്.

# III. സത്യമൎയ്യാദ.

"അത്ഭിർഗാത്രാണി ശുദ്ധ്യന്തി മനസ്സത്യേന ശുദ്ധ്യതി
വിദ്യാതപോഭ്യാം ഭൂതാത്മാ ബുദ്ധിർജ്ഞാനേന ശുദ്ധ്യതി"
സ്മൃതി.

(ജലത്തിനാൽ ദേഹം ശുചിയാക്കപ്പെടുന്നു. മനസ്സ് സത്യത്തിനാൽ നിൎമ്മലമാക്കപ്പെടുന്നു. ആത്മാവ് വിദ്യയാലും തപസ്സിനാലും ശുദ്ധീകരിക്കപ്പെടുന്നു. ബുദ്ധി ജ്ഞാനത്താൽ സ്വച്ഛമായിത്തീരുന്നു.)

1. സത്യം—പരമാൎത്ഥത്തോടുകൂടിയ ആശ്രയവും യഥാൎത്ഥമായ അനുഷ്ഠാനവുമാണ് സത്യം. അഹിംസയും ആൎജ്ജവവുമാണ് സാധാരണ ലോകരീതിയിൽ സത്യത്തിന്റെ അംഗങ്ങൾ. മനോനൈൎമ്മല്യവും സമഭാവനയും സ്ഥൈൎയ്യവും സത്യത്തിന്റെ ഉപരിയായ പടവുകളാകയാൽ അവ മൂന്നിനേയും "മാഹാത്മ്യം" എന്ന പത്താമത്തെ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിട്ടുണ്ട്.

* "കൎമ്മണാ മനസാ വാചാ സൎവ്വഭൂതേഷു സൎവ്വദാ,
അക്ലേശജനനം പ്രോക്തം അഹിംസാത്വേന യോഗിഭിഃ"

എന്ന പ്രമാണത്തിന്നനുസരിച്ച് സൎവ്വ പ്രാണികളോടും നിരുപദ്രവം ആചരിക്കുന്നതാണ് അഹിംസ. "അഹിം

---

* മനോവാക്കൎമ്മങ്ങളാൽ സൎവ്വജീവികളിലും എല്ലായ്പോഴും നിരുപദ്രവം ആചരിക്കുന്നതിനെയാണ് അഹിംസയെന്നു യോഗികളാൽ പറയപ്പെട്ടിട്ടുള്ളത്.

സാ പരമോധൎമ്മഃ" എന്ന തത്വമാണ് സൎവ്വ വേദശാസ്ത്രങ്ങളുടേയും അസ്ഥിവാരം. "പാപം ഹിംസാ സമം നഹി" എന്ന വചനപ്രകാരം ഹിംസകളെല്ലാം മഹത്തായ പാപം തന്നെ. ശാശ്വതമായ ഒരു പരമാത്മതത്വം ജീവിതത്തിലുണ്ടെന്നു മനസ്സാക്ഷി നമ്മെ അറിയിക്കുന്നുണ്ടു്. യാതൊരു പ്രാണിക്കും യാതൊരു പ്രകാരത്തിലും അഹിതം ചെയ്യാതിരിക്കയാണ് നന്മ.

മനുഷ്യനു ഇതരസൃഷ്ടികളെക്കാളുമുള്ള വിശേഷത മനസ്സാക്ഷിമൂലമാണ്. വിശേഷസിദ്ധിയെന്നു നാം കരുതിവരുന്ന ബുദ്ധിശക്തി പക്ഷിമൃഗാദികൾക്കുകൂടി ഉള്ളതായിക്കാണുന്നുണ്ടല്ലോ. മനസ്സിലൊന്നു വിചാരിക്കുക, വേറൊന്നു പറയുക, മറെറാന്നു പ്രവൃത്തിക്കുക എന്നതു മാനുഷസ്വഭാവത്തിന്നു യോജിച്ചതല്ല.

യാതൊരുപ്രകാരത്തിലും കളങ്കമില്ലാതെ മനസ്സാക്ഷിക്കനുസരിച്ചും, നമ്മെലോകം എപ്രകാരം ധരിക്കേണമെന്നു നാം ഇച്ഛിക്കുന്നുവോ അപ്രകാരവും നാം ഇഷ്ടപ്പെടുന്നതും സംസാരിക്കുന്നതും അനുഷ്ഠിക്കുന്നതും തന്നെയാകുന്നു ആൎജ്ജവം. സത്യത്തിൻെറ പൂൎണ്ണതക്കനുസരിച്ചാണ് മനസ്സ് നിൎമ്മലമായ്ത്തീരുന്നത്. സത്യത്തെ ആശ്രയിക്കാത്ത ഭക്തി മിത്ഥ്യയും നിഷ്പ്രയോജനവുമാണ്. താന്താങ്ങളുടെ ഹൃത്തടത്തിൽ വാഴുന്ന ആത്മാവിനെ ഭജിക്കാത്തവർ ദൈവാനുഗ്രഹം ലഭിപ്പാൻ യോഗ്യന്മാരല്ല. ആയതിനാൽ താന്താങ്ങളിൽ സ്ഥിതിചെയ്യുന്ന മനസ്സാക്ഷിയെ ഭജിപ്പാനാണ് മുമ്പിൽ പഠിക്കേണ്ടതു്. വഴിയെ വിശ്വ

ഷത്തിൽ പ്രത്യക്ഷമായിക്കാണുന്ന ഈശ്വരചൈതന്യവിലാസങ്ങളെ ഭജിക്കണം. എന്നാൽ മാത്രമെ ദൈവഭക്തി പൂർത്തിപ്പെടുകയുള്ളൂ. ദൈവം സത്യസ്വരൂപനാകയാൽ സത്യസന്ധനായ ഒരാൾ ദൈവത്തെ മൂർത്തീകരിച്ചു പ്രത്യേകമായി ഭജിക്കേണമെന്നില്ല. സത്യത്താലാണ് പ്രപഞ്ചമാസകലം നിലനില്ക്കുന്നത്. "സത്യേന ജായതേ മുക്തി" എന്ന പ്രമാണവശാൽ സത്യത്തിൽ തന്മയത്വം പ്രാപിക്കുന്നതുതന്നെയാണ് മോക്ഷം. "സത്യം ഭൂതഹിതം പ്രോക്തം" എന്നാണ് സത്യത്തെ അമരകോശത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നത്. ദുഃഖമോചനത്തിനു സത്യം എന്ന ഏകമാർഗ്ഗമേ ഉള്ളൂ.

സത്യവാനായ ഒരാൾക്കു സിദ്ധാന്തങ്ങളും പക്ഷഭേദങ്ങളുമുണ്ടായിരിക്കയില്ല; മനസാ വാചാ കർമ്മണാ യാതൊരു പ്രാണിക്കും അഹിതം ചെയ്കയില്ല; നിശ്ചയങ്ങൾക്കു ഇളക്കമോ കലുക്കമോ യാതൊരുകാരണത്താലും സംഭവിക്കയില്ല; വാഗ്ദത്തത്തെ ഒരിക്കലും ലംഘിക്കയില്ല; വിപരീതങ്ങൾ നിമിത്തം അസ്വസ്ഥത നേരിടുകയില്ല; തന്റെ വിചാരവും വാക്കും പ്രവൃത്തിയും പരമാർത്ഥത്തിനെക്കുറിച്ചു തനിക്കുള്ള യഥാർത്ഥബോധത്തിനെ ആശ്രയിച്ചിരിക്കും; ജീവിതത്തിലെന്തോ മഹത്വമുള്ള ഒരു തത്വമുണ്ടെന്നു സത്യവാൻ പൂർണ്ണമായി വിശ്വസിക്കും; ധൈര്യമെന്ന പരിചയയേയും ക്ഷമയെന്ന ആയുധത്തെയും എപ്പോഴും ഒന്നിച്ചു കൊണ്ടുനടക്കും; ഹൃദയം നിർമ്മലവും പരിശുദ്ധവുമായിരിക്കും; പരക്ലേശം കണ്ടുകൊണ്ടിരിക്കയില്ല; ആത്മ

ടെ പേരിലും യാതൊരു പ്രതികാരേച്ഛയുമുണ്ടായിരിക്കയില്ല; മനസ്സാക്ഷിയെ എപ്പോഴും തൃപ്തിപ്പെടുത്തിക്കൊണ്ടിരിക്കും.

തല്ക്കാലം എന്തുതന്നെ കഷ്ടം അനുഭവിക്കേണ്ടിവന്നാലും "സത്യം ജയതി നാനൃതം" എന്ന പ്രകാരം ഒടുവിൽ സത്യം ജയിക്കാതിരിക്കയില്ല. അതിനാൽ സത്യത്തെ എപ്പോഴും വിശ്വസിച്ചു ഭജിച്ചുകൊണ്ടിരിക്കണം. ആർ കാണ്മാനുണ്ടെങ്കിലും ഇല്ലെങ്കിലും എപ്പോഴും തന്റെ മനസ്സാക്ഷിയെ ബോദ്ധ്യപ്പെടുത്തണം. തന്റെ വിചാരമോ കർമ്മമോ ആരും കാണ്മാനില്ലെങ്കിലും തന്റെ മനസ്സാക്ഷി കാണുന്നുണ്ടെന്നു ഓർമ്മവെക്കണം. യാതൊരു ദ്രവ്യമോഹവും കൈക്കൂലിയും സത്യമെന്ന നിധിയെ അപഹരിക്കാതിരിപ്പാൻ സൂക്ഷിക്കണം. രത്നത്തിന്നുള്ള ശ്രേഷ്ഠത എങ്ങിനെ അതിന്റെ നൈർമ്മല്യം നിമിത്തമാണോ അങ്ങിനെതന്നെ ഹൃദയശുദ്ധി നിമിത്തമാണ് മനുഷ്യന്റെ പരമോൽകൃഷ്ടത. ജീവിതത്തിന്റെ കേന്ദ്രമാണ് സത്യം. കറയററ മനസ്സ്, പതറാത്ത നിശ്ചയം, കലുങ്ങാത്ത സമാധാനം, ഉജ്ജ്വലിക്കുന്ന സ്വഭാവം ഇവകളുടെ സിദ്ധികളാണ് മററു സർവ്വ ലൌകികങ്ങളായ തുച്ഛ പ്രതിഫലങ്ങളേക്കാളും എത്രയോ മഹിമ.

പ്രകൃതിയിൽ നാം യാതൊരു അസത്യവും കാണുന്നില്ല. സർവ്വ ഗോളങ്ങളും തങ്ങളുടെ ഗതികളെ കൃത്യക്രമങ്ങളോടുകൂടി സദാ നിറവേററിക്കൊണ്ടിരിക്കുന്നു. ഓരോ തരത്തിലുള്ള സസ്യവൃക്ഷാദികളുടെ ആകൃതിക്കും, പ്രകൃതി

ക്കം, വിളച്ചിക്കം, ഫലങ്ങൾക്കും യാതൊരു വ്യത്യാസവും കാണുന്നില്ല. അതുപോലെതന്നെ നാമും എപ്പോഴും വ്യവസ്ഥയായ പ്രകൃതത്തോടുകൂടി സ്വധർമ്മം നിറവേററിക്കൊണ്ടിരിക്കേണ്ടതാണ്. സർവ്വവും പോയി തന്നെ ബന്ധുമിത്രങ്ങൾ ഉപേക്ഷിച്ചാൽകൂടി സത്യവാൻ തൻെറ സത്യത്തിൽ ഉയർന്നി നിവർന്നുനില്ക്കും. ആപത്തിലാണ് സത്യവാൻെറ നടവടി ഏററവും പ്രഭയോടെ ശോഭിക്കുക. കാലചക്രപരിവർത്തനത്തിൽ കൊടുങ്കാററടിക്കുമ്പോഴും മന്ദമാരുതൻ വീശുമ്പോഴും സത്യവാൻ തൻെറ നിശ്ചയങ്ങളിൽനിന്നു ലേശമെങ്കിലും ചലിക്കയില്ല. എന്നാൽ സത്യവാന്മാരെന്നു നാട്യം മാത്രമുള്ള ധർമ്മധ്വജന്മാർ വിപത്തിൽ വ്യസനാതിരേകവും അഭ്യുദയത്തിൽ മദാധിക്യവും പ്രാപിക്കും.

എല്ലാററിനും ഉപരിയായി തന്നോടു സത്യമായി താൻ തന്നെ പെരുമാറണം. എന്നാൽ മാത്രമെ അന്യന്മാർ തന്നോടു അപ്രകാരം പെരുമാറുകയുള്ളൂ. അല്ലമെങ്കിലും കളവോ നാട്യമോ വാസ്തവത്തിലുള്ള ഗുണങ്ങളേകൂടി മറെക്കുന്നു. വിചാരമാണ് സർവ്വത്തിനും ഹേതു; തൽകാരണത്താൽ വിചാരത്തെയാണ് മുമ്പിൽ നിർമ്മലമാക്കിത്തീർക്കേണ്ടതു. ഇലകളും ചെടികളും തിന്നു ജീവിക്കുന്ന ശലഭങ്ങൾ ക്രമേണ ഇലകളുടെയും ചെടികളുടെയും വർണ്ണം പരിഗ്രഹിക്കുന്നവിധംതന്നെ നാമും നമ്മുടെ മനോവിചാരങ്ങളുടെയും ഹൃദയത്തിലുള്ള അണുക്കളുടെയും മാതിരിയായി പരിണമിക്കുന്നു.

2. <u>നടവടി</u>—ഒരാളുടെ നിത്യവൃത്തിയിൽ എപ്പോൾം കൃത്യവും, നിശ്ചയവും വ്യവസ്ഥയും, നിരുപദ്രവവും,

ശാന്തതയും കാണപ്പെടുന്നുവോ അപ്പോൾ ആയാൾ സത്യത്തെ കൈവശപ്പെടുത്തുവാൻ തുടങ്ങീട്ടുണ്ടെന്നു തീർച്ചപ്പെടുത്താം. നാം അറിയുന്നുണ്ടെങ്കിലും ഇല്ലെങ്കിലും സർവ്വരും തങ്ങൾക്കു ചുററുമുള്ളവരുടെ നടവടിയെ സൂക്ഷ്മമായി പരിശോധിക്കാറുണ്ട്. സത്യമായ നടവടി മൂലമാണ് ഒരാളെക്കുറിച്ചു ഇതരന്മാർക്കു വിശ്വാസമുത്ഭവിക്കുന്നത്. ശാശ്വതവും യഥാർത്ഥവുമായ ധനം സത്യം തന്നെയാണ്. കളവും ചതിയും ആരെയും ദീർഘകാലത്തേക്കു ധനികനാക്കയില്ല. ഒരാൾക്കു ഒരു സമയത്തു സർവ്വജനങ്ങളെയും വഞ്ചിപ്പാൻ കഴിഞ്ഞുവെന്നു വരാം; ചില ജനങ്ങളെ പലപ്പോഴും വഞ്ചിപ്പാൻ സാധിച്ചുവെന്നും വരാം; എന്നാൽ സർവ്വ ജനങ്ങളെയും സദാ വഞ്ചിപ്പാൻ ആർക്കും കഴികയില്ല; തന്റെ മനസ്സാക്ഷിയെ ഒരാൾക്കും ഒരിക്കലും വഞ്ചിപ്പാൻ കഴിയുന്നതുമല്ല. സത്യം ഏതു പ്രകാരത്തിലും ഒരിക്കൽ വെളിപ്പെടും. അസത്യത്തിൽ എന്തെങ്കിലും ഒരു പിഴതില്ലാതിരിക്കയില്ല. കൊലപാതകത്തിനെ 'കല്ലും മണ്ണും' കൂടി വിളിച്ചുപറയും.

സ്വർണ്ണരത്നങ്ങളെക്കാൾ എത്രയോ വിലപിടിച്ചതു തന്നെയാണ് മനസ്സിന്റെ കൃതാർത്ഥത. തങ്ങൾ തൊട്ടതെല്ലാം കനകരത്നമയമായിത്തീരേണമെന്നുള്ള വരം വാങ്ങാനിഷ്ടമുള്ളവർ ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ ഭക്ഷണവും, പാനീയവും, ശയ്യയും കളത്രപുത്രാദികൾ കൂടിയും സ്വർണ്ണമോ രത്നമോ ആയി ചമഞ്ഞാൽ എന്തു ഭോഗമാണ് അനുഭവിപ്പാൻ കഴിവുണ്ടായിരിക്കുക?

ആർക്കും മാഞ്ഞുപോകാത്ത ഒരടയാളമാണ് നടവടി. നടവടി നോക്കീട്ടാണു ഹൃദയാന്തരത്തിൽ ജനങ്ങൾ ഒരാളെ വിലമതിക്കുക പതിവു്. അധികാരമോ, ശക്തിയോ, ധനമോ, മാത്രം ഉള്ളവരെ തല്ക്കാലകാര്യനിവൃത്തിക്കു വേണ്ടിയോ ഭയപ്പെട്ടിട്ടോ ജനങ്ങൾ ബഹുമാനം നടിക്കുമായിരിക്കാം. ബുദ്ധിമാന്മാരോടും സമർത്ഥന്മാരോടും ജനങ്ങൾ സാധാരണയായി കാര്യങ്ങളെക്കുറിച്ചു ആലോചന ചെയ്യാറുണ്ടു്; എന്നാൽ സത്യമായ നടവടി ഉള്ളവരെ മാത്രമേ വിശ്വസിച്ചു പിന്തുടരുകയുള്ളൂ. നടവടിയില്ലാത്ത യോഗ്യത കുടത്തിന്നകത്തു വെക്കപ്പെട്ടിട്ടുള്ള വിളക്കുപോലെയാണ്. ഉറങ്ങുന്ന സിംഹത്തിനേക്കാൾ കുരക്കുന്ന നായയെക്കൊണ്ടാണ് ഉപയോഗം. സർവ്വ ന്യൂനതകളെയും പരിഹരിച്ചു പിന്താങ്ങുന്ന ഒരാധാരമാണ് നടവടിഗുണം. അതില്ലാതെ യാതൊരാളും ഒരു തൃണംപോലും വിലപിടിക്കുന്നതല്ല. സർവ്വരേയും രാകി മുറിച്ചു മിനുസപ്പെടുത്തുന്ന വൈരക്കല്ലാണ് സത്യമായ നടവടി. നടവടിഗുണം പരസ്യപ്പെടുത്താതെതന്നെ പ്രസിദ്ധിയെ കൊടുക്കുന്നു.

3. അഭിമാനം—മാന്യത, അതിന്റെ ശരിയായ അർത്ഥത്തിൽ വേണ്ടതുതന്നെ. അന്യന്മാരാൽ മാനിക്കപ്പെടേണമെന്നു വിചാരിക്കുന്നതിന്നു മുമ്പായി തന്നെത്താൻ മാനിപ്പാൻ അർഹതയുണ്ടാക്കിത്തീർക്കണം. താന്താങ്ങളിൽ വാഴുന്ന ആത്മാവിനെ വഞ്ചിക്കാതിരിക്കുന്നതു തന്നെയാണു് ശരിയായ അഭിമാനം. ബുദ്ധിയെ വികസി

പ്പിച്ചും, സ്വഭാവത്തിനെ സംസ്കരിച്ചും, ഹൃദയത്തിനെ നിർമ്മലമാക്കിത്തീർത്തു ആത്മശക്തിയെ ഉണർത്തുകയാണ് ജീവിതത്തിന്റെ പരമോദ്ദേശം. ധനവും മററെല്ലാ വിഷയങ്ങളും അതിലേക്കുള്ള ആയുധങ്ങൾ മാത്രമാണ്. ധനത്തിലും, അധികാരത്തിലും, സ്ഥാനത്തിലും, കീർത്തിയിലുമല്ല ശാശ്വതമായ വിജയം; സത്യത്തിൽ തന്നെയാണ്.

ധനികനായതുകൊണ്ടു മാത്രം ഒരാൾ മാന്യനാകയില്ല. പരിഷ്കരിച്ച സമ്പ്രദായങ്ങളിലും അഭിനയങ്ങളിലുമല്ല അഭിമാനം; സത്യധർമ്മമര്യാദകളോടു കൂടിയ നടവടിയിലാണ്. സ്ഥാനനിലകളിലും. മോടിയിലും, പകിട്ടിലും മററും ലോകം സാധാരണയായി കരുതിവരുന്ന ആഭിജാത്യം പൊള്ളയായ ദുരഭിമാനമാണ്. ദുഷ്ടനായ ധനികനേക്കാൾ സാധുവൃത്തനായ നിർദ്ധനൻ എത്രയോ മാററുകൂടിയവനാണെന്നുള്ള സംഗതി നിർവിവാദമാണ്. ഹിംസയിലും, കളവിലും, ചതിയിലും, നീചവൃത്തിയിലും മാത്രമെ വാസ്തവത്തിൽ അപമാനമുള്ളു.

4. <u>മര്യാദ</u>—മററുള്ളവരെല്ലാം തന്നോടു എപ്രകാരം അനുഷ്ഠിക്കുന്നതു തനിക്കു ഹിതമായിരിക്കുമോ അപ്രകാരം തന്നെ താൻ മററുള്ളവരോടും ഹിതമായി എപ്പോഴും ആചരിക്കുന്നതാണ് മര്യാദ. സത്യം മനുഷ്യന്റെ ആന്തരീയമായ ഗുണമാണ്; എന്നാൽ മര്യാദ ബാഹ്യത്തിലുള്ള പെരുമാററമാണ്. വിനയവും ഔദാര്യവുമാണ് മര്യാദയുടെ പ്രധാനമായ അംഗങ്ങൾ. സത്യമെന്ന ആസ്പദമില്ലാത്ത മര്യാദ വെറും നാട്യം മാത്രമാണ്. ജനങ്ങളോടുള്ള രഞ്ജിപ്പും

ഇണക്കവും തനിക്കുള്ള അറിവിനെ ഉപയോഗപ്പെടുത്തുവാനും തനിക്കില്ലാത്ത അറിവിനെ അവരിൽനിന്നു ഗ്രഹിപ്പാനും സഹായിക്കുന്നു. പകിട്ടിലല്ല, മൎയ്യാദയിലാണ് നാഗരികത്വം, അഥവാ പരിഷ്കാരം സ്ഥിതിചെയ്യുന്നത്. തന്നെസംബന്ധിച്ച കാൎയ്യങ്ങളിൽ ഒരുവിധം ന്യായം, പരന്മാരെ സംബന്ധിച്ച കാൎയ്യങ്ങളിൽ ന്യായമൊന്നു വേറെ, എന്നുള്ള വ്യത്യാസമില്ലാത്ത സ്ഥിതിയെ മാത്രമെ നാഗരീകത്വം എന്നു പറഞ്ഞുകൂട്ടു. അപ്രകാരമല്ലാത്ത നാഗരീകത്വം മുക്കുപണ്ടമെന്നപോലെ കപടമായ ഒരു പുറംപൂച്ച് മാത്രമാണ്.

തന്നിൽ താണവർ, തന്റെ കീഴിലുള്ളവർ. പരിചാരകന്മാർ, സ്ത്രീകൾ, കുട്ടികൾ, തന്റെ രക്ഷയിലിരിക്കുന്നവർ, ആശ്രിതന്മാർ ഇവരോടെല്ലാമുള്ള പെരുമാററത്തെ നോക്കീട്ടാണ് ഒരാൾ പൂൎണ്ണമൎയ്യാദസ്ഥനോ അല്ലയോ എന്നു നിശ്ചയിക്കേണ്ടത്. തങ്ങളേക്കാൾ ഉയൎന്ന സ്ഥിതിയിലുള്ളവർ, ബന്ധുമിത്രങ്ങൾ, സമന്മാർ, തങ്ങൾക്കു കാൎയ്യമുള്ളവർ മുതലായവരോടെല്ലാം ഉന്മാദചിത്തന്മാരൊഴികെ എല്ലാവരും മൎയ്യാദയായി പെരുമാറാതിരിക്കയില്ല. സൎവ്വമനുഷ്യൎക്കും സ്വാഭിമാനമുണ്ടെന്നുള്ള തത്വം ഓൎമ്മവെച്ചു അഹംഭാവം ലേശമില്ലാതെ എല്ലാവരോടും സൌമ്യമായി പെരുമാറുന്ന രീതിയാണ് വിനയം. പരഹിതത്തിന്നുവേണ്ടി സ്വാൎത്ഥത്തെ ത്യാഗംചെയ്യുന്ന മഹാമനസ്കതയാണ് ഔദാൎയ്യം.

മൎയ്യാദസ്ഥൻ ആത്മപ്രശംസകൊണ്ടാടുകയൊ ഡംഭ്കാണിക്കുകയൊ ഇല്ല; സ്വാഭിമാനം പൂൎത്തിയായി ഉ

ണ്ടായിരിക്കമെങ്കിലും തന്നിൽ താണവരാരുമുണ്ടെന്നു ഭാവിക്കയില്ല; ആരെയും 'അലോഗ്യ'പ്പെടുത്തുകയൊ താനും നീരസപ്പെടുകയൊ ചെയ്യുകയില്ല; പരാപവാദം ചെയ്യുകയും അതിന്നു ചെവികൊടുക്കുകയുമില്ല; നികൃഷ്ടവും ഹീനവുമായ കാൎയ്യങ്ങൾക്കൊ നീചമായ സേവക്കൊ ഇറങ്ങുകയില്ല; ശാന്തമായി ഒതുങ്ങിയ മട്ടിലേ സംസാരിക്കയുള്ളു; കാൎയ്യങ്ങളിലെല്ലാം വിട്ടുവിട്ടതി ഉണ്ടായിരിക്കും; തന്നെ ശരണം പ്രാപിച്ചവരെ ഉപേക്ഷിക്കയില്ല; ആശ്രിതവാത്സല്യവും ഉപകാരസ്മരണയും ഔദാൎയ്യശീലവും ഉള്ളവനായിരിക്കും; സഹജീവികളോടു രഞ്ജിപ്പുള്ളവനായിരിക്കും; ആരെയും വന്ദിക്കയെല്ലാതെ നിന്ദിക്കയില്ല; സൎവ്വരേയും ഹിതപ്പെടുത്തുവാൻ ആന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കും. മുൻപറഞ്ഞവിധത്തിലുള്ള കല്യാണഗുണശാലികൾക്കു ശത്രുക്കളൊരുമുണ്ടാകുന്നതല്ല; തേൻപുരട്ടിട്ടുള്ള ഒരാളെ തേനീച്ച കുത്തുന്നതല്ലല്ലോ. മൎയ്യാദനിമിത്തമെ ലോകത്തിൽ ഐക്യം വൎദ്ധിപ്പാൻ തരമുള്ളു. മൎയ്യാദസ്ഥന്മാരാണ് ജനസമുദായത്തിന്റെ നട്ടെല്ല്.

മൎയ്യാദ ധനവിഷയത്തെ മാത്രം ആശ്രയിച്ചല്ല ഇരിക്കുന്നത്. ധനം മൎയ്യാദയെ പ്രകാശിപ്പിച്ചു പുഷ്ടിപ്പെടുത്തുന്ന ഒരു ശക്തിതന്നെ എങ്കിലും വാങ്മനോ ദേഹങ്ങളാലുള്ള സൎവ്വവിധ ആദരവുകളാലും അനുകൂലഭാവത്താലും ലോകരംഗത്തിലെ ഏതു സ്ഥാനനിലകളിലുമുള്ളവൎക്കും മൎയ്യാദ സദാ സമ്പാദിക്കാവുന്നതാണ്. "ജിഹ്വാഗ്രേ മിത്രബാന്ധവാഃ" എന്ന തത്വമോൎത്തു സംസാരിക്കുക; ഒരാൾ

സംസാരിക്കുന്നതിൻ മദ്ധ്യേ കടന്നു വീഴാതിരിക്കുക; യാത്ര ചെയ്യുമ്പോൾ മററുള്ളവൎക്കു വഴി വിട്ടുകൊടുക്കുക; വഴി അറിയാതെ ഉഴലുന്നവൎക്കു വഴി തിരിച്ചുകൊടുക്കുക; രാജ്യപരിചയമില്ലാതെ കുഴങ്ങുന്ന പരദേശികൾക്കു വേണ്ടപ്പെട്ട ഒത്താശകൾ ചെയ്തുകൊടുക്കുക; അതിഥികൾക്കെല്ലാം "സൎവ്വദേവമയോതിഥിഃ" എന്ന ധാരണയോടെ സല്ക്കാരങ്ങൾ ചെയ്യുക ("അമ്പോറ്റു തന്നതമൃതു" എന്നപോലെ എണ്ണത്തിലും വണ്ണത്തിലുമല്ല സൽക്കാരം, ആദരവിലാണ്); സ്വഗൃഹത്തിൽ വന്നിരിക്കുന്നവരെയെല്ലാം "സൎവ്വസ്യാഭ്യാഗതോഗുരുഃ" എന്നു കരുതി ആചാരോപചാരാദികൾ ചെയ്ക; തന്റെ ശത്രുവായിരുന്നാൽ കൂടി സ്വഗൃഹത്തിൽ വന്നാൽ ദുൎമ്മുഖമൊട്ടും കാണിക്കാതെ ബഹുമാനിച്ചാദരിക്കുക; ആപത്തണഞ്ഞു നില്ക്കുന്ന ആൎത്തന്മാരെ മടിയും ഭയവും കൂടാതെ രക്ഷിക്കുക; ആകസ്മികമായ ഹാനികൾ നേരിട്ടവൎക്കു പ്രഥമോപചാരങ്ങൾ ചെയ്ക; ആരോടും അഹംഭാവവും വിമുഖതയും കാട്ടാതിരിക്കുക; അബദ്ധമായി ഒരാൾക്കു അപരാധം വല്ലതും ചെയ്തുപോയാൽ ഉടനെതന്നെ നിൎവ്യാജമായി ക്ഷമായാചനം ചെയ്യുക; വല്ല ഉപകാരവും ഒരാൾ ചെയ്താൽ അഭിനന്ദി സൂചിപ്പിക്കുക; പരിചിതന്മാരെ കാണുമ്പോഴെല്ലാം അഭിവന്ദനവും കുശലപ്രശ്നാദികളും അനുഷ്ഠിക്കുക, പിരിയുമ്പോൾ ക്ഷേമമാശംസിക്കുക; കാൎയ്യനിൎവ്വഹണത്തിന്നായി പുറപ്പെട്ടവൎക്കു സൎവ്വസുഖപ്രദമായ ആശീൎവ്വാദങ്ങൾ ചെയ്ക; ബന്ധുമിത്രങ്ങളുടെ സന്തോഷാവസരങ്ങളിൽ അനുമോദനംചെ

ണ്ണ; വ്യസനിക്കുന്നവരോടു സാന്ത്വന വാക്കുകൾ പറയുക; രോഗബാധിതന്മാരെ സമാശ്വസിപ്പിക്കുക; കുട്ടികളോടു വാത്സല്യം കാണിക്കുക; സ്ത്രീകളോടു സഹോദരഭാവം അനുഷ്ഠിക്കുക; തരാതരങ്ങൾക്കനുസരിച്ചു വിട്ടുവിടുതികൾക്കു വഴിപ്പെടുക; മര്യാദകേടായി ആരെങ്കിലും പ്രവർത്തിക്കുന്നതു കാണുമ്പോൾ സദുപദേശത്താൽ അവരെ അതിൽ നിന്നു പിൻതിരിക്കുക; താന്താൻ കുറച്ചു ക്ലേശം അനുഭവിക്കേണ്ടിവന്നാൽ കൂടി അന്യന്മാരുടെ ഹിതം പ്രവൃത്തിക്കുക; വൃദ്ധന്മാരേയും ഭക്തന്മാരേയും ജ്ഞാനികളേയും സത്യവന്മാരേയും ഗുരുജനങ്ങളേയും ബഹുമാനിക്കുക; ഏതു സ്ഥിതികളിലുള്ളവരോടും സമത്വമാചരിക്കുക, എന്നിങ്ങിനെ അസംഖ്യം പ്രകാരേണ ആർക്കും സ്വാർത്ഥത്തിനു വിരോധം കൂടാതെതന്നെ നിഷ്പ്രയാസം മര്യാദ അനുഷ്ഠിക്കാവുന്നതാണ്.

ഇപ്രകാരം സ്വല്പ സംഗതികളിൽകൂടി മര്യാദ നിത്യപരിചയമാക്കി തീർത്താൽ മാത്രമെ പരോപകാരബുദ്ധി ബലപ്പെടുകയുള്ളൂ. ജീവിതസമരത്തിൽ അസംഖ്യം കഷ്ടങ്ങളുണ്ട്. അവകളെ കഴിയുന്നതും ചുരുക്കുവാനും വിസ്മരിപ്പിക്കുവാനും പരിശ്രമിച്ചു സഹജീവികളെ ഉദ്ധരിക്കുന്നതും തന്നിമിത്തം താന്താങ്ങൾക്കും ശാന്തി ലഭിക്കുന്നതും തന്നെയാണ് യഥാർത്ഥമായ ജ്ഞാനം. മുൻപറഞ്ഞ തത്വങ്ങളെയെല്ലാം നിത്യാനുഷ്ഠാനത്തിൽ ആചരിച്ചുവന്നാൽ നമുക്കു എത്ര എളുപ്പത്തിൽ ലോകത്തിലെ സൌഖ്യം വർദ്ധിപ്പിക്കാം. സൌഹാർദ്ദമായ ഒരു വാക്കോ, ദയയോടുകൂ

ടിയ ഒരു കടാക്ഷമോ അനുകൂലമായ ഭാവമോ ക്ഷണികമായിട്ടുള്ള ആഹ്ലാദമെങ്കിലും ഏവൎക്കും നല്കുന്നതാണ്. എന്നാൽ സന്തോഷത്തെ പ്രദാനംചെയ്യാനുള്ള എത്ര അവസരങ്ങളെ നാം വിട്ടുകളയുന്നു. ഒരു മിനുട്ടുനേരത്തെക്കെങ്കിലും ഒരാളുടെ മനസ്സിന്നു പ്രകാശം കൊടുക്കുന്നതു ഒരനുഗ്രഹമായിരിക്കയില്ലേ? ഹൃദയത്തെ ദൈവം സൎവ്വമനുഷ്യൎക്കും നല്കീട്ടുണ്ടല്ലോ. അതിന്റെ മഹിമയെ ലോകരംഗത്തിലെ ഏതു സ്ഥാനനിലകളിലുള്ളവൎക്കും പ്രകാശിപ്പിക്കാവുന്നതാണ്. ക്രൂരതയാലും കാഠിന്യത്താലും ലോകത്തെ അന്ധകാരമയമാക്കി ചമയ്ക്കുന്നതു സൃഷ്ടിവിശേഷമായ മനുഷ്യന്നു യോജിച്ച ഗുണമല്ലെന്നു പറയേണ്ടതില്ലല്ലോ. നിത്യപരിചയത്താൽ മൎയ്യാദയേയും സഹജമാക്കി തീൎക്കാവുന്നതാണ്. സൎവ്വരോടും അടുപ്പവും, അഭിമുഖവും, കലവറയില്ലാത്ത പെരുമാററവും, ആനുകൂല്യവും എല്ലാവരും ഹൃദയാവൎജ്ജകമായ വിധത്തിൽ പരിശീലിക്കേണ്ടതാണ്. സൽഗുണങ്ങളെ വൎദ്ധിപ്പിക്കുവാൻ പരിശ്രമിക്കാത്തവർ മൃഗപ്രായന്മാരും അവരുടെ ജന്മം നിരൎത്ഥകവുമാണ്.

# IV. സുശീലം.

“യാനി ദുഃഖാനി യാതൃഷ്ണാ ദുസ്സഹാ യേ ദുരാധയഃ
തത്സർവ്വം ശാന്തചേതസ്സു തമോർക്കേഷ്വിവ നശ്യതി
ശ്രുത്വാ സ്പൃഷ്ട്വാ ച ദൃഷ്ട്വാ ച ഭുക്ത്വാ ഘ്രാത്വാ
ശുഭാശുഭം
നഹൃഷ്യതി ഗ്ലായതി യഃ സ ശാന്ത ഇതി കഥ്യതേ”

(യാതൊരു ദുഃഖങ്ങളും ആശകളും സഹിക്കവയ്യാത്ത ദുരാധികളും ഉണ്ടോ അവകൾ സമസ്തവും സൂര്യനിൽ അന്ധകാരമെന്നപോലെ ശാന്തചിത്തന്മാരിൽ നാശം പ്രാപിക്കുന്നു; ശുഭാശുഭങ്ങളെ കേട്ടാലും സ്പർശിച്ചാലും കണ്ടാലും അനുഭവിച്ചാലും ഘ്രാണിച്ചാലും, യാവനൊരുത്തൻ സന്തോഷിക്കുകയോ സന്തപിക്കുകയോ ചെയ്യുന്നില്ലയോ അവനെ ശാന്തചിത്തനെന്നു പറയപ്പെടുന്നു.)

1. മനസ്സാക്ഷി—മനഃപ്രസാദം അമൃതകിരണരശ്മികൾക്കു തുല്യമാണ്. മനസ്സ് ശീതളമായിരുന്നാൽ മാത്രമെ ബുദ്ധിക്കു ക്ഷ്മതയും പരിശ്രമങ്ങൾക്കു ഉത്സാഹവും പൌരുഷത്തിനു ബലവും ഉണ്ടായിരിക്കയുള്ളു. മനസ്സ് പ്രസന്നമായിരിക്കുമ്പോൾ സർവ്വരുടേയും സർവ്വ കാര്യങ്ങളുടെയും ഗുണഭാഗം മാത്രം തെളിഞ്ഞു കാണപ്പെടുന്നു. ആ അവസ്ഥയിൽ വിഘ്നങ്ങളെയും കഷ്ടങ്ങളെയും അന്യന്മാരുടെ ‘അല്പസ്വല്പ’മായ അപരാധങ്ങളെയും ആരും ഗണ്യമാക്കാറില്ല. നേരെ മറിച്ചു മൌഢ്യമുള്ളപ്പോൾ സർവ്വരിലും സ

ർത്തിലും ദോഷഭാഗം മാത്രം ദൃശ്യമാകുന്നതിനാൽ കാര്യ്യങ്ങളിൽ സംശയവും, ഉപേക്ഷയും, ഭയവും, വെറുപ്പും, നിസ്സാരമായ ഹേതുക്കൾ നിമിത്തം അന്യന്മാരുമായി ശത്രുതയും സംഭവിക്കുന്നു. നിസ്സാരമായ സംഗതികളിൽനിന്നു തന്നെയാണ് മുഖ്യമായ സംഭവങ്ങൾ ഉത്ഭവിക്കുന്നതെന്നു ഈ സന്ദർഭത്തിൽ ഓർമ്മവെക്കേണ്ടതാണ്. ഭാവിയിലുണ്ടായേക്കാവുന്ന ദോഷങ്ങളെക്കുറിച്ചു നിരൂപണം ചെയ്തുകൊണ്ടിരിക്കുന്നതിനാലുള്ളവാകുന്ന സൈ്വരമില്ലായ്മ, ആധി, ഭയം ഈർഷ്യാദികൾ നിമിത്തമാണ് അധികവും മനസ്സിന്നു ദൌർഘ്യമുണ്ടാകുന്നത്. എന്നാൽ ആ വക ദോഷങ്ങൾ മിക്കതും ദൈവഗത്യാ തട്ടിത്തിരിഞ്ഞുപോകുന്നവകളാണെന്നു മനസ്സിലാക്കി മനസ്സിനെ ശാന്തമാക്കിത്തീർക്കേണ്ടതു അത്യാവശ്യമാണ്. വിഷാദപ്പെട്ടിരിക്കുന്നതുകൊണ്ടു ഏതായാലും പ്രയോജനമൊന്നുമില്ലല്ലൊ. സ്വാൎത്ഥപ്രതിപത്തിയുടെ ആധിക്യമാണ് മനശ്ശല്യങ്ങളെ ജനിപ്പിക്കുന്നത്.

* "അന്തഃശീതളതായാന്തു ലബ്ധായാം ശീതളം ജഗൽ,
അന്തസ്തൃഷ്ണോപതപ്താനാം ദാവദാഹമയം ജഗൽ"

എന്ന അഭിജ്ഞവചനംപോലെ അനുഭവങ്ങളിലല്ല മനോഭാവനയിൽ മാത്രമാണ് സുഖദുഃഖങ്ങളായ ഭേദങ്ങൾ യഥാൎത്ഥത്തിൽ ഇരിക്കുന്നത്.

---

* ഉൾഭാഗം തണുത്താൽ ലോകം ശീതളമായ് തോന്നുന്നു; ഉൾഭാഗം ആഗ്രഹങ്ങൾനിമിത്തം സന്തപ്തമായാൽ ലോകമെല്ലാം പട്ടുതീയിനു തുല്യമായും തോന്നുന്നു.

മനസ്സിൻെറ ഉന്മേഷവും അതിന്നു വിപരീതമായ മന്ദഗതിയും, കൂടിയിരിക്കുന്ന സംഘം മുഴുക്കെ ക്ഷണത്തിൽ പകരുന്നതുമാണ്. സന്തുഷ്ടമാനസന്മാർ ഉള്ള വിടെയെല്ലാം ജീവസ്സും തേജസ്സും ആഹ്ലാദവുമുണ്ടായിരിക്കും. ദോഷൈകദൃഷ്ടിയും ആശാഭംഗങ്ങളുമാണ് മനസ്സിൻെറ പ്രകാശത്തെ ആവരണം ചെയ്യുന്നത്. ദോഷൈകദൃഷ്ടിയും വിഷാദശീലവും കുഷ്ടരോഗമെന്ന മഹാവ്യാധിയെപ്പോലെ സ്പർശിക്കുന്നവരെയെല്ലാം ദുഷിപ്പിക്കും. ഇതിനെല്ലാം പുറമെ, മനസ്വാസ്ഥ്യവും ദേഹാരോഗ്യവും പരസ്പരാശ്രിതങ്ങളാണെന്നുള്ള സംഗതിയും പ്രത്യേകം ഓക്കേണ്ടതാണ്. മനസ്സ് പ്രസന്നമായിരിക്കുമ്പോഴം യാതൊരു രോഗവും നമ്മെ വേഗത്തിൽ ബാധിക്കയില്ല. സർവ്വരോഗബീജങ്ങളെയും വിഷങ്ങളെയും എതൃത്തടക്കുവാനുള്ള ശക്തി നമ്മിൽതന്നെ ഉണ്ട്. മനസ്സിന്നു അസ്വാസ്ഥതയൊ, വൈവശ്യമോ, ക്ഷീണമോ നേരിടുമ്പോഴം ആ ശക്തിയും ക്ഷയിക്കുന്നു. മനസ്സിൻെറ ക്ഷോഭങ്ങളെല്ലാം അവയവങ്ങളുടെ സ്വധമ്മങ്ങളെ ഭംഗപ്പെടുത്തുന്നു. ക്രോധാവേശത്തോടുകൂടി ഊൺകഴിച്ചാൽ ദീപനക്ഷയം പ്രത്യക്ഷഫലമാണല്ലൊ. ആത്മരക്ഷയെ ഉദ്ദേശിച്ചിട്ടെങ്കിലും ചിത്തവൃത്തി ദോഷങ്ങളെയെല്ലാം അടക്കി ശാന്തശീലനും പ്രസന്നചിത്തനുമായി എപ്പോഴും ഇരിക്കേണ്ടതാവശ്യമാണ്. മനസ്സിന്നു ശല്യങ്ങളൊന്നും അടിക്കാതെ ശാന്തതയോടുകൂടി എപ്പോഴും ഇരിപ്പാൻ ശീലിച്ചാൽ രോഗങ്ങളുമെന്നുമല്ല സർവ്വാപത്തുകളും ഒഴിഞ്ഞുപോകുമെന്നതിന്നു യാതൊരു സംശയവുമില്ല.

2. സുശീലം—"ശീലംപ്രധാനം നകുലംപ്രധാനം" എന്നു പറഞ്ഞതുപോലെ സുശീലത്താലാണ് ആരുടെയും യോഗ്യതയെ ഗണിക്കേണ്ടത്. സുശീലം കാററുനിറച്ച തലയിണപോലെയാണ്. സത്തൊന്നുമില്ലെങ്കിലും അതു സുഖത്തേയും ആനുകൂല്യത്തെയും നൽകുന്നു· എത്രതന്നെ സൽഗുണങ്ങളുണ്ടായിരുന്നാലും ദുശ്ശീലം പ്രതികൂലങ്ങളെ ജനിപ്പിക്കുകയേ ഉള്ളു. ദുർമ്മുഖമുള്ളവരോടുകൂടി സഹവസിപ്പാൻ ആരും ഇഷ്ടപ്പെടുന്നതല്ലെന്നുമാത്രമല്ല, അങ്ങനെയുള്ളവൎക്ക വിരോധങ്ങളും പ്രതിബന്ധങ്ങളും നേരിട്ടുകൊണ്ടുമിരിക്കും. സൎവ്വാനുകൂല്യങ്ങളും സൌമ്യതയിൽ നിന്നുണ്ടാകുന്നതാണ്. ക്രൂരതയാൽ പ്രതികൂലതകളുണ്ടായിത്തീരുകയേ ഉള്ളു. പുഞ്ചിരിയും ദ്വേഷ്യഭാവവും തമ്മിൽ കാൎയ്യങ്ങളിൽ എത്രത്തോളം അന്തരംവരുത്തുന്നുണ്ടെന്നു നാം നിത്യപരിചയത്തിൽ കണ്ടുവരാറുണ്ടല്ലോ. തൂകുന്ന പുഞ്ചിരിയും അനുകൂലഭാവവും മധുരമായ വാക്കും ഏതു ശത്രുവിനേയും ജയിക്കും, നഷ്ടമൊന്നുമില്ലതാനും. ആവശ്യമുള്ളതെല്ലാം പുഞ്ചിരിയാൽ വാങ്ങിക്കൊള്ളുന്നതല്ലാതെ, വിരോധത്താൽ ലഭിപ്പാൻ തുനിയരുതു. എന്നുമാത്രമല്ല, കൊടുക്കുന്നതെല്ലാം ആദരവോടും സന്തോഷത്തോടുംകൂടി കൊടുക്കുകയും വേണം. നീരസഭാവത്തോടുകൂടി കൊടുക്കുന്നതൊന്നും സഫലമായിത്തീരുകയില്ല. ദുസ്സ്വഭാവം പലപ്പോഴും സത്യത്തെയും സൽഗുണങ്ങളെയും ഫലശൂന്യമാക്കിത്തീൎക്കാറുണ്ട്. മററുള്ള ന്യൂനതകളെക്കൂടെ സൽസ്വഭാവം തല്ക്കാലം പരിഹരിക്കുന്നു; ഒരു നായിന്റെ മാംസക്കഷണത്തെ വലിച്ചെറിഞ്ഞുകൊടുത്താൽ അതു

വെറുതെ പാഞ്ഞുചെല്ലുന്നതേയുള്ളൂ. എന്നാൽ നായിനെ വിളിച്ചു തട്ടിത്തടവി മാംസത്തെ കയ്യിൽനിന്നു കപ്പി എടുക്കാൻ അനുവദിച്ചാൽ അതു നന്ദിസൂചകമായി കമ്പിട്ടു ചരണാവപാതംചെയ്തു വാലാട്ടുന്നു. ദുർമ്മുഖത്തോടുകൂടിയും വലിച്ചെറിഞ്ഞും കൊടുക്കുന്ന നന്മക്കു നന്ദി ലഭിക്കുന്നതല്ല.

കൊടുങ്കാററിനെ സർവ്വരും ഭയപ്പെട്ടു ഒഴിഞ്ഞുനില്ക്കുന്നു; അതു സർവ്വത്ര നാശത്തെയും ചെയ്യുന്നു. എന്നാൽ മന്ദമാരുതനോ സർവ്വരും സ്വാഗതം പറയുന്നു; അതു സർവ്വത്ര ആനന്ദത്തെയും കൊടുക്കുന്നു. അപ്രകാരംതന്നെ സുശീലവും മര്യാദയോടുകൂടിയ പെരുമാററവും ഒരാകർഷണശക്തിയാണ്. സൽസ്വഭാവമെന്ന തൈലം സമുദായ യന്ത്രചക്രത്തിനെ മിനുസപ്പെടുത്തി അംഗങ്ങൾ തമ്മിൽ പരസ്പരം ഉരസൽകൂടാതെ മൃദുതരമായി സ്വധർമ്മങ്ങളെ നടത്തിക്കുന്നു. ഈവക തത്വങ്ങളെ ആലോചിച്ചു എല്ലാവരും ശാന്തശീലന്മാരായിരിപ്പാൻ പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണ്.

3. സംഭാഷണം—

* "സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ നബ്രൂ
യാൽ സത്യമപ്രിയം,
പ്രിയം ച നാനൃതം ബ്രൂയാദേഷധർമ്മ സനാതനഃ"

എന്നുള്ള പ്രമാണത്തെയാണു സംഭാഷണത്തിൽ ആചരിക്കേണ്ടത്. അതിശയോക്തിയേക്കാൾ ശക്തി വാസ്തവോ

---

* പ്രിയമായിട്ടുള്ള സത്യത്തെ പറഞ്ഞാലും, അപ്രിയമായിരിക്കുന്ന സത്യത്തെ പറയരുത്; പ്രിയമായിരിക്കുന്ന കള്ളവും പറയരുത്, ഇതാണ് ശാശ്വതമായ ധർമ്മം.

ക്തിക്കു തന്നെയാണ്. ഒരു കാൎയ്യത്തെക്കുറിച്ചു ഉച്ചത്തിൽ ആവൎത്തിച്ചാവൎത്തിച്ചു വൃഥാ കണ്ഠക്ഷോഭം ചെയ്യുന്നതിനേക്കാൾ സ്പഷ്ടമായും സാരഗൎഭമായും ശാന്തമായും പറയുന്നതിനാണു അധികശക്തി. വാക്കുകൾ ഇലകളെപ്പോലെയാണ്; അവകളധികമുള്ളവിടെ പൊരുളായ ഫലമുണ്ടായിരിക്കയില്ല. "കുരക്കും പട്ടി കടിക്കില്ല," "ഇരമ്പമുള്ള ഒഴുക്കിന്നു ആഴമില്ല" എന്ന തത്വവചനങ്ങൾപോലെ അധികം 'ചിലക്കുന്ന'വൎക്കു കാൎയ്യം നിൎവ്വഹിക്കുന്നതിന്നുള്ള പാടവം കാണ്മാൻ പ്രയാസമാണ്.

സമയം വളരെ വിലപിടിച്ചതാകയാൽ സംഭാഷണം പെരുക്കി തന്റെയും മററുള്ളവരുടെയും സമയത്തെ നശിപ്പിക്കരുത്. അധികമൊന്നും ആലാപിക്കാതെയും വളഞ്ഞുതിരിയാതെയും ചൊവ്വായികാൎയ്യങ്ങളുടെ മൎമ്മത്തിൽ വേഗം എത്തുന്നതാണ് ഉത്തമം. അവസാനിക്കേണ്ടതിന്നടുത്തു തുടങ്ങണം. ജ്ഞാനത്തിന്റെ ജീവനാണു സാരം. ക്ലുപ്തം, സത്യം, സാരം ഇവകളാണ് ജീവിതയാത്രയിൽ കടത്തിവിടുന്ന മന്ത്രങ്ങൾ. ചില്ലുകളാക്കി പെരുക്കിയതിനെക്കാൾ ഉണ്ടക്കുതന്നെയാണ് ശക്തി; പഴഞ്ചൊല്ലുകളിലാണല്ലോ സാരം. സൂൎയ്യരശ്മികളെന്നപോലെ വാക്കുകളും ഏകീകരിക്കുന്നേടത്തോളം ശക്തിമത്താവുന്നതാണ്. ഔചിത്യമായ 'പ്രസ്താവസദൃശം വാക്യം', വിചാരങ്ങളെ ആരാഞ്ഞെടുക്കൽ, സംഭാഷണത്തിൽ മിതവും, ശാന്തതയും, ക്രമവും ഇവകളാണ് മൎയ്യാദസ്ഥന്റെ അടയാളങ്ങൾ.

പരുഷമായ വാക്കുകൾ കുന്തത്തേക്കാൾ ഹൃദയത്തിൽ ആഴത്തിൽ തറക്കുന്നതും ക്രൂരകമ്മങ്ങളിൽ വെച്ചു ഒട്ടും ഫലവ്യത്യാസമില്ലാത്തതുമാകുന്നു.

* "വാങ്മാധുര്യാൽ സർവ്വലോക പ്രിയത്വം
വാക്പാരുഷ്യാൽ സർവ്വലോകാപ്രിയത്വം"

എന്നു പറഞ്ഞതുപോലെ കമ്മത്തിൽ നിന്നല്ല വാക്കിൽ നിന്നാണ് ലോകത്തിൽ അധികവും മൈത്രിയും ശത്രുതയും ഉണ്ടാകുന്നത്. ഒരാൾക്കു ഹിതമല്ലാതെ ഒരു കാര്യം പ്രവർത്തിക്കേണ്ടത് തന്റെ മുറയാണെങ്കിൽ, സഹതാപത്തോടുകൂടി അതിനെ പ്രവർത്തിക്കുകയല്ലാതെ വാക്കുകളാൽ ശല്യപ്പെടുത്തുന്നതും ദ്വേഷിക്കുന്നതും ആസുരസ്വഭാവമാണ്. കക്കശവിമശനം ദോഷൈക ദൃഷ്ടിയുടെയും ഹൃദയകാഠിന്യത്തിന്റെയും വ്യക്തിയാണ്. വാക്കു വിചാരത്തിന്റെ വ്യക്തിയാകുന്നു. വാചാലത്വമാണ് നടക്കുന്ന ശതാബ്ദത്തിലെ ശക്തി. വെറും വാക്കുകൾ സുലഭമായി കിട്ടുമെങ്കിലും മനുഷ്യരെ ഉണർത്തുന്ന വാക്കുകൾ ഖനിയിൽനിന്നു കനകരത്നാദികളെപോലെ ദുല്ലഭമായ്ത്തന്നെ ലഭിക്കയുള്ളു.

4. <u>ക്ഷമാ</u>—ചിലർ തുച്ഛങ്ങളായ പിഴവുകളെയും പ്രതികൂലതകളെയും വിസ്മരിക്കാതെ വലുതാക്കിത്തീർത്തു ആപത്തുകളെ വലിച്ചിടുന്നു.

---

* വാങ്മാധുര്യത്താൽ സവ്വ ജനങ്ങളുടെയും പ്രീതിയും വാക്പാരുഷ്യത്താൽ സവ്വ ജനങ്ങളുടെയും അപ്രീതിയും ഉണ്ടായ്ത്തീരുന്നു.

* "ക്ഷമാബലമശക്താനാം
ശക്താനാം ഭൂഷണം ക്ഷമാ"

എന്നുള്ള തത്വത്തെ ഓൎമ്മവെച്ചു ക്ഷമയെ എപ്പോഴും ജയത്തിന്നുള്ള ഒരായുധമായി അംഗീകരിക്കേണ്ടതാണ്. ഒരാളോടു എതിൎക്കാൻ നില്ക്കുമ്പോഴാണ് ആയാൾക്കു നമ്മെപ്പററിയുള്ള ആലോചന അധികമായുണ്ടായിത്തീരുന്നത്. അതു നിമിത്തം ശത്രു നമ്മുടെ മൎമ്മങ്ങളെയും സുഷിരങ്ങളേയും ചാപല്യങ്ങളേയും സൂക്ഷിച്ചുനോക്കികൊണ്ടിരുന്നു തരം കിട്ടുമ്പോൾ ദോഷം ചെയ്യാനായി ഒരുമ്പെടുന്നു. ശത്രുവിന്നു നമ്മെ ദോഷപ്പെടുത്തുവാൻ സാധിച്ചില്ലെങ്കിൽ തന്നെയും നമുക്കു മനസ്സിന്നു ക്ഷോഭങ്ങളും അസ്വാസ്ഥതകളും ഉളവായ്ക്കൊണ്ടിരിക്കും. ക്ഷമയുള്ളവന്നു ശത്രുക്കളാരും ഉണ്ടാകയില്ല; ഒരു കാൎയ്യത്തിലും അപജയം നേരിടുകയുമില്ല. ഒരാൾ വല്ല പ്രതികൂലതയും നമുക്കു ചെയ്തിരുന്നാൽ തന്നെയും അതിനെ വസ്മരിച്ചു ആയാൾക്കു വല്ല ആപത്തും നേരിടുമ്പോൾ സഹതാപത്തോടുകൂടി യഥാശക്തി സഹായം ചെയ്തു മുൻതെററിനെക്കുറിച്ചു ആയാൾക്കു പശ്ചാത്താപം തോന്നിക്കുന്നതാണ് ഉത്തമധൎമ്മം. ഒരാളെപോലെ തന്നെ മററൊരാളും അന്വേഷിക്കുന്നതായാൽ അവർ തമ്മിൽ വ്യത്യാസമൊന്നുമില്ല. ഒരു സഹജീവിയുടെ തെററു നമുക്കു പൊറുക്കാനുള്ള ക്ഷമ

* അശക്തന്മാൎക്കു ക്ഷമയാണ് ബലം; ശക്തന്മാൎക്കു ക്ഷമ ഭൂഷണമാണ്.

യില്ലെങ്കിൽ നമ്മുടെ വക്കലുള്ള അനവധി വീഴ്ചകളെയും തെററുകളേയും സവ്വേശ്വരൻ പൊറുക്കേണമെന്നു ഇച്ഛിക്കുന്നതെങ്ങിനെ? തന്നെ ശരണം പ്രാപിക്കുന്ന വൈരികൾക്കും അഭയം കൊടുക്കേണ്ടതു സ്വധമ്മമാണെന്നു പറയേണ്ട ആവശ്യമില്ലല്ലൊ. അപ്രകാരം ചെയ്യാത്തവർ അധമാധമന്മാരായ നീചന്മാർ തന്നെ.

5. പൈശൂന്യം—അന്യന്മാർ തന്നെപ്പററി എന്താകുന്നു അഭിപ്രായമെന്നു അന്വേഷിച്ചുകൊണ്ടിരിക്കുന്നതും, വേറൊരാളെക്കുറിച്ചു അന്യന്മാർ ദോഷാരോപണം ചെയ്യുന്നതിൽ ചെവി കൊടുക്കുന്നതും പൈശൂന്യത്തിലുൾപ്പെട്ടതാണ്. ആ വത്തമാനം നെരല്ലെങ്കിൽ താൻ വഞ്ചിക്കപ്പെടുന്നു. നേരാണെങ്കിൽ തന്നെയും, നിസ്സാരമായ സംഗതികളിലും നിസ്സാരന്മാരുടെ പേരിലും വിരോധം തോന്നുക നിമിത്തം മനസ്സിന്നു അസ്വാസ്ഥതയും ഈഷ്യതയും ഉണ്ടായിത്തീരുന്നു. തന്നിമിത്തം ആപത്തുകൾ വദ്ധിക്കുന്നു.

താൻതന്നെ വേറൊരാളെക്കുറിച്ചു ദൂഷിക്കുന്നതും ഒരാൾ വേറൊരാളെ കുറിച്ചു ദൂഷിക്കുന്നതിനെ കേട്ടു ഏഷണി കൂട്ടുന്നതും ഹീനവൃത്തിയാണെന്നു പറയേണ്ടതില്ലല്ലോ. "അന്യക്കു ദോഷം ചെയ്യാത്ത വാക്കു താൻ സത്യഭാഷിതം" എന്നാണല്ലൊ ആപ്തവാക്യം. മുഖസ്തുതി പാടവവും പൈശൂന്യത്തിലുൾപ്പെട്ടതുതന്നെ. മറെറന്തു യോഗ്യത ഒരാൾക്കുണ്ടെങ്കിലും പരദൂഷണത്തിന്നുള്ള രസം ആയാളെ എററവും മലിനപ്പെടുത്തി വഷളാക്കിത്തീക്കുന്നു. കളങ്കമുള്ളവർ മാത്രമെ കളങ്കം കാണുകയുള്ളു.

ആയതിനാൽ

* "ഖലഃ സൎഷപ മാത്രാണി പരദോഷാണി പശ്യതി
ആത്മനോബില്വമാത്രാണി പശ്യന്നപിനപശ്യതി"

എന്നുള്ള യഥാൎത്ഥത്തെ മനസ്സിലാക്കി താന്താങ്ങളെ മുമ്പിൽ നന്നാക്കിത്തീൎത്തു സഹജീവികൾക്കുള്ള ന്യൂനതകളെക്കൂടി താന്താങ്ങളുടെ നടവടി മാതൃകയാൽ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.

മനുഷ്യരിൽ യാതൊരുപ്രകാരത്തിലുമുള്ള അററകുററങ്ങളൊന്നുമില്ലാത്ത പൂൎണ്ണന്മാർ ആരുമില്ലെന്നും ഗുണങ്ങളുടെ എണ്ണത്തിലും വണ്ണത്തിലും പ്രകാശത്തിലുമുള്ള ഏററക്കുറച്ചലിൽ മാത്രമേ ഓരോരുത്തൎക്കും തമ്മിൽ വ്യത്യാസമുള്ളുവെന്നും ദുൎഗ്ഗുണങ്ങളെല്ലാം മാനുഷചാപല്യങ്ങളാണെന്നും സൽഗുണങ്ങളെല്ലാം ശക്തിയാണെന്നും ഈ സന്ദൎഭത്തിൽ മനസ്സിലാക്കേണ്ടതാണ്. ചാപല്യങ്ങളേറിയിരിക്കുന്ന അല്പപ്രാപ്തന്മാരേക്കാൾ മനോശക്തി അധികരിച്ചുള്ള മുഖ്യന്മാരാണ് വേഗത്തിൽ അഭിവൃദ്ധി പ്രാപിക്കുകയെന്നുള്ള തത്വവും ഓൎമ്മവെക്കേണ്ടതാണ്.

---

* ദുഷ്ടൻ കടുകോളം മാത്രമുള്ള അന്യന്റെ ദോഷങ്ങളെ കാണുന്നു; വന്തിരക്കുരുസമമായ തന്റെ തെററുകളെ കണ്ടാൽക്കൂടി കാണുന്നതുമില്ല.

## V ധമ്മം.

"നിയതം കരുകമ്മതചം കമ്മജ്യായോഹ്യകമ്മണഃ
ശരീരയാത്രാപി ച തേ ന പ്രസിദ്ധ്യേദകമ്മണഃ"

ഭഗവൽ ഗീത

(എപ്പോഴും പ്രയതിച്ചുകൊണ്ടിരിക്കണം. പ്രവൃത്തി തൊഴിലില്ലായ്മയേക്കാൾ ശ്ലാഘനീയമാണ്. കമ്മമൊന്നുമില്ലാത്തവന്നു ശരീരയാത്രകൂടി സിദ്ധിക്കുന്നതല്ല.)

1. ധമ്മം—ധമ്മമെന്നുവെച്ചാൽ, നമ്മുടെ നിലനില്പിന്നുവേണ്ടി നാം നമുക്കുതന്നെ നിബ്ബന്ധമായി ചെയ്യേണ്ടതായ ചില ന്യായമായ വ്യവസ്ഥകളാണ്. ലോകരംഗത്തിലെ വേഷധാരണത്തിന്നനുസരിച്ചിരിക്കും ഓരോരുത്തരുടേയും കമ്മം; എന്നാൽ സ്വധമ്മം സവ്വക്കും ഒന്നുതന്നെയാകുന്നു. ആരോഗ്യരക്ഷയും, വിദ്യാഭ്യാസശീലവും ഗൃഹസ്ഥാശ്രമധമ്മവും, എന്നു മാത്രമല്ല സ്വന്തം നിലനില്പിന്നും അഭിവൃദ്ധിക്കുമുള്ള എല്ലാപ്പേർപ്പെട്ട വ്യവസ്ഥകളും, പരിശ്രമങ്ങളും സ്വധമ്മത്തിലുൾപ്പെട്ടതുതന്നെ. സ്വധമ്മം വ്യവസ്ഥയോടുകൂടെ നടത്താത്ത സംസാരികൾ ഒരിക്കലും സത്യമയ്യാദകളിൽ പുഷ്ടിപ്പെടുവാൻ ഇടവരുന്നതല്ല; എന്നു മാത്രമല്ല അതു കൂട്ടർക്കു വിപരീതസ്ഥിതിസംഭവിക്കുകയും ചെയ്യും. ഇച്ഛാപ്രകൃതിയായ മനസ്സ് ദേഹാരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നതും, വായുവിനെപ്പോലെ വ്യാപകതയുള്ളതും, വാനരനെപ്പോലെ ചഞ്ചലമായി ചാടിക്കൊ

ങ്ങിരിക്കുന്നതുമാകയാൽ മനസ്സിനെ സ്വാതന്ത്ര്യമായി സ ഞ്ചരിപ്പാൻ വിട്ടാൽ മനുഷ്യൻ മൃഗപ്രായമായിത്തീരുന്നു. ന്യായമായ കൎമ്മങ്ങളൊന്നുമില്ലാത്ത ഒഴിവിലാകുന്നു മനു ഷ്യന്നു ദുൎഗ്ഗുണങ്ങൾ ബാധിക്കുന്നതു്. കൃഷിചെയ്യാത്ത സ്ഥലങ്ങളിലാണ് കളകൾ, കാടുകൾ ഇത്യാദി പാഴ്മുള കൾ പൊന്തുന്നത്. ചോരന്മാർ, വ്യഭിചാരികൾ, ദ്രോഹി കൾ എന്നിങ്ങിനെയുള്ള ദുൎമ്മാൎഗ്ഗികൾ മിക്കപേരും ന്യായ മായ സ്വധൎമ്മങ്ങളൊന്നുമില്ലാത്തവരാണെന്നു നമുക്കു നി ത്യപരിചയമാണല്ലൊ. കാമങ്ങളെ അടക്കാൻതക്ക ചൈ തന്യം ഉദിച്ചിട്ടില്ലാത്ത ചിലർ ബ്രഹ്മചൎയ്യമോ, സന്യാസ മോ, യോഗാഭ്യാസമോ അനുഷ്ഠിച്ചുതുടങ്ങുന്നു. ലൌകികക ൎമ്മങ്ങളിൽനിന്നു തല്ക്കാലം അവർ ഒഴിഞ്ഞിരുന്നാൽകൂടെ ആശകൾ അവരെ വിട്ടുപിരിയാത്തതിനാൽ അസ്വാസ്ഥ ന്മാരാസ്ത്രീന്റെ ഉദ്ദേശങ്ങളിലൊന്നും അഭിവൃദ്ധി പ്രാപിക്കു ന്നില്ല. ആഗ്രഹങ്ങളെല്ലാം നിശ്ശേഷം അടങ്ങി ലൌകികസു ഖങ്ങളിൽ വിരക്തിപ്രാപിച്ചാൽ മാത്രമെ മനസ്സു ആത്മാ വിൽതന്നെ ലയിക്കയുള്ളൂ. ഇച്ഛകളെ ബലാല്ക്കാരമായി പൊട്ടുന്നൻവെ അടക്കുന്നതും അപകടമാണ്. അങ്ങിനെ ചെയ്യുന്നതായാൽ, അന്തഃഛിദ്രമുണ്ടായി ആത്മശക്തി ക്ഷയിച്ചു ജീവിതത്തിൽതന്നെ വെറുപ്പു തോന്നിയേക്കാം. നിരന്തരപരിശ്രമങ്ങളാൽ മനസ്സിനെ വ്യവസ്ഥപ്പെടുത്തി മിതമായ ഭോഗങ്ങളാൽ ക്രമേണ വശത്താക്കുകയാണ് നന്മ. ആസ്ഥിനാൽ തന്നെത്താൻ നിയന്ത്രണം ചെയ്വാൻ ആത്മീയശക്തി ലഭിക്കുതുവരെക്കും സന്മാൎഗ്ഗമായ കൎമ്മങ്ങ

ളിൽ ഏൎപ്പെട്ടു മനസ്സിനെ ക്രമേണ വ്യവസ്ഥപ്പെടുത്തി വരികയാകുന്നു ഇന്നം. സ്വധൎമ്മം മുറക്കു നടത്തുമ്പോഴാണ് മമതക്കു വികാസം വരുന്നത്. സ്വാൎത്ഥ തല്പരതയാകുന്നു സൎവ്വാനൎത്ഥങ്ങളേയും ഉത്ഭവിപ്പിക്കുന്നത്.

2. <u>സ്വപ്രയത്നം</u>—യാതൊരു പ്രകാരത്തിലുമുള്ള പ്രയത്നവുമില്ലാതെ സ്വസ്ഥവൃത്തിയായിരിപ്പാൻ ആൎക്കും അവകാശമില്ല. അങ്ങിനെ ഇരിക്കുന്നവർ സ്വശക്തി ഒട്ടുമില്ലാത്തവരും, അധോഗതിക്കു കാൽ നീട്ടിയവരും, വെറും ഭൂമിഭാരവും ആയിത്തീരുകയേ ഉള്ളു. ആലസ്യവും മടിയും തമോഗുണങ്ങളാകുന്നു. ഉപജീവനത്തിന്നു യഥേഷ്ടം മാൎഗ്ഗമുണ്ടെങ്കിൽകൂടി ലോകപരിചയത്തിന്നും സഹജീവികൾക്കു ഉപകാരത്തിന്നും വേണ്ടി സൎവ്വരും സദാ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

* "ഉദ്യമഃ സൎവ്വഥാകാൎയ്യോ
യഥാ പൌരുഷമാത്മനഃ."

എന്ന തത്വത്തെ അനുസരിക്കുന്നതാണ് സൌഖ്യത്തിലേക്കുള്ള മാൎഗ്ഗം.

സ്വത്തില്ലായ്മ നിമിത്തം ആരും നിരാശപ്പെടേണ്ടതില്ല; പണി എടുക്കേണ്ടിവരുന്നതിൽ യാതൊരഭിമാനക്ഷയവും വിചാരിക്കേണ്ടതുമില്ല. എത്ര അത്ഭുതാവഹമായ ഒരു ദിവ്യനിക്ഷേപമാണ് ദൈവം നമുക്കു നൽകിയിരിക്കു

---

* ആത്മാവിന്റെ പൌരുഷത്തിന്നനുസരിച്ച് എപ്പോഴും പ്രയത്നം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ന്നത്! കൈ, കാൽ, കൺ, ചെവി, ഹൃദയം, തലച്ചോറ് മുതലായ അപാരമായ ശക്തിയുള്ള ആയുധങ്ങൾ നമ്മുടെ അധീനത്തിലുണ്ട്. അളവററ ആകാശവും ഭൂമിയുമായ പ്രപഞ്ച പുസ്തകങ്ങൾ നമ്മുടെ മുമ്പിലുമിരിക്കുന്നു. അവകളെ ഉപയോഗിച്ചു തന്നെത്താൻ നിലനിത്താൻ കഴിയാത്തവർ പുരുഷന്മാരല്ലെന്നു മാത്രമല്ല, മൃഗപ്രായത്തിലും താണുനില്ക്കുന്നവരാണ്. പക്ഷിമൃഗാദികൾകൂടി സ്വോദരപൂരണം ചെയ്യുന്നുണ്ടല്ലൊ. ജീവിതയാത്രയിൽ സ്വപ്രയത്നത്താൽ താന്താങ്ങളുടെ മാർഗ്ഗം തുറക്കാനും ബാദ്ധ്യതകൾ ചുമക്കാനും കഴിയാത്തവൎക്ക മറെറന്തൊരഭിവൃദ്ധിക്കാണ് പ്രാപ്തിയുണ്ടായിരിക്കുക. ജീവിതപന്തയത്തിൽ ചൊടിയും മിടുക്കും വിവേകവും ഉള്ളവൎക്കാണ് ഇനാം കിട്ടുവാനൎഹത.

യാതൊരു പൂൎവ്വസ്വത്തും സഹായികളും ഇല്ലാത്ത ഒരാൾ ജീവിതം ആരംഭിക്കേണ്ടതെങ്ങിനെയെന്നു വെച്ചാൽ (1) ഒരു ജോലിയിൽ ഏൎപ്പെടണം. (2) അതിൽ നിപുണനായ്ത്തീരണം. (3) വിശ്വാസയോഗ്യനായിരിക്കണം. (4) ശാന്തതയോടും നയത്തോടുംകൂടി പെരുമാറി സൎവ്വരേയും ഹിതപ്പെടുത്തണം. (5) സുഖത്തിന്നുള്ള മോഹങ്ങൾ ചുരുക്കി കൃത്യനിശ്ചയങ്ങൾ പഠിക്കണം. (6) കഷ്ടങ്ങളെയെല്ലാം ക്ഷമയോടുകൂടി സഹിക്കണം. (7) ഒഴിവു കിട്ടുന്ന സമയമെല്ലാം സ്വയാഭിവൃദ്ധിക്കായ്ക്കൊണ്ടു ഉപയോഗിക്കണം. (8) സത്യമായ നടവടിയിൽ പ്രകാശിക്കണം. (9) സദാ ദൈവസ്മരണയോടുകൂടി ഇരിക്കണം. ഇപ്രകാരമെല്ലാം അനുഷ്ഠിച്ചുവന്നാൽ പ്രകൃതി നിയമേന

കാലക്രമത്തിൽ സർവ്വഭാഗ്യവും ഉപര്യുപരി വർദ്ധിച്ചു വരുന്നതാണ്, സ്വപ്രയത്നത്താൽ ഉന്നതി പ്രാപിക്കുന്നതിൽ ശ്രേയസ്സിനു പുറമെ മനസ്സിനു കൃതാർത്ഥതകൂടി ഉണ്ടാകാതിരിക്കയില്ല.

ഒരു വിളയും വിതച്ചു ഉടനെ എടുക്കുന്നതു സാദ്ധ്യമല്ല. അതു നന്നായി എടുക്കേണമെങ്കിൽ (1) വയൽ നല്ലവണ്ണം ഉഴവാക്കണം (2) ഞാറു പാകി നിർത്തണം (3) ഞാറു വളരുമ്പോൾ വയൽ ചേറാക്കി നടണം (4) വളം ചേർക്കണം (5) കള പറിച്ചുനീക്കണം (6) വിള നനച്ചു കാത്തുകൊണ്ടിരിക്കണം (7) കൊയ്തെടുത്തു ഉണക്കി സംഗ്രഹിക്കണം. അപ്രകാരം തന്നെ മനുഷ്യനു ജന്മസാഫല്യമുണ്ടായ്ത്തീരേണമെങ്കിൽ (1) വിദ്യാഭ്യാസത്താൽ ബുദ്ധിയെ വികസിപ്പിക്കണം (2) അദ്ധ്വാനശീലം ഉണ്ടാക്കിത്തീർക്കണം (3) ലോകരംഗത്തിൽ പരിചയിച്ചു ഒരു തൊഴിലിൽ ഏർപ്പെടണം(4) ഉത്സാഹിച്ചു തൊഴിലിൽ വിദഗ്ദ്ധതയുണ്ടാക്കിത്തീർക്കണം (5) രാഗദ്വേഷക്രോധമോഹമദമാത്സര്യങ്ങളെ അകററണം (6) സത്യമര്യാദകളോടുകൂടി സ്വധർമ്മം നടത്തി മനഃപ്രസാദത്തെ നിലനിർത്തണം (7) സമ്പാദിച്ച ജ്ഞാനത്തെ അനുഷ്ഠാനത്തിൽ കൊണ്ടുവരണം. ഗർഭംധരിച്ചു പത്തു മാസകാലത്തെ വളർച്ചകൂടാതെ സുഖപ്രസവം ഉണ്ടാകാറില്ല. ഒരു വൃക്ഷം എത്രത്തോളം വലുപ്പമുണ്ടാകുന്നതാണോ അത്രത്തോളം കാലതാമസം അതിൻെറ വളർച്ചാപൂർത്തിയാകാൻ വേണ്ടിവരും. അതുപോലെതന്നെ സ്ഥിരോത്സാഹത്താൽ മാത്രമെ ഏതു വിധമുള്ള ഫലസിദ്ധിയും പ്രാപിക്കുകയുള്ളൂ.

MUL
065140

മാർഗ്ഗസാധനങ്ങളെ പുഷ്ടിപ്പെടുത്തി പ്രവൃത്തി മുഴുമിക്കുന്നതിൽ ശ്രദ്ധ വെച്ചുകൊണ്ടു വന്നാൽ നിവൃത്തി തനിയെ വന്നുചേരുന്നതാണ്.

3. വിദ്യാഭ്യാസം—മനുഷ്യന്റെ വിശേഷബുദ്ധിയുടെ പ്രധാനമായ ഒരു ഫലമാകുന്നു അക്ഷരവിദ്യ. അതു നിമിത്തമാകുന്നു ഓരോരുത്തരുടെ വിചാരങ്ങൾ മററുള്ളവരെ എളുപ്പമായി ധരിപ്പിപ്പാനും ഓരോ പരമ്പരകളായി സമ്പാദിക്കപ്പെട്ട ജ്ഞാനം ശേഷമുള്ള തലമുറകൾക്കു കരുതിവെപ്പാനും ഇടവരുന്നതു. ഇപ്പോഴത്തെ നാഗരീകത്വമെല്ലാം ഉണ്ടായ്ത്തീൎന്നതു വിദ്യാഭ്യാസത്താലാണ്. വിദ്യാഭ്യാസം കേവലമില്ലാത്ത നിരക്ഷരകുക്ഷികൾ "വിദ്യാ വിഹീനഃ പശുഃ" എന്നപോലെ മൃഗപ്രായന്മാർ തന്നെ. യാതൊരറിവുമില്ലാത്ത മൂഢന്മാൎക്കു മഹത്തായ ഉദ്ദേശങ്ങളൊന്നുമുണ്ടായിരിപ്പാൻ സംഗതിയില്ല. അതിനാൽ അവർ പഞ്ചേന്ദ്രിയ സുഖങ്ങൾക്കു മാത്രം കാംക്ഷിക്കുന്നവരായിരിപ്പാനെ തരമുള്ളു. വിദ്യാഭ്യാസത്താലാണ് ലോകത്തെക്കുറിച്ചുള്ള വിവരം ഗ്രഹിക്കുന്നത്. അനേകം ജനങ്ങൾക്കു അവരുടെ അനുഭവത്തിൽ ഉണ്ടായിത്തീൎന്ന ജ്ഞാനം നമ്മെ സഹായിക്കുന്നു. വിദ്യാഭ്യാസത്താൽ ബുദ്ധി വികാസം പ്രാപിക്കുന്നു. അതു നിമിത്തം മഹത്തായ ഉദ്ദേശങ്ങൾ മനസ്സിൽ ജനിച്ചുതുടങ്ങുന്നു. എത്രതന്നെ അദ്ധ്വാനിച്ചാലും ഉദ്ദേശങ്ങളിൽ കവിഞ്ഞ ഫലപ്രാപ്തി യാതൊന്നും ഉണ്ടാകുന്നതല്ലല്ലൊ. "കിം കിം ന സാധയതി കല്പലതേവ വിദ്യാ" എന്ന വിധത്തിൽ വിദ്യാഭ്യാസം എ

ന്തിനെയാണ് സാധിപ്പിക്കാത്തത്? ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന ചതുർവ്വിധ പുരുഷാർത്ഥങ്ങൾക്കുള്ള വഴി ചൂണ്ടിക്കാണിക്കുന്നതു വിദ്യാഭ്യാസമാണ്.

* "നചോരഹാര്യം നൃപതേർന്ന ഹാര്യം,
നഭ്രാതൃഭാഗം നകരോതിഭാരം,
വ്യയേകൃതേ വർദ്ധത ഏവനിത്യം,
വിദ്യാധനം സർവ്വധനാൽ പ്രധാനം"

എന്ന ആപ്തവാക്യം അക്ഷരംപ്രതി വാസ്തവമാണ്.

സ്വഭാഷയിലെങ്കിലും വായിപ്പാനും, എഴുതുവാനും കണക്കിന്റെ നാലുമുറകളായ കൂട്ടൽ, കിഴിക്കൽ, പെരുക്കൽ, ഹരിക്കൽ ഇവകളെങ്കിലും ചെയ്യാനും കഴിയാത്തവരെ നാഗരീകത്വം പ്രാപിച്ചവരെന്നു ഗണിച്ചുകൂടാ. ചുരുങ്ങിയ നിലയിൽ പ്രാഥമിക വിദ്യാഭ്യാസമെങ്കിലും സ്ത്രീപുരുഷധനികദരിദ്രവ്യത്യാസമെന്നിയെ സർവ്വർക്കും നിർബ്ബന്ധമായി വേണ്ടതുതന്നെയാണ്. ഈ വിഷയം നിയമത്താൽ നിർബ്ബന്ധമായി തീരുന്നതുവരെ രാജ്യക്കാർ ഇതിനെ സർവ്വ പരോപകാരവിഷയങ്ങളിലും വെച്ചു പ്രാധാന്യമേറിയതായി ഗണിക്കേണ്ടതുമാണ്. ഏതു സ്ഥാനനിലകളിലുള്ള

---

* കള്ളന്മാരാൽ മോഷ്ടിക്കപ്പെടാത്തതും, രാജാവിനാൽ അപഹരിക്ക വയ്യാത്തതും, സഹോദരന്മാർക്കു ഭാഗിച്ചുകൊടുക്കേണ്ടതില്ലാത്തതും, യാതൊരു ഭാരത്തെയും തോന്നിക്കാത്തതും, ചിലവഴിക്കുന്തോറും ദിനംപ്രതി വർദ്ധിക്കുന്നതുമായ വിദ്യയെന്ന സ്വത്ത് സർവ്വസ്വത്തുക്കളിലും വെച്ചു പ്രാധാന്യമേറിയതാണ്.

വക്കും തങ്ങളുടെ ആശ്രയത്തിലുൾപ്പെട്ട കുട്ടികൾക്കെല്ലാം കഴിയുന്നത്ര വിദ്യാഭ്യാസം കൊടുക്കേണ്ട ചുമതലയുണ്ട്. എന്നാൽ അവക്ക ധനം സമ്പാദിച്ചുകൊടുക്കാതെ കഴികയുള്ളു എന്ന നിർബ്ബന്ധമായ ചുമതലയൊന്നും, സൂക്ഷ്മാലോചന ചെയ്താൽ, ഇല്ലതന്നെ. പക്ഷെ അവക്ക ജീവിതസമരത്തിൽ പ്രവേശിക്കേണ്ട കാലമാവുമ്പോഴേക്ക അതിലെക്ക വേണ്ടപ്പെട്ട സാമഗ്രികളെല്ലാം കഴിയുന്നത്ര ഒരുക്കി കൊടുക്കേണ്ട ചുമതല നിർബ്ബന്ധമായുണ്ടെന്ന വിശിഷ്യ പറയേണ്ടതില്ലല്ലൊ. തങ്ങളെത്തന്നെയും, തങ്ങളുടെ കുട്ടികളെയും, ലോകത്തെയും വഞ്ചിച്ച ലോഭത്താൽ സമ്പാദിച്ചുവെക്കുന്ന ധനത്തിൻെറ നിലനിൽപും കലാശവും നാം ഇടക്കിടെ കണ്ടുവരാറുമുണ്ട്. നമ്മുക്ക പകരം തിന്മയായിട്ടാണ് അങ്ങിനെ ചെയ്യുന്നതിൻെറ ഭവിഷ്യത്തു സാധാരണയായി സംഭവിക്കാറുള്ളത്.

എന്നാൽ എഴുതുവാനും, വായിപ്പാനും, കണക്ക ചെയ്യാനും, ഇതരഭാഷകൾ പഠിപ്പാനും ശീലിക്കുന്നതു മാത്രമല്ല വിദ്യാഭ്യാസത്തിലുൾപ്പെടുകയുള്ളു. കരകൌശലങ്ങളായ എല്ലാ തൊഴിലുകളും ശില്പവിദ്യകളും ശീലിക്കുന്നതും വിദ്യാഭ്യാസംതന്നെ. വിദേശങ്ങളിലെന്നപോലെ നമ്മുടെ രാജ്യത്ത് കൈത്തൊഴിൽ വേലകൾക്ക പ്രചാരം ഒട്ടും ഉണ്ടായിട്ടില്ല. കൈത്തൊഴിലുകൾ പ്രചരപ്രചാരമാക്കി തീക്കാതെ രാജ്യത്തിന്ന പുഷ്ടിയും അഭിവൃദ്ധിയും ഉണ്ടായ്ത്തീരുന്നതു അസംഭവ്യമാണ്. വിദേശങ്ങളിലെന്നപോലെതന്നെ ജനങ്ങൾ കമ്പനികളായി ചേൎന്ന വ്യ

വസായശാലകളും തൊഴിലാലയങ്ങളും സൎവ്വദിക്കിലും സ്ഥാപിച്ചു തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു; അവകളാൽ മാത്രമെ രാജ്യം നിമ്നതലത്തിൽ നിന്നു ഉയരുകയുള്ളു.

4. <u>കൎമ്മപരിചയജ്ഞാനം</u>—പഠിപ്പു രണ്ടു വിധമാണ്. അതിൽ ആദ്യത്തേതു അന്യന്മാരിൽ നിന്നൊ, അവർ എഴുതിയ പുസ്തകങ്ങളിൽനിന്നൊ, വിദ്യാലയങ്ങളിൽ നിന്നൊ ലഭിക്കുന്നതും, രണ്ടാമത്തേതു തന്നെത്താൻ സ്വശക്തിയാലും, അനുഷ്ഠാനത്താലും, പരിചയത്താലും കയ്വശപ്പെടുത്തി സ്വാധീനപ്പെടുത്തുന്നതുമാകുന്നു. പുസ്തകവിദ്യ ജ്ഞാനത്തിലേക്കു വഴി തിരിച്ചുകാട്ടി അതിൻെറ വിവരങ്ങളെപ്പററി അറിവുകൊടുക്കുന്ന ഒരു കൈകാട്ടി (Signboard) മാത്രമാണ്. അതുകൊണ്ടു മാത്രം യാതൊരു ഫലപ്രാപ്തിയുമുണ്ടാകുന്നതല്ല. അതിനെ അനുഷ്ഠാനത്തിൽ ഉപയോഗപ്പെടുത്തിയില്ലെങ്കിൽ

“അന്ധനായുള്ളവൻ ദീപം കരത്തിങ്ക
ലേന്തി നടന്നാൽ വഴിയറിഞ്ഞീടുമൊ”

എന്നപോലെ നിഷ്പ്രയോജനവുമാണ്. താന്താങ്ങൾക്കു സ്വാനുഭവത്താൽ ദൃഢപ്പെടുന്ന അറിവാകുന്നു ജ്ഞാനം. അതു ആജീവനാന്തം മനസ്സിൽ പതിഞ്ഞിരിക്കുന്നതുമാകുന്നു. ഈ സംഗതിയെ സ്പഷ്ടമാക്കേണ്ടതിന്നു രണ്ടുദാഹരണങ്ങളെ പറയാം.

എം. ഏ. പരീക്ഷയിൽ അഗ്രഗണ്യനായി വിജയം നേടിയ ഒരാൾക്കു സ്വാല്പപറക്കു കൃഷി സ്വന്തമായി നട

ത്തി വിള നന്നായി എടുപ്പാൻ അന്യസഹായം കൂടാതെ സാധിക്കയില്ല. കൃഷി വിഷയത്തെപ്പററിഅനവധി പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കീട്ടുള്ള ഒരാൾക്കും അതിന്നു കഴികയില്ല. എന്നാൽ അക്ഷരവിദ്യാശൂന്യനാണെങ്കിൽകൂടി മുമ്പൊരിക്കൽ കൃഷിപ്പണി നടത്തീട്ടുള്ള ഒരാൾക്കു അതു പ്രയാസം കൂടാതെ സാധിക്കുന്നതാകുന്നു. ഇതാണ് പുസ്തകവിദ്യയുടേയും ജ്ഞാനത്തിൻേറയും വ്യത്യാസം.

മധുരമെന്താണെന്നറിഞ്ഞിട്ടില്ലാത്ത ഒരാൾക്കു പഞ്ചസാരയുടെ ഗുണങ്ങളെ കുറിച്ചു ഒരു ദിവസം മുഴവൻ പ്രസംഗിച്ചാലും ആ വിഷയത്തെപ്പററി എത്രയോ സൂക്ഷ്മമായി പ്രതിപാദിച്ചിട്ടുള്ള പുസ്തകങ്ങളെ വായിപ്പാൻ കൊടുത്താലും പഞ്ചസാരയെ സംബന്ധിച്ചു ജ്ഞാനം ഒരിക്കലും ലഭിക്കയില്ല. ആ സാധനം എവിടെ കിട്ടുമെന്നും, എന്തു നിറമായിരിക്കുമെന്നും, വിലയെത്രയുണ്ടെന്നും മററും മനസ്സിലാവുകയെ ഉള്ളു. അതിനെ സംബന്ധിച്ച ജ്ഞാനം ലഭിക്കേണമെങ്കിൽ, അതു കിട്ടുന്നദിക്കിൽ പോയി, വിലകൊടുത്തു വാങ്ങി, അനുഭവിച്ചു നോക്കുകതന്നെ വേണം.

"ഏട്ടിൽ കണ്ടാൽ പോരാ കൂട്ടിൽ കാണണം"

എന്ന പഴമൊഴിപോലെ ക്രിയാപരിചയത്താലുണ്ടാകുന്ന അനുഭവത്താൽ മാത്രമെ ഏതൊരു ജ്ഞാനവും ലഭിക്കയുള്ളു; എന്നുമാത്രമല്ല, ന്യായമായ ക്രിയാനുഷ്ഠാനത്തിന്നു ഉപയോഗപ്പെടുത്താത്ത അറിവു, ദുശ്ശക്തി, ദുസ്സാമർത്ഥ്യം, ദുർവ്വാദം ഉരുട്ടു, പിരട്ടു, തഞ്ചം, തക്കിടി, ഡംബ്, ഹാസ്യം, ച

തി, അവിശ്വാസം, നിഷ്ഠുരത മുതലായവകളായി പരിണമിച്ചു അധികരിച്ചദോഷങ്ങളെ ഉണ്ടാക്കിത്തീൎത്തിട്ടില്ലെങ്കിൽ തന്നെയും ഇച്ഛാഭംഗങ്ങൾ നിമിത്തം ജീവിതത്തിൽ നിരാശയുണ്ടാക്കിത്തീൎക്കുന്നതാണ്. അഭിവൃദ്ധികളെല്ലാം തൊട്ടുതൊട്ടു ഒരേ നിലയിൽ പൊന്തിക്കൊണ്ടിരിക്കുക തന്നെ വേണം. ഒരു ഭാഗം പൊന്തുമ്പോൾ മറുഭാഗം താഴുന്നതു ക്ഷേമകരമല്ല. വിദ്യാഭ്യാസം വൎദ്ധിക്കുന്തോറും മറുഭാഗമായ അദ്ധ്വാനശീലം കുറഞ്ഞു സുഖിയന്മാരായിരിപ്പാനുള്ള വാസന കണ്ടുവരാറുള്ളതുകൊണ്ടാണ് ഈ സംഗതിയെപ്പററി ഇത്രത്തോളം വിസ്തരിച്ചത്. വിദ്യാഭ്യാസം മുഖ്യമായ ഒരു വിഷയംതന്നെ. പക്ഷേ അദ്ധ്വാനശീലവും ലോകപരിചയവും അതൊന്നിച്ചു തന്നെ നടക്കേണമെന്നാകുന്നു മുൻപറഞ്ഞ ന്യായത്തിന്റെ താല്പൎയ്യം. വിദ്യാഭ്യാസം ജ്ഞാനനിധിയെ കാണിച്ചുതരുന്നഒരു ബന്ധുവാകുന്നു; എന്നാൽ അദ്ധ്വാനശീലം ആ നിധിയെ കൈവശപ്പെടുത്തുവാനുള്ള ഒരായുധമാകുന്നു. വിദ്യ ബുദ്ധിയെ വികസിപ്പിക്കുന്നു. അദ്ധ്വാനമോ ദേഹത്തിനു ആയാസം കൊടുത്തു മനസ്സിനെ സംസ്കരിക്കുന്നു. പ്രവൃത്തിയില്ലാതെ നിവൃത്തികിട്ടുന്ന കാൎയ്യം അസംഭവ്യമാണ്.

5. ലോകപരിചയജ്ഞാനം:—ജ്ഞാനവും രണ്ടുവിധമാണ്. ഒന്നാമത്തേതു കൎമ്മപരിചയത്താൽ ഉളവാകുന്നതു. രണ്ടാമത്തേതു ലോകപരിചയത്താൽ ഉണ്ടായിത്തീരുന്നതു. ലോകപരിചയത്തെ ഉണ്ടാക്കുന്നതും, വിശേഷിച്ചു മാനുഷസ്വഭാവത്തെ മനസ്സിലാക്കുന്നതുമാണ്

ഉൽകൃഷ്ടമായ ജ്ഞാനം. തന്നെത്താൻ മനസ്സിലാക്കുന്നതാണ് സർവ്വോപരിയായ ജ്ഞാനം. ലൌകികവിജയങ്ങൾക്കു മാത്രമല്ല, ആത്മബോധവർദ്ധനത്തിന്നും ലോകപരിചയമാകുന്ന മുഖ്യാവശ്യം. ഇതിന്നായിട്ടുണ്ടാകുന്ന ജന്മം തന്നെ എടുക്കുന്നതെന്നാണ് ശാസ്ത്രോക്തി. ലോകപരിചയത്താൽ സർവ്വതോമുഖമായ ജ്ഞാനത്തെ നേടുവാനായിട്ടാണ് തീർത്ഥാടനം പുണ്യമാണെന്നു നമ്മുടെ പൂർവ്വികന്മാർ ബുദ്ധിപൂർവ്വം നിയമിച്ചത്. ലോകപരിചയത്തിന്നായിട്ടാണു വിഷയസുഖവിരക്തന്മാരായ സന്യാസിവര്യന്മാർ കൂടി ദേശാടനം ചെയ്യുന്നത്. ഏററവും സ്വല്പമായ സംഗതികളിൽ കൂടി സൂക്ഷ്മദൃഷ്ടിവെച്ചു ലോകസ്വഭാവത്തെ ശരിയായി മനസ്സിലാക്കിത്തുടങ്ങുമ്പോഴാണ് ആത്മബോധം വർദ്ധിക്കുന്നത്. സമുദ്രത്തിൻെറ സ്ഥിതി മുഴുവൻ ഗ്രഹിക്കേണമെങ്കിൽ അതിൽ നീളെ സഞ്ചരിക്കുകയും മുങ്ങിനോക്കുകയും ചെയ്യണം. ഈ കാരണത്താലാണ് മാഹാത്മ്യം ലഭിച്ചുകഴിഞ്ഞിട്ടില്ലാത്തവർക്കെല്ലാം സ്വധർമ്മം അത്യാവശ്യമാണെന്നു മുമ്പുതന്നെ പറഞ്ഞതു.

നമുക്കു ഗോചരമായ സൃഷ്ടികളിൽവെച്ചു അത്യത്ഭുതം മനുഷ്യൻതന്നെ. മനുഷ്യൻെറ അന്തഃകരണത്തോളം അത്യത്ഭുതാവഹമായി മറെറാന്നുമില്ല. മാനുഷസ്വഭാവത്തെ ശരിയായി മനസ്സിലാക്കുവാൻ തന്നെയാണ് ഏററവും പ്രയാസം. "പരേംഗിതജ്ഞാനഫലാഹി ബുദ്ധയഃ" എന്ന തത്വമനുസരിച്ചു മാനുഷസ്വഭാവത്തെ പററി സൂക്ഷ്മമായ അറിവു സമ്പാദിച്ചു ഔചിത്യംപോലെ എല്ലാവ

രോട്ടം അനുഷ്ഠിക്കുന്നതിനെയാണു നയം എന്നു പറയുന്നത്. നയം എന്നുവെച്ചാൽ അസാധാരണമായ ഒരു സാമൎത്ഥ്യമല്ല; അതു ലോകസാധാരണ വിവരത്തിന്റെ ഉപയോഗം മാത്രമാണ്. സമൎത്ഥതക്കു എന്തു ചെയ്യേണമെന്നു സാമാന്യന്മാരെക്കാളും അറിയാം; എന്നാൽ നയത്തിന്നു എപ്രകാരം ചെയ്യേണമെന്നറിയാം. നയം സാമൎത്ഥ്യത്തെപ്പോലെ ഒരു വിശേഷസിദ്ധിയോ ആറാമത്തെ ഇന്ദ്രിയമോ അല്ല; പഞ്ചേന്ദ്രിയങ്ങളുടെ ഉണൎച്ചയാലുണ്ടാകുന്ന തന്റേടം മാത്രമാണ്. സാമൎത്ഥ്യം മുറിക്കും, എന്നാൽ നയം അഴിക്കും. ഡംഭ് നിമിത്തം സമൎത്ഥൻ ക്രിയാനുഷ്ഠാനത്തിനെ അഗണ്യമാക്കും. എന്നാൽ നയം സമയോചിതംപോലെ പ്രവൃത്തിച്ചുകൊണ്ടിരിക്കും. നയം സൎവ്വ വിഘ്നങ്ങളെയും അനുകൂലമാക്കി തീൎക്കുകയും, പ്രയാസങ്ങളെയെല്ലാം എളുപ്പമായി ചമയ്ക്കുകയും, രഹസ്യങ്ങളെ തൎജ്ജമ ചെയ്കയും ചെയ്യും. നല്ല പേരിന്നും, ജനസ്വാധീനതക്കും, വിജയസിദ്ധിക്കും, ലോകസാധാരണ വിവരമാകുന്നു ആവശ്യം. അല്ലെങ്കിൽ മറ്റെന്തുണ്ടായിട്ടും പ്രയോജനമില്ല.

ലോകവിശ്രുതനായ നെപ്പോളിയന്റെ ഒരു ഭടനായകനു നെപ്പോളിയനെപ്പോലെത്തന്നെ യുദ്ധശാസ്ത്രവിദഗ്ദ്ധത ധാരാളമായുണ്ടായിരുന്നു. എന്നാൽ ആയാൾക്കു നെപ്പോളിയനെപ്പോലെ മാനുഷസ്വഭാവപരിചയം ഇല്ലായിരുന്നു. നെപ്പോളിയനു തന്റെ സേനകളെക്കൊണ്ടു അമാനുഷമായ കാൎയ്യങ്ങൾകൂടി സന്തോഷപുരസ്സരം എടുപ്പിപ്പാൻ കഴിവുണ്ടായിരുന്നു. ശത്രുക്കളുടെ മൎമ്മങ്ങളെ ക

റിച്ചും നല്ല ബോധമുണ്ടായിരുന്നു. അത്ര കൂടാതെ സകല സൂക്ഷ്മ സംഗതികളിലും തന്റെ ദൃഷ്ടിയും ശ്രദ്ധയും എപ്പോഴും പതിഞ്ഞുകൊണ്ടുമിരുന്നു. വീണാൽ തന്നെയും പൂച്ചയെപോലെ തൻപാദത്തിൽ പതിഞ്ഞിരിപ്പാനും യുക്തിയുണ്ടായിരുന്നു. ഈ നയവും യുക്തിയും മററെയാർക്ക ഇല്ലാതിരുന്നതിനാൽ മാത്രമായിരുന്നു അവരുടെ സ്ഥാനനിലകൾക്കുണ്ടായിരുന്ന അത്യന്തം വ്യത്യാസം.

ലോകം ഇക്കാലത്തു വിദ്വാന്മാരാലും സമൎത്ഥന്മാരാലും നിറയപ്പെട്ടിരിക്കുന്നു. എന്നാൽ മിക്കപേൎക്കും ലോകപരിചയം കുറവായതിനാലാകുന്നു സ്വാഭിപ്രായസിദ്ധാന്തങ്ങളും, മത്സരങ്ങളും, കക്ഷിവഴക്കുകളും തന്നിമിത്തം അധോഗതിയും വൎദ്ധിച്ചുകൊണ്ടിരിക്കുന്നതു. യാതൊരു പ്രത്യേക വിഷയത്തിലും അന്ധവിശ്വാസത്തോടു കൂടിയ ആസക്തിയോ ഭ്രാന്തോ ഒററപ്പോക്കോ സിദ്ധാന്തമോ ഇല്ലാത്ത സമചിത്തന്മാർ ലോകത്തിൽ നന്നെ ചുരുക്കമാണ്. അഗാധബുദ്ധിമാന്മാർകൂടി മായാശക്തിയാൽ ഇങ്ങിനെ ഭ്രമിക്കപ്പെടുന്നു. നിരന്തരമായ സൂക്ഷ്മതത്വവിചാരത്താൽ പരമാൎത്ഥബോധം ലഭിച്ചവൎക്ക് മാത്രം ഈ സംഗതി മനസ്സിലാകയുള്ളൂ. ഒഴിച്ചുകൂടാത്ത വിധിയെ അനുവൎത്തിച്ചു കാലസ്ഥിതിക്കനുരൂപമായി സന്ദൎഭങ്ങളെ ഉപയോഗപ്പെടുത്തുന്നതാണ് വിവേകം. ശക്തിയുള്ളവർ കുറിക്കുതന്നെ കൊള്ളിക്കുന്നവന്റെ ൎതാംശത്തിന്നു വിലപിടിക്കയില്ല. വിദ്യാൎത്ഥിദശയിൽ അഗ്രഗണ്യന്മാരായിരുന്നവർ ജീവിതസമരത്തിൽ പിമ്പിലായ്പോകുന്നതും അതിന്നു

നേരെ മറിച്ചു കാണുന്നതും ലോകപരിചയത്തിന്റെ വ്യത്യാസത്താൽ മാത്രമാണ്. ഉയന്ന തരം പരീക്ഷകളിൽ വിജയം പ്രാപിച്ചിട്ടും, വലിയ സ്ഥാനനിലകളിൽ ഇരുന്നിട്ടും ലോകരംഗത്തിൽ അപ്രാപ്തന്മാരായി തീരുന്നതിന്റെ മറിയും ഇതുതന്നെയാണ്.

വേലക്കാരെക്കൊണ്ടു പണി എടുപ്പിക്കുന്നതിൽ "വാ" എന്നും "പോ" എന്നും പറയുന്നതിൽ എത്രയോ വ്യത്യാസം കണ്ടുവരാറുണ്ട്. അകലെയിരുന്നു പണിക്കു 'അററകുററങ്ങൾ' കല്പിക്കുന്നതുകൊണ്ടും, പണിക്കാരെ ശകാരിച്ചു ദേഷ്യപ്പെടുന്നതുകൊണ്ടും, അവൎക്കു ശുണ്ഠിയും വെറുപ്പും വൎദ്ധിക്കുന്നതല്ലാതെ പണിക്കു ശുഷ്കാന്തി കാണുന്നതു പ്രയാസമാണ്. എന്നാൽ അവരുടെ കൂട്ടത്തിൽ കൂടി അവരുടെ തലവനായി നിന്നു ഓരോ ക്രിയയും കാണിച്ചുകൊടുത്തു വേണ്ടപോലെ നടത്തിക്കയും, മൎയ്യാദയായി അവരോടു പെരുമാറുകയും ചെയ്താൽ പ്രവൃത്തി അധികം നടക്കുമെന്നുമാത്രമല്ല, ആൎക്കും വെറുപ്പു തോന്നുന്നതുമല്ല. സേനയിൽകൂടിയും ഇതുതന്നെയാണ് നേതൃത്വശക്തി. നായകൻതന്നെ കഷ്ടപ്പെടുന്നതു കാണുമ്പോൾ പരിവാരങ്ങൾ തങ്ങളുടെ കഷ്ടങ്ങളെ വിസ്മരിക്കുന്നതു സ്വാഭാവികമാണ്. മാതൃകകൾക്കുള്ള ആജ്ഞകളെക്കാൾ എത്രയോ ശക്തി കൂടുതൽ. ഏതു കാൎയ്യവും താന്താൻതന്നെ മുമ്പിൽനിന്നു നല്ല രീതിയിൽ നടത്തിക്കേണ്ടതും, എന്നാൽ വേലക്കാരുടെ കഷ്ടങ്ങളെ കഴിയുന്നത്ര വിസ്മരിപ്പിക്കുവാൻ മനഃപൂൎവ്വം പരിശ്രമിക്കേണ്ടതുമാകുന്നു.

6. തൊഴിൽ—ഏതു തൊഴിലിന്നും അയോഗ്യത യോ, പോരായ്മയോ, അഭിമാനക്ഷയമോ യഥാൎത്ഥത്തിലില്ലതന്നെ. തൊഴിലൊന്നുമില്ലാതിരിക്കുന്നതിലും, അലഞ്ഞുതിരിഞ്ഞു ഉഴന്നു നടക്കുന്നതിലും, പരാശ്രയത്താൽ ഉപജീവനം കഴിക്കുന്നതിലും, കളവു ചതി നീചസേവ ഹീനവൃത്തി മുതലായ ദുഷ്പ്രവൃത്തികൾ ചെയ്യുന്നതിലും മാത്രമേ വാസ്തവത്തിൽ നികൃഷ്ടതയുള്ളു. തൊഴിലുകളിൽ സ്ഥാനനിലകൾക്കു തമ്മിൽ വളരെ വ്യത്യാസങ്ങളുണ്ടെങ്കിലും ഓരോന്നിന്നും അതാതിന്റെ പ്രാധാന്യമുണ്ട്. കൂലിവേല നിസ്സാരമാണെന്നു മൂഢന്മാർ വിചാരിക്കുന്നു. കൂലിവേലക്കാരുടെ പണിമുടക്കങ്ങൾ സംഭവിക്കുമ്പോൾ അവരുടെ പ്രാധാന്യം പ്രത്യക്ഷപ്പെടുന്നുണ്ടല്ലൊ. ഏതു തൊഴിലിൽ ഏൎപ്പെട്ടിരിക്കുന്നുവോ അതിൽ വിദഗ്ദ്ധതയും വിശ്വാസയോഗ്യതയും ഉണ്ടായിരിക്കുക തന്നെയാണ് അഭിമാനം. കാൎയ്യങ്ങൾക്കു പോരായ്മയും വിശ്വാസവഞ്ചനയും ഏതു തൊഴിലിലും അപമാനകരം തന്നെ.

എന്നാൽ ഓരോരുത്തൎക്കും ഓരോരോ തൊഴിലിലേക്കായിരിക്കും അഭിരുചി. ആ അഭിരുചിയെ ആരാഞ്ഞറിഞ്ഞു ഓരോരുത്തൎക്കും ഹിതമായ തൊഴിലിൽ ഏൎപ്പെടുക തന്നെയാണു ഉത്തമം. ചിലൎക്കു ബുദ്ധിശക്തി, ചിലൎക്കു വാചാലത്വം, ചിലൎക്കു കൈവേഗത, ചിലൎക്കു നയം, ചിലൎക്കു യുക്തി, ചിലൎക്കു മഹാമനസ്കത, ചിലൎക്കു വ്യാപാരപടുത്വം എന്നിങ്ങിനെ പലേ വിധത്തിലായിരിക്കും പ്രത്യേകത. ആത്മഹിതമായ തൊഴിലിൽ മറെറല്ലാററിലും വെച്ചു ശോഭിപ്പാനിടവരുന്നേക്കാം.

തൊഴിലൊന്നുമില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുവരുന്നതു രാജ്യത്തിൻെറ അഭിവൃദ്ധിക്കു പ്രതിബന്ധവും ദുർഭരവിപാകത്തിൻെറ ഒരു മുന്നറിയിപ്പുമാണ്. സർവ്വ ജനങ്ങളും കൃഷിപ്രവൃത്തി, ഗവൺമെൻറുദ്യോഗം എന്നീ രണ്ടു തൊഴിലുകളെ മാത്രം നമ്പിക്കൊണ്ടിരിക്കുന്നതിനാലാണ് രാജ്യത്തിൽ തൊഴിലില്ലായ്മയും നിർധനതയും വർദ്ധിക്കുന്നതു. ഇതിനുള്ള നിവൃത്തിമാർഗ്ഗം വ്യവസായശാലകളുടെ സ്ഥാപനമാണ്. തൊഴിലില്ലായ്മ എന്ന വിഷയം അപ്രധാനമായ ഒന്നല്ല. ഏതു രാജ്യത്തിൻെറയും ജീവൻ അതിലെ യുവാക്കളാണ്. രാജ്യത്തിൻെറ ക്ഷേമവും അഭിവൃദ്ധിയും അവരിലാകുന്നു സ്ഥിതിചെയ്യുന്നതും നന്മകളുണ്ടായ്ത്തീരേണമെങ്കിൽ ജനങ്ങൾ അന്യോന്യം വിശ്വസിക്കുകയും വിശ്വാസത്തിന്നർഹന്മാരായ്ത്തീരുകയും വേണം. വിശ്വാസത്തിലും വിശ്വസ്തതയിലുമാകുന്നു ലോകം നിലനില്ക്കുന്നത്. ആ സൽഗുണം എവിടെ കുറയുന്നുവോ അവിടെ അധഃപതനം സംഭവിക്കുകയെ പതിവുള്ളു. അകം നന്നായ്ത്തീർന്നാൽ പുറം തനിയെ നന്നാവുന്നതാണ്. വിശ്വാസവഞ്ചന മഹാപാതകങ്ങളിൽ ഒന്നാണെന്നും അവിശ്വാസവും ലോഭൈഷകദൃഷ്ടിയും ക്ഷേമത്തിന്നും അഭിവൃദ്ധിക്കും പ്രതിബന്ധങ്ങളാണെന്നും ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളട്ടെ.

ക്രമമായ തൊഴിലൊന്നുമില്ലാതിരുന്നാൽ ജീവിതസമരത്തിൽ വിജയത്തിന്നു വേണ്ടതായ സ്വശക്തി ലഭിക്കുന്നതല്ല; ലോകപരിചയമൊ ലേശംപോലും സിദ്ധിക്കുന്ന

തുമല്ലല്ലൊ. മാനുഷശരീരയന്ത്രത്തിലെ അവയവങ്ങളുടെ ഘടനയേയും പ്രത്യേകിച്ചു ഹൃദയത്തിൻേറയും ശിരസ്സിൻേറയും അത്ഭുതവൃത്തികളേയും ശരീരത്തിൽ സ്ഥിതിചെയ്യുന്ന സൂക്ഷ്മശക്തികളേയും കുറിച്ചു പൎയ്യാലോചനചെയ്താൽ അവകളെല്ലാം ന്യായമായ ഉപയോഗങ്ങൾക്കും അഭിവൃദ്ധിക്കുമായ്ത്തന്നെയാണു് ഗ്രഹിതമായിട്ടുള്ളതെന്നു നിസ്സംശയം മനസ്സിലാക്കാം. ദേഹാദ്ധ്വാനം ഒട്ടുമില്ലാതിരുന്നാൽ അനാരോഗ്യവും മനോമൌഢ്യവും പൌരുഷക്ഷയവും സംഭവിക്കുന്നതാകുന്നു. "ഇരിമ്പും തൊഴിലും ഇരിക്കെ കെട്ടും" എന്നുണ്ടല്ലൊ പഴമൊഴി. വേലയൊന്നുമില്ലെങ്കിൽ ജീവിതം വിഷാദജഡവും രസഹീനവുമായ് ഭവിക്കുന്നു. അലസജീവിതത്തോടു താരതമ്യപ്പെടുത്തിനോക്കിയാൽ ഏതു ദുൎഘടമായ പ്രവൃത്തിയും സുഖകരമായിട്ടേ തീരുകയുള്ളു. അങ്ങിനെയിരിക്കെ താന്താങ്ങളുടെയും താന്താങ്ങളെ ആശ്രയിച്ചിരിക്കുന്നവരുടെയും ഉപജീവനത്തിന്നായി വേണ്ടപോലെ അദ്ധ്വാനിക്കാതെ സ്വസ്ഥവൃത്തി അവലംബിക്കുന്നവർ ഏററവും നികൃഷ്ടന്മാർതന്നെ എന്നു പറയാതെ കഴികയില്ല. "ഉത്സാഹമുണ്ടെങ്കിലത്താഴമുണ്ണാം" എന്നു പറഞ്ഞപോലെ നിരന്തരമായ പരിശ്രമത്താൽ ഉപജീവനത്തിന്നുള്ള മാൎഗ്ഗം ആൎക്കും തുറക്കാം. "കാതരാ ഏവ ജല്പന്തി യൽ ഭവ്യം തൽ ഭവിഷ്യതി" എന്ന സാരോക്തിപോലെ എല്ലാം വിധിയാണെന്നു സങ്കല്പിച്ചു സ്വസ്ഥമായിരിക്കുന്നവർ ഭീരുക്കളാണു്. കുറച്ചുകാലം സ്വസ്ഥമായിരുന്നവർ പിന്നെ അദ്ധ്വാനശീലന്മാരാണ്ണീ

രുന്ന കാൎയ്യം കുറെ ഞെരുക്കമാണ്. നിത്യപരിശീലന ത്താൽ കഷ്ടത്തെ ഹിതമാക്കി അദ്ധ്വാനം തുടൎന്നുകൊണ്ടി രിക്കാഞ്ഞാൽ ലാഭമൊന്നും പ്രാപിക്കയില്ല. നാം എത്ര യോ നിസ്സാരജീവിയായി കരുതുന്ന ഉറുമ്പിന്റെ നടവടി യെ സൂക്ഷിച്ചുനോക്കിയാൽ അദ്ധ്വാനശീലവും രീതിയും മ റ്റും പഠിക്കാവുന്നതാകുന്നു. നിത്യോത്സാഹികളെയാണ് ശ്രീമാന്മാർ എന്നു പറഞ്ഞുവരാറുള്ളത്.

നമ്മുടെ പൂൎവ്വീകന്മാരുടെ അദ്ധ്വാനത്തിന്റെ ഫ ലമാണ് നമുക്കിപ്പോഴുള്ള നാഗരീകത്വവും സുഖാനുഭവ സൌകൎയ്യങ്ങളും തത്വജ്ഞാനവും. അതുപോലെത്തന്നെ നമുക്കും ഭാവി തലമുറകൾക്കുവേണ്ടി ഓരോരുത്തരുടേയും യഥാശക്തി ജഗൽ ഭണ്ഡാരത്തിൽ നമ്മുടെ ഓഹരി നി ക്ഷേപിക്കേണ്ട ബാദ്ധ്യത നിശ്ചയമായും ഉണ്ട്. സേതു ബന്ധനത്തിന്നു അണ്ണാക്കൊട്ടൻ കൂടി തന്നാൽ കഴിയുന്ന വിധം സഹായിച്ച കഥ എല്ലാവരും കേട്ടിരിക്കുമല്ലോ. അതിനാൽ യാതൊരദ്ധ്വാനവും ചെയ്യാതെ ഇരിക്കുന്നവർ പലേ പ്രകാരത്തിലും പ്രകൃതി നിയമത്തെ ലംഘിക്കുന്നു.

# VI. ധനം.

"നൂനം ദുരന്തപര്യന്താ സമ്പദോപി ദുരാത്മനാം
ഭവന്തി ച ശുഭോദർക്കാ വിപദോപി മഹാത്മനാം"

(ദുഷ്ടാത്മാക്കളുടെ സമ്പത്ത് ദുഷ്പരിണാമം വരെ നില നിൽക്കുന്നതാണ്. മഹാത്മാക്കൾക്കു നേരിടുന്ന വിപത്ത് ശുഭോദയത്തിന്നു ഹേതുവായി ഭവിക്കുന്നതുമാണ്.)

1. ധനം—ധനം ജീവിതത്തിന്റെ പരമോച്ചമായ ഒരു ഉദ്ദേശമല്ലെങ്കിലും വേദാന്തനിന്ദ്യമായ ഒരു നിസ്സാരസംഗതിയുമല്ല. "ധനമൂലമിദം ജഗൽ" എന്നു പറഞ്ഞപോലെ ധനം ലോകരംഗത്തിലെ ഒരു പ്രധാനമായ ആയുധവും ശക്തിയുമാണ്. ലോകത്തിൽ തന്റെ സ്വന്തം നില ഉറപ്പിപ്പാനും ഭോഗങ്ങളിലുള്ള ആഗ്രഹങ്ങളെല്ലാം നിറവേററി മനസ്സംതൃപ്തി അടയുവാനും, കളവു ചതി മുതലായ ദുർമ്മാർഗ്ഗവൃത്തികളിലേക്കുള്ള ആകർഷണം കുറയുവാനും, നന്മക്കുപയോഗിപ്പാനും നല്ലൊരു ശക്തിതന്നെയാകുന്നു ധനം. ആയതിനാൽ ന്യായമായ പരിശ്രമത്താൽ ധനം സമ്പാദിച്ചു സൌഖ്യം പ്രാപിക്കേണമെന്നു മോഹിക്കുന്നതു നല്ലതുതന്നെ. ധനത്തിനല്ല ദോഷം, ധനത്തിനോടുള്ള സ്നേഹത്തിനാകുന്നു. ധനത്തെ ഹൃദയത്തിലല്ല, ശിരസ്സിലാകുന്നു വഹിക്കേണ്ടതു; എന്നുവെച്ചാൽ ധനത്തിൽ ആശവെക്കാതെ, ധനത്തിന്നായി ന്യായമായ വിധത്തിൽ ബുദ്ധിപൂർവ്വം പ്രയത്നിച്ചുകൊണ്ടിരിക്കേണ്ടതാ

ണ്. ധനമെന്ന യക്ഷനെ നമ്മുടെ അധീനത്തിൽ നിൎത്തി നന്മക്കായി ഉപയോഗപ്പെടുത്തുന്നതു നല്ലതുതന്നെ. എന്നാൽ ആ യക്ഷൻെറ ബന്തവസ്സിൽ നമുക്കിരിപ്പാനിടവരുന്നതു സൎവ്വനിൎഭാഗ്യങ്ങളിലും കവിഞ്ഞ ദുരാപത്താണ്. ധനം സൌഖ്യപ്രദാനത്തിനായിരിക്കെ, ധനം നിമിത്തം സമാധാനഭംഗത്തിന്നിടവരുന്നതു അതിഗൎഹണീയം തന്നെ. വാസ്തവത്തിൽ ധനത്തിലല്ല യോഗ്യത, ധനം സമ്പാദിപ്പാൻ വേണ്ടിയ പരിശ്രമത്താലുളവായ്ത്തീരുന്ന സ്വശക്തിയിലാണ്. ധനസമ്പാദനത്തിന്നായി യത്നിക്കുന്നവന്നു ആലോചനനിമിത്തം ബുദ്ധിവികാസവും, പരിശ്രമത്താൽ പൌരുഷവും, ക്ലേശങ്ങളാൽ ദുൎമ്മദങ്ങളുടെ അടക്കവും, ജനങ്ങളുമായുള്ള ഇടപഴക്കത്താൽ മൎയ്യാദയും, പ്രയാസത്താൽ ക്ഷമയും, കരാറിനാൽ വ്യവസ്ഥയും ഉണ്ടായ്ത്തീരുന്നു. വിളമ്പിവെച്ചുകൊടുത്താൽ ഉദരപൂരണം ചെയ്യാൻ കഴിവില്ലാത്തവരാരുമില്ല. സ്വശക്തിമൂലമായി ഏത്തുവിധമുള്ള ഉന്നതിയും ന്യായമായ പ്രകാരത്തിൽ പ്രാപിക്കുന്നതു യോഗ്യതയാണെന്നുള്ളതിന്നു സംശയമില്ല.

2. ദാരിദ്ര്യം—പട്ടിണിയും പണത്തിൻെറ മുട്ടുമാകുന്നു ദാരിദ്ര്യം, നിൎധനത്വമല്ല. ചുരുങ്ങിയ നിലയിൽ കൃത്യനിശ്ചയങ്ങളോടുകൂടി അഹോവൃത്തി കഴിച്ചുകൂട്ടുന്നതു ദാരിദ്ര്യമല്ല. അന്നന്നു പണിയെടുത്തു എട്ടെട്ടണ കൂലിവാങ്ങി അതുകൊണ്ടു ചിലവു കഴിച്ചു തൃപ്തിപ്പെടുന്നവൻ ദരിദ്രനല്ല. മാസന്തോറും 1000ക വരവുള്ള ഒരാൾ വരവിലധികരിച്ചു ചിലവുചെയ്തു മുട്ടുള്ളവനായി തീൎന്നാൽ ദരിദ്രൻ

തന്നെ. മനുഷ്യന്റെ രണ്ടാമത്തെ ശത്രുവാണ് ദാരിദ്ര്യം. ഒന്നാമത്തെ ശത്രു മഹാവ്യാധിതന്നെ. യാതൊരു സങ്കോചവും ഭയവും കൂടാതെ ആരുടെയും മുഖത്തു നേരെ നോക്കി തലപൊക്കി നില്പാൻ കഴിവുള്ള ഒരു കൂലിക്കാരൻ പരന്മാരെ ആശ്രയിച്ചും, ലജ്ജിച്ചും, മുഖം മറച്ചും, ഭയപ്പെട്ടും, ഓടിയും, ഒളിച്ചും, കളവുപറഞ്ഞും, നടക്കാനിടവരുന്ന പ്രഭുവിനേക്കാൾ എത്രയൊ സ്വാഭിമാനമുള്ളവനും ഭാഗ്യവാനുമാകുന്നു. എപ്പോഴും പണത്തിന്നു മുട്ടുള്ള ഒരാൾ അടിമയേക്കാൾ നികൃഷ്ടനാകുന്നു. അങ്ങിനെയുള്ള ഒരാൾക്കു സ്വാതന്ത്ര്യവും, ജ്ഞാനവും, സമാധാനവും അണുമാത്രമെങ്കിലും ഉണ്ടായിരിക്കുന്നതല്ല. അതുകൂടാതെ മുട്ടുകളെ തല്ക്കാലം നിവൃത്തിക്കേണ്ടതിന്നു 'മേലും കീഴും' ആലോചിക്കാതെ അന്യന്മാരെ സേവിച്ചു അവരുടെ ഇഷ്ടങ്ങൾക്കെല്ലാം കീഴടങ്ങേണ്ടിവരികയും ചെയ്യുന്നു. മുട്ടുള്ളവന്നു ലോകത്തിന്റെ മുഖത്തു നോക്കാൻ ധൈര്യമുണ്ടാകുന്നതല്ലെന്നു മാത്രമല്ല ജീവിതം ഭാരമായി തോന്നുകനിമിത്തം ആയാൾ എപ്പോഴും ദുഃഖസാഗരത്തിൽ മുങ്ങി തന്നെത്താനടക്കാൻ കഴിവില്ലാതെ ആത്മീയശക്തിയെ ക്ഷയിപ്പിക്കുകയും "യേന സ്വൈരപി മന്യന്തെ ജീവന്തോപി മൃതാ ഇവ" എന്ന വിധത്തിൽ തന്നെത്താൻ മരിച്ച നിലയിൽ കരുതുകയും ചെയ്യുന്നു. ഉയർന്നനിലകളിൽനിന്നു അധഃപതിക്കുന്നതിലാണ് ദുഃഖത്തിന്റെ കിടപ്പു. സുഖദുഃഖഭാവനയുണ്ടായിതീരുന്നതു ദിനചര്യക്രമത്തിന്നനുസരിച്ചാകുന്നു. അതിസുഖത്തിൽ ചുരുങ്ങിയ വിഭവങ്ങളോടും അന്തസ്സായ വേഷധാര

ണ്ടതോടുംകൂടി ദിനചര്യും ശീലിച്ചു വന്നാൽ അതിന്നു ഭംഗമുണ്ടാകുമ്പോഴെല്ലാം ദുഃഖംതന്നെ. ഏതുമാതിരികഷ്ടങ്ങളും അനുഭവിച്ചു ശീലിച്ചുവന്നു ദുഃഖം വളരെ ചുരുങ്ങിയിരിക്കും. തത്വജ്ഞാനം എന്തുതന്നെ ഘോഷിച്ചാലും "അന്തരം നാളിജാനാമി നിർദ്ധനസ്യ മൃതസ്യച" എന്നു പറഞ്ഞിരിക്കുന്നപോലെ ദരിദ്രൻ ജീവൻമൃതൻതന്നെ.

3. <u>കടം</u>—എത്ര ഗുണവാനാണെങ്കിലും കടക്കാരനായാൽ അധോഗതി പ്രാപിക്കുകയേ ഉള്ളൂ. കടത്തിൽ പെട്ടവൻ എപ്പോഴും ലജ്ജിച്ചും ഒളിച്ചും കഴിച്ചുകൂട്ടേണ്ടിവരുന്നതിന്നു പുറമെ ആയാൾക്കു ഒരിക്കലും നിവർന്നു നില്ക്കാൻ കഴികയുമില്ല. അങ്ങിനെയുള്ള ഒരാൾക്കു സത്യമര്യാദകളോടുകൂടി സ്വധർമ്മം നടത്തുവാൻ നിവൃത്തിയില്ല. കടത്തിന്റെ പുറത്താണ് കളവും ചതിയും സവാരിചെയ്യുന്നതു. ഒരിക്കൽ കടം വാങ്ങിയാൽ വീണ്ടും വാങ്ങാൻ ആരും മടിക്കുക പതിവില്ല. കടംവാങ്ങി ശീലമായാൽ "കടമാണെങ്കിൽ കമ്മാളനു ആന രണ്ടു" എന്ന തോതിൽ കിട്ടുന്നേടത്തോളം കടം വാങ്ങി കൂട്ടുന്നു. "കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം" തന്നെ. കടംവാങ്ങാതെ ഒരു സുഖം അനുഭവിപ്പാൻ നിവൃത്തിയില്ലെങ്കിൽ ആ സുഖം വേണ്ടെന്നു വെക്കുന്നതാണുത്തമം. കടത്തിൽ ഉണ്ണുകയേക്കാൾ അത്താഴമില്ലാതെ ഉറങ്ങുകയാകുന്നു നല്ലതു. കടത്തിന്നു നടക്കുന്നവൻ ഒടുവിൽ വ്യസനിച്ചു നടക്കേണ്ടിവരും. ആയതിനാൽ യാതൊരാവശ്യത്തിന്നും കടം വാങ്ങുകയില്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി നടന്നു വരേണ്ടതാണ്.

മൃഗപ്രായമായി പഞ്ചേന്ദ്രിയ സുഖങ്ങൾക്ക അതിരി ല്ലാതെ കാംക്ഷിക്കുന്നതിനാലും, മദ്യപാനത്താലും, സ്ഥിതിയിലധികരിച്ച ജനങ്ങളെ കാട്ടിക്കൂട്ടണമെന്നുള്ള ഭള്ളിനാലുമാണ് മനുഷ്യർ കടക്കാരാകുന്നത്. എല്ലാവരേയും കാട്ടിക്കൂട്ടേണമെന്നുള്ള ദുരഭിമാനവും അന്തസ്സും മൂഢത നിമിത്തമാണ്. നമ്മുടെ കർമ്മപരിപാകഫലമായ വിധിയെ ക്ഷമയോടുകൂടി സഹിച്ച തല്ക്കാലസ്ഥിതിയിൽ തൃപ്തിപ്പെട്ട അഭിവൃദ്ധിക്കായി ന്യായമായ പരിശ്രമങ്ങൾ ചെയ്തുവരികയാകുന്നുവേണ്ടതു. ആധുനിക പരിഷ്കാരഭ്രമത്താൽ എത്രത്തോളം ദോഷങ്ങൾ ജനസമുദായത്തിന്നു സംഭവിക്കുന്നുണ്ടെന്നതിന്നു കയ്യുംകണക്കുമില്ല. "കിടക്കുന്നതു കാവൽപുര സ്വപ്നം കാണുന്നതു മച്ചും മാളികയും" എന്ന തരത്തിലാണു നവീനപരിഷ്കാരത്തിന്റെ ഇന്ദ്രജാലങ്ങൾ. ഏതിൽനിന്നും നല്ലതിനെ തിരഞ്ഞെടുത്തു ചീത്തയെ ത്യജിക്കേണ്ടതുതന്നെ. താണസ്ഥിതിയിലുള്ള ഒരാൾ സ്വാഭിമാനമുള്ള മര്യാദക്കാരനാണെന്നു വരുത്തുന്നതിനേക്കാൾ ധനികനാണെന്നു അന്യന്മാരെ കാട്ടിക്കൂട്ടുവാൻ വേണ്ടി കടക്കാരനും മുട്ടുള്ളവനുമാകുന്നതു 'തീയിൽ പാററ ഭ്രമിച്ചു ചാടി' നശിക്കുന്നവിധംതന്നെയാണ്. "കാണം വിററും ഓണം ഉണ്ണാൻ തുനിയരുത". "ഇരന്നുപൊന്നണിഞ്ഞോററം തെളിഞ്ഞീടൊല്ല" എന്ന പഴമൊഴികളെ ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. ഓരോരോ ദുർഗ്ഗുണങ്ങൾ നമ്മെ ബാധിക്കുന്തോറും നമ്മുടെ സ്വശക്തി ഓരോ അടി പിമ്പോട്ടുവെക്കുന്നു. ആന്തരീയമായ സൽഗ്ഗുണങ്ങളൊന്നും

ഇല്ലാതെ ബാഹ്യമായ പരിഷ്കാരങ്ങൾ മാത്രം അഭിനയിച്ചു നടക്കുന്നവരുമായി സംസർഗ്ഗം ചെയ്യാതിരിപ്പാനും സൂക്ഷിക്കേണ്ടതാണ്. ആദ്യത്തിൽ കയ്യാൽ ചിലവൊന്നും കൂടാതെതന്നെ സൽക്കാരങ്ങൾ ലഭിക്കുമെങ്കിലും അതു ശീലമായ്ത്തീരുമ്പോഴേക്കു സൽക്കരിപ്പാൻ ആരെയും കാണുകയുണ്ടാവില്ല. ദൃഢവ്രതന്മാർ ആ വലകളിലൊന്നും കുടുങ്ങാതെ കഴിച്ചുകൂട്ടാം.

4. ആയവ്യയങ്ങൾ—ദാരിദ്ര്യം നന്മകളെ എല്ലാം കെടുക്കുന്നതും തിന്മകളെ വർദ്ധിപ്പിക്കുന്നതുമാകയാൽ നിരന്തരപരിശ്രമങ്ങളാലും കൃത്യനിശ്ചയങ്ങളാലും നിർദ്ധനത്വത്തിൽനിന്നു ക്രമേണ ഉയൎന്നുവരേണ്ടതാവശ്യമാണ്. ഒരാൾ എങ്ങിനെയാകുന്നു ധനം സമ്പാദിക്കുന്നതു, ചിലവുചെയ്യുന്നതു, കൊടുക്കുന്നതു, വാങ്ങുന്നതു, ഉപകാരംചെയ്യുന്നതു, കരുതുന്നതു എന്നുള്ള സംഗതികളിലാകുന്നു ആയാളുടെ വിവേകത്തിന്റെ പരീക്ഷ. ലോകം നിലനില്ക്കുന്നേടത്തോളം കാലം ജനങ്ങളിൽ അധികപക്ഷവും വേലക്കാരായിരിപ്പാനേ നിർവ്വാഹമുള്ളു; അതു ലോകത്തിലേക്കു നന്മയാകുന്നു. എന്നാൽ ധനികന്മാർക്കു മാത്രമെ സൌഖ്യം ഉണ്ടായിക്കൂടു എന്നു പ്രകൃതിനിയമമില്ല. നിർദ്ധനത്വം ആനന്ദാനുഭൂതിക്കു ഒരു തടയല്ല. ഏതു സ്ഥാനനിലകളിലുള്ളവർക്കും തങ്ങളുടെ സ്വാഭിമാനവും സ്വാതന്ത്ര്യവും സൌഖ്യവുമുണ്ടു്.

ആഹാരവസ്ത്രാദികൾ, കുടുംബരക്ഷ എന്നിവ മാത്രമല്ല സ്വാഭിമാനം, സ്വാതന്ത്ര്യം, തൃപ്തി, ശക്തി മുതലാ

യവകളുടെ പുഷ്ടിയെക്കൂടി ധനമുണ്ടാക്കിത്തീൎക്കുന്നതിനാൽ ന്യായമായ ധനസമ്പാദനവും കൃത്യത്തോടുകൂടിയ ചിലവും വളരെ മുഖ്യമായ വിഷയങ്ങൾ തന്നെയാണ്. ചിലൎക്കു അദ്ധ്വാനിക്കാൻ കഴികയില്ല. എന്നാൽ മററുചിലൎക്കു ധനം സമ്പാദിപ്പാനറിയും, സൂക്ഷിപ്പാനറികയില്ല. സൂക്ഷ്മാലോചന ചെയ്യുന്നതായാൽ പണിമുടക്കത്തിന്നും, രോഗത്തിന്നും, ആകസ്മികമായ ആപത്തുകൾക്കും, വാൎദ്ധക്യദശക്കും, കളത്രപുത്രാദികളെ സംബന്ധിച്ചുള്ള ബാദ്ധ്യതകളെ നിറവേററാനുമായ്ക്കൊണ്ടു ധനം കരുതിവരേണ്ടതാണെന്നു ആൎക്കും മനസ്സിലാവുന്നതാണ്. മേലിലുണ്ടാവാൻ പോകുന്ന ഒരു നന്മക്കോ, തനിക്കിഷ്ടപ്പെട്ട ഒരാൾക്കോ വേണ്ടി സ്വാൎത്ഥപ്രതിപത്തി കുറച്ചുതുടങ്ങുന്നതു സ്വശക്തിവൎദ്ധനവും, ആത്മസംയമനത്തിന്റെയും ത്യാഗത്തിന്റെയും ആദ്യത്തെ പാഠവുമാണ്.

* "ആയംദൃഷ്ട്വാ വ്യയംകുൎയ്യാൽ ആയാദല്പതരംവ്യയഃ"

എന്ന പ്രമാണത്തിന്നനുസരിച്ചു വരവിൽ അല്പം ചുരുങ്ങിയ ചിലവു എന്നാണ് പ്രകൃത്യനുസരണമായരീതി. ചിലവുകൾക്കു കൃത്യങ്ങൾ നിശ്ചയിച്ചു "പലതുള്ളിപെരുവെള്ളം" എന്ന ധാരണയോടുകൂടി വരവിൽനിന്നു അല്പാല്പം ക്രമമായി വല്ല ഫണ്ടിലും ഇട്ടുവരേണ്ടതാണ്. അങ്ങിനെ ചെയ്താലല്ലാതെ, ചിലവുകളെല്ലാം കഴിച്ചുകൂട്ടിയതിന്നു ശേഷം, ബാക്കി തന്താങ്ങളുടെ വക്കൽതന്നെ സൂ

* വരവു നോക്കീട്ടു ചിലവുചെയ്യണം; വരവിൽവെച്ചു ചുരുങ്ങിയിരിക്കണം ചിലവു.

ക്ഷിച്ചുവെപ്പാൻ മാനുഷചാപല്യം ഹേതുവാൽ സാധാരണന്മാൎക്കാൎക്കും സാധിക്കുന്നതല്ല. വല്ല ഫണ്ടിലും കുറെ പണം സ്വരൂപിച്ചു നില്ക്കുമ്പോൾ മനസ്സമാധാനവും കിട്ടുന്നു. വരവു ചുരുങ്ങിയവൎക്കു പ്രത്യേകിച്ചും ഗൃഹഭരണകൃത്യവും സൂക്ഷ്മദൃഷ്ടിയും ഇല്ലാതെ മുട്ടുകളും കടങ്ങളും കൂടാതെകഴിപ്പാൻ സാധിക്കയില്ല.

ധനപുഷ്ടിയാൽമാത്രമല്ല, അനാവശ്യങ്ങളെ ചുരുക്കി ഉള്ളതിൽ തൃപ്തിപ്പെടുന്നതുകൊണ്ടും സമാധാന സമ്പന്നനാവാം. സൎവ്വോപരി തന്നെത്താൻ ആന്തരമായി സ്നേഹിപ്പാനാണു് മുമ്പിൽ പഠിക്കേണ്ടതു്. നികൃഷ്ടവും അന്യായവുമായ ലാഭങ്ങൾകൊണ്ടു കൊതിക്കാതെ സ്വല്പ സംഗതികളിൽകൂടി കൃത്യംവെച്ചു ചിലവു ചുരുക്കുകയാകുന്നു വേണ്ടതു്. കൃത്യം എന്നുവെച്ചാൽ ലോഭമല്ല. കൃത്യം ലോഭത്തെപ്പോലെ പണത്തിനെ പൂജിക്കുന്നില്ല; അതിനെ ഉപയോഗമുള്ളതായി മാത്രം കരുതുന്നതേയുള്ളു. കൃത്യമുള്ളവന്നു ഉദാരശീലനായിരിപ്പാൻ കഴിവുണ്ടായിരിക്കും. കൃത്യം വിവേകത്തിൻെറ ഫലവും, ഇന്ദ്രിയനിഗ്രഹത്തിൻെറ കൂടെപ്പിറപ്പും, സ്വാതന്ത്ര്യത്തിൻെറ ജനനിയുമാണു് കൃത്യം എന്നതു തന്നെത്താൻ നിലനില്പാൻവേണ്ടിയ സ്വസഹായശക്തിയുടെ ഒരു സൂചകമാകുന്നു. കൃത്യമുള്ളവൻ സത്യവാനാണു്; അതെന്തുകൊണ്ടെന്നാൽ, കൃത്യമില്ലാത്തവൻ കടക്കാരനും മുട്ടുള്ളവനുമായിത്തീൎന്നു കളവു, ചതി, നീചസേവ മുതലായ ഹീനവൃത്തികളാൽ അഹോവൃത്തി കഴിച്ചുകൂട്ടുവാനിടവന്നേക്കാം. സ്വൎണ്ണത്തെക്കാളും രത്നത്തെക്കാളും എത്രയോ വിലപിടിച്ചതു വിവേകമാണു്.

5. ലോഭം—ധനത്തിനെക്കൊണ്ടു മാത്രം ഗണിക്കുന്ന ലൌകികവിജയം തല്ക്കാലം കണ്ണിനെ മിന്നിക്കുന്നതാണെങ്കിലും സൽഗുണങ്ങളെയും അതോടുകൂടി സമ്പാദിക്കാത്തവർ എന്നെന്നേക്കും ദരിദ്രന്മാർതന്നെ. നിരന്തരമായി അദ്ധ്വാനിച്ചുകൊണ്ടിരുന്നു, അരിഷ്ടിച്ചു ചിലവു കഴിച്ചുകൂട്ടി, വേണ്ടപ്പെട്ടവൎക്കുകൂടി യാതൊരു രക്ഷയും, ആൎക്കും യാതൊരുപകാരവും ചെയ്യാതെ ഉറുപ്പികക്കുറുപ്പിക പലിശ വാങ്ങി ധനത്തെ പൂജിച്ചുകൊണ്ടിരുന്നാൽ ആൎക്കും ധനം സമ്പാദിക്കാം. എന്നാൽ പണത്തിനെ മാത്രം സ്നേഹിച്ചു ലോഭത്താൽ സമ്പാദിച്ചുകൂട്ടുന്നതു നിഷ്പ്രയോജനവും വിസ്മൃതിപ്രദവുമാണ്. ധനത്തിനെ മാത്രമുള്ള സ്നേഹം ആത്മപ്രകാശത്തെ മറെക്കുന്നു. അസ്ഥിരവും നശ്വരവുമായ അല്പധനത്തിന്നു വേണ്ടി വിശിഷ്ടരത്നങ്ങളായ സൽഗുണങ്ങളെ വിക്രയം ചെയ്യുന്ന 'ഷൈലോക്കിനെ' പോലെയുള്ള കൂട്ടർ ഏററവും നിന്ദ്യമായ സ്ഥാനത്തെ അർഹിക്കുന്നതേയുള്ളൂ. 'കനകം മൂലം കാമിനിമൂലം' എത്രമാത്രം ജീവനാശങ്ങളും ജീവക്ലേശങ്ങളും ലോകത്തിൽ സംഭവിക്കുന്നുണ്ടെന്നു പറഞ്ഞറിയിക്കേണ്ടതില്ല.

* "കൎമ്മണാ മനസാ വാചാ പരദ്രവ്യേഷു നിസ്പൃഹാ,
അസ്തേയമിതി സംപ്രോക്തം ഋഷിഭിസ്തത്വദൎശിഭിഃ"

---

* മനോവാക്ക് കൎമ്മങ്ങളാൽ അന്യന്റെ സ്വത്തിൽ ആശയില്ലാതിരിക്കുന്നതാണ് മോഷണവിഹീനത്വം എന്നു തത്വദൎശികളായ ഋഷികളാൽ പറയപ്പെട്ടിരിക്കുന്നു.

എന്ന ഋഷിപ്രോക്തവചനപ്രകാരം പരദ്രവ്യേച്ഛ കളവു, പിടിച്ചുപറി മുതലായവകൾക്ക തുല്യമാണ്.

മിന്നാമിനുങ്ങ അതിന്റെ പ്രകാശത്താൽ തന്റെ നിസ്സാരമായ പൃഷ്ഠത്തെ മാത്രം ശോഭിപ്പിക്കുന്ന വിധംതന്നെ സത്യമൎയ്യാദയില്ലാത്ത ലുബ്ധന്മാരുടെ ധനം ആത്മനിക്ഷേപത്തെ മറച്ചു അതിന്റെ ഉടമസ്ഥന്റെ നിസ്സാരതയെമാത്രം ലോകത്തിന്നു വെളിപ്പെടുത്തുന്നു. 'വാങ്ങുക' എന്ന പദമല്ലാതെ 'കൊടുക്കുക' എന്ന പദം പഠിച്ചിട്ടില്ലാത്ത ഒരു ധനികനെ ദയനീയനായ ഒരു യാചകനെന്നല്ലാതെ യോഗ്യനെന്നു ഒരിക്കലും പറഞ്ഞുകൂടാ. പൃഥരേയും കെടുത്തു ധനം നേടിയ ആൾക്ക 'ഘാതകൻ' എന്ന നാമകരണത്തിന്നേ അൎഹതയുള്ളു. ചെന്നായിന്റെ വിശപ്പുപോലെ അത്യാഗ്രഹവും ദുരയും സ്ഫുരിക്കുന്ന ഒരാൾക്ക ഒരിക്കലും സൌഖ്യവും സമാധാനവും ഉണ്ടായിരിക്കുന്നതുമല്ല.

എന്നാൽ വിവേകമുള്ള ധനികൻ, മററുള്ളവരെക്കാൾ തനിക്ക ലോകത്തോടുള്ള ഭാരവാഹിത്വത്തെ നല്ലവണ്ണം മനസ്സിലാക്കി സ്വശക്തിയെ തന്റെ സഹജീവികളുടെ നന്മക്കായിക്കൊണ്ടു എപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു. ഒരു ഏരിയിൽ വെള്ളം നിറയുന്തോറും പല ചാൽവഴിക്കും ജലത്തിനെ വിട്ടൊഴുക്കി കൃഷിസ്ഥലങ്ങളിലുപയോഗപ്പെടുത്താത്ത പക്ഷം ഏരി പൊട്ടി ജലം ഒന്നായി തള്ളിപ്പോകുന്നതു കൂടാതെ കൃഷിസ്ഥലങ്ങളെ കൂടി മുക്കി നശിപ്പിക്കുന്നതുമാണല്ലോ. മനസ്സാലെ കൊടുക്കാത്തവരെല്ലാം നിൎബ്ബന്ധിതന്മാരായി ഏ

ളും കൊടുക്കേണ്ടിവരും. ഇതു ആൎക്കും തടുപ്പാൻ കഴിയാത്ത പ്രകൃതിനിയമമാണ്. തന്റെയും തന്റെ ആശ്രയത്തിലിരിക്കുന്നവരുടെയും നിത്യവൃത്തിക്കും, സാധുസംരക്ഷണത്തിന്നും, പരോപകാരത്തിന്നും ഉതകാത്ത ലുബ്ധധനം ചോരൻ, അഗ്നി, ശത്രു രോഗം, ധ്വംസനം, രാജകോപം മുതലായവകളാൽ പെട്ടെന്നു നശിച്ചുപോകാനിടവരുന്നതു നാം ഇടെക്കിടെ കണ്ടുവരാറുണ്ട്. ഒരാൾ തന്ത്രസൂത്രങ്ങൾ പ്രയോഗിച്ചും, അനേകം ജനങ്ങളുടെ 'തലയിൽ കല്ലു തൂക്കിയിട്ടും, 'കഞ്ഞിയിൽ പൂഴിവാരിയിട്ടും,' 'തന്റെ നിത്യവൃത്തിതന്നെ വളരെ അരിഷ്ടിച്ചും ധനം മേല്ക്കുമേലെ സമ്പാദിച്ചുകൂട്ടി 'ഭൂതം നിക്ഷേപത്തിനെ കാത്തിരിക്കുന്നപോലെ' ധനാശയാൽ ബന്ധിതനായി കാലക്ഷേപം കഴിച്ചുകൂട്ടി പ്രാണപ്രയാണസമയത്തു മനസ്സമാധാനം ലേശംപോലുമില്ലാതെ അവസാനതിരസ്കരണിയിൽ മറഞ്ഞുപോകുന്നു. ആയാൾ മരിക്കുന്നതിന്നു മുമ്പായി തന്നെ അവകാശികൾ തമ്മിൽ ഛിദ്രിച്ചുതുടങ്ങി, അശനിപാതത്താലെന്നപോലെ, സ്വത്ത് പൊടുന്നനവെ നശിച്ചിട്ടില്ലെങ്കിൽ മരണാനന്തരം അവകാശികൾക്കു മദം വൎദ്ധിച്ചു മത്സരിച്ചു ഒരാളുടെ ജീവിതകാലം മുഴുവനും കഷ്ടപ്പെട്ടുണ്ടാക്കിയ ധനത്തെ "താൻ നേടാപ്പൊന്നു മാററിയാതെ" അവർ നിമിഷംകൊണ്ടു 'പൊടിപൂരമായി' ധ്വംസനം ചെയ്യുന്നു. സ്വാതന്ത്ര്യത്തിന്നും സമാധാനത്തിന്നും നന്മക്കുമായ്ക്കൊണ്ടാണ് ധനം. ധനം നിമിത്തം വിപരീതമായ അനുഭവം ഉണ്ടായിത്തീരുന്നതിനെക്കാൾ നിൎദ്ധനത്വത്തിലിരിക്കുകയാണു എത്രയോ ഭേദം.

6. പരോപകാരം—സമയോചിതമായ ഉപകാരം ആരെയും ദരിദ്രനാക്കുന്നില്ലെന്നുമാത്രമല്ല, സൎവ്വ ഭാഗ്യങ്ങളെയും നൽകുകയും ചെയ്യും. മനസ്സാലേ കൊടുക്കുന്നതെല്ലാം പതിന്മടങ്ങായി മടങ്ങിവരും. പക്ഷെ അതിനെപ്പററി തല്ക്കാലം ആലോചിക്കേണ്ട. ഒരു മുറി തുറന്നിട്ടാൽ ശുദ്ധവായു എല്ലായ്പോഴും വന്നു നിറഞ്ഞുകൊണ്ടിരിക്കും. അടച്ചിട്ടാൽ ശുദ്ധവായു ലഭിക്കയില്ലെന്നുമാത്രമല്ല മുറിക്കകത്തുള്ള വായു ദുഷിച്ചുപോകയുംചെയ്യും. പുഴ സമുദ്രത്തിലേക്കു ഒഴിയുന്തോറും വീണ്ടും നിറഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു. ഒഴുക്കിനെ തടഞ്ഞാൽ ജലം ദുഷിക്കുന്നതും പുഴനീളെ പൊട്ടുന്നതുമാണ്. ഇതു പ്രകൃതിനിയമമാണ്. പരോപകാരത്താൽമാത്രമെ മനസ്സിന്നു നിൎമ്മലത്വം സിദ്ധിക്കയുള്ളു. മനസ്സ് നിൎമ്മലമായിത്തീരാതെ ജീവിതയാത്രയിൽ യാതൊരഭിവൃദ്ധിയും പ്രാപിക്കുന്നതുമല്ല. ആയതിനാൽ പരോപകാരമായ പുണ്യകൎമ്മത്തെ നോക്കീട്ടാണ് ആരേയും വിലമതിക്കേണ്ടതു, അവരുടെ കയ്യുശമുള്ള സാധനങ്ങളെ നോക്കീട്ടല്ല. സൂൎയ്യന്റെ പ്രകാശത്താലാകുന്നു സൂൎയ്യന്നുള്ള മഹിമ, ഗോളങ്ങളെ ഭരിക്കുന്ന ശക്തിനിമിത്തമല്ല. സ്വൎണ്ണത്തിന്നുള്ള ശ്രേഷ്ഠത എങ്ങിനെ അതിനെകൊണ്ടുള്ള ഉപയോഗം നിമിത്തമാകുന്നുവോ അങ്ങിനെ തന്നെ സമസ്തസൃഷ്ടികൾക്കുള്ള ഉപയോഗം നിമിത്തമാകുന്നു മനുഷ്യന്നുള്ള ശ്രേഷ്ഠതയും. പരോപകാരത്തിനെ സംബന്ധിച്ച രീതിയൊന്നും നിജപ്പെടുത്താവുന്നതല്ല. "പരോപകാരാൎത്ഥമിദംശരീരം" എന്ന ധാരണയോടുകൂടി ആരോ

സന്ദൎഭങ്ങളിലും 'യഥാശക്തി യഥോചിതം' സഹജീവികളുടെ നന്മക്കായ്ക്കൊണ്ടു 'ജ്ഞാനായ ദാനായ ച രക്ഷണായ' ചെയ്യുന്നതെല്ലാം പരോപകാരംതന്നെ. ധനത്താൽ മാത്രമല്ല ജ്ഞാനോപദേശത്താലും, മാതൃകയായ നടവടി, വാക്കു, ദേഹം എന്നിവകളാൽക്കൂടിയും പരോപകാരംചെയ്യാം. അനുകൂലമായ വിചാരത്തിന്നുകൂടി അനുഗ്രഹശക്തിയുണ്ട്. എന്നാലും ധനംതന്നെയാണ് പരോപകാരത്തിന്നുള്ള പ്രധാനമായ ശക്തി. അന്നദാനം പരോപകാരത്തിൽവെച്ചു പരമോൽകൃഷ്ടമായ ഒന്നാണെന്നു പറയേണ്ടതില്ലല്ലൊ. വിശന്നു വലഞ്ഞുവരുന്നവൎക്കു താന്താങ്ങൾക്കുള്ളതിൽ നിന്നെങ്കിലും ഒരോഹരി കൊടുക്കേണ്ടതു സൎവ്വൎക്കും നിൎബ്ബന്ധമായ ഒരു ബാദ്ധ്യതയാണ്.

കാണുന്നവൎക്കും ചോദിക്കുന്നവൎക്കുമെല്ലാം അസ്ഥാനത്തും അനുചിതമായും അവരുടെ ഇഷ്ടം പ്രവൃത്തിച്ചു ധനത്തെ ദുൎവ്യയം ചെയ്യുന്നതു വിവേകപൂൎവ്വമായ പരോപകാരമല്ല. വയോവൃദ്ധന്മാൎക്കും, അംഗവൈകല്യമുള്ളവൎക്കും, അനാഥ ശിശുക്കൾക്കും, ചിത്തഭ്രമം രോഗം മുതലായ ഹേതുക്കളാൽ തന്നെത്താൻ രക്ഷിപ്പാൻ കഴിവില്ലാത്ത സ്ഥിതിയിലുള്ളവൎക്കും, പ്രവൃത്തിക്കു ശേഷികെട്ടവൎക്കും മാത്രമെ സമുദായത്തിൽനിന്നു പൂൎണ്ണരക്ഷക്കവകാശമുള്ളു. ശേഷമുള്ളവൎക്കെല്ലാം അവരുടെ സ്ഥിതിക്കും തരത്തിന്നും സന്ദൎഭത്തിന്നും അനുസരിച്ചു സമയോചിതംപോലെ രക്ഷ ചെയ്യുന്നതും, സ്വപ്രയത്നശക്തി പുഷ്ടിപ്പെടുത്തേണ്ടതിന്നുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നതും മാത്രമെ സൽ

പാത്രദാനമായിരിക്കയുള്ളു. സ്വപ്രയത്നത്തിന്നുശേഷിയുള്ളവരെ മടിയന്മാരാക്കി പരാശ്രയത്താൽ കാലക്ഷേപം കഴിച്ചുകൂട്ടുവാനിടവരുത്തുന്ന അപാത്രദാനങ്ങൾ രാജ്യത്തിന്റെ ക്ഷേമത്തിന്നു ഹിതകരമല്ല. അങ്ങിനെയുള്ളവക്കെല്ലാം അഹോവൃത്തി കഴിച്ചുകൂട്ടത്തക്ക തൊഴിലാണു ഉണ്ടാക്കികൊടുക്കേണ്ടതു. അങ്ങിനെ ചെയ്യുന്നതിൽ പരോപകാരമുണ്ടു, എന്നാൽ ദുർവ്യയമില്ലതാനും.

സർവ്വപ്രാധാന്യമായി വ്യവസായശാലകളും കരകൌശലങ്ങളായ തൊഴിലുകൾ അഭ്യസിപ്പിക്കുവാൻ തൊഴിലാലയങ്ങളും സ്ഥാപിക്കുക; വിദ്യാഭ്യാസം പ്രചുരപ്രചാരമാക്കി തീൎക്കുക; അധഃകൃതവർഗ്ഗങ്ങൾക്കു നാഗരീകത്വം വൎദ്ധിപ്പിച്ചു സമത്വം ആചരിക്കുക; പൊതുജനങ്ങൾക്കറിവു വൎദ്ധിപ്പാൻ വായനശാലകൾ ഏൎപ്പെടുത്തുക; ഗതാഗതമാർഗ്ഗങ്ങളിലെല്ലാം വൃക്ഷങ്ങൾ നട്ടുണ്ടാക്കുക; ആവശ്യമുള്ള വിടങ്ങളിലെല്ലാം ജലാശയങ്ങളും സത്രങ്ങളും നിൎമ്മിക്കുക; ബുദ്ധിമുട്ടുള്ളവൎക്കെല്ലാം ചുരുങ്ങിയ പലിശക്കു കടംകിട്ടത്തക്ക വിധത്തിൽ ഐക്യനാണയസംഘങ്ങളെ വൎദ്ധിപ്പിക്കുക; സാധുക്കളായ കൃഷിക്കാൎക്കു വിത്തു, വല്ലി, കാലികൾ, കൃഷിപരിഷ്കാരങ്ങൾ മുതലായ ആവശ്യങ്ങളിലേക്കു ധനസഹായം ചെയ്യുക; പാവപ്പെട്ടവൎക്കു യഥാശക്തി ദാനങ്ങൾ നൽകുക; രോഗികൾക്കു വേണ്ടപ്പെട്ട രക്ഷകളെല്ലാം ചെയ്യുക; അനാഥശിശുക്കളുടെ രക്ഷക്കു ഏൎപ്പെടുത്തുക; രക്ഷാകൎത്താക്കന്മാരില്ലാത്ത സാധുസ്ത്രീകൾക്കു ഉപജീവനമാർഗ്ഗത്തിന്നായി അവൎക്കു യോജിച്ചതായ

തൊഴിലാലയങ്ങൾ ഏൎപ്പെടുത്തുക; ആപത്തുകൾ നേരിട്ടിരിക്കുന്നവൎക്കെല്ലാം കഴിയുന്നത്ര സഹായങ്ങൾ ചെയ്യുക; പൊതുജനോപകാരത്തിന്നായി സ്റ്റേറ്റ് സംഘങ്ങളേയും സേവാസമാജങ്ങളേയും പ്രചരിപ്പിക്കുക; എന്നിങ്ങിനെ അസംഖ്യം പ്രകാരേണ ഔചിത്യമേറിയ പൊതുജനോപകാരങ്ങൾ ചെയ്യാൻ മാൎഗ്ഗങ്ങളുണ്ട്.

"സന്ദേഹം വേണ്ട പരന്നുപകാരത്തിനാകാത്തതെങ്കിൽ
കിംദേഹം കൊണ്ടൊരുഫലമിഹ പ്രാണിനാം ക്ഷോ-
ണിതന്നിൽ."

എന്നു പറഞ്ഞിട്ടുള്ള വിധം പരോപകാരബുദ്ധി ഉദിച്ചിട്ടില്ലാത്ത മനുഷ്യജീവിതം വ്യൎത്ഥമാണ്.

സമസ്തസൃഷ്ടികളെ സ്നേഹിച്ചു യഥാശക്തി എല്ലാവരേയും ജീവിതയാത്രയിൽ സഹായിക്കുന്നതാണ് ശരിയായ ഈശ്വരഭജനം. വിശ്വരൂപത്തിൽ പ്രത്യക്ഷമായി കാണുന്ന ഈശ്വരചൈതന്യവിലാസങ്ങളെ ഭജിക്കാത്തവൎക്കാൎക്കും യഥാൎത്ഥഭക്തി ഉണ്ടായിരിക്കുന്നതല്ല. സമസ്തസൃഷ്ടിസ്നേഹമില്ലാതെ സൽഗ്ഗുണങ്ങളുടേയും യോഗ്യതയുടേയും ഭക്തിയുടേയും സത്യത്തിന്റേയും നാട്യമെല്ലാം മിത്ഥ്യയും സ്വാൎത്ഥതല്പരതയെ മറെച്ചു വെപ്പാനുള്ള ഒരുപായവും മാത്രമാണ്. ലോകം നിലനില്ക്കേണ്ടതിന്നാവശ്യമായ നീതിന്യായം നടത്തുന്നതു കൂടി യാതൊരു പ്രതികാരേച്ഛയും പകയുമില്ലാതെ ശോധനാപിതമായിരിക്കേണ്ടതാണ്.

## VII. വിവാഹം.

"കാൎയ്യേഷുമന്ത്രീ കരണേഷുദാസീ
രൂപേഷുലക്ഷ്മീ ക്ഷമയാ ധരിത്രീ
സ്നേഹേഷുമാതാ ശയനേഷുവേശ്യാ
ഷൾകൎമ്മയാരീ കുലധൎമ്മപത്നീ."

(കാൎയ്യങ്ങളിൽ മന്ത്രിയായും, ശുശ്രൂഷയിൽ ദാസിയായും, രൂപത്തിൽ ലക്ഷ്മിയായും, ക്ഷമയിൽ ഭൂദേവിയായും, സ്നേഹത്തിൽ മാതാവായും, ശയനത്തിൽ വേശ്യയായും വൎത്തിക്കുന്ന സ്ത്രീയാണ് കുലധൎമ്മപത്നി)

1. വിവാഹം—മിക്കതും പ്രാണികൾക്കു ദാമ്പത്യസുഖം കൂടാതെ കഴികയില്ലെന്നുള്ളത് തീൎച്ചയാണ്. സന്താനോല്പാദനത്താൽ ലോകത്തെനിലനിൎത്തുവാൻവേണ്ടി സ്നേഹരൂപമായ ആനന്ദത്തിന്റെ അങ്കുരം അസ്ഥിരമായിട്ടെങ്കിലും കളത്രപുത്രവിഷയത്തിൽ പ്രകൃതി നൽകിയിരിക്കുന്നു. ദുൎല്ലഭം ചില മഹാന്മാൎക്ക് വിഷയേച്ഛകളെയെല്ലാം അടക്കി ബ്രഹ്മചാരികളായിരിപ്പാൻ കഴിവുള്ളതാണെങ്കിലും സാധാരണന്മാൎക്കെല്ലാം അതു ദുഷ്കരമായിട്ടാണു കാണുന്നതു.

* "കൎമ്മണാ മനസാവാചാ സൎവ്വാവസ്ഥാസുസൎവ്വദാ,
സൎവ്വത്ര മൈഥുനത്യാഗോ ബ്രഹ്മചൎയ്യം പ്രചക്ഷതേ"

---

* മനോവാക്ക് കൎമ്മങ്ങളാൽ എല്ലാ അവസ്ഥകളിലും എല്ലായ്പോഴും എല്ലായിടങ്ങളിലുമുള്ള മൈഥുനത്യാഗത്തെയാണ് ബ്രഹ്മചൎയ്യം എന്നു പറയുന്നത്.)

എന്ന വിധത്തിൽ കാമവിചാരം മനസ്സിൽ സ്ഫുരിക്കാതിരുന്നാൽ മാത്രമെ ബ്രഹ്മചര്യ്യമാകയുള്ളൂ. സർവ്വരും ബ്രഹ്മചാരികളായി തീരുന്നതായാൽ ലോകം നിലനില്ക്കുന്നതല്ലായ്കയാൽ സർവ്വരും സന്യസിച്ചു സ്ത്രീവിഷയം ത്യജിക്കേണമെന്നല്ല സൃഷ്ടികർത്താവിൻെറ ഹിതം എന്നു സ്പഷ്ടമാകുന്നു.

പ്രേമത്തിൻെറ അങ്കുരം സർവ്വ ജീവികളിലുമുണ്ട്. എന്നാൽ സ്നേഹം പല വഴിക്കും ചിന്തി ദുർബ്ബലമായി നില്ക്കുന്നതായാൽ യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല പലേ ന്യൂനതകളും ദോഷങ്ങളുമുണ്ടുതാനും. അതിനാലാകുന്നു ബുദ്ധിവിശേഷമുള്ള മനുഷ്യൻ സ്നേഹത്തെ ഒരേ ദിക്കിൽ വ്യവസ്ഥപ്പെടുത്തുവാൻവേണ്ടി വിവാഹമെന്ന ഒരു രീതിയെ ഏർപ്പെടുത്തിയതു. സ്നേഹം ഒരേ ദിക്കിൽതന്നെ പൂർണ്ണമായിരിക്കുന്നതാണ് ഉപയോഗവും നന്മയും. പ്രപഞ്ചത്തിലെ സകല കഷ്ടങ്ങൾക്കും ദുഃഖങ്ങൾക്കും പരിഹാരമായ ഒരൌഷധമാകുന്നു സ്നേഹം. ദാമ്പത്യബന്ധത്തിൻെറ ജീവൻ മൃഗസ്വഭാവമായ കാമമല്ല; പരിശുദ്ധമായ പ്രേമമാണ്. മൃഗസ്വഭാവമായ കാമത്തെയാകുന്നു ശാസ്ത്രങ്ങളിൽ നിന്ദിച്ചിട്ടുള്ളത്, നിഷ്കളങ്കമായ സ്നേഹത്തെയല്ല. ഭാര്യാഭർത്താക്കന്മാർ ഒരേ ഹൃദയവും ഒരേ ആത്മാവും എന്ന നിലയിലിരുന്നാൽമാത്രമെ ദാമ്പത്യജീവിതത്തിന്നു സൌഖ്യമുള്ളൂ. ഹൃദയമാണ് സ്നേഹത്തിൻെറ ഇരിപ്പിടം. വല്ല സംഗതിവശാലും ഹൃദയം തപിക്കുമ്പോഴാണ് ജീവിതം ദുഃഖമയമായിത്തീരുന്നത്. ഹൃദയം ശീതളമാകുമ്പോഴാണ് ജീവിതം സുഖമായിത്തോന്നുന്നത്.

സ്ഥൂലശരീരത്തിൻെറ സ്വാഭാവികമായ ആഗ്രഹങ്ങളെ ന്യായമായും, വ്യവസ്ഥയായും, മിതമായും തൃപ്തിപ്പെടുത്തേണ്ടതുതന്നെ. പ്രകൃതിക്കനുസരിച്ചു നടന്നു പ്രകൃതിയെ ക്രമേണ ജയിക്കുന്നതല്ലാതെ എതിൎക്കുന്നതു എപ്പോഴും വിപരീത ഫലപ്രദമാണ്. ലൌകിക വിഷയങ്ങളിലുള്ള ആഗ്രഹങ്ങളെ നിശ്ശേഷം അടക്കാനായ്ക്കൊണ്ടുള്ള സ്വാശക്തി ലഭിക്കാതെ ബ്രഹ്മചൎയ്യം നടിച്ചിരിക്കുന്നവർ മിക്കപേരും കപടന്മാരും വ്യഭിചാരികളുമായിട്ടാണ് കണ്ടുവരാറുള്ളത്. വ്യഭിചാരം ഐഹിക പാരത്രികങ്ങളായ സമസ്തദോഷങ്ങളുടേയും ബീജമാകയാൽ യൌവനദശ മുററുമ്പോൾ ന്യായമായ ഒരു വിവാഹം നടത്തി ഗൃഹസ്ഥാശ്രമധൎമ്മം സ്വീകരിക്കുന്നതാകുന്നു നന്മ; എന്നാൽ വളരെ ചെറുപ്പത്തിൽതന്നെ വിവാഹം ചെയ്യുന്നതായാൽ ആരോഗ്യക്ഷയം സന്താനവൈകല്യം മുതലായ ചില ദോഷങ്ങൾക്കും ഇടയുണ്ട്. മററെന്തു ഗുണങ്ങൾ ഒരാൾക്കുണ്ടെങ്കിലും വ്യഭിചാരം അവകളെയെല്ലാം കെടുക്കുന്നു. സത്യധൎമ്മമൎയ്യാദകളോടുകൂടിയ നടവടിക്കും അഭിവൃദ്ധിക്കും വ്യഭിചാരം മററു സൎവ്വ ദോഷങ്ങളിലും കവിഞ്ഞുനില്ക്കുന്ന ഒരു പ്രതിബന്ധമാണ്. പൊന്നാശയും പെണ്ണാശയുമാണ് ലോകത്തിൽ സൎവ്വത്ര സൎവ്വ ദോഷങ്ങളും ചെയ്യുന്നത്.

ഭാരം ചുമക്കാൻ മടിയുള്ളവരും, മാറിമാറി രമിപ്പാൻ രുചിയുള്ളവരുമാണ് പൂൎണ്ണയൌവനത്തിൽ വിവാഹത്തിൽനിന്നു ഒഴിയുന്നത്. ഗൃഹസ്ഥാശ്രമം ഭരിപ്പാൻ കഴിവില്ലാത്തവരാകും ജീവിതസമരത്തിന്നു പററുന്ന പുരു

ഷന്മാരല്ല. ഒരു സ്ത്രീയെ പരിഗ്രഹിച്ചാൽ ചിലവു സമൃദ്ധിയായി ചെയ്യേണ്ടിവരുമെന്നു വിചാരിക്കുന്നതും ശരിയല്ല. സ്വസ്ഥിതിയിൽ കവിഞ്ഞ ദിക്കിൽ വിവാഹത്തിന്നുദ്ദേശിക്കാതെ സ്വസ്ഥിതിക്കനുസരിച്ചു കഴിഞ്ഞുകൂടുന്നതിൽ തൃപ്തിപ്പെടുമെന്നു തോന്നുന്ന സ്ത്രീയെയാണ് ഭാര്യയായി തിരഞ്ഞെടുക്കേണ്ടത്. വിവാഹം ചെയ്യാത്ത ഒരാൾക്കു സൌഖ്യമുണ്ടാകയില്ലെന്നു മാത്രമല്ലാതെ ചിലവോ ഭാരമോ അനുഭവത്തിൽ ചുരുങ്ങിക്കിട്ടുന്നതുമല്ല. അങ്ങിനെയുള്ള ഒരാൾക്കു തന്റെ കാര്യത്തിൽ 'ചൂടും പാടും' ഉള്ളവരായി ആരും ഉണ്ടായിരിക്കുന്നതല്ലാത്തതിനാൽ താൻ തന്നെ സർവ്വ കാര്യങ്ങളിലും ദൃഷ്ടിവെക്കേണ്ടിവരുന്നു. തന്റെ ബാഹ്യമായ സൌകര്യങ്ങൾ 'ഒത്തൊപ്പിക്കുന്നവർ' തക്കതായ പ്രതിഫലവും കൊടുക്കേണ്ടിവരുന്നു. എന്നാൽ താനും അവരുമായി യാതൊരു മുതൽബന്ധവുമില്ലാത്തതിനാൽ കാര്യങ്ങൾക്കു ചിട്ടയും കൃത്യവും ശ്രദ്ധയുമില്ലാതെ, തനിക്കു നഷ്ടകഷ്ടങ്ങൾക്കിടവരുമെന്നു മാത്രമല്ല തരംകിട്ടുന്നേടത്തോളം അവർ തന്നെ പററിക്കുകയും ചെയ്യുന്നു. തനിക്കു വല്ല ദുഃഖം നേരിടുമ്പോഴോ, താൻ ക്ഷീണിച്ചു വരുമ്പോഴോ, രോഗത്തിൽ കിടക്കുമ്പോഴോ, തന്റെ മനോഭാവം പങ്കുകൊണ്ടു തന്നെ ആശ്വസിപ്പിക്കുവാൻ ആരെയും കാണുകയുമില്ല. തന്റെ ഹൃദയത്തിന്റെ ഘനമുള്ള ഭാരം ഇറക്കിവെപ്പാനും ആസ്പദമൊന്നും കാണുകയില്ല. മനസ്സമാധാനം വിലക്കു വാങ്ങുവാൻ കിട്ടുന്ന ഒന്നല്ലാത്തതിനാൽ കുറച്ചധികം കഷ്ടപ്പെടേണ്ടിവന്നാൽകൂടി അതു ലഭിക്കു

ന്നതല്ലേ നന്മ? പതിവ്രതയായ ഒരു ഭാൎയ്യക്കല്ലാതെ ആശ്വാസം നല്കുവാനുള്ള ശക്തി ലോകത്തിൽ മററാൎക്കുമില്ല മനസ്സുതന്നെ സ്നേഹരൂപമാകയാൽ സ്നേഹത്താൽ മാത്രമേ മനസ്സിനെ പൂരണംചെയ്വാൻ കഴികയുള്ളു. "അൎദ്ധം ഭാൎയ്യാ മനുഷ്യസ്യ ഭാൎയ്യാശ്രേഷ്ഠതമഃസഖാ" എന്നപോലെ ജീവിതയാത്രയിൽ അന്യോന്യം കൂട്ടുകാരാകുന്നു ദമ്പതിമാർ. ഇരുവഴിക്കാരുടേയും സുഖദുഃഖങ്ങളെ ഭാഗഭാക്കുകളായി അന്യോന്യം പങ്കുകൊണ്ടു ആശ്രയിക്കുമ്പോൾ രണ്ടുപേൎക്കും ആശ്വാസവും ശക്തിയുമുണ്ടായ്ത്തീരുന്നു. തന്നിമിത്തമാണ് സ്ത്രീപുരുഷന്മാൎക്കു ഭൎത്തൃകളത്രങ്ങൾ സംസാരസാഗരം കടപ്പാനുള്ള തോണിയാണെന്നു ശാസ്ത്രങ്ങളിൽ കല്പിച്ചിട്ടുള്ളതു. എത്ര ദുഷ്ടഹൃദയന്മാൎക്കും സ്വാൎത്ഥതല്പരത കുറഞ്ഞു തുടങ്ങുന്നതു കളത്രപുത്രാദികൾ മൂലമായിട്ടാകുന്നു. സ്വാൎത്ഥത്യാഗത്തിന്റെ പ്രഥമപാഠം ഗൃഹസ്ഥാശ്രമത്തിൽ നിന്നുതന്നെയാണ് പഠിയുന്നതു.

വിവാഹം മനുഷ്യജീവിതത്തിലെ മുഖ്യമായൊരവസരമാണ്. ഭാൎയ്യയെ തിരഞ്ഞെടുക്കുന്നതിൽ യാതൊരു പ്രകാരത്തിലുമുള്ള വ്യാപാരരീതികളും (വിവാഹധനം, മാററം, നിൎബ്ബന്ധം മുതലായവ) ഉദ്ദേശിക്കാതെ തന്റെ മനഃപൂൎവ്വമായ ഹിതത്തിന്നനുസരിച്ചു സ്വയംവരണമായി വേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. അപ്രകാരം ചെയ്യാതെ മറേറാരൊ ഉദ്ദേശങ്ങൾ നിമിത്തം വിവാഹം നടത്തുന്നതിനാലാകുന്നു സൎവ്വ വൈഷമ്യങ്ങൾക്കും ദുഃഖങ്ങൾക്കുംഇടവരുന്നതു. (1) ചാരിത്രശുദ്ധി (2) സ്വഭാവഗുണം

(3) ഗൃഹഭരണപ്രാപ്തി (4) സൌന്ദൎയ്യം ഇവകളാലാണ്
ഒരു സ്ത്രീയെ വിലമതിക്കേണ്ടതു.

2. ചാരിത്രശുദ്ധി—മനസാ വാചാ കൎമ്മണാ നി
ൎമ്മലത്വവും വിനയവും ഇല്ലാത്ത ഏതു സ്ത്രീയും മററെ
ന്തു യോഗ്യതകൾ തികഞ്ഞിട്ടുണ്ടെങ്കിലും ത്യാജ്യയാകുന്നു.
അസതിയായ ഒരു സ്ത്രീ ഒരിക്കലും പതിവ്രതയായിരി
പ്പാൻ സംഗതിയില്ലല്ലൊ. പതിവ്രതയല്ലാത്ത സ്ത്രീയുടെ
സൌന്ദൎയ്യവും ബുദ്ധിവൈഭവവും സാമൎത്ഥ്യവും, ദോഷ
ങ്ങൾക്കും ആപത്തുകൾക്കുമായ് ത്തന്നെപരിണമിക്കയുള്ളു.
'കാമിനീകാഞ്ചനങ്ങൾ' മൂലമാണ് ലോകത്തിൽ സമസ്തക
ലഹങ്ങളും നാശങ്ങളുമുണ്ടായ് ത്തീരുന്നതു. ദൃഢവ്രതത്തോ
ടു കൂടിയ ഒരു സാധ്വിക്കു മാത്രമെ ചാരിത്രസംരക്ഷക്കു ക
ഴിവുണ്ടായിരിക്കയുള്ളു. ആലോചിക്കുകയോ സംശയിക്കു
കയൊ ചെയ്യുന്ന സ്ത്രീ അധഃപതിക്കുകയേ പതിവുള്ളു.
സൂക്ഷ്മാവലോകനം ചെയ്താൽ സ്ത്രീപുരുഷന്മാരുടെ വ്യഭി
ചാരകൎമ്മങ്ങളിൽ വ്യത്യാസം ഉണ്ട്. പുരുഷന്നു വ്യഭിചാ
രത്താൽ അവാന്തരദോഷങ്ങളല്ലാതെ പ്രധാന ഫലാനുഭവ
ദോഷങ്ങൾ ബാധിക്കുന്നതല്ലല്ലൊ. സ്ത്രീത്വത്തിന്റെ പ്ര
ധാനമായ ശക്തി സ്നേഹമാണ്; സ്നേഹം മനോശ്ശുചിയെ
ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതു. ഒന്നിനെമാത്രം ആ
ശ്രയിക്കാത്ത തല്ക്കാലരസത്തെ സ്നേഹമെന്നു ഒരിക്കലും പ
റഞ്ഞുകൂടാ. സ്നേഹമെന്നൊരവസ്ഥ പൂൎണ്ണമായി നല്കുവാൻ
കഴിയാത്ത സ്ത്രീയെക്കൊണ്ടു ദ്രോഹങ്ങളല്ലാതെ സുഖം
ഒട്ടുമുണ്ടാകുന്നതല്ല. പരപുരുഷന്മാരോടു ഗൌരവബോധവും

ഭർത്താവിങ്കൽ ഹൃദയത്തിന്റെ സമർപ്പണവുമാണ് പാതിവ്രത്യത്തിന്റെ അടയാളം. അന്യപുരുഷന്മാരോടു ചിരിച്ചുകളിച്ചു സല്ലാപിക്കുവാൻ ഇഷ്ടപ്പെടുന്ന സ്ത്രീകളുള്ളവിടെ ദുർവൃത്തവും അവ്യവസ്ഥയും തുമുലവും അല്ലാതെ കാണ്മാൻ സംഗതിയില്ല. അങ്ങിനെയുള്ള സ്ത്രീയുടെ മന്ദഹാസം അന്യന്മാൎക്കും ദുർമ്മുഖം ഭർത്താവിനുമായിരിപ്പാനേ വഴിയുള്ളു. ഭാൎയ്യ അസതിയാണെന്നു ബോദ്ധ്യപ്പെട്ടതിനു ശേഷം ആ സ്ത്രീയോടു സഹവസിക്കുന്നവൻ ജീവന്മൃതതനാണ് എന്നുവേണം പറവാൻ. പ്രേമവിശ്വാസങ്ങൾക്കു ഭംഗം നേരിടുന്നതുതന്നെ ആപൽക്കരമാകയാൽ അവിശ്വാസത്തിന്നിട കൊടുക്കുന്നതും തക്കതായ കാരണം കൂടാതെ സംശയിക്കുന്നതും അവിവേകമാണ്. വിവാഹം ജന്മപൎയ്യന്തം എത്തേണ്ട കരാറാകയാൽ സംശയത്താൽ മാത്രം ഭാൎയ്യയെ ഉപേക്ഷിക്കുന്നതു ആൎക്കും ധൎമ്മമല്ല. അതുകൊണ്ടു ഭാൎയ്യയെ തിരഞ്ഞെടുക്കുന്നതിൽ കുലശുദ്ധി, ചാരിത്രനിഷ്ഠ എന്നീ സംഗതികളെക്കുറിച്ചു കഴിയുന്നേടത്തോളം ആത്മതൃപ്തി വരുത്തേണ്ടതാണ്. മററു സൎവ്വ കാൎയ്യങ്ങളിലും ഉചിതമായ 'മിതം' പാതിവ്രത്യത്തിൽ മാത്രമെ അവജ്ഞാവഹമായ് തോന്നുന്നുള്ളു. എന്നാൽ പുരുഷന്മാരുടെ സ്നേഹം അന്യസ്ഥാനം പിടിച്ചു ഭാൎയ്യമാരിൽ ഉപേക്ഷയും അശ്രദ്ധയും സംഭവിക്കുമ്പോൾ അവരും അപ്രകാരം തന്നെ അനുഷ്ഠിക്കുന്നതിൽ ആശ്ചൎയ്യമില്ല. പുരുഷന്മാർ അന്യസ്ത്രീകളിൽ രമിക്കുന്നതും വിശ്വാസവഞ്ചനതന്നെ; വിശ്വാസവഞ്ചന മഹാപാതകങ്ങളിൽ ഒ

ന്നമാണ്. പ്രൌഢദശക്കു മുമ്പായി ഭർത്താക്കന്മാർ മരിച്ചു വൈധവ്യം സംഭവിക്കുന്ന സ്ത്രീകൾക്കു പുനർവ്വിവാഹം നടത്തുന്നതിൽ ചാരിത്രദോഷം കല്പിച്ചുകൂടാ.

3. സ്വഭാവഗുണം— സൽസ്വഭാവത്തെ മുൻകൂട്ടി മനസ്സിലാക്കാൻ വളരെ പ്രയാസമാണ്. യഥാർത്ഥത്തെ തല്ക്കാലം മറച്ചുവെച്ചു മറിച്ചുകാണിപ്പാൻ മനുഷ്യന്നു കഴിവുണ്ട്; പുഞ്ചിരി സുലഭവുമാണ്. സൌശീല്യം എന്നുവെച്ചാൽ മൌനമല്ല. മൌനം ആലസ്യത്തെയും ഉൾക്കാതലിനേയും സൂചിപ്പിക്കുന്നു. രാവുപകൽ ഒന്നിച്ചിരിക്കുക, എന്നാൽ ഹൃദയം തുറന്നു സംസാരിക്കാതിരിക്കുക— ഈ അവസ്ഥ ആർക്കും ഹൃദയഭേദകമായിരിക്കും. ഹൃദയം തരിച്ചിരിക്കയേക്കാൾ കലശൽ കൂട്ടുന്നതു കൂടി കുറെ ഭേദമാണ്. പറയത്തക്ക കാരണങ്ങളൊന്നുമില്ലാതെ എന്തെങ്കിലും അനിഷ്ടം തോന്നുന്നതുകൊണ്ടും സ്ത്രീകൾ മൌനമവലംബിക്കും. പ്രണയകലഹത്തിന്നുള്ള പ്രതിവിധി അതു തന്നെത്താൻ കത്തിക്കാളി അടങ്ങുവാനായി ഒഴിച്ചുവിടുക തന്നെ. എന്നാൽ ആ വ്യാധിയെ തന്റെ കണ്ണിന്നുമുമ്പിൽ കണ്ടുകൊണ്ടിരിപ്പാൻ ഇടവരാതിരിക്കുക തന്നെയാകുന്നു ഉത്തമം. എപ്പോഴും ഭൂതഭവിഷ്യൽത്തമാനങ്ങളെക്കുറിച്ചു മൌഢ്യപ്പെട്ടുകൊണ്ടിരിക്കുന്ന ദുസ്വഭാവിയായ സ്ത്രീ ഭർത്താവിനെ നരകശിക്ഷ അനുഭവിപ്പിക്കാതിരിക്കയില്ല. ഓരോരുത്തരുടെ ഓരോവിധത്തിലുള്ള മോടികൾ കാണുമ്പോഴെല്ലാം അപ്രകാരം തന്നെ തനിക്കും വേണമെന്നു ശഠിച്ചും, ഒന്നു കിട്ടിയാൽ വേറൊന്നു കിട്ടേണ

മെന്നു മുരമ്പിയും, സ്വസ്ഥിതിയിൽ തൃപ്തിപ്പെടാതെ മെത്സ്യപ്പെട്ടും, ഇടക്കിടെക്കു ഭർത്താവിനോടു വാഗ്വാദം ചെയ്യും ഇരിക്കുന്ന ഒരു ഭാര്യ്യ ഉണ്ടായിരിക്കയെക്കാൾ സന്ന്യാസിക്കുകതന്നെയാണ് ഭേദം. എപ്പോഴും ആവലാതികളും കയൎത്ത ചോദ്യങ്ങളും തട്ടുത്തരങ്ങളും കേട്ടുകൊണ്ടിരിക്കുന്നതു ആൎക്കും സുഖമായിരിക്കയില്ല. തന്നെ സ്നേഹിക്കുന്നില്ലെന്നോ, തന്റെ ഇഷ്ടപ്രകാരം നടന്നില്ലന്നൊ, തന്റെ കാൎയ്യത്തെപ്പററി അന്വേഷിച്ചില്ലെന്നൊ, തനിക്കു സുഖമില്ലെന്നൊ ഇടക്കിടെക്കു പുലമ്പുന്നതു കേട്ടുകൊണ്ടിരിക്കേണ്ടതായ്വരുന്നതു വലിയൊരു നിൎഭാഗ്യമാകുന്നു. എപ്പോഴും വിവാദംചെയ്യും "താൻ പിടിച്ച മുയലിന്നു കൊമ്പു രണ്ടു" എന്ന മട്ടിൽ ശഠിച്ചുംകൊണ്ടിരിക്കുന്ന സ്ത്രീ ഏകശാസനം നടത്തി ഗൃഹസ്ഥാശ്രമം കേമമാക്കി തീൎക്കാതിരിക്കയില്ല. ഭൎത്താവു ഒരാളോടു സംസാരിക്കുന്നതിന്നിടയിൽ തന്റെ അഭിപ്രായത്തെ ചെലുത്തുകയോ, സ്വാഭിപ്രായം ഉറപ്പിച്ചു പറകയോ, ഭൎത്താവിനെ ശാസിക്കുകയോ ചെയ്യുന്ന സ്ത്രീയെ ഭാൎയ്യയായി ലഭിച്ച പുരുഷന്നു സ്വശക്തിയുണ്ടാവുന്ന കാൎയ്യം വളരെ പ്രയാസമാണ്. സ്ത്രീകൾ സാധാരണയായി പുരുഷന്മാരെക്കാൾ സൂക്ഷ്മതയും ഉൾപ്പോരുംകരുത്തും ഉള്ളവരാകയാൽ അവർ ക്രമേണ കയ്യേറി ഭർത്താക്കന്മാരെ തങ്ങളുടെ ആജ്ഞെക്കു കേവലം കീഴടക്കുവാൻ പരിശ്രമിക്കുന്നതിനെ ആപ്പപ്പോൾ തന്നെ നിരോധിക്കേണ്ടതാണ്. എന്നാൽ അവൎക്കു സ്ഥനശക്തിയും ക്ഷമയും സ്നേഹവും പുരുഷന്മാരെക്കാൾ കൂടിയിരിക്കുമെന്ന തത്വവും

ഓൎമ്മവെക്കേണ്ടതാണ്. ഭൎത്താവു ഭാൎയ്യയെ പൂൎണ്ണമായി സ്നേഹിക്കേണ്ടതും സമത്വമാചരിക്കേണ്ടതും ഭാൎയ്യയുടെ അഭിപ്രായത്തെക്കൂടി ഗണിക്കേണ്ടതും തന്നെ. എന്നാലും പുരുഷന്നു സ്വശക്തി ഉണ്ടായിരിക്കുകതന്നെ വേണം.

സ്ത്രീകളുടെ മുഖം സദാസ്സോഴും പ്രസന്നമായും പുഞ്ചിരികൊണ്ടും സംസാരം മധുരമായും, അനുകൂലമായും, ആദരവോടുകൂടിയും ഭൎത്താവിന്റെ അരികെ ഹൃദയംതുറന്നും ശുചിയോടുകൂടിയും ഭൎത്താവിനെ കേവലം ആശ്രയിച്ചുംതന്നെ ഇരിക്കണം. അങ്ങിനെ കാണുന്നില്ലെങ്കിൽ ഹൃദയങ്ങൾക്കു തമ്മിൽ അടുപ്പം കുറയുമെന്നു തന്നെ തീൎച്ചപ്പെടുത്താം. സ്ത്രീകൾ അബലകളും ചാപല്യമുള്ളവരുമാകയാൽ ഭൎത്താക്കന്മാർ കഴിയുന്നതും ഭാൎയ്യമാരെ ഹിതപ്പെടുത്തുവാൻ പരിശ്രമിക്കേണ്ടതുതന്നെ. എന്നാൽ ഭൎത്താക്കന്മാരോടു വിനയപൂൎവ്വമല്ലാതെ പെരുമാറുവാൻ സ്ത്രീകൾക്കു അൎഹതയില്ല.

4. <u>ഗൃഹഭരണപ്രാപ്തി</u>—ഗൃഹഭരണത്തിന്നു വകതിരിവും ഗൃഹകൃത്യങ്ങൾ നടത്തുന്നതിൽ ഉത്സാഹവും ഇല്ലാത്ത സ്ത്രീയെ ഭാൎയ്യയായി ലഭിപ്പാനിടവന്നവന്നു അനാവശ്യചിലവുകളും സൌകൎയ്യക്കുറവുകളും മനസ്സിന്നു മുഷിച്ചിലും നേരിട്ടുകൊണ്ടിരിക്കും. ഭൎത്താവു താൻതന്നെ സ്വല്പസംഗതികളിൽ കൂടി സൂക്ഷ്മമായി ദൃഷ്ടിവെച്ചു തുടങ്ങിയാൽ ഭാൎയ്യ മുഷിഞ്ഞു കുടുംബജീവിതത്തെ സുഖമില്ലാതാക്കിതീൎത്തുവെന്നുവരാം. 'നാട്ടുവൎത്തമാനങ്ങളെ' എപ്പോഴും ഉൽകണ്ഠയോ

ടെ പ്രതീക്ഷിച്ചും, പരഭൂഷണം ചെയ്തും, കെട്ടി ഞെളി
ഞ്ഞു നടക്കാനിഷ്ടപ്പെട്ടും, ഭോഗങ്ങളിൽ കൊതിച്ചും ഇരി
ക്കുന്ന സ്ത്രീകൾക്കു ഗൃഹകൃത്യങ്ങളിൽ ഉത്സാഹം വളരെ കു
റവായിരിപ്പാനേ സംഗതിയുള്ളൂ. പുരുഷൻ അദ്ധ്വാനി
ച്ചു കൊണ്ടുവന്നു കൊടുക്കുന്നതിനെ പാകംപോലെ വെ
ച്ചൊരുക്കി കൊടുപ്പാൻ കഴിയാത്ത സ്ത്രീ ഒരു ഭാരം മാ
ത്രംതന്നെ. ഭർത്താവിന്നു ഭാൎയ്യയെ രക്ഷിക്കേണ്ടു ബാദ്ധ്യ
തയുണ്ടെങ്കിൽ ഭാൎയ്യക്കു പതിശുശ്രൂഷാദികൾ യഥാഹി
തം നടത്തിക്കൊണ്ടിരിക്കേണ്ടു ബാദ്ധ്യതയുമുണ്ട്. ഗൃഹ
കൃത്യങ്ങൾ ഉത്സാഹത്തോടുകൂടി നടത്തിക്കൊണ്ടിരിക്കുന്ന
തു സ്ത്രീകൾക്കു ആരോഗ്യപ്രദവുമാകുന്നു. പുലച്ചെ നേര
ത്തെ എഴുനീല്ക്കുക, എല്ലാം ശുചിയാക്കി ഗൃഹജോലികൾ
ജാഗ്രതയായി നടത്തുക, ഭർത്താവിന്നും മക്കൾക്കുമെല്ലാം
പാകംപോലെ ഒരുക്കിക്കൊടുക്കുക, മക്കളെ വാത്സല്യ
ത്തോടുകൂടി വളൎത്തി സൽസ്വഭാവികളാക്കി തീൎക്കുക, ഇ
തെല്ലാം സ്ത്രീകളുടെ ശ്രീത്വത്തെ സൂചിപ്പിക്കുന്നു. മൊത്ത
മായ ചിലവു ഭർത്താവുതന്നെ ക്ലിപ്തപ്പെടുത്തി അതിന്നക
മായി ഭാൎയ്യയുടെ ഹിതപ്രകാരം ചിലവുകഴിച്ചുകൂട്ടുവാനാ
യി ഒഴിച്ചുവിടുകയാകുന്നു ഉത്തമം. അതുക്കു മാത്രം അവ
സ്ഥയും ആവശ്യവും ഉണ്ടെങ്കിൽ മാത്രമെ പരിചാരക
ന്മാരെ നിൎത്തേണ്ടതുള്ളൂ. അല്ലെങ്കിൽ ഗൃഹകൃത്യങ്ങളെ
ഭാൎയ്യതന്നെ നിൎവ്വഹിക്കേണ്ടതാണ്. ദുരഭിമാനം നിമിത്തം
സ്ഥിതിയിലധികം ആഭിജാത്യം നടിച്ചു ഭൃത്യന്മാരെ പോ
ററി കടക്കാരായിത്തീരുന്നതു ജുഗുപ്സാവഹമാണ്. "തനിക്കു

വേണ്ടിട്ടുള്ളതൊന്നുമില്ല" എന്ന ബോധമുണ്ടായിരിക്കയാണനന്മ. കടംപിടിച്ചു മുടിഞ്ഞു നഷ്ടദാരിദ്ര്യത്തിലകപ്പെട്ടു അധോഗതി പ്രാപിക്കാനിടവരുന്നതിനെക്കാൾ അല്പം കഷ്ടപ്പെടുക തന്നെയാകുന്നു ഉത്തമം. പരിചാരകന്മാരെ നിർത്തുവാൻ തക്ക അവസ്ഥയുണ്ടെങ്കിൽ കൂടി സ്ത്രീകൾ ഗൃഹകൃത്യങ്ങളിൽ ജാഗ്രതയായി മേലന്വേഷണം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഗൃഹകൃത്യങ്ങളെല്ലാം അനുഷ്ഠാനത്തിൽ പരിചയമില്ലാത്തവൾക്ക് ശരിയായ മേലന്വേഷണം ചെയ്വാൻ സാധിക്കുന്നതല്ല.

5. സൌന്ദര്യം—തൊലിയുടെ വെളുപ്പല്ല സൌന്ദര്യം, ദേഹത്തിന്റെ ആകൃതിയും സൌഷ്ഠവവും ചൊടിയും, അവയവങ്ങളുടെ ഘടനയും ഒഴുക്കവും പ്രത്യേകിച്ചു മുഖത്തും കണ്ണിലും സ്ഫുരിക്കുന്ന കാന്തിയും ശ്രീയുമാണ്. പക്ഷെ ഓരോരുത്തരുടെ അഭിരുചിക്കനുസരിച്ചിരിക്കും അവരവരുടെ തൃപ്തി. ഒരാൾക്കു പ്രിയം തോന്നുന്നതിൽ വേറൊരാൾക്കു തൃപ്തി തോന്നേണമെന്നില്ല. സൌന്ദര്യമുള്ള സ്ത്രീകൾ സാധാരണയായി, ആ ബോധം തങ്ങൾക്കുതന്നെ ഉണ്ടായിരിക്കുക നിമിത്തം, സൽസ്വഭാവികളും മനഃപ്രസാദമുള്ളവരുമായിരിക്കും. സൽസ്വഭാവം വിലമതിപ്പാൻ കഴിയാത്ത ഒരു ഗുണവുമാണ്. സുന്ദരിമാർ, തങ്ങൾക്കു സ്വാഭാവികമായ പകിട്ടുള്ളതിനാൽ, മനുഷ്യകല്പിതങ്ങളായ ആഭരണാലങ്കാരമോടികൾക്കു അധികം ഇച്ഛിക്കയില്ല. സുന്ദരിയായ ഭാര്യയുള്ളവൻ, തന്റെ കൈവശമുള്ള സാധനത്തെക്കുറിച്ചുള്ള ആത്മതൃപ്തി

നിമിത്തം, വല്ല കുററങ്ങളും ഭാൎയ്യയുടെ വക്കൽ ഉണ്ടെങ്കിൽ തന്നെയും അവകളെ ഗണിക്കാതെ സന്തോഷിച്ചുകൊണ്ടിരിക്കും. വിരൂപിയായ ഭാൎയ്യയുള്ളവൻ മൎയ്യാദസ്ഥനായിരുന്നാൽകൂടി, സൌന്ദൎയ്യമുള്ള സ്ത്രീകളെ കാണുമ്പോഴെല്ലാം തന്റെ സ്ഥിതിയെക്കുറിച്ചു തന്നെത്താനറിയാതെ വൈവശ്യപ്പെട്ടുവെന്നു വരാം. കുറെ പ്രായാധിക്യമായാൽ മാത്രമെ ആ വക സംഗതികളെ അഗണ്യമാക്കാൻ കഴികയുള്ളൂ. ഒരു ജന്മത്തിനിടയിൽ എന്തൊക്കെയോ കഷ്ടങ്ങളും ആപത്തുകളും മനുഷ്യനു നേരിടുന്നു. ആ സമയത്തെല്ലാം മനസ്സംതൃപ്തിക്കു വിഷയമായ ഒരാസ്പദമില്ലെങ്കിൽ മനുഷ്യൻ അധഃപതിക്കുകയേ ഉള്ളൂ. നിഷ്കളങ്കമായ സ്നേഹം സൎവ്വ കഷ്ടങ്ങളെയും ആപത്തുകളെയും തൃണപ്രായമാക്കി ആശ്വാസം നല്കുന്നു. ഇങ്ങിനെയെല്ലാമാണെങ്കിലും വിവാഹാനന്തരം സൌന്ദൎയ്യ വിഷയത്തെപ്പററി ആൎക്കും ചിന്തിപ്പാനവകാശമില്ല.

വിദ്യാഭ്യാസവും സംഗീതവും സ്ത്രീകൾക്കു ആവശ്യവും അലങ്കാരവുമാകയാൽ അവകളെ ഈ വകുപ്പിൽതന്നെ ഉൾപ്പെടുത്താം. എഴുതുവാനും വായിപ്പാനും ഗൃഹഭരണസംബന്ധമായ കണക്കുകൾ ചെയ്വാനുംകൂടി അറിയാത്ത സ്ത്രീ മൂഢതന്നെ. സ്ത്രീകൾക്കും പ്രാഥമികവിദ്യാഭ്യാസമെങ്കിലുമില്ലെങ്കിൽ അതൊരു വലിയ ന്യൂനതയായിരിക്കും. എന്നാൽ വിവാഹത്തിനു ശേഷവും ഭൎത്താക്കന്മാർ ശ്രദ്ധപതിക്കുന്നതായാൽ ഭാൎയ്യമാരെ വിദ്യാഭ്യാസവിഷയത്തിൽ പുഷ്ടിപ്പെടുത്താവുന്നതാണ്. സംഗീതനൈപുണ്യം സ്ത്രീ

കൾക്ക ഒരലങ്കാരവും, ഭർത്താവിന്നു കഠിനമായ അദ്ധ്വാന ത്തിന്നു ശേഷം വിശ്രമാവസരത്തിൽ ആനന്ദത്തെ നല്കു ന്നതുമാണ്. മധുരമായ ഗാനം ഏതു പ്രാണിക്കാണ് ഇ മ്പത്തെ നല്കാത്തതു! ജീവിതസമരത്തിൻെറ കഷ്ടം കഴി യുന്നതു വിസ്മരിക്കേണ്ടതിനുള്ള സാമഗ്രികകൾ സമ്പാദി ക്കേണ്ടതുതന്നെയാണ്.

6. സ്ത്രീസ്വാതന്ത്ര്യം—പുരുഷനു തുല്യമായിട്ടുന്നെ സ്ത്രീക്കും സ്വാതന്ത്ര്യത്തിന്നർഹതയുണ്ടെന്നുള്ള വാദം ഇക്കാ ലത്തു തുടങ്ങീട്ടുണ്ടെങ്കിലും, അബലകൾക്ക പുരുഷന്മാരെ പ്പോലെ സ്വശക്തിയില്ലെന്നും തന്നിമിത്തം പുരുഷൻെറ ആശ്രയത്തിൽനിന്നു അതൃത്തി കടക്കുന്ന സ്വാതന്ത്ര്യം ന ന്മയായി പരിണമിക്കയില്ലെന്നും സൂക്ഷ്മഗ്രാഹികൾക്ക എ ളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. സ്ത്രീകൾക്ക മനസ്സി ന്നു സ്ഥൈര്യവും, ദൃഢനിശ്ചയവും വർദ്ധിച്ചുവരുമ്പോൾ മാ ത്രമെ മാനുഷചാപല്യങ്ങൾക്ക വശംവദമാരാകാതിരിക്ക യുള്ളൂ. ആ ഘട്ടമെത്തുന്നതുവരെ ദുഷ്ടസഞ്ചരണത്തിന്നി ടവരാത്ത നിലയിലുള്ള സ്വാതന്ത്ര്യമെല്ലാം അവക്കും അ നുവദിക്കാവുന്നതാണ്. എന്നാൽ പരസ്പരാശ്രിതമായ സ്ഥിതിയാണ് യഥാർത്ഥമായ സ്വാതന്ത്ര്യമെന്നും തന്നിഷ്ട പ്രകാരം നടക്കുന്നതു മിത്ഥ്യാസ്വാതന്ത്ര്യമാണെന്നും മന സ്സിലാക്കേണ്ടതാണ്. ആധുനികനാഗരീകത്വത്തിൻെറ ഗുണദോഷങ്ങളിൽ ഒരു പ്രധാന ദോഷഫലമായ മിത്ഥ്യാ സ്വാതന്ത്ര്യം നിമിത്തമാണ് ആത്മവിക്രയം വ്യാപാരരീ

തിയിൽ നടത്തപ്പെടുവാനിടവരുന്നതെന്നു ഈ ഘട്ടത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത വ്യാപാരം വൎദ്ധിച്ചു വരുന്ന രാജ്യം അതി ദൈന്യത പ്രാപിച്ചു നാമാവശേഷമായ്ത്തീരുന്നതാണെന്നുള്ള തത്വം തെളിയിപ്പാൻ ഭൂചരിത്രത്തിൽ പലേ സംഭവങ്ങളുമുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യത്തെ സ്വാൎത്ഥതല്പരതനിമിത്തം വികടമായി പ്രയോഗിച്ചുതുടങ്ങുമ്പോൾ അതിനെ കടിഞ്ഞാണിട്ടു പിടിച്ചു നിൎത്തേണ്ടതും സന്മാൎഗ്ഗങ്ങളിലേക്കു തിരിച്ചു വിടേണ്ടതും സമുദായത്തിന്റെ ചുമതലയാണ്. മുൻപറഞ്ഞ ഹീനമായ വ്യാപാരത്തെ നിയമത്താൽ ഉന്മൂലനം ചെയ്യാൻ സാധിക്കുന്നതായാലും ഇല്ലെങ്കിലും നിരാശ്രയികളായ സ്ത്രീകളെ പുംശ്ചലികളായിത്തീരാനിടവരാതെ മാനമൎയ്യാദയിലേക്കു ആകൎഷിപ്പാനായി സ്ത്രീകൾക്കു പററുന്നതായതൊഴിലുകൾ കൊടുപ്പാൻ തൊഴിൽശാലകൾ മുഖ്യമായ സ്ഥലങ്ങളിലെല്ലാം ഏൎപ്പെടുത്തേണ്ടതാണ്.

7. സന്താനപോഷണം—ജനസംഖ്യ വളരെ വൎദ്ധിച്ചുവരുന്നതിനാൽ സന്താനോല്പാദനത്തെ പലേ പ്രകാരത്തിലും ക്ലിപ്തപ്പെടുത്തേണമെന്നു ചിലർ ഇക്കാലത്തു അഭിപ്രായപ്പെടുന്നുണ്ടു. അപത്യങ്ങളെ 'കയ്യും കണക്കുമില്ലാതെ' ഉൽപാദിപ്പിക്കുന്നതു ഒരു പ്രകാരത്തിലും നന്മയല്ലെന്നുള്ളതു തീൎച്ചതന്നെ. ഏകപത്നീവ്രതം, മിതമായ സംഭോഗം ഇത്യാദികളാണ് അതിന്നുള്ള ന്യായമായ പ്രതിവിധികൾ. "അതി സൎവ്വത്ര വൎജ്ജയേൽ" എന്നുള്ള ന്യായമാണു ഈ വിഷയത്തിലും ആചരിക്കേണ്ടത്. പലേ വിധ

ത്തിലും സന്താനോല്പാദനം മാത്രമില്ലായ്മയെസ്സ മൃഗപ്രായ മായ ഭോഗത്തിൽ ആസക്തന്മാരായ് ത്തീരുന്നതു സത്യധ ൎമ്മമൎയ്യാദകൾക്കു വിരോധവും പൈശാചികത്വത്തിലേക്കു ള്ള പടവുമാണ്.

അപത്യങ്ങൾ പ്രായം തികഞ്ഞു പ്രാപ്തിയാകുന്നതു വരെ അവരെ പോററി രക്ഷിപ്പാനും അവൎക്ക് ജീവിതസ മരത്തിന്നു വേണ്ടപ്പെട്ട സാമഗ്രികകളെയെല്ലാം കഴിയുന്ന ത്ര ഒരുക്കിക്കൊടുപ്പാനും മാതാപിതാക്കന്മാൎക്ക് നിൎബ്ബന്ധ മായ ബാദ്ധ്യതയുണ്ട്. അന്യായമായും, ലോഭിച്ചും ധനം സമ്പാദിച്ചുകൂട്ടിംകൊടുക്കുന്നതു നന്മയല്ലെന്നു മുന്നദ്ധ്യായ ത്തിൽ പ്രസ്ഥാപിച്ചിട്ടുണ്ടല്ലോ. വിദ്യാഭ്യാസം, അദ്ധ്വാ നശീലം, സ്വഭാവഗുണം, നടവടിക്രമം എന്നിവകളെയാ ണ് ചെറുപ്പം മുതല്ക്കു തന്നെ സൂക്ഷ്മതയോടുകൂടി നിത്യാ ഭ്യാസം ചെയ്യിക്കേണ്ടതു.

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ളകാലം"

എന്ന പഴഞ്ചൊല്ലു അന്വൎത്ഥമാണ്. ഇളയ മരത്തെയി നെ ഇഷ്ടംപോലെ വളയ്ക്കാവുന്നതാണെങ്കിലും മൂത്ത മര ത്തിനെ അങ്ങിനെ വളയ്ക്കുന്നതിന്നു സാദ്ധ്യമല്ലല്ലോ. നിരീക്ഷണപരീക്ഷണാദികളെക്കൊണ്ടു ജ്ഞാനത്തെ ദൃ ഢീകരിക്കുവാനുള്ള കാലം ബാല്യദശയാണ്. മാതാപി താക്കന്മാരുടെ നടവടി തന്നെയാണ് കുട്ടികളുടെ മുഖ്യമാ യ മാതൃക. ആയതിനാൽ ആന്തരീയമായ ആസ്പദത്തി നെയാണ് സൎവ്വരും പ്രധാനമായി സമ്പാദിച്ചുകൊടുക്കേ

ണമതു. അനുസരണക്കേട, ദുശ്ശാഠ്യം, ദുസ്വാതന്ത്ര്യം, ബുദ്ധിക്ഷയ, പോക്കിരിത്തം മുതലായ ബാല്യകാലാപരാധങ്ങൾ കുട്ടികളിൽ അങ്കുരിപ്പാനിടം കൊടുക്കാതിരിക്കേണ്ടതും, അവരുടെ വാസനാജന്യങ്ങളായ അഭിരുചികളെ മലിനപ്പെടുത്താവുന്ന മിത്രങ്ങളുമായി സംസൎഗ്ഗം ചെയ്യാതിരിപ്പാൻ ദൃഷ്ടിവെക്കേണ്ടതുമാണ്. എന്നാൽ കുട്ടികളെ കഠിനമായി നിൎബ്ബന്ധം ചെയ്യുന്നതും, ശിക്ഷിക്കുന്നതും അവരുടെ സ്വശക്തിക്കു ഊനം വരുത്തുന്നതാകയാൽ നടവടി മാതൃകയാലും, സദുപദേശങ്ങളാലും, നയത്താലും, സാന്ത്വനവാക്കുകളാലും അവരെ സന്മാൎഗ്ഗത്തിലേക്കു തിരിക്കേണ്ടതാണ്. നിൎദ്ദോഷവിനോദങ്ങൾ ബാല്യകാലത്തു ആവശ്യവുമാണ്; പക്ഷേ വിവേകപൂൎവ്വമല്ലാത്ത അധികലാളനം കുട്ടികളെ ചീത്തയാക്കിതീൎപ്പാൻ സംഗതിയുണ്ട്.

# VIII ആരോഗ്യം.

"ശരീരമാദ്യം ഖലുധർമ്മസാധനം"

(ശരീരമാണ് ആദ്യത്തെ ധർമ്മസാധനം)

"ശരീരാരോഗ്യതഃ സർവ്വം ജായതേ സുഖസംയുതം"

കപിലഗീതാ.

(ശരീരാരോഗ്യത്തിൽ നിന്നാണ് സർവ്വവും സുഖമായ്ത്തീരുന്നത്.)

1. ആരോഗ്യം—ജീവിതയാത്രക്കുള്ള രഥം ദേഹമാകയാൽ ദേഹത്തിന്നു യാതൊരു കേടും സംഭവിക്കാതെ നിലനിർത്തി അരോഗദൃഢഗാത്രന്മാരായിരിക്കേണ്ടതു സർവ്വോപരി മുഖ്യമായ ഒരു സംഗതിയാണെന്നു ആരെയും മനസ്സിലാക്കേണ്ടതില്ലല്ലോ. ദേഹാരോഗ്യവും മനഃപ്രസാദവും പരസ്പരാശ്രിതങ്ങളാകയാൽ ആരോഗ്യമില്ലെങ്കിൽ മറെറന്തുതന്നെ ഉണ്ടായിരുന്നാലും സൌഖ്യത്തിന്നും അഭിവൃദ്ധിക്കും സംഗതി വരുന്നതല്ല. ദാരിദ്ര്യത്തേക്കാളും എത്രയോ നിർഭാഗ്യമായ ഒന്നുതന്നെയാണ് മഹാവ്യാധി. ആരോഗ്യമില്ലെങ്കിൽ ബുദ്ധിസാമർത്ഥ്യവും മനോശക്തിയും ഉപയോഗപ്പെടുകയില്ലെന്നു മാത്രമല്ല, അവ നിലനില്ക്കുകയുമില്ല. ആരോഗ്യമില്ലാത്തവർക്ക് പൌരുഷവും. മനസ്വാസ്ഥ്യവും, സ്വഭാവഗുണവും ഉണ്ടായിരിക്കുന്നതുമല്ല. എണ്ണ ധാരാളമുണ്ടായിരുന്നാൽ കൂടി തിരി മോശമായാൽ ദീപം ശോഭിക്കുന്നതല്ലല്ലോ. ആയതിനാൽ ശരീരസ്ഥിതിക്കു യാതൊരു ഊനവും തട്ടാതിരിപ്പാൻ

പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. "ചുമരുണ്ടെങ്കിലേ ചിത്രം എഴുതുവാൻ തരമുള്ളൂ." രോഗം പിടിപെട്ടു 'കിടമുടക്കത്തിലായി' ചികിത്സക്കേർപ്പെടുന്നതിനേക്കാൾ, ദിനചര്യ ക്രമപ്പെടുത്തി രോഗനിവാരണം ചെയ്യുന്നതാണ് ഉത്തമം. മനസ്സ്വാസ്ഥ്യം, ശുചി, മിതമായ ഭക്ഷണം, മിതമായ വ്യായാമം ഇവയാകുന്നു ആരോഗ്യത്തിന്റെ ആസ്പദങ്ങൾ.

2. വ്യായാമം—ചിലർ തെററിദ്ധരിച്ചു വരുന്നപ്രകാരം അദ്ധ്വാനം ഏറിയതുകൊണ്ടും, ആഹാരക്കുറവിനാലുമല്ല ഇക്കാലത്തു അനാരോഗ്യമുള്ളവരെ അധികം കാണുന്നത്. ആഹാരവിഹാരസുഖാധിക്യങ്ങളാലാണ് അനാരോഗ്യം മിക്കവാറും സംഭവിക്കുന്നതെന്നു നവീന ശരീരശാസ്ത്രജ്ഞന്മാരും ഡാക്ടർമാരും അഭിപ്രായപ്പെട്ടിരിക്കുന്നു. പഞ്ചേന്ദ്രിയസുഖം അമിതമായിഅനുഭവിക്കുമ്പോഴാണു ദേഹംബന്ധനാഗാരമായ്ത്തീരുന്നതു. "അമിതമായാൽ അമൃതും വിഷം"തന്നെ. അഹോവൃത്തിക്കായി ദേഹാദ്ധ്വാനം ആവശ്യമില്ലെങ്കിൽ തന്നെയും ആരോഗ്യത്തിനും മനഃപ്രസാദത്തിനും ക്രിയാനുഷ്ഠാനപ്രാപ്തിക്കും മിതമായ ദേഹാദ്ധ്വാനം അത്യാവശ്യമാണ്. ഉദരപൂരണം മാത്രം ചെയ്തു, വെളിച്ചവും കാററും വെയിലും തട്ടാതെ ബന്തവസ്സായി സൂക്ഷിപ്പാനല്ല പ്രകൃതി നമ്മുടെ ദേഹയന്ത്രം നിയമിച്ചിട്ടുള്ളതെന്നു ആർക്കും അല്പംപരിചിന്തനത്താൽ മനസ്സിലാക്കാം. ദേഹാദ്ധ്വാനം ഒട്ടുമില്ലാത്തമാനസികപ്രവൃത്തിക്കാർക്കും എഴുത്തുപണിക്കാർക്കും മററും പന്തുകളിയോ, കായികാഭ്യാസ

ങ്ങളോ, ഇരണ്ടുനാഴിക ചുറുചുറുപ്പായ നടത്തമോ സുഖപ്രദമായിരിക്കും സമുചിതവ്യായാമം രക്തപരിവാഹത്തെ വേഗതപ്പെടുത്തി നാഡിഞരമ്പുകൾക്കു അയവു കൊടുക്കുകയും, ദഹനത്തിനെ ക്രമപ്പെടുത്തുകയും ദേഹത്തിലേക്കു ഹിതമല്ലാത്ത അന്യപദാൎത്ഥങ്ങളെ (foreign matter) മലമൂത്രവിയൎപ്പുകളായി തള്ളിക്കളകയും, ജാജ്വല്യമാനമായ ശോണിമ നൽകുകയുംചെയ്യും. ദഹനം ശരിയായി നടക്കാതിരിക്കുമ്പോൾ ഭക്ഷണദ്രവ്യങ്ങൾ ഉദരത്തിൽ കിടന്നു ജീൎണ്ണിച്ചു നുരച്ചു പുളിക്കുന്നു. അപ്പോൾ അന്യപദാൎത്ഥങ്ങൾ ഉണ്ടാസ്സിന്നു ത്രിദോഷങ്ങളായ വാതപിത്തകഫങ്ങളെ ഇളക്കി ദേഹമാസകലം വ്യാപിപ്പിച്ചു സൎവ്വ രോഗബീജങ്ങളേയും വിതെക്കുന്നു.

3. <u>ശുചി</u>— ശുദ്ധവായുവിൻെറയും ശുദ്ധജലത്തിൻെറയും പ്രാധാന്യത്തെപററി വിശേഷിച്ചു ആരെയും ഗ്രഹിപ്പിക്കേണ്ടതില്ലല്ലോ. പ്രാകൃതമായ ശുദ്ധവായുവിന്നും ശുദ്ധജലത്തിന്നും സമമായി ആരോഗ്യപ്രദങ്ങളായ വസ്തുക്കൾ മറെറാന്നുമില്ല. അതിനാൽ വീടും വളപ്പും ജലാശയങ്ങളും ഏത്രയും വൃത്തിയായി എപ്പോഴും വെക്കേണ്ടതാണ്. ഇരിപ്പാനും കിടപ്പാനും ഉപയോഗിക്കുന്ന മുറികളെല്ലാം വിശാലങ്ങളായും വായുസഞ്ചാരത്തിന്നു വേണ്ടേടത്തോളം വിസ്താരമുള്ള ജനലുകളോടുകൂടിയതായും തട്ടുയരമുള്ളതായും ഇരിക്കേണം. കിണററിലെ ജലം ഇലകളും മററും വീണു ചീഞ്ഞു കേടുപററാതിരിപ്പാൻ സൂക്ഷിക്കണം. കൂപത്തിൻെറ ഉപരിഭാഗത്തു കെട്ടിനില്ക്കുന്ന അഴുക്കുവെ

ക്കും കൂപത്തിലേക്കിറങ്ങാതിരിപ്പാൻവേണ്ടി ആൾമറയും ചാലുകളും ഉണ്ടായിരിക്കണം.

ദേഹയന്ത്രത്തിൽനിന്നു ദേഹത്തിലേക്കുപയോഗമില്ലാത്തതായ അന്യപദാൎത്ഥങ്ങൾ മലമൂത്രവിയൎപ്പുകളായി സദാ പോയ്ക്കൊണ്ടിരിക്കുന്നുണ്ടു്. അവ രോമസുഷിരങ്ങളിൽ തങ്ങി നില്ക്കുന്നതു ദേഹസുഖത്തിന്നു ഹാനികരമാകയാൽ ദിവസേന ഒരിക്കൽ കുളിക്കേണ്ടതാണ്. പ്രാതഃസ്നാനം മനഃപ്രസാദത്തെ നൽകുന്നു; സായാഹ്നസ്നാനം ഉറക്കത്തിന്നു സുഖം കൊടുക്കുന്നു. തണുത്ത വെള്ളത്തിൽ കുളി രക്തപരിവാഹത്തെ വേഗതപ്പെടുത്തി ഉത്സാഹത്തെ കൊടുക്കുന്നു. പുഴകളിലെ സ്ഫടികനിൎമ്മലമായ പ്രസ്രവണജലം ഏററവും ആരോഗ്യപ്രദമാണ്. ഉഷ്ണജലം നാഡിഞരമ്പുകളെ ശാന്തമാക്കിത്തീൎക്കുന്നു. കുട്ടികൾക്കും, വൃദ്ധന്മാൎക്കും, ക്ഷീണിച്ചവൎക്കും, തണുപ്പധികരിച്ചുള്ളപ്പോഴും ഉഷ്ണജലമാകുന്നു ഹിതം. നല്ല ആരോഗ്യമുള്ളവൎക്കു തണുത്ത ജലം തന്നെയാകുന്നു ഗുണം. കുളിക്കുമ്പോൾ ദേഹത്തെ നല്ലവണ്ണം തേച്ചു കഴുകേണ്ടതാണ്. എണ്ണ സാധാരണ തേച്ചുകുളിക്കുന്നതുകൊണ്ടു പ്രത്യേകം ഗുണമൊന്നുമില്ല. അങ്ങിനെ ശീലിച്ചുപോയാൽ അതൊഴിച്ചുകൂടെന്നു മാത്രം വരും. മുടി ഒതുങ്ങിനില്ക്കേണ്ടതിന്നായി മൂന്നുനാലു ദിവസം കൂടുമ്പോൾ അല്പം എണ്ണ നെറുകയിൽ തേച്ചാൽ സാധാരണയായി മതിയാവുന്നതാണ്.

ഭക്ഷണം കഴിക്കുന്നതിന്നു മുമ്പായി എപ്പോഴും കൈകാലുകളും മുഖവും കഴുകേണ്ടതാണ്. ഭക്ഷണസാധനങ്ങൾ

പാകം ചെയ്തതിന്നു ശേഷം ഈച്ച മുതലായ ജന്തുക്കൾ വന്നിരിക്കാതിരിപ്പാനും യാതൊരഴുക്കും വീണുപോകാതിരിപ്പാനും വേണ്ടി പാത്രങ്ങളെല്ലാം അടച്ചുവെക്കേണ്ടതാണ്. ഈച്ചയാണ് സർവ്വ രോഗങ്ങളെയും പരത്തുന്നതു. ഈച്ചകൾ നിമിഷന്തോറും കൃമികളെ ഉൽപാദനം ചെയ്തുകൊണ്ടിരിക്കുന്നതു നാം കാണാറുണ്ടല്ലൊ. ഭക്ഷണസാധനങ്ങളെല്ലാം വിളമ്പുന്ന സമയത്തു ചൂടോടുകൂടിയിരിക്കണം. ചൂടിന്നു സർവ്വ വിഷബീജങ്ങളെയും നശിപ്പിപ്പാൻ ശക്തിയുണ്ടു. നാം കൈകൾകൊണ്ടു ഭക്ഷണം കഴിക്കുന്ന സമ്പ്രദായക്കാരാകയാൽ വിരലുകളുടെ നഖങ്ങൾക്കിടയിൽ അഴുക്കു തങ്ങിനില്ക്കാതിരിപ്പാൻ സൂക്ഷിക്കേണ്ടതുമാണ്.

ഇപ്രകാരമെല്ലാം സൂക്ഷിച്ചിരുന്നാൽ മിക്കതും രോഗങ്ങളൊന്നും ബാധിക്കാതെതന്നെ കഴിച്ചുകൂട്ടാം. പ്രകൃതിനിയമം നമുക്കാരോഗ്യത്തിന്നനുകൂലമായ വിധത്തിൽ തന്നെയാകുന്നു. പ്രകൃതിനിയമത്തെ ലംഘിക്കുമ്പോഴാകുന്നു ഛിദ്രരൂപികളായ ശക്തികൾ പുറപ്പെടുന്നതു. നഗരങ്ങളിൽ വസിക്കുന്നവർക്കു ശുദ്ധവായു ലഭിക്കുന്നതിന്നു പ്രയാസമാകയാൽ അവർ ഇടെക്കിടെക്കു നാട്ടുപുറങ്ങളിലേക്കു പോയ്ക്കൊണ്ടിരിക്കുന്നതു ആരോഗ്യപ്രദമായിരിക്കും. ജനനിബിഡമായ നഗരങ്ങളിൽ ശുചീകരണവിഷയം ഏററവും മുഖ്യമായ ഒരു വിഷയംതന്നെ.

4. ഭക്ഷണം—ജീവസന്ധാരണത്തിന്നു വേണ്ടിവരുന്ന ആഹാരം കഴിക്കണം; എന്നാൽ ഭക്ഷിപ്പാനായ്ക്കൊ

ണ്ടു ജീവിച്ചിരിക്കരുതു. ജീവനെ നിലനിൎത്തേണ്ടതിന്നു ആവശ്യമില്ലാത്ത ഭോഗസാധനങ്ങളെ സ്വീകരിക്കാതിരിക്കുകയാകുന്നു നല്ലതു. ഭക്ഷണം കൃത്യസമയത്തു തന്നെ ആവുന്നതും കഴിക്കണം.

“ദ്വൌഭാഗൌ പൂരയേദന്നൈസ്തോയേനൈകം
പ്രപൂരയേൽ,
വായോസ്സഞ്ചാരണാൎത്ഥായ ചതുൎത്ഥമവശേഷയേൽ”

എന്ന പ്രമാണത്തിന്നനുസരിച്ചു പകുതി അന്നത്താലും കാലോഹരി പാനീയത്താലും ഉദരപൂരണം ചെയ്തു നാലിലൊരോഹരി വായുവിൻെറ ഗതാഗതത്തിന്നായി ഒഴിച്ചുവിടണം. വായുവാകുന്നു ദേഹത്തെ ഭരിക്കുന്നത്. വായുവിൻെറ സ്വാധീനതക്കനുസരിച്ചാണ് ദേഹാരോഗ്യവും മനഃപ്രസാദവും. വിഴുങ്ങുന്ന സമ്പ്രദായം ചീത്തയാണ്; സൎവ്വ പദാൎത്ഥങ്ങളേയും രുചിയോൎത്തു ചവച്ചിറക്കണം. പദാൎത്ഥങ്ങൾ അരഞ്ഞു ഉമിനീരിൽ പിരണ്ടു ഉദരത്തിലെത്തിയാൽ ദഹനകൎമ്മത്തിന്നു എളുപ്പമുണ്ടാകുന്നു. അത്യാൎത്തിയും അതിഭക്ഷണവും മൃഗസ്വഭാവത്തെ സൂചിപ്പിക്കുന്നതും മന്ദഗതിയേയും കാൎയ്യങ്ങൾക്കു അപ്രാപ്തിയേയും ഉണ്ടാക്കിത്തീൎക്കുന്നതുമാണ്. പോഷകവും ഹൃദ്യവും ലഘുവുമായ പദാൎത്ഥങ്ങളാകുന്നു ഭക്ഷണത്തിന്നുത്തമം. ധാന്യങ്ങൾ, ഫലമൂലാദികൾ, കായ്കനികൾ, ഗവ്യങ്ങൾ മുതലായവ ഹിതകരമാണ്. എരിവും, പുളിയും, മധുരവും, മസാലയും, എണ്ണയും ത്രിദോഷങ്ങളെ ക്ഷോഭിപ്പിക്കുന്നവയാകയാൽ കഴിയുന്നതും വൎജ്ജിക്കേണ്ടതാണ്. കപ്പി,

ചായ മുതലായ പാനീയങ്ങൾ ദീപനക്ഷയം, മലബന്ധം, നിദ്രാഭംഗം മുതലായ ദോഷങ്ങളെ ഉണ്ടാക്കിത്തീൎക്കുന്നവയാകയാൽ പാശ്ചാത്യരാജ്യങ്ങളിൽകൂടി അവയുടെ ഉപയോഗം കുറഞ്ഞിട്ടുണ്ട്. ശാപ്പാട്ടു ചിലവിനേക്കാൾ കപ്പി-ചായച്ചിലവു അധികരിച്ചിരുന്നിട്ടും, അഷ്ടിക്കു കഷ്ടിയും കഷ്ടവും ഉള്ളവർകൂടി ദുരഭിമാനപരിഷ്കാരഭ്രമങ്ങളാൽ അവയെ ശീലിക്കുന്നതു ശോചനീയമായ ഒരു സംഗതിതന്നെ. മദ്യപാനത്തിന്റെ പ്രാരംഭരംഗങ്ങൾ 'ചായക്കട'കളാണ് എന്നുകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു.'

മത്സ്യമാംസങ്ങൾ മനുഷ്യനു അത്യാവശ്യമായ ഭക്ഷണദ്രവ്യങ്ങളല്ല

* "ജീവിതവ്യം പ്രിയം നൂനം
സൎവ്വേഷാം സൎവ്വദാകില"

എന്ന തത്വത്തെ ഓൎത്തു ആരും ഹിംസക്കനുകൂലിക്കാതിരിക്കേണ്ടതാണ്. അതു കൂടാതെ മത്സ്യമാംസങ്ങൾ ഫലമൂലാദികളെക്കാൾ വേഗത്തിൽ കെട്ടുഴിയുന്നതായി കാണുന്നുണ്ടല്ലോ. ദഹനയന്ത്രത്തിനും അവകളെ ദഹിപ്പിക്കുവാൻ സാധാരണയിലധികം അദ്ധ്വാനം വേണ്ടിവരുന്നു. പരിചയത്താൽ മാത്രമാണ് നമുക്കു അവയിൽ അവജ്ഞ തോന്നാതിരിക്കുന്നതു. ഇതിനെല്ലാം പുറമെ മത്സ്യമാംസങ്ങൾ കഫമാംസമേദസ്സുകളെ വൎദ്ധിപ്പിക്കുന്നവയുമാ

---

* ജീവിച്ചിരിക്കുന്നതാണ് എല്ലാവൎക്കും എപ്പോഴും പ്രിയം, നിശ്ചയം.

ണ്. "അന്നമയം ഹിസൌമ്യമനഃ" എന്ന ഋഷിപ്രോക്ത വചനത്തിന്നനുസരിച്ച ഭക്ഷണപദാൎത്ഥത്തിന്നനുരൂപമായ സ്വഭാവവും നമുക്കുണ്ടാകുന്നു. പാശ്ചാത്യ പണ്ഡിതന്മാരിൽ ചിലർ ഈ അഭിപ്രായത്തോടുകൂടി യോജിക്കുന്നുണ്ട്. അവിടങ്ങളിൽകൂടി മത്സ്യമാംസങ്ങളെ ഇയ്യിടെയായി വൎജ്ജിച്ചു തുടങ്ങീട്ടുണ്ട്.

5. <u>ലഹരിവൎഗ്ഗങ്ങൾ</u>—മദ്യപാനം പലപ്രകാരത്തിലും ദോഷപ്രദമാണ്. നിത്യവൃത്തി സുഖത്തിന്നും, ബാദ്ധ്യതകളെ നിറവേററുവാനും സാധുസംരക്ഷണത്തിന്നും ഉപയോഗപ്പെടുത്തേണ്ട പൈസ്സയെ കൊടുത്തു "കയ്യിൽ ഇരിക്കുന്ന കാശുകൊടുത്തു മുഖത്തു കടിക്കുന്ന നായയെ വാങ്ങുക" എന്ന തരത്തിൽ ബോധക്ഷയം വിലക്കുവാങ്ങി 'പാടിയാടി' വേഷത്തിലും പ്രസംഗത്തിലും അഭിനയത്തിലും മദോന്മത്തന്മാരായി 'കാലുനാലുളവാക്കി' മനുഷ്യവൎഗ്ഗത്തെക്കൂടി നിന്ദ്യമാക്കിത്തീൎക്കുന്നവർ ഭ്രാന്തന്മാർ തന്നെ. മദ്യപാനം നിമിത്തം മനശ്ചപലതയും, ദുസ്സ്വഭാവവും, ഇന്ദ്രിയക്ഷോഭവും, മസ്സില്ലാത്ത സമയത്തെല്ലാം മനോമൌഢ്യവും, ക്രമേണ ഹൃദ്രോഗവും സംഭവിക്കുന്നു. ബീഡി, സിഗരററ്, ചുരുട്ട മുതലായ പുകവലികളും ശ്വാസകോശത്തിന്നു ഹാനികരമാണ്. പുകയിലപ്പൊടിവൃത്തികേടും കണ്ണിന്നു ദോഷകരവുമാണ്. പുകയിലമുറുക്കു വൃത്തികേടും ദീപനക്ഷയമുണ്ടാക്കിത്തീൎക്കുന്നതുമാണ്. "മലകടി മാറിയാൽ ഒരു കടി വേണം" എന്ന നവീന പരിഷ്കാരത്തിൻെറ ആളുകളുടെ പഠിപ്പിനാൽ ലഹരിസാധനങ്ങൾ യാതൊന്നും ഉപയോഗിക്കാത്തവർ ഇക്കാലത്തു ഒർ

ല്ലഭമാണെങ്കിലും നിശ്ശേഷ ലഹരിവർഗ്ഗപരിവർജ്ജനം വലിയൊരു മോചനംതന്നെ എന്നു പറയാം.

6. <u>ഉടുപ്പു</u>—ശുഭ്രമായ സാധാരണവസ്ത്രങ്ങളെയാണ് പരിശീലിക്കേണ്ടതു. എന്നാൽ സ്ഥിതിക്കനുസരിച്ച ഉടുപ്പുകൾ സന്ദർഭോചിതംപോലെ ധരിക്കേണ്ടതുതന്നെ. ബാഹ്യമായ വേഷധാരണസമ്പ്രദായത്തിൽനിന്നാണ് ബഹുജനങ്ങൾക്കു പ്രഥമദൃഷ്ടിയിൽ ഓരാളെക്കുറിച്ചു അഭിപ്രായം ജനിക്കുന്നത്; എങ്കിലും വസ്ത്രാഡംബരങ്ങളിലുള്ള ഭ്രമം അനാവശ്യമാണ്. സർവ്വജനങ്ങളും തന്റെ ഉടുപ്പിൽ തന്നെയാണ് ദൃഷ്ടിവെക്കുകയെന്നോ, ഉടുപ്പിന്റെ പകിട്ടിന്നനുസരിച്ചാണ് ലോകം തന്നെ ബഹുമാനിക്കുകയെന്നോ തെററിധരിക്കുന്നതിനാലാണ് കെട്ടിച്ചമയുവാനുള്ള മോഹം ജനിക്കുന്നത്. ഉടുപ്പിനാലും ആഭരണങ്ങളാലും മാത്രം ഒരാളെ വിലമതിക്കുന്ന വങ്കന്മാർ ലോകത്തിൽ അധികമില്ല. അവസ്ഥയിലധികരിച്ച മോടിയും പകിട്ടും ഹാസ്യത്തിന്നു മാത്രമെ ഇടയായി തീരുകയുള്ളു. സത്യമര്യാദകളോടു കൂടിയ നടവടി തന്നെയാണ് മനുഷ്യന്നു അലങ്കാരം.

7. <u>വിശ്രമം</u>—ഉറക്കം ദേഹമനോബുദ്ധികളെ പുനർജീവിപ്പിക്കുന്ന ഒരു പൂർണ്ണ വിശ്രമമാണ്. ഏറിപ്പോയാൽ നിദ്രയും വിപരീതഫലപ്രദമാണ്. ഓരോരുത്തരുടെ ദേഹപ്രകൃതിക്കും പതിവിന്നും അനുസരിച്ചാണ് ഉറക്കത്തിന്റെ ദൈർഘ്യം. പൂർണ്ണാരോഗ്യവും ഉത്സാഹശീലവു

മുഴു പ്രായം തികഞ്ഞ ഒരാൾക്കു ആറു മണിക്കൂറുനേരത്തെ ഉറക്കം മതിയാകേണ്ടതാണ്. അതിലധികം വേണ്ടിവരുന്നുണ്ടെങ്കിൽ അതു നിത്യപരിശീലനത്താൽ മാത്രമാണ്. നിത്യപരിചയത്തിന്നനുസരിച്ചാകുന്നു സ്വഭാവങ്ങളെല്ലാം ഉണ്ടായിത്തീരുന്നതെന്നു പ്രഥമാദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ ക്ഷീണിച്ചവൎക്കും, രോഗികൾക്കും, ബാലവൃദ്ധന്മാൎക്കും കുറെ അധികം നേരം ഉറക്കത്തിന്നായി വേണ്ടിവന്നേക്കാം. അത്താഴത്തിന്നു ശേഷം ഒരു മണിക്കൂർ നേരം കഴിഞ്ഞിട്ടേ ഉറങ്ങാവൂ. രാത്രി പത്തു മണിക്കു കിടന്നു പ്രഭാതത്തിന്നു മുമ്പായി എഴുനീല്ക്കുന്ന സമ്പ്രദായമാകുന്നു ഉത്തമം. പുലൎച്ച് സമയം ഏതുവിധമുള്ള മാനസീകമായ പ്രവൃത്തികൾക്കും അത്യുത്തമമാണ്. പ്രകൃതിക്കനുസരിച്ചു ഉണരേണ്ട സമയം പുലൎച്ച്യാണെന്നു പക്ഷിമൃഗാദികളിൽനിന്നു കൂടി നമുക്കു ഗ്രഹിക്കാം. സൂൎയ്യോദയത്തിന്നു ശേഷവും പകൽ ഏതു സമയത്തും ഉറങ്ങുന്ന സമ്പ്രദായം അനാരോഗ്യപ്രദവും അശ്രീകരവുമാണ്. ഉറങ്ങാൻ കിടന്നാൽ സൎവ്വ ചിന്തകളേയും അകററി മനസ്സിനെ സ്വസ്ഥമാക്കി ഉടൻതന്നെ ഗാഢനിദ്ര പ്രാപിക്കണം. എന്നാൽ മാത്രമേ ഉറക്കു സുഖകരമായി ഭവിക്കയുള്ളൂ.

പ്രസുപ്തിക്കു പുറമേ പ്രവൃത്തികളുടെ ഇടയിൽ കുറച്ചു നേരമെങ്കിലും സ്വസ്ഥവൃത്തിയായിരുന്നു വിശ്രമിക്കേണ്ടതാണെന്നു പലൎക്കും ഒരു ബോദ്ധ്യമുണ്ട്; പക്ഷെ അതു ശരിയല്ല. ഒരേ പ്രവൃത്തി തുടൎന്നുതുടരെ അധികന

രം എടുക്കുന്നതു ദേഹസുഖത്തിന്നു ഹാനികരമാണ്. എന്നാൽ അതിന്നിടയിൽ കുറച്ചുനേരത്തേക്കു സ്വാസ്ഥ്യവൃത്തി അവലംബനം ചെയ്യേണമെന്നില്ല. പ്രവൃത്തിയുടെ തരം മാററിയാൽ ധാരാളം മതിയാവുന്നതാണ്. ദേഹാദ്ധ്വാനത്തിന്നുശേഷം പുസ്തകവായന മുതലായ മാനസീകമായ പ്രവൃത്തികളും, വിപരീതക്രമത്തിലുള്ള അനുഷ്ഠാനങ്ങളും ഒരു വിധം വിശ്രമം തന്നെയാണ്. കേവലം മൌനഭാവമല്ല വിശ്രമം; പ്രവൃത്തിയുടെ തരത്തിന്റെ ഒരു മാററം മാത്രമാണ്. ഒരോരുത്തരുടെ പ്രകൃതിക്കനുസരിച്ചു ഉല്ലാസവും ഉന്മേഷവും നൽകുന്നവയെല്ലാം വിശ്രമപ്രദം തന്നെ.

8. <u>ചികിത്സ</u> —രോഗമൊന്നുമില്ലാതിരിക്കുമ്പോഴം ദേഹപുഷ്ടിക്കും മററുമായി പല ഔഷധങ്ങളും ശീലിച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായം വളരെ അബദ്ധമാണ്. പ്രകൃതിക്കനുസരിച്ച ദിനചര്യക്രമം തന്നെയാകുന്നു ഉത്തമമായ രോഗനിവാരണമാൎഗ്ഗം. ദേഹാരോഗ്യത്തെ സൂചിപ്പിക്കുന്ന ബറോമിററർ (കാററിന്റെ ശക്തിയെ സൂചിപ്പിക്കുന്ന ഒരു യന്ത്രം) ആകുന്നു മലശോധന. ഏതു രോഗത്തിന്നും ആദ്യത്തിൽ മലശോധനയിലാണു ക്രമക്കേടു കാണപ്പെടുക. ഗുദപ്രദേശം ഒട്ടും മലിനപ്പെടാതെയുള്ള മലശോധനയാകുന്നു പൂൎണ്ണമായ ആരോഗ്യത്തിന്റെ ലക്ഷണം. രോഗങ്ങളുടെ ആരംഭത്തിൽ സൌമ്യമായ വിരേചനൌഷധങ്ങളാൽ സുഖശോധന വരുത്തുന്നതു ഏതു രോഗത്തിന്റെയും ശക്തിയെ കുറക്കുന്നു. എന്നാൽ രോഗമൊന്നുമി

ല്ലാതിരിക്കുമ്പോഴും കൂടെക്കൂടെ വിരേചനൌഷധങ്ങൾ സേവിക്കുന്നതിൽ ചില ദോഷങ്ങളില്ലെന്നില്ല.

അല്പമായ സുഖമില്ലായ്മകളും അസ്വാസ്ഥതകളുമെല്ലാം ഒരു ദിവസത്തെ വെറും പട്ടിണിയാൽതന്നെ സുഖപ്പെടുന്നതാകുന്നു. മതസ്ഥാപകന്മാരെല്ലാം ഉപവാസം വിധിച്ചിരിക്കുന്നതു അന്യപദാൎത്ഥങ്ങളുടെശുഷ്കത മൂലമായ ദേഹശുദ്ധിക്കുംകാമക്രോധാദിഷഡ്വൎഗ്ഗജയം മൂലമായി മനശ്ശുദ്ധിക്കും വേണ്ടിട്ടാണ്. ഒരു ദിവസത്തെ വെറും പട്ടിണിയാൽ നല്ല സുഖം കിട്ടിയില്ലെങ്കിൽ തന്നെയും ഉടനെ ഒരു സൌമ്യമായ ഔഷധത്താൽ വിരേചനം ചെയ്തു നല്ലസുഖം തോന്നുന്നതുവരെ പാൽ, കഞ്ഞി മുതലായ ലഘുഭക്ഷണങ്ങൾ അല്പാല്പമായി കഴിച്ചുവന്നാൽ താല്ക്കാലികമായ മിക്കതും രോഗങ്ങളും സുഖപ്പെടുന്നതാണ്. പ്രത്യേക ചികിത്സകളൊന്നും കൂടാതെതന്നെ ഇപ്രകാരം ആരോഗ്യത്തെ മിക്കസമയത്തും നിലനിൎത്താൻ സാധിക്കും. ശക്തി കൂടിയ രോഗങ്ങൾക്കു കഴിയുന്ന വേഗത്തിൽ വിശ്വാസമുള്ള ഒരു വൈദ്യനേയോ ഡാക്ടരേയോ കൊണ്ടു തക്കതായ ചികിത്സകൾ പണച്ചിലവൊന്നും വിചാരിയാതെ ചെയ്യേണ്ടതുതന്നെ. സൎവ്വത്തിലും വെച്ചു വില കൂടിയ ഒന്നാണല്ലോ ആരോഗ്യം. എന്നാൽ പത്ഥ്യപാകവും ശുശ്രൂഷയും ശുദ്ധവായുവുമാണ് ഔഷധങ്ങളെക്കാൾ രോഗികൾക്കു നന്മ ചെയ്യുക എന്നുള്ള സംഗതി പ്രത്യേകം ഓൎക്കേണ്ടതാണ്. രോഗശാന്തിക്കു രോഗിയുടെ മനസ്സിൻെറ ആശ്വാസമാകുന്നു അധികം പ്രയോജനം.

മനസ്വാസ്ഥ്യത്തിന്റെ ശക്തിയെപ്പററി IV-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. പ്രാണായാമം രക്തത്തേയും നാഡി ഞരമ്പുകളേയും പാവനമാക്കി ദീപനശക്തി വർദ്ധിപ്പിക്കുന്നതു കൂടാതെ മനസ്വാസ്ഥ്യത്തേയും നല്കി ആരോഗ്യത്തെ പുഷ്ടിപ്പെടുത്തുമെന്നതിന്നു യാതൊരു സംശയവുമില്ല. "പ്രാണായാമേന യുക്തേന സർവ്വരോഗക്ഷയോ ഭവേൽ" എന്നാകുന്നു യോഗശാസ്ത്രത്തിൽ ഉൽഘോഷിച്ചിട്ടുള്ളതു. അനുഭവത്തിലും ഈ സംഗതി എത്രയോ ദൃഷ്ടാന്തമായി കണ്ടുവരാറുണ്ട്. മനസ്സിന്റെ ചലനം ശ്വാസത്തിന്നനുസരിച്ചാണ്; ശ്വാസം ക്രമപ്പെട്ടാൽ മനസ്സും സ്വസ്ഥമായ്ത്തീരുന്നു.

മരണത്തെപ്പററി ആർക്കും ഭയം തോന്നേണ്ടതില്ല.

* "ദേഹിനോസ്മിൻ യഥാ ദേഹേ കൌമാരം
യൌവനം ജരാ
തഥാ ദേഹാന്തര പ്രാപ്തിഃ ധീരസ്തത്ര ന മുഹ്യതി"

"ജനനമുണ്ടാകിൽ മരണവും നിർണ്ണയം" എന്നും മററുമുള്ള തത്വങ്ങളെ കുറിച്ചാലോചിച്ചാൽ ആർക്കും മരണത്തെ സംബന്ധിച്ച ഭയത്തിന്നു യാതൊരവകാശവുമില്ല. ജീവിച്ചിരിക്കുന്നകാലം ആരോഗ്യൈശ്വര്യസമേതം കഴിഞ്ഞുകൂടി ബുദ്ധിക്കു വികാസവും സ്വഭാവത്തിന്നു സംസ്കാരവും

---

* ദേഹത്തിൽ ദേഹിക്ക് ശൈശവവും യൌവനവും ജരയും എങ്ങിനെ സംഭവിക്കുന്നുവോ അങ്ങിനെ തന്നെ ഒരു ദേഹം വിട്ടു വേറൊന്നിനേയും പ്രാപിക്കുന്നു; അതിൽ ധീരൻ മോഹിക്കപ്പെടുന്നില്ല.

ഹൃദയത്തിന്ന വിശുദ്ധിയും ഉപൎയ്യുപരി വൎദ്ധിപ്പിക്കേണമെന്ന മാത്രമെ ആരും ആലോചിക്കേണ്ടതുള്ളൂ. രോഗത്തിൽ കിടന്ന കഷ്ടപ്പെടാതെയും അന്യാശ്രയത്തിന്നിടവരാതെയും അന്തിമദശയിൽ മനസ്സിന്ന പൂൎണ്ണസമാധാനം പ്രാപിക്കാനിടവരുന്നവൻതന്നെയാണ് അതിഭാഗ്യവാൻ. സമാധാനത്തിന്റെ പൂൎത്തിതന്നെയാകുന്ന ജീവിതത്തിന്റെ മകുടം. അതിന്റെ കുറവുതന്നെയാണ് മനുഷ്യന്നുള്ള സൎവ്വ ദുഃഖങ്ങളും. സമാധാനത്തിന്റെ പരിപൂൎത്തിതന്നെയാണ് മോക്ഷം.

# IX ഐകമത്യം.

"ഐകമത്യം മഹാബലം"

(യോജിപ്പ് മഹത്തായ ശക്തിതന്നെ.)

1. <u>സ്വാതന്ത്ര്യം</u>—പരസ്പര സംബന്ധവും ഉപയോഗവും ഇല്ലാതെ പ്രകൃതിയിൽ യാതൊന്നുമില്ല. പരസ്പരോപയുക്തമായ വ്യവസ്ഥയാകുന്നു യഥാൎത്ഥമായ സ്വാതന്ത്ര്യം. ഓരോരുത്തരും തന്നിഷ്ടം മാത്രം നോക്കി 'തോന്നിയവാസം' ആചരിക്കുന്നതു ദുസ്വാതന്ത്ര്യമാണ്. നമ്മുടെ ദേഹത്തിന്നുള്ള ചരത്വം ശരീരാവയവങ്ങളുടെ പരസ്പര സംഘടനയും സ്വധൎമ്മങ്ങൾ നടത്തുന്നതിലുള്ള വ്യവസ്ഥയും നിമിത്തമാണ്. അവയവങ്ങൾ ഓരോന്നും തമ്മിൽ മത്സരിച്ചു സ്വധൎമ്മങ്ങൾക്കു വീഴ്ചവരുത്തിയാൽ രോഗവും ക്ഷീണവും മരണവുമായിരിക്കുമല്ലൊ ഫലം. ആയതിനാൽ നമ്മുടെ ദേഹത്തിലെ സൎവ്വാംഗങ്ങളും എപ്രകാരം ചേൎച്ചയോടും രീതിയോടുംകൂടി സ്വധൎമ്മങ്ങളെ നടത്തി പൊതുവായ് ദേഹത്തെ നിലനിൎത്തി താന്താങ്ങളും നിലനിൎത്തപ്പെടുന്നുവോ അപ്രകാരം തന്നെ രാജ്യനിവാസികളെല്ലാവരും തങ്ങൾക്കു പൊതുവായ മാതൃഭൂമിയുടെ ക്ഷേമത്തിന്നായിക്കൊണ്ടു ഐക്യത്തോടുകൂടി സഹകരണംചെയ്തു സത്യമൎയ്യാദകളെ അടിസ്ഥാനപ്പെടുത്തി സ്വധൎമ്മം നടത്തിക്കൊണ്ടിരുന്നാൽ മാത്രമെ തങ്ങൾക്കും അഭിവൃദ്ധി ഉണ്ടായിത്തീരുകയുള്ളൂ.. നമുക്കു ചുററുമുള്ളവരുടെ അഭിവൃ

ധിക്കനുസരിച്ചു മാത്രമെ നമുക്കും അഭിവൃദ്ധിയുണ്ടാവാൻ തരമുള്ളു. കെട്ടഴിയുന്ന ചില പദാൎത്ഥങ്ങളുടെ മദ്ധ്യേ സുഗന്ധമായ ഒരു പദാൎത്ഥം നിലനില്ക്കുന്നതല്ല. തീയിൻെറ നടുവിൽ തണുപ്പുണ്ടായിരിക്കുകയെന്നതു അസംഭാവ്യമാണ്. ചുററുമുള്ളവരുടെ സ്ഥിതിയിൽ അധികരിച്ചു ആൎക്കും ഔന്നത്യമുണ്ടാകുന്ന കാൎയ്യം അസംഭാവ്യമാണെന്നു "ജലം സമനിരപ്പെടുത്തും" (Water finds its level) എന്നുള്ള തത്വത്താലും നമ്മുടെ സ്വദേഹത്തിൻെറ സ്ഥിതിയെ കുറിച്ചാലോചിച്ചാലും മനസ്സിലാക്കാം. രാജ്യസ്ഥിതി എന്തോ ആവട്ടെ, നമുക്കു നമ്മുടെ സ്വന്തം കാൎയ്യംമാത്രം നോക്കി ക്ഷേമത്തോടുകൂടിയിരിക്കാം എന്നാരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു ശുദ്ധമേ മൂഢതയാണ്. പൊതുജനക്ഷേമത്തിൽ ആസക്തചിത്തന്മാർ അധികമുള്ള രാജ്യങ്ങളാണ് ഉന്നതി പ്രാപിച്ചുകാണുന്നത്.

സൎവ്വ മനുഷ്യൎക്കും ഭൂമണ്ഡലത്തിൽ സമാവകാശവും സ്വാതന്ത്ര്യവും സ്വതസ്സിദ്ധമായുണ്ട്. ഏവൎക്കും അതാതു സ്ഥാനനിലകളിൽ പ്രാധാന്യമുണ്ട്. ദേഹസൌഖ്യത്തിലേക്കു ഉദരഭാരംകൂടി എപ്രകാരം മുഖ്യമായ ഒന്നുതന്നെയോ അപ്രകാരം തന്നെ കൂലിവേലക്കാർ കൂടി രാജ്യത്തിൻെറ ക്ഷേമത്തിന്നു ഒട്ടും അപ്രധാനന്മാരല്ല. ആയ്തിനാൽ സൎവ്വരും വാസ്തവത്തിൽ പരസ്പരോപയുക്തന്മാരാണെന്നും ആൎക്കും നിസ്സാരതയില്ലെന്നുമുള്ള തത്വത്തെ എല്ലാവരും മനസ്സിലാക്കി ഐകമത്യത്തോടുകൂടി സമുദായ കാൎയ്യങ്ങളെ സദാ നിൎവ്വഹിച്ചുകൊണ്ടിരിക്കേണ്ടതാണ്.

2. അഭിപ്രായഭേദങ്ങൾ—ഭിന്നരുചിയായ ലോക ത്തിൽ തലകളുള്ളേടത്തോളം അഭിപ്രായഭേദങ്ങളുമുണ്ടാ കാതിരിക്കയില്ല. എന്നാൽ വാദപ്രതിവാദങ്ങൾ നിമി ത്തം അന്യോന്യം വിരോധബുദ്ധിയുണ്ടാകാനിടവരുന്നതു അഹംകാരത്താലും സിദ്ധാന്തത്താലും വിവേകശൂന്യതയാ ലുമാണ്. സംസാരികളിൽ പൂർണ്ണത പ്രാപിച്ചവർ ആരു മില്ലെന്നും എന്നാൽ അഭിവൃദ്ധിക്കുള്ള മോഹം സർവ്വർക്കും ഒരുപോലെതന്നെ ഉണ്ടെന്നും അതിന്നായിക്കൊണ്ടുള്ള മാ ർഗ്ഗങ്ങൾക്കും, മാർഗ്ഗസാധനങ്ങൾക്കും, യത്നങ്ങൾക്കും മാത്ര മാണ് വ്യത്യാസം തോന്നുന്നതെന്നും എല്ലാവരും മുഖ്യമായി മനസ്സിലാക്കേണ്ട ഒരു സംഗതിയാണ്. നമ്മുടെ പഞ്ചേ ന്ദ്രിയങ്ങളുടെ അതൃത്തിക്കുള്ളിൽ ബന്ധിക്കപ്പെട്ട പരിമി തമായ ജ്ഞാനബീജത്തിന്റെ അങ്കുരം ഏറെക്കുറെ എ ന്നുള്ള വ്യത്യാസത്തിൽ വികസിച്ചുംകൊണ്ടു സർവ്വർക്കുമു ണ്ടെന്നല്ലാതെ സർവ്വജ്ഞത വാസ്തവത്തിൽ, ആർക്കുമില്ല. നമുക്കു കേവലം അഗോചരവും ആലോചിക്കുകകൂടി വ ഹിയാത്തതുമായ അത്യത്ഭുതങ്ങൾ എന്തൊക്കെയൊ പ്ര കൃതിയിലുണ്ടെന്നുള്ള സംഗതി, ഋഷിപ്രോക്തമായ ശാ സ്ത്രങ്ങളിൽ നമുക്കു വിശ്വാസമില്ലെങ്കിൽ കൂടി, നവീനത ത്വശാസ്ത്രവിശാരദന്മാരുടെ പുതിയ പുതിയ തത്വസ്ഥാ പനങ്ങളാലും യന്ത്രനിർമ്മാണങ്ങളാലും തെളിയുന്നുണ്ട്. നമ്മുടെ സ്വന്തം സൃഷ്ടിവൈചിത്ര്യത്തിന്റെ മഹിമയെ കുറിച്ചുതന്നെ ക്ലിപ്തമായ യാതൊരു ജ്ഞാനവും നമുക്കു ഇനിയും ഗ്രഹിപ്പാൻ കഴിഞ്ഞിട്ടില്ല. ഭൂഗോളത്തിന്റെ ഉ

ക്ഷിണോത്തര ധ്രുവങ്ങളിൽ മനുഷ്യപാദങ്ങൾ ഇനിയും സ്പർശിച്ചിട്ടില്ല. ഈ കാരണങ്ങളാൽ മനുഷ്യർ ഇപ്പോൾ ശിശുപ്രായം കഴിഞ്ഞു ബാലാവസ്ഥയിൽ മാത്രമെ എത്തിട്ടുള്ളുവെന്നും ഇനിയും എത്രയോ അഭിവൃദ്ധി പ്രാപിക്കേണ്ടതുണ്ടെന്നും പ്രത്യേകം ധരിക്കേണ്ടതുണ്ട്.

"അല്പവിദ്വാൻ മഹാഗർവ്വി" എന്ന നിലയിൽ മുറിവിദ്വാന്മാർക്കാണ് സിദ്ധാന്തങ്ങളും ദുർവ്വിവാദങ്ങളും ശുഷ്കവൈരങ്ങളും. സമുദായകാര്യങ്ങളിൽ സിദ്ധാന്തം കാണിക്കുന്നവർ സ്വാതന്ത്ര്യത്തിന്റെ നാട്യമല്ലാതെ പ്രജ്ഞയുണ്ടായിരിക്കുന്നതല്ല. പരസ്പരോപയുക്തമായ വ്യവസ്ഥയാണ് സ്വാതന്ത്ര്യം എന്നു അദ്ധ്യായാരംഭത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. വിദ്യയുടെ ഫലം വിനയമാണ്. "നിറക്കുടം തുളുമ്പുകയില്ല." ഏതു കാര്യത്തിലും അഭിപ്രായഭേദങ്ങൾ ഉണ്ടായിരുന്നാൽ തന്നെയും ആരും 'മർക്കടമുഷ്ടി'ക്കൊരുങ്ങാതെ മറുകക്ഷിയുടെ ഹൃദയത്തെ നല്ലവണ്ണം മനസ്സിലാക്കി ഏറെക്കുറെ വിട്ടുവിടുതികൾക്കു സർവ്വകക്ഷികളും അനുസരിച്ചു പരസ്പരവിരോധം ലേശംപോലും വിചാരിയാതെ "ഭൂരിപക്ഷം ഭൂരിസുഖ"മെന്ന തത്വത്തെ ആസ്പദപ്പെടുത്തി കാര്യങ്ങൾ തീർച്ചപ്പെടുത്തുകയും ആ നിശ്ചയത്തെ നിറവേററാനായിക്കൊണ്ടു സർവ്വരും സഹകരണം ചെയ്യുകയും വേണ്ടതാണ്. ഹൃദയങ്ങൾക്കു തമ്മിൽ അടുപ്പമുണ്ടെങ്കിൽ, അകൃത്രിമങ്ങളായ അഭിപ്രായങ്ങൾക്കു എത്രതന്നെ അന്തരമുണ്ടായിരുന്നാലും, അതുനിമിത്തം സ്പർദ്ധയും മത്സരവും ഒരിക്കലും സംഭവിക്കുന്നതല്ല. രാജത്വം ഹൃദയത്തിനാ

ണെന്നും ശിരസ്സിന്നു മന്ത്രിത്വം മാത്രമെ ഉള്ളുവെന്നും ഈ സന്ദർഭത്തിൽ മനസ്സിലാക്കേണ്ടതാണ്. ക്ഷമയോടുകൂടി പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കാത്തതിനാൽ മാത്രമാകുന്നു സിദ്ധാന്തങ്ങളും, മത്സരങ്ങളും, കക്ഷിവഴക്കുകളും സംഭവിക്കുന്നതു. കക്ഷിവഴക്കുകളും മത്സരങ്ങളും അവിവേകത്തെയും കാര്യത്തിന്നുള്ള അപ്രാപ്തിയെയും സൂചിപ്പിക്കുന്നു

പണ്ടു ചില വഴിപോക്കർ ഓന്തയുടെ മാറിമാറിക്കൊണ്ടിരിക്കുന്ന വർണ്ണത്തെക്കുറിച്ചു വാദിച്ചു 'അടിപിടി' കൂടിയ പോലെയും, ചില കുരുടന്മാർ ഒരു ആനയുടെ വിവിധാംഗങ്ങളെ തൊട്ടുനോക്കി ആനയുടെ ആകൃതിയെക്കുറിച്ചു തർക്കിച്ചുപോലെയുമാണ് സർവ്വ കക്ഷിവഴക്കുകളുടെയും ഹേതുക്കൾ. ഒരു രാത്രി ഒരാൾ ഒരു കുന്നിന്റെ ചരിവിൽക്കൂടിയുള്ള വഴിക്കു തന്റെ ഗൃഹത്തിലേക്കു മടങ്ങിപോകുമ്പോൾ കുറെദൂരെ എന്തോ ഒന്നിളകുന്നതുകണ്ടു അതു ഒരു നരിയൊ കരടിയൊ ആയിരിക്കുമെന്നൂഹിച്ചു. കുറെ അടുത്തപ്പോൾ അതു ഒരു ചൈത്താനോ കള്ളനോ ആയിരിക്കുമോ എന്നു ശങ്കതോന്നി. കുറെക്കൂടി അടുത്തപ്പോൾ അതു താൻ മുമ്പു കണ്ടിട്ടുള്ള ഒരാളാണെന്നു മനസ്സിലായി. അരികെ എത്തിയപ്പോൾ അതു തന്നെ തിരഞ്ഞുവരുന്ന തന്റെ സഹോദരനാണെന്നു ബോദ്ധ്യമായി. ഇപ്രകാരം തന്നെയാണ് അഭിപ്രായഭേദങ്ങളുടേയും സ്ഥിതി. ആയതിനാൽ ക്ഷമാപുരസ്സരം ഇരുകക്ഷികളും തങ്ങളുടെ ധാരണകളെ അന്യോന്യം വ്യക്തമായി മനസ്സിലാക്കി അല്പാല്പം വിട്ടുവിട്ടതികൾക്കനുസരിച്ചു യോജിച്ചു കാര്യങ്ങളെ

നടത്തുന്നതാണ് വിവേകവും, കാര്യപ്രാപ്തിയും, നന്മയും. ആത്മസംയമനവും സമഭാവനയും പരമതനിരൂപണവും ശീലിക്കാതെ ഐക്യം നിലനില്ക്കുന്നതു അസംഭാവ്യമാണ്.

3. ഐകമത്യം—ജനങ്ങൾ ഇടക്കിടക്കു യോഗം ചേൎന്നു സഹോദരഭാവത്തിൽ കൂടിയാലോചനകൾ നടത്തി തങ്ങളുടെ പൊതുവായ ക്ഷേമത്തിന്നു പ്രയത്നിച്ചുകൊണ്ടിരുന്നാൽ മാത്രമെ രാജ്യം പുഷ്ടി പ്രാപിക്കയുള്ളു. കൂടിക്കാഴ്ചകളാൽ മാത്രമെ അന്യോന്യം മനസ്സിലാക്കുവാനും ഹൃദയങ്ങൾക്കു തമ്മിൽ അടുപ്പമുണ്ടാകുവാനും നിവൃത്തിയുള്ളു. പരസ്പരം മനസ്സിലാക്കിത്തുടങ്ങുമ്പോഴാണ് രഞ്ജിപ്പിന്റെ ഉദയം. വളരെ ജനങ്ങൾ ഏകമനസ്സോടു കൂടി ചേൎന്നു നില്ക്കുന്നവിടെത്തന്നെ ഒരു പ്രത്യേക ചൈതന്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ സത്യമൎയ്യാദകൾ ഉണ്ടെങ്കിൽ മാത്രമെ പരസ്പര വിശ്വാസവും സ്നേഹവും ഉറന്നു ഐക്യം നിലനില്ക്കയുള്ളു. ക്ഷമാപൂൎവ്വമായ കൂടിയാലോചനകളും വ്യവസ്ഥാക്രമങ്ങളോടു കൂടിയ സംഘീകരണവുമാകുന്നു ജനസമുദായത്തിന്റെ ശക്തി. സ്വശക്തിയിലധികരിച്ചു യാതൊരു നന്മയും ആൎക്കും സിദ്ധിപ്പാൻ നിവൃത്തിയില്ല.

"നായിന്നു പാലാഴിയിലെത്തിയാലും
നക്കിക്കുടിക്കേ ഗതിയുള്ളുതാനും."

ലോകഗതിക്കനുസരിച്ചു കാലദേശാവസ്ഥകൾ നോക്കി സമുദായപരിഷ്കാരങ്ങൾ ചെയ്തുകൊണ്ടിരിക്കേണ്ടതു മൎമ്മമായ ഒരു സംഗതിയാണ്. ഇടക്കിടെക്കു പൊതുജന

യോഗങ്ങൾ കൂടി, സാമുദായികമായ കാര്യങ്ങളെ സംബന്ധിച്ചു കൂടിയാലോചനകൾ നടത്തി, ഓരോവിഷയത്തെ സംബന്ധിച്ച് പ്രത്യേക നിർവ്വഹണസംഘങ്ങളെ സ്ഥാപിച്ചു രീതിപ്പെടുത്തി, സ്വരാജ്യത്തിൻെറ ദാസന്മാരെന്ന നിലയിൽ സർവ്വരും സ്വദേശാഭിമാനത്തോടുകൂടി തങ്ങളുടെ പൊതുവായ ക്ഷേമത്തിന്നാവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊണ്ടിരുന്നാൽ മാത്രമെ നന്മ വർദ്ധിച്ചുവരികയുള്ളൂ. ഏതൊരു സമുദായമോ രാജ്യമോ മുൻപറഞ്ഞപ്രകാരം ഐകമത്യത്തോടുകൂടി തങ്ങളുടെ ബാദ്ധ്യതകളെ നിറവേററുന്നില്ലയോ ആ സമുദായവും രാജ്യവും അധോഗതി പ്രാപിച്ചു തങ്ങളെക്കാൾ യോജിപ്പും തന്നിമിത്തം ശക്തിയുമുള്ള ഇതര സമുദായങ്ങൾക്കോ രാജ്യക്കാർക്കോ അടിമപ്പെടുവാൻ നിസ്സംശയം ഇടവരുന്നതാണ്. സ്വശക്തിയുള്ളവരും സ്വാർത്ഥതല്പരത കുറഞ്ഞവരുമായ ചില മഹാന്മാർ പൊതുജനക്ഷേമത്തിൻെറ നിലനില്പിലേക്കു ഭൂരിജനസമ്മതമായ തത്വസാരങ്ങളെ അനുഷ്ഠാനങ്ങളായി രൂപാന്തരപ്പെടുത്തുന്നതിൽ മാർഗ്ഗദർശികളായി പരിശ്രമിച്ചാൽ അതു ഒരാദർശമാണ്ടീന്ന് "മുമ്പിൽഗമിച്ചീടിന ഗോവുതൻെറ പിമ്പെ ഗമിക്കും ബഹു ഗോക്കളെല്ലാം" എന്ന നിലയിൽ ജനസമൂഹം അവരെ പിന്തുടരുന്നതു സ്വാഭാവികമാണ്.

# X. മാഹാത്മ്യം.

"ഏക ഏവ മനോ ദേവോ ജ്ഞേയഃ സർവ്വാർത്ഥസിദ്ധിദഃ
അന്യത്ര വിഫലഃ ക്ലേശഃ സർവ്വേഷാം തജ്ജയം വിനാ"

വാസിഷ്ഠം.

(സർവ്വാർത്ഥസിദ്ധികളെയും ദാനം ചെയ്യുന്ന ഏക ദേവൻ മനസ്സാണെന്നു അറിയപ്പെടേണ്ടതാണ്. മനോജയം കൂടാതെ മററു സർവ്വത്രയുള്ള ക്ലേശങ്ങളും വിഫലങ്ങളാണ്.)

1. മാഹാത്മ്യം—സമസ്തസൃഷ്ടികളോടുള്ള അപാരമായ സ്നേഹം നിമിത്തം ജീവിതസർവ്വസ്വത്തെയും പുൽക്കൊടിപ്രായം നിരസിച്ചു അവരുടെ നന്മക്കുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുന്നവരെയാണു 'മഹാന്മാർ എന്നു പറയുന്നത്. ആരെന്തുപറഞ്ഞാലും വേണ്ടതില്ല, തൻെറ സ്വത്തും ശക്തിയും സമയവും ജീവിതവും കൂടി സ്വാർത്ഥപ്രതിപത്തിയും പ്രതിഫലേച്ഛയും കൂടാതെ "പരോപകാരാർത്ഥമിദംശരീരം" എന്ന നിലയിൽ തൻെറ സഹജീവികൾക്കു വേണ്ടി സമർപ്പിക്കുന്ന ഒരു പരമദയാലു ജപധ്യാനഭജനങ്ങളിലും, ഉപാസനയിലും, വ്രതാനുഷ്ഠാനങ്ങളിലും അനാഹാരത്തിലും, യോഗത്തിലും, സന്യാസത്തിലും, തപസ്സിലും എത്രയോ ഉപരി കടന്നെത്തി ദൈവപദത്തിന്നു സമീപിച്ചു നില്ക്കുന്ന ഒരാളാണെന്നു നിസ്സംശയം കീർത്തിച്ചപ്പെടുത്താം. മഹാന്മാർ തന്നെയാകുന്നു യഥാർത്ഥഭക്ത

ന്മാർ. സമസ്തസൃഷ്ടികളെ ഉദ്ധരിപ്പാൻ പരിശ്രമിച്ചുകൊണ്ടിരിക്കാത്ത ആരെയും മററന്തു യോഗ്യതകളുണ്ടെങ്കിലും മഹാൻ എന്നു പറഞ്ഞുകൂടാ.

മഹാന്മാർ വീരന്മാരെക്കാളും എത്രയോ യോഗ്യന്മാർ തന്നെ യുദ്ധത്തിൽ ജയം പ്രാപിച്ച രാജ്യക്കാൎക്കുകൂടി സമസ്തദോഷങ്ങളും ഉണ്ടായിത്തീരുന്നതേയുള്ളൂ. എന്നാൽ മഹാന്മാരുടെ നടവടി മാതൃക സൎവ്വജനങ്ങളിലും ആവേശിച്ചു നന്മ ചെയ്യുന്നു. മനോഗുണത്തിലും സത്യമായ നടവടിയിലും എത്തൊരു വിജയം ആൎക്കെങ്കിലും ലഭിക്കുന്നുവോ അതു സമുദായത്തിലേക്കു നന്മതന്നെ. ധനവിഷയത്തിൽ ഒരാൾക്കുള്ള വിജയം മററുന്യാരാളുകൾക്കു ക്ഷയത്തെ സൂചിപ്പിക്കുന്നു. മനോഗുണത്തിലും സത്യമായ നടവടിയിലുമുള്ള വിജയം ഒരൊററദീപത്താൽ അസംഖ്യം മറുദീപങ്ങൾ കൊളുത്തപ്പെടുന്നപോലെ എത്ര പേൎക്കാണ് ആത്മപ്രകാശം കൊടുക്കുന്നതെന്നു നിൎണ്ണയിച്ചുകൂടാ. ഏതെങ്കിലും ഒരു ശക്തി ഫലിക്കത്തക്കതായി ലോകത്തിലുണ്ടെങ്കിൽ അതു മാഹാത്മ്യമാകുന്നു. മഹാമനസ്കതക്കു രക്താ പ്രവഹിക്കുന്ന പോൎക്കളത്തിൽകൂടി മററു സൎവ്വത്തെക്കാളും എത്രയോ ശക്തിയുണ്ട്.

നാഗരീകത്വത്തിലും, വിദ്യാഭ്യാസത്തിലും പരിഷ്കാരത്തിലും, യുക്തിയിലും, ശക്തിയിലും, ധനത്തിലും, അധികാരത്തിലും, സ്ഥാനമാനങ്ങളിലും ജനങ്ങൾ വിശ്വസിച്ചു ഭ്രമിക്കുന്നു. അവകൾകൊണ്ടു മാത്രം ഒരിക്കലും യഥാൎത്ഥ

മായ ഉന്നതിയും സമാധാനവും ലഭിക്കുന്നതല്ല. കലാവിദ്യ 'സുഖസമൃദ്ധി സ്വാൎത്ഥതല്പരത, അലസത, ചപലത, കലഹം, നാശം എന്നിവകളാകുന്നു അവകളുടെ പൎയ്യവസാനം. മനുഷ്യന്നു ധനം, വിദ്യ, കീൎത്തി, ജീവിതം, മുതലായവയെക്കാരം മഹത്തായ "എന്തോ ഒരു തത്വം ജീവിതത്തിലുണ്ടെന്നുള്ളതു തീൎച്ചതന്നെ. അതു സമാധാനമാണെന്നു മനസ്സാക്ഷി നമ്മെ അറിയിക്കുന്നു. മാനുഷചാപല്യങ്ങളാണു സമാധാനത്തെ ഭംഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. മാനസചാപല്യങ്ങളെ ഇല്ലാതാക്കി പ്രശാന്തത പ്രാപിക്കുന്നതാണു സൎവ്വോൽകൃഷ്ടമായ വിജയം. സമാധാനത്തെ നിലനിൎത്തി ക്ഷേമത്തെ വൎദ്ധിപ്പിക്കാത്തതൊന്നും നാഗരീകത്വമല്ല. സമാധാനഭംഗത്തിന്നും തന്നിമിത്തം കഷ്ടങ്ങരംക്കും ഇടവരുത്തുന്നതെല്ലാം പൈശാചികത്വമാണ്.

തത്വങ്ങളെയെല്ലാം ആലോചിപ്പാനും, പ്രസംഗിപ്പാനും, കാട്ടിക്കൂട്ടുവാനും ആൎക്കും നിഷ്പ്രയാസം സാധിക്കുന്നതാകുന്നു. എന്നാൽ അപ്രകാരം തന്നെ അനുഷ്ഠിക്കുന്നതിലാകുന്നു മാഹാത്മ്യം. അറിവൊട്ടുമില്ലാത്തവർ ലോകത്തിൽ ചുരുക്കമാണ്. എന്നാൽ തങ്ങരംക്കറിവുള്ള തത്വങ്ങളെ അനുഷ്ഠാനത്തിൽ അനുസരിക്കുന്നവർ ദുല്ലഭമേ ഉള്ളു. ക്രിയാനുഷ്ഠാനമാണ് ശക്തിമത്തായ പ്രഖ്യാപനം. അറിയപ്പെട്ട തത്വങ്ങളെ അനുഷ്ഠാനത്തിൽ കൊണ്ടുവരുന്നതിലാണ് ശ്രേയസ്സിരിക്കുന്നത്.

ഹൃദയത്തിന്റെ വികാരങ്ങരം മുഖത്ത്, പ്രത്യേകിച്ചു കണ്ണിൽ, സ്ഫുരിക്കാതിരിക്കയില്ല; കണ്ണു മനസ്സിന്റെ പ്ര

ധാനമായ കണ്ണാടിയാണ്. മഹാത്മാക്കൾ അസാധാരണമാ
യ ഒരു തേജസ്സു മുഖത്ത് ദീപ്തമായി കാണാം. അതിനെ
ലോകം അറിഞ്ഞിട്ടോ, അറിയാതെയോ ബഹുമാനിക്കാ
തെ കഴികയുമില്ല. ആത്മീയശക്തിയുടെ പരമോൽകൃഷ്ട
തയെ നാം പലപ്പോഴും പ്രത്യക്ഷമായി കണ്ടുവരാറുണ്ട്.
മഹിമയുള്ളവരെ മററു സർവ്വരിലും ഉറങ്ങിക്കിടക്കുന്ന മഹി
മ ഉണർന്നു എതിരേല്ക്കും. അതാകുന്നു "സത്യേന ലോകം
ജയതി" എന്ന തത്വത്തിന്നനുസരിച്ച് ചില മഹാത്മാക്കൾ
ജനസമൂഹങ്ങളെ പൊട്ടുന്നനവെ ആകർഷിപ്പാനുള്ള ശ
ക്തി. സർവ്വ മനുഷ്യരുടെയും ഹൃദയാന്തരത്തിങ്കൽ സാത്വി
ക ഗുണത്തിൻെറ ബീജമുണ്ട്. അതു രജസ്തമോഗുണാധി
ക്യങ്ങളാൽ മറഞ്ഞുകിടക്കുകയാണ്. മാതൃകയാലും അനുകൂ
ലഭാവത്താലും, ദയയാലും അതു ദീപ്തമാക്കപ്പെടുന്നു. എ
ന്നാൽ പ്രതികൂലഭാവത്താലും, ക്രൂരതയാലും, ദുർജ്ജനസംസ
ർഗ്ഗത്താലും അതു തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു. സൽഗു
ണത്തിൻെറ അങ്കുരം ലേശമെങ്കിലും ഒരു വിഷയത്തിലുമി
ല്ലാത്ത മനുഷ്യർ ആരുമില്ല. സംസാരികളിൽ പൂർണ്ണന്മാരും
ആരുമില്ല. സർവ്വ മനുഷ്യരും നല്ലവർതന്നെ എന്നുവിശ്വസി
ക്കുന്നതാണ് താന്താങ്ങൾക്കും പരന്മാർക്കും നന്മ. പരസ്പര
വിശ്വാസമുള്ളപ്പോൾ മാത്രമെ സൽഗുണങ്ങൾ സ്ഫുരിക്കയു
ള്ളു. ദോഷൈകദൃഷ്ടി ഇരുവഴിക്കാർക്കും ആപൽകരമാകുന്നു.

"എല്ലാംതികഞ്ഞിട്ടൊരുവസ്തുപോലും
തണ്ടാർമകൻ ഹന്ത ചമപ്പതുണ്ടോ"

എന്ന തത്വത്തെ ഓർത്തു വല്ല ന്യൂനതകളും ഒരാൾവക്കൽ
അധികമായി ഉണ്ടെങ്കിൽതന്നെയും അവരെ സ്നേഹ

ത്താൽ പരിഹരിപ്പാൻ എല്ലാവരും ശ്രമിക്കുകയല്ലാതെ ആരെയും അകററിനിൎത്തുന്നതും ദ്വേഷിക്കുന്നതും വെടിപ്പല്ല. ദുൎമ്മാൎഗ്ഗികളേയും പോക്കിരികളേയും നീചന്മാരേയുംകൂടി ബഹിഷ്ക്കരിക്കാതെ അവരേയും സ്നേഹിച്ചു നന്നാക്കിത്തീൎപ്പാൻ സാധിക്കുന്നതാണെന്നും മുഖ്യമായി ഓൎമ്മവെക്കേണ്ടതാണ്. പ്രകാശത്തിൻെറ ഉദയമുണ്ടാകുമ്പോൾ ഇരുൾ തനിയെ അകന്നുപോകുന്നതാണല്ലൊ. ധന്യാത്മാക്കൾ ഉള്ളവിടെയെല്ലാം ചൈതന്യവും തേജസ്സും സന്തോഷവുമുണ്ടായിരിക്കും. മനോനൈൎമ്മല്യം, സമഭാവന, സ്ഥൈൎയ്യം, സത്യം എന്നിങ്ങിനെ നാലുമാണ് മാഹാത്മ്യത്തിൻെറ അംഗങ്ങൾ. മനോനൈൎമ്മല്യത്തിൻെറ ഫലമാകുന്നു ദയ. പരമാൎത്ഥബോധത്തിൻെറ അടയാളമാകുന്നു സമഭാവന. സ്ഥൈൎയ്യത്തിൻെറ സൂചകമാകുന്നു ശാന്തി. സത്യത്തിൻെറ പ്രകാശമാണ് വ്യവസ്ഥ.

2. <u>മനോനൈൎമ്മല്യം</u>— രാഗദ്വേഷക്രോധമോഹമദമാത്സൎയ്യങ്ങളടങ്ങിയാൽ മാത്രമെ മനസ്സ് നിൎമ്മലമായ്ത്തീരുകയുള്ളൂ. മനസ്സു സ്വച്ഛമായ്ത്തീരാതെ ആത്മാവു അതിൽ ശരിയായി പ്രതിബിംബിക്കുന്നതല്ല. സ്വാൎത്ഥപ്രതിപത്തിയുടെ ആധിക്യത്താലാകുന്നു പ്രസ്തുത ദുൎഗ്ഗുണങ്ങളെല്ലാം ഉത്ഭവിക്കുന്നത്. നിത്യപരിശീലനത്താൽ പഞ്ചേന്ദ്രിയങ്ങളെ ക്രമേണ അടക്കി മനസ്സിനെ നിൎമ്മലമാക്കിത്തീൎക്കുന്നതു സാദ്ധ്യംതന്നെയാണ്. "മനസശ്ചേന്ദ്രിയാണാഞ്ച നിഗ്രഹഃ പരമം തപഃ" എന്ന പ്രമാണവശാൽ ഇന്ദ്രിയനിഗ്രഹമാകുന്നു ഉപരിയായ തപസ്സ്. ശമവും ദമവും ശീലി

പ്പാൻ സർവ്വരും യോഗികളാവേണമെന്നില്ല. പൌരുഷത്താൽതന്നെ അതിന്നു സാദ്ധ്യമാകുന്നു. തന്നെത്താൻ ഭരിപ്പാൻ കഴിയാത്തവർക്കു മറ്റൊന്നു ഭരണത്തിന്നാകുന്നു അർഹതയുള്ളത്. എന്നാൽ പ്രകാശത്തിന്റെ ഉദയംകൂടാതെ ഇരുൾ നീങ്ങുന്നതല്ലായ്കയാൽ സൽഗുണങ്ങളെ വർദ്ധിപ്പിക്കുന്നതാണ് ദുർഗ്ഗുണങ്ങൾക്കുള്ള പ്രതിവിധി.

നിഷ്കളങ്ക ഹൃദയന്മാർക്കു വർത്തമാനജന്മത്തിൽ തന്നെ സ്വർല്ലോക സുഖാനുഭവമുണ്ടാകാതിരിക്കയില്ല. ബാലന്മാർക്കു കാണുന്ന മനസ്സാക്ഷി ഇതിലേക്കു ഒരു തെളിവാണല്ലോ. രാഗം മനുഷ്യനെ ബന്ധിച്ചു അസ്വതന്ത്രനാക്കുന്നു. ദ്വേഷം ഉമിയിൽ നീറുന്ന അഗ്നിക്കു സമമാകയാൽ ക്രമേണ തന്നെത്തന്നെ പുകച്ചുകളയും. ക്രോധമുജ്ജ്വലിക്കുമ്പോൾ തന്നിലുള്ള സൂക്ഷ്മശക്തി കതിനപോലെ പൊട്ടുന്നതിനാൽ ആത്മശക്തിക്കു ക്ഷയം നേരിടുന്നു. മോഹം മനുഷ്യനെ അന്ധനാക്കിത്തീർത്തു വഴി തെറ്റിച്ചു കുണ്ടിൽ ചാടിക്കും. മദം ഒരാളെ ഉന്മത്തനാക്കിത്തീർത്തു പാറ്റകൾ തീയിൽ ചാടി നശിക്കുന്നപോലെ സ്വയംകൃതാനർത്ഥങ്ങളെ ഉത്ഭവിപ്പിക്കും. മാത്സര്യം (പരശ്രീ കണ്ടുകൂടായ്ക) തന്നെത്താൻ വെറുങ്ങലിപ്പിക്കും. ഈ ആറു ദുർഗ്ഗുണങ്ങളിലുംവെച്ചു ദ്വേഷവും അസൂയയുമാണ് അത്യന്തം നികൃഷ്ടമായവ. അന്യോൽകർഷത്തിൽ പരിതപിക്കുന്ന അസൂയാകുക്ഷികളെ പൈശാചാധമന്മാർ എന്നേ പറഞ്ഞുകൂടു. "മേലേ കണ്ടത്തിൽ ഉറവുണ്ടായാൽ താഴേ കണ്ടത്തിലും വരും" എന്നത് സർവ്വരും ഓർമ്മവെക്കേണ്ട ഒരു തത്വമാണ്. സ്വ

സ്വവൃത്തി അവലംബിക്കുന്നവക്കാകുന്നു ഈ ദുൎഗ്ഗുണങ്ങൾ അധികം ബാധിച്ചു കാണുന്നതു. ആയതിനാൽ സന്മാൎഗ്ഗങ്ങളായ കാൎയ്യങ്ങളിൽ യത്നിച്ചുകൊണ്ടിരുന്നു ആത്മസംയമനത്തെ നിത്യപരിശീലനം ചെയ്യേണ്ടതാണ്. നിഷ്കന്മഷത്വമാണ് മാഹാത്മ്യത്തിന്റെ നാരായവേർ. ഹൃദയത്തിന്റെ സംസ്കാരംതന്നെയാണ് സൎവ്വോപരിയായ സാദ്ധ്യം. ബുദ്ധിയും വിദ്യയും മററും അതിനുതകുന്ന ആയുധങ്ങൾ മാത്രമാണ്. വൻകള്ളന്മാരിൽ കൂടി ചില കുശാഗ്രബുദ്ധികളുണ്ടല്ലോ.

ഭക്തി, സ്നേഹം, ദയ, വാത്സല്യം എന്നീ ഗുണങ്ങൾ സ്ഥാനഭേദങ്ങളെ ആശ്രയിച്ചു ഹൃദയത്തിൽനിന്നു സ്ഫുരണംചെയ്യുന്ന ഒരു വികാരമാകുന്നു. ദയാലുത്വത്താലാകുന്നു ആളുകളുടേയും ഹൃദയശുദ്ധിയെ ഗണിക്കേണ്ടതു. പരക്ലേശം കാണുമ്പോൾ പ്രതിഫലേച്ഛ കൂടാതെ, അതിനെ പരിഹരിക്കത്തക്ക നിലയിൽ ഹൃദയം ആൎദ്രമായിത്തീൎന്നു അതിൽനിന്നു ഉറന്നൊഴുകുന്ന ഒരു ഉറവാകുന്നു ദയ. "ദയാസമം നാസ്തി പുണ്യം" എന്ന അഭിജ്ഞവചനപ്രകാരം മനുഷ്യനു ആത്മശക്തി സിദ്ധിക്കുന്നതിനുള്ള ഔഷധങ്ങളിൽവെച്ചു ഏററവും പരിശുദ്ധവും ദിവ്യവുമായതു ദയയാകുന്നു. ഈശ്വരസാന്നിദ്ധ്യത്തിന്നുതകുന്നവിധത്തിൽ ഹൃദയത്തെ പാവനമാക്കുന്നതിന്നു ഈ ദിവ്യൌഷധത്തിന്റെ സംസൎഗ്ഗമില്ലാതെ ഗത്യന്തരമില്ല. സൎവ്വേശ്വരൻ കരുണാസിന്ധുവാണല്ലോ. സമസ്തസൃഷ്ടികളോടുമുള്ള സ്നേഹം ഹൃദയത്തെ പ്രശാന്തശീതളവും പരമാനന്ദഭരിതവുമാക്കി

ത്തിക്കുന്നതായാൽ അതിലേക്ക ഹൃദയത്തെ പര്യാപ്തമാക്കിത്തീക്കാനായിരിക്കേണം മനുഷ്യരുടെ സർവോൽകൃഷ്ടമായ പരിശ്രമം. ദാതാവിനേയും ഗൃഹീതാവിനേയും ഒരുപോലെ അനുഗ്രഹിച്ച ആനന്ദിപ്പിക്കുന്ന നിധി ദയ മാത്രമാകുന്നു. സർവ്വവസ്തുക്കളാലും താൻ ആകർഷിക്കപ്പെടുന്ന ആശയാകുന്നു മനുഷ്യന്റെ പരമശത്രു; തന്നിൽനിന്നു എല്ലാററിലേക്കും പ്രവഹിക്കുന്ന ദയയാകുന്നു മനുഷ്യന്റെ ഉററ ബന്ധു.

3. <u>സമഭാവന</u>—"സർവ്വഭൂതസ്ഥമാത്മാനം സർവ്വഭൂതാനിചാത്മനി" എന്ന നിലയിൽ സർവ്വജീവികളിലും ഈശ്വരവിലാസത്തെ കണ്ടു തന്നെപ്പോലെ സർവ്വസൃഷ്ടികളേയും കരുതി യാതൊരു പക്ഷഭേദവും സിദ്ധാന്തവും ഇല്ലാതെ സർവ്വ പ്രാണികളോടും ഒരേ രീതിയിൽ പെരുമാറുന്നതാകുന്നു സമഭാവന. "ശുനി ചൈവ ശ്വപാകേ ച പണ്ഡിതാസ്സമദർശിനഃ" എന്ന ആപ്തവാക്യത്തിന്നനുസരിച്ച സമഭാവനയെ അവലംബനം ചെയ്യാത്ത ജ്ഞാനത്തിന്റെ നാട്യമെല്ലാം മിത്ഥ്യയാകുന്നു. സർവ്വ പ്രാണികളിലും ആത്മചൈതന്യം ഏറെക്കുറെ എന്ന നിലയിൽ ജാഗ്രതാവസ്ഥ പ്രാപിച്ചിരിക്കുന്നു എന്നു മാത്രമല്ലാതെ ദൈവസാന്നിദ്ധ്യമില്ലാത്ത ജീവികളൊന്നുമില്ല. സൂർയ്യചന്ദ്രന്മാർ സർവ്വ വസ്തുക്കളിലും ഒരുപോലെ പ്രകാശിക്കുന്നതല്ലാതെ വസ്തുക്കളുടെ ആകൃതിക്കും പ്രകൃതിക്കും തരങ്ങൾക്കുമുള്ള വ്യത്യാസങ്ങളും ഉത്തമമദ്ധ്യമാധമഭേദങ്ങളും ഗണിക്കുന്നില്ല. രാജധാനിയിലാവട്ടെ, ചണ്ഡാലപ്പുരക്കലാവട്ടെ,

വനാന്തരത്തിലാവട്ടെ പൂക്കുന്ന ഒരേജാതി പുഷ്പങ്ങൾ തമ്മിൽ യാതൊരു വ്യത്യാസത്തെയും നാം കാണുന്നില്ല. അതുപോലെത്തന്നെ നാമും എവിടെയും, എപ്പോഴും, ആരോടും ഒരുപോലെത്തന്നെ ആചരിക്കേണ്ടതാണ്. ഒന്നിൽ അസംഖ്യങ്ങളേയും അസംഖ്യങ്ങളിൽ ഒന്നിനേയും ദർശിക്കുന്നതു തന്നെയാകുന്നു പരമാത്ഥബോധം.

4. <u>സ്ഥൈര്യം</u>—"ദുഃഖേഷ്വനുദ്വിഗ്നമനാഃ സുഖേഷു വിഗതസ്പൃഹഃ" എന്നപോലെ സുഖദുഃഖങ്ങളിലും ഭാഗ്യനിർഭാഗ്യങ്ങളിലും അനുകൂല പ്രതികൂലതകളിലും എപ്പോഴും ഒരേ നിലയിൽ ശാന്തിയോടുകൂടി വത്തിക്കുന്ന അവസ്ഥയാകുന്നു സ്ഥൈര്യം. ക്ഷമയാലാകുന്നു മനുഷ്യൻ വിധിയെ ജയിച്ചു സവ്വ നന്മകളും പ്രാപിക്കേണ്ടതു. ക്ഷമമൂലമാകുന്നു ദൈവം പ്രകൃതിയെ ഭരിക്കുന്നതും, ആത്മാവു ജഡത്തെ അനുസരണപ്പെടുത്തുന്നതും, ഭൂമി നമ്മെ വഹിക്കുന്നതും. അപ്രകാരംതന്നെ "വിപദി ധൈര്യമഥാഭ്യുദയെ ക്ഷമാ" എന്ന ഭത്തൃഹരി വചനത്തിന്നനുസരിച്ചു ആപത്തുകൾ നേരിടുമ്പോൾ ധൈര്യമവലംബിക്കുകയും സമ്പത്തു പ്രാപിക്കുമ്പോൾ ക്ഷമയെ അംഗീകരിക്കുകയും ചെയ്താൽ മാത്രമെ സമാധാനം ഹൃത്തടത്തിൽ കുടികൊള്ളുകയുള്ളൂ.

5. സത്യം—ദൈവവും ലോകവും തിരഞ്ഞുനോക്കി സ്നേഹിക്കുന്നതാരെയാണെന്നു വെച്ചാൽ:—ആത്മവിക്രയം ചെയ്യാത്തവരെ; സത്യം മുഖത്തു പ്രകാശിക്കുന്നവരെ; വടക്കു നോക്കിയെപ്പോലെ യഥാത്ഥത്തെ വ്യവസ്ഥ

യോടുകൂടി ചൂണ്ടിക്കാണിക്കുന്നവരെ; ആകാശം വീണാലും ഭൂമി മറിഞ്ഞാലും കൂടി തത്വാനുഷ്ഠാനത്തിന്നായി ഉറപ്പെട്ടു നില്ക്കുന്നവരെ; സധൈൎയ്യം സത്യം തുറന്നുപറഞ്ഞു ലോകത്തെയും ആപത്തിനെയും മുഖത്തു നോക്കാൻ കൂസലില്ലാത്തവരെ; മനസ്സാക്ഷിക്കനുസരിച്ചു വിചാരിക്കുകയും, വിചാരിച്ചതുതന്നെ സംസാരിക്കുകയും, സംസാരിച്ചതുതന്നെ പ്രവൃത്തിക്കുകയും ചെയ്യുന്നവരെ; പ്രാണഹാനി നേരിടുന്നതായാൽ കൂടി കൎത്തവ്യകൎമ്മത്തിന്നു മടിക്കുകയൊ, സംശയിക്കുകയൊ, അതിൽനിന്നു പിൻമാറുകയൊ അതിൽ കള്ളവൊ ചതിയൊ പ്രയോഗിക്കുകയൊ ചെയ്യാത്തവരെ; സ്വധൎമ്മം തന്നെത്താനറിഞ്ഞു പ്രവൃത്തിക്കുന്നവരെ; പരക്ലേശം കാണുമ്പോൾ ഹൃദയത്തിലടിക്കുന്നവരെ; വിരോധികൾക്കുകൂടി ആപത്തിങ്കൽ യഥാശക്തി സഹായം ചെയ്തു അവൎക്കു പശ്ചാത്താപം തോന്നിക്കുന്നവരെ; ധൃതി, സ്ഥൈൎയ്യം, തിതിക്ഷ, ക്ഷാന്തി എന്നീ ഗുണങ്ങളുള്ള തേജസ്വികളെ — ഈ തരക്കാരെയെല്ലാമാണ്. ഇപ്രകാരമുള്ള തീൎത്ഥപാദന്മാരുടെ യശസ്സു ആചന്ദ്രതാരകം നിലനിന്നു കാണുന്നതുമുണ്ടല്ലൊ.

'അലോക്യം' തോന്നാതിരിപ്പാൻ വാസ്തവത്തിനെ മറച്ചുവെച്ചു ഭംഗിയായി സംസാരിക്കുക; സത്യം തുറന്നു പറയാതെ മൌനമവലംബിക്കുക; ഉഭയാൎത്ഥത്തിൽ സംസാരിക്കുക; വാക്കുകൾ എണ്ണിത്തൂക്കി വിഴുങ്ങിക്കൊണ്ടു സംസാരിക്കുക; വാസ്തവത്തിൽനിന്നു ഒഴിയുക; ഇരുതല കോൎത്തു പിടിക്കുക; അങ്ങുമിങ്ങും തട്ടാതെ വഴുക്കി വഴുക്കി

അഭിപ്രായം പറയുക; വൎണ്ണിക്കുക; ഇളക്കിപ്പറയുക; അഭിപ്രായത്തിന്നു വിപരീതമായി നടിക്കുക; നോട്ടംകൊണ്ടോ തലകുലുക്കികൊണ്ടോ പുഞ്ചിരികൊണ്ടോ ആംഗ്യംകൊണ്ടോ വഞ്ചിക്കുക; മനഃപൂൎവ്വമല്ലാതിരിക്കുക—ഇതെല്ലാം അസത്യത്തിന്റെ പടച്ച്കളാകുന്നു. സത്യമാകുന്ന മാഹാത്മ്യത്തിന്റെ അസ്ഥിവാരം. ഹൃദയം ശരിയായി പ്രതിഫലനം ചെയ്താൽ മാത്രമെ അതു ലഘ്യവായിരിക്കയുള്ളൂ.

## XI ദൈവ ഭജനം.

"ഏക ഏവ പരോഹ്യാത്മാ ഭൂതേഷ്വാത്മന്യവസ്ഥിതഃ
യഥേന്ദുരുദപാത്രേഷു ഭൂതാന്യേകാത്മകാനിച"

ഭാഗവതം.

(പ്രാണികളുടെ ജീവനിൽ സ്ഥിതിചെയ്യുന്ന പരമാത്മാവു ഒന്നുതന്നെ. അനേകപാത്രങ്ങളിൽ പ്രതിബിംബിച്ചു കാണുന്ന ഒരേ ചന്ദ്രനെപ്പോലെ ഭൂതങ്ങളെല്ലാം ഒരേ ആത്മമയം തന്നെ.)

"യൽകരോഷി യദശ്നാസി യജ്ജുഹോഷി ദദാസി യൽ
യത്തപസ്യസി കൌന്തേയ തൽകുരുഷ്വ മദർപ്പണം"

ഭഗവൽഗീതാ.

(ഹേ കൌന്തേയ യാതൊന്നു ചെയ്യുന്നുവോ, യാതൊന്നു ഭുജിക്കുന്നുവോ, യാതൊന്നു ഹോമിക്കുന്നുവോ, യാതൊന്നു ദാനം ചെയ്യുന്നുവോ യാതൊന്നു തപസ്സുചെയ്യുന്നുവോ അതെല്ലാം എൻെറ അർപ്പണമായിക്കൊണ്ടു ചെയ്യുക.)

1. മതം—മതം എന്നുവെച്ചാൽ 'വിശ്വാസം' എന്നുമാത്രമെ അർത്ഥമുള്ളു. ദൈവം അരൂപിയും സർവ്വവ്യാപിയുമാണെങ്കിലും സർവ്വലോക ചരാചരങ്ങളിലും അന്തർവിളങ്ങിരിക്കയാൽ ഏതുവിധം സങ്കല്പിക്കുന്നതിലും തെററില്ല. പൂജിച്ചാൽ പ്രതിഫലം കൊടുക്കുന്ന ഒരു മനുഷ്യനോ ദേവനോ ആകുന്നു ദൈവം എന്നു കല്പിക്കുന്നതു അബദ്ധത്തെ പടവാകുന്നു. സർവ്വശക്തനായ ഒരു ജഗദീശ്വരൻ ലോകത്തെ സൃഷ്ടിച്ചു പുണ്യപാപങ്ങൾക്കനുസരിച്ചു രക്ഷ

ശിക്ഷ വിധിച്ചുംകൊണ്ടു നീതിന്യായത്തോടും കരുണയോടുംകൂടി ലോകം ഭരിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നതു മദ്ധ്യമമായ പടവാകുന്നു. തന്നിൽതന്നെ ദൈവസ്സാന്നിധ്യമുണ്ടെന്നും താൻതന്നെയാകുന്നു തന്നെ ഭരിക്കുന്നതെന്നും വിശ്വസിക്കുന്നതു ഉപരിഭാഗത്തുള്ള പടവാകുന്നു. "അഹം ബ്രഹ്മാസ്മി" എന്ന വേദവാക്യത്തിന്നനുസരിച്ചു താൻതന്നെയാകുന്നു ദൈവം എന്നു ബോധമുണ്ടാകുന്നതാകുന്നു പരമകാഷ്ഠയായ മോക്ഷം. ലോകപരിചയത്താൽ ജ്ഞാനം വൎദ്ധിക്കുന്തോറും സൎവ്വരും ക്രമേണ ഉപൎയ്യുപരിയായി പൊങ്ങിനില്ക്കുന്ന പടവുകളിലേക്കു കയറുന്നതുമാണ്. ഓരോരുത്തരുടേയും തല്ക്കാലത്തെ ബുദ്ധിവികാസത്തിന്നനുസരിച്ചു മാത്രമെ അവൎക്കു ഗ്രാഹ്യശക്തി ഉണ്ടായിരിക്കയുള്ളു.

ഓരോ മതങ്ങളിലും ബാഹ്യമായ അനുഷ്ഠാനങ്ങൾക്കു വളരെ വ്യത്യാസം തോന്നുന്നുണ്ടെങ്കിലും അവകളിലെ ആന്തരമായ തത്വം ഒന്നുതന്നെയാണെന്നു സമദൎശികൾക്കു എളുപ്പത്തിൽ മനസ്സിലാക്കാം. സൎവ്വ നദികളും ഒരേ സമുദ്രത്തിലേക്കു തന്നെയാകുന്നു ഒഴുകിച്ചെല്ലുന്നത്. ദൈവം ഏക സത്യപരിപൂൎണ്ണനാണെന്നും, സൎവ്വദിക്കിലുമുണ്ടെന്നും, നിൎമ്മലവും ശാന്തവുമായ ഹൃത്തടത്തിൽകൂടി മാത്രമെ ശോഭിക്കയുള്ളുവെന്നും, സത്യത്തെ ആശ്രയിച്ചു സമസ്തസൃഷ്ടിസ്നേഹത്തോടുകൂടി വ്യവസ്ഥയായി സ്വധൎമ്മം നടത്തുന്നതാണ് ഉൽകൃഷ്ടതത്വമെന്നും ദീൎഘദൎശികളായ സൎവ്വ മതസ്ഥാപകന്മാരും പൂൎണ്ണബോധത്താലറിഞ്ഞു ലോകനന്മക്കായി

ആ തത്വങ്ങളെ ഉൽഘോഷിച്ചിട്ടുണ്ട്. മതസ്ഥാപകന്മാരെല്ലാം അമാനുഷന്മാരായിരുന്നുവെന്നു അവരുടെ ചരിത്രങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ ചില വിദ്വാന്മാരുടെ വർണ്ണനാലങ്കാരപ്രകടനങ്ങളാൽ ആന്തരമായ തത്വസാരം, ഫലം ഇലകളാലെന്നപോലെ മറയ്ക്കുകത്താക്കപ്പെടുകയും സ്വാൎത്ഥതല്പരന്മാരായ ചില സമൎത്ഥന്മാർ അവയെ വികടമായി വ്യാഖ്യാനിച്ചു ചില അനാചാരങ്ങളെ അനുഷ്ഠാനത്തിൽ വരുത്തുകയും ചെയ്തിരിക്കുന്നു. ഏതെങ്കിലും ഒരു വിഷയത്തിൽ ഖ്യാതിനേടാൻ സംഗതിവന്നിട്ടുള്ള ഒരാളെ അന്ധവിശ്വാസത്തോടുകൂടി പിന്തുടരുക എന്നുള്ള ഗതാനുഗതികത്വം ലോകസാധാരണസ്വഭാവമാണല്ലോ. ക്രമേണ ബാഹ്യാനുഷ്ഠാനങ്ങളിലും സമുദായാചാരങ്ങളിലും അഭിപ്രായവ്യത്യാസങ്ങൾ വൎദ്ധിച്ചു വന്നതിനാൽ മതമെന്നതു സിദ്ധാന്തവും കലഹത്തിന്നുള്ള ഹേതുവുമായി പരിണമിക്കുകയും ചെയ്തിരിക്കുന്നു. മതഭ്രാന്തന്മാരെല്ലാം വേദാന്തമെന്താണെന്നറിയാത്ത വേദാന്ധന്മാർ തന്നെ. അനുഭവത്തിൽ ദൈവം പ്രത്യക്ഷപ്പെട്ടിട്ടുള്ള യാതൊരാൾക്കും സിദ്ധാന്തമുണ്ടായിരിക്കയില്ല; വാദത്തിന്നൊരുങ്ങുകയുമില്ല. ഒഴിഞ്ഞ ഭരണിയിൽ വെള്ളമൊഴിക്കുമ്പോഴാണ് ശബ്ദം; നിറഞ്ഞു വരുന്തോറും ശബ്ദത്തിന്നും കുറവുണ്ടാവും. മതഭ്രാന്തി ഏററവും നിന്ദ്യമാകയാൽ

"നീരിനാൽ ശുദ്ധമാം ദേഹം നേരിനാൽ ശുദ്ധമാം മതം"

എന്നുള്ള തത്വത്തെ എല്ലാവരും ഓൎമ്മവെക്കേണ്ടതാണ്. ഏതു മതാന്തരസ്ഥന്മാരിലും 'കലയിൽ കേടുണ്ടെന്നല്ലാതെ

കലർന്നോടെ കേട്ടില്ല'. ഏതു മതത്തിലും യോഗ്യന്മാരും ദുർല്ലഭമായി ചില അമാനുഷന്മാരും ഉള്ളതായി കാണുന്നതുമുണ്ട്.

മുൻപറഞ്ഞ സംഗതികളെക്കുറിച്ചാലോചിച്ചാൽ ഒരാളുടെ വിശ്വാസത്തെ മറ്റൊരാൾക്കു പറഞ്ഞു മനസ്സിലാക്കുന്നതല്ലാതെ നിർബ്ബന്ധമായി കുത്തിച്ചെലുത്തേണ്ടു ആവശ്യമില്ലെന്നു ആർക്കും മനസ്സിലാവുന്നതാണ്. തങ്ങളുടെ വിശ്വാസമാകുന്നു ശരി, മറ്റെല്ലാം തെറ്റാണെന്നു പ്രത്യക്ഷാനുഭവം ഉള്ളവരും, അന്യന്മാരെ ശങ്കാവിഹീനം അങ്ങിനെ ബോദ്ധ്യപ്പെടുത്തുവാൻ കഴിവുള്ളവരും, ആരുമില്ല. ഭാവനക്കല്ല, വിശ്വാസത്തിന്നാകുന്നു പ്രാധാന്യം. ഭാവന എത്ര മഹിമയേറിയിരുന്നാലും (വിശ്വാസനിന്നു etc) വിശ്വാസത്തിന്നു പൂർണ്ണതയില്ലെങ്കിൽ നിഷ്ഫലമാകുന്നു. ഓരോരുത്തരുടെയും ബുദ്ധിവികാസത്തിന്നനുസരിച്ചു വിശ്വസിക്കുന്നതിൽ യാതൊരു അബദ്ധവുമില്ല. ഭാവനയിലധികരിച്ച പദവി പ്രാപിക്കുകയില്ലെന്നു മാത്രമെ വ്യത്യാസമുള്ളു. ഹൃദയത്തിന്റേയും ബുദ്ധിയുടേയും സ്വഭാവത്തിന്റേയും സ്ഥിതികളുടെ ഏറ്റക്കുറവിലാകുന്നു മനുഷ്യന്മാർ തമ്മിലുള്ള അജഗജാന്തരം. മൃഗപ്രായം വിട്ടുയർന്നിട്ടില്ലാത്ത മനുഷ്യന്മാരുണ്ട്. ദേവത്വത്തിലേക്കു ഉയർന്നു തുടങ്ങീട്ടുള്ളവരുമുണ്ട്. തമോമയന്മാരും ദിവ്യത്വം പ്രാപിക്കാനവകാശികളാണെന്നു മാത്രമെ സർവ്വരും ചിന്തിക്കേണ്ടതുള്ളു. ആചാരങ്ങളിലും സമ്പ്രദായങ്ങളിലും മറ്റുമല്ല മതത്തിന്റെ ആസ്പദം, മനഃപൂർവ്വമായ ഭക്തിയിലും ഹൃദയത്തിന്റെ ശുദ്ധിയിലുമാണ്.

2. ദൈവം—പ്രകൃതിയിൽനിന്നു നമുക്കു ഇതേവരെ ഗ്രഹിപ്പാൻ സാധിച്ചിട്ടുള്ള ജ്ഞാനത്താൽ തന്നെ ദൈവത്തെ മനസ്സിലാക്കാവുന്നതാകുന്നു. സൂൎയ്യൻ നക്ഷത്രഗണങ്ങളിലുൾപ്പെട്ട ഒന്നാണെന്നും, നമ്മുടെ സൂൎയ്യനേക്കാൾ 500 ഇരട്ടിയോളം വലിപ്പമുള്ള പ്ലാസ്കുററ് എന്നൊരു സൂൎയ്യനുണ്ടെന്നും ദൂരദർശിനി യന്ത്രം മൂലമായി ദൃഷ്ടി എത്തുന്നേടത്തോളം അസംഖ്യം സൂൎയ്യമണ്ഡലങ്ങളെ കാണുമാറുണ്ടെന്നും, നമ്മുടെ ദൃഷ്ടിക്കു ഗോചരമല്ലാത്ത അസംഖ്യം അണുജീവികളെ ഭൂതക്കണ്ണാടി മൂലം കാണുന്നുണ്ടെന്നും സസ്യാദികൾക്കുകൂടി ജീവസ്സും ചുരുങ്ങിയ നിലയിൽ സുഖദുഃഖങ്ങളുടെ സ്വൽപവും ചില ശക്തികളുമുണ്ടെന്നും നവീനതത്വശാസ്ത്രവിശാരദന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ചൊവ്വ, ബുധൻ, ശുക്രൻ മുതലായ ഗ്രഹങ്ങളിൽ നമ്മെക്കാൾ ഉന്നതി പ്രാപിച്ചിരിക്കുന്ന ജീവികളുണ്ടെന്നും അവരിൽ ചിലർ ഉൽഘോഷിക്കുന്നതുമുണ്ടു. കോടാനുകോടി ബ്രഹ്മാണ്ഡങ്ങൾ യഥാൎത്ഥത്തിലുണ്ടെന്നു നമ്മുടെ വേദശാസ്ത്രങ്ങളും പ്രതിപാദിക്കുന്നുണ്ട്. തുറന്ന പ്രകൃതിയിൽ നിറഞ്ഞുകാണുന്ന ഈശ്വരവിലാസങ്ങളെ നോക്കി ശ്രുതിയുക്തിയനുഭവപൂൎവ്വം ആലോചിക്കുന്നതായാൽ ഏകസത്യപരിപൂൎണ്ണനായ ദൈവത്തിന്നു സ്വരൂപവും ആദ്യന്തങ്ങളും കാലദേശങ്ങളായ അതൃത്തികളും വികാരങ്ങളും അസംഭാവ്യമാണ്. "സൎവ്വം ഖല്വിദം ബ്രഹ്മ" എന്ന ഋഷിപ്രോക്തവചനപ്രകാരം എങ്ങും എന്നും വ്യാപിച്ചിരിക്കുന്ന അപാരസൂക്ഷ്മതേജോമയനാണ് പരമാത്മാവായ ദൈവം. ആകാശത്തെപ്പോലെതന്നെ സൎവ്വരിലും സൎവ്വദി

ങ്കിലും സനാതനനായ ദൈവത്തിന്റെ അന്തർഭാനമുണ്ട്. പരമാണുക്കൾ തുടങ്ങി സർവ്വലോകചരാചരങ്ങളും ഊടയിൽ പാവെന്നപോലെ ദൈവത്തിങ്കൽ കോർത്തു പരസ്പരബന്ധത്തോടുകൂടി സ്ഥിതിചെയ്യുന്നു. കനലിൽനിന്നു ചൂട് എപ്രകാരം ഭിന്നമല്ലയോ അപ്രകാരം തന്നെ ദൈവത്തിങ്കൽനിന്നു ഭിന്നിച്ചു നില്ക്കുന്നില്ല പ്രകൃതി

സച്ചിദാനന്ദപരിപൂർണ്ണനായ ദൈവത്തിങ്കൽ ജാഗ്രൽസ്വപ്നസുഷുപ്തിയെന്ന ത്രിഗുണാത്മികയായ പ്രകൃതി മൂലമായി ഉൽപത്തിസ്ഥിതിനാശസ്വഭാവമായ പഞ്ചഭൂതപ്രപഞ്ചമാസകലമുത്ഭവിച്ചു ബന്ധപ്രദമായ സംസാരചക്രപരിവർത്തനാകാരമായി കാന്തത്താൽ സൂചിയെന്നപോലെ തന്നെത്താൻ പ്രവൃത്തിക്കുന്നു. പ്രകൃതിയുടെ ജാഗ്രൽസ്വപ്നസുഷുപ്ത്യവസ്ഥകൾ മൂലമായിട്ടാകുന്നു സൃഷ്ടിസ്ഥിതിസംഹാരങ്ങളുണ്ടായ്ത്തീരുന്നതു. സൃഷ്ടിസ്ഥിതിസംഹാരങ്ങൾ അനദ്ധ്യായമില്ലാതെ സദാ നടന്നുകൊണ്ടിരിക്കുന്നുണ്ടു. ഓരോ ലോകത്തിനെ സംബന്ധിച്ചു മാത്രമാകുന്നു പ്രളയം. എതുകാലത്തും ലോകങ്ങളിൽ ചിലതു നശിച്ചും ചിലതു പുതുതായി ഉണ്ടായ്ക്കൊണ്ടും തന്നെ ഇരിക്കുന്നു. ജഗന്നിയന്താവിന്റെ മഹിമ വാചാമഗോചരമാണ്. കാരണം, കാരണം, കർത്താ ഇവ എല്ലാം സർവ്വേശ്വരൻ തന്നെയാണ്. സൃഷ്ടിസ്ഥിതി സംഹാരങ്ങൾ സർവ്വാത്മാവിന്റെ ലീലാപ്രകൃതിമൂലമാണെന്നു മാത്രമെ സങ്കല്പിച്ചുകൂട.

3. <u>മനുഷ്യൻ</u>--അതൃത്തിയില്ലാത്തതും എന്നാൽ ഒരേ സ്ഥാനത്തു മദ്ധ്യവുമായ ഒരു അപാരമായ വൃത്തമാണു മനുഷ്യൻ. ദൈവമോ, അതൃത്തിയില്ലാത്തതും എന്നാൽ സ

ർദ്ധികിലും മദ്ധ്യവുമായ ഒരു അപാരമായ വൃത്തമാണ്. ആത്മബോധത്തിൻെറ മദ്ധ്യസ്ഥാനം അസംഖ്യം പെരുകിയാൽ മനുഷ്യനും ദൈവമായിത്തീരാം. ഇതു തന്നെയാണു മോക്ഷം. ഈ കാരണത്താലാണ് സഹജീവികളെസ്സേഹിക്കുന്നതാണ് ശരിയായ ഈശ്വരഭജനം എന്നു പറയുന്നതു. സമഷ്ടിയിൽനിന്നു പെരുകിയ വ്യഷ്ടിയിലും, ആത്മചൈതന്യത്തിങ്കൽനിന്നു സത്വരജസ്തമോഗുണമയമായ അന്തഃകരണം മൂലമായി ജനനജീവിതമരണസ്വഭാവമായ പഞ്ചഭൂതതന്മാത്രകളടങ്ങിയ ദേഹം ഉത്ഭവിച്ചു സുഖദുഃഖപരിഭ്രമത്തോടുകൂടി ആത്മസന്നിധിമാത്രത്താൽ തന്നെത്താൻ പ്രവൃത്തിക്കുന്നു. ആത്മാവിങ്കൽനിന്നു വേറിട്ടുനില്ക്കുന്ന ഒന്നല്ല അന്തഃകരണം. അന്തഃകരണത്തിൻെറ ഭാവനയെ ആശ്രയിച്ചു ആത്മാവിങ്കൽതന്നെയാകുന്നു ദേഹം സ്ഥിതിചെയ്യുന്നതു. തൈലം വത്തിയേയും പ്രഭയേയും കൂട്ടിച്ചേക്കുന്നപോലെ മനസ്സു ആത്മാവിനേയും ഉപാധിയായ ദേഹത്തേയും കൂട്ടിച്ചേത്തിരിക്കുന്നു. എണ്ണയുടെ കട്ടിയും കലപ്പും നാളത്തെ ബന്ധിക്കുന്ന മാതിരിതന്നെ മനസ്സിൻെറ കാഠിന്യവും കളങ്കവുമാകുന്നു ആത്മപ്രകാശത്തെ ബന്ധിക്കുന്നതു. ചളി അടന്നുപോയ ഇരിമ്പുമാത്രമെ കാന്തത്താൽ ആകഷിക്കപ്പെടുകയുള്ളു. ആയതിനാൽ സവ്വവിധ പരിഷ്കാരങ്ങളും മനസ്സിന്നു തന്നെയാകുന്നു ആവശ്യം. മനുഷ്യനിലുള്ള അന്തഃകരണത്തോളം അത്ഭുതാവഹമായി മറെറാന്നുമില്ല. സവ്വ ജാലങ്ങളെയും പ്രകടിപ്പിച്ചു മോഹിപ്പിച്ചുകൊണ്ടിരിക്കുന്ന മായാശക്തി തന്നെയാകുന്നു അന്തഃകരണം. കോടാനുകോടി മനുഷ്യക്കും ജീവി

കൎമ്മം വസ്തുകൎമ്മം, ആകൃതികൎമ്മം, പ്രകൃതികൎമ്മം അ സംഖ്യം പ്രകാരേണ വ്യത്യാസങ്ങൾ തോന്നുന്നതും, പര മാൎത്ഥം ബോദ്ധ്യപ്പെട്ടാൽകൂടി ഭ്രമങ്ങൾ നേരിട്ടുകൊണ്ടി രിക്കുന്നതും മായ നിമിത്തമാണ്. തേനീച്ച തേൻ കുടി ക്കാൻചെന്നപ്പോൾ തേൻപാത്രത്തിൽ കുടുങ്ങിയ മാതി രിയാണ് നമ്മുടെ സംസാരബന്ധനം. ദേഹംകൊണ്ടുള്ള കൎമ്മം മാത്രം ഇല്ലാതാക്കുന്നതുകൊണ്ടു പ്രയോജനമില്ലെ ന്നു മാത്രമല്ല, വിപരീതഫലങ്ങളുമുണ്ട്. മനസ്സിനെ അ നുസരണപ്പെടുത്താൻ കഴിയുന്നതുവരെ ദേഹത്തെ ഉപ യോഗിച്ചുകൊണ്ടിരിക്കേണ്ടതാവശ്യമാണ്.

യാതൊരു പ്രാണിക്കും ഒരു നിമിഷമെങ്കിലും മന സാ യാതൊരു കൎമ്മവുമില്ലാതെ ഇരിപ്പാൻ സാധിക്കുന്ന തല്ല. ധൎമ്മത്താൽ മനസ്സിനെ വ്യവസ്ഥപ്പെടുത്തി, പരോ പകാരത്താൽ മനസ്സിനെ പ്രവഹിപ്പിച്ചു, സത്യത്തിൽ ദൃ ഢപ്പെടുത്തിയാൽമാത്രമെമനസ്സിനെസ്വാധീനിപ്പിപ്പാൻ കഴികയുള്ളു. ആഗ്രഹങ്ങളെയെല്ലാം അടക്കി മനസ്സിനെ ആത്മാവിങ്കൽതന്നെ ലയിപ്പിച്ചു ഐക്യം പ്രാപിക്കു കയാകുന്നു മോക്ഷം. സ്വാതന്ത്ര്യം, ജ്ഞാനം, സമാധാ നം എന്നീ അവസ്ഥാത്രയങ്ങളുടെ പരിപൂൎണ്ണയോഗം ത ന്നെയാകുന്നു മോക്ഷം എന്നുള്ള അവസ്ഥ. ആത്മാവിന്നു എപ്പോഴും പരിണാമങ്ങളൊന്നുമില്ല. എന്നാൽ സാത്വീ കഗുണത്താൽ നിൎമ്മലമായ്ത്തീൎന്ന മനസ്സിൽകൂടി മാത്ര മെ ആത്മപ്രകാശം വ്യക്തമായി പ്രതിബിംബിക്കയുള്ളു. ചിമ്മിണിക്കനുസരിച്ചാണല്ലൊ ദീപത്തിന്റെ പ്രഭ.

4. <u>ദൈവഭജനം</u>—സംസാരികളെല്ലാം പ്രകൃതിക്കധീനന്മാരാണ്. ദൈവത്തിനെ സമീപിച്ചുവരുന്തോറും പ്രകൃതിയെ ജയിപ്പാൻ സാധിക്കുന്നു. മനുഷ്യന്നു മനസ്സു പ്രകാരമാണോ അപ്രകാരമാണ് ദൈവത്തിന്നു പ്രകൃതി, പക്ഷെ പ്രകൃതി ദൈവത്തിന്നധീനമാണ്. മനസ്സിനെ ആത്മാവിങ്കലേക്കു ഉന്മുഖമാക്കിത്തീൎക്കുകയാകുന്നു ദൈവഭജനത്തിന്റെ ഉദ്ദേശം. മോക്ഷം ലഭിക്കേണമെങ്കിൽ സൎവ്വേശ്വരന്നു സമമായ വിഭൂതികളെ ഉണ്ടാക്കിത്തീൎക്കുക തന്നെ വേണം. താന്താന്റെ മനസ്സിന്നു ഹിതമായ ദൈവത്തിന്റെ ഒരു സാകാരരൂപത്തെ ധ്യാനിച്ചു വിശ്വാസത്തിന്നനുരൂപമായ ഒരു നാമത്തെ സദാ ഉച്ചരിച്ചുകൊണ്ടിരിക്കുന്നതു വിശ്വാസത്തെ പ്രബലപ്പെടുത്തുന്നു. സദ്വിചാരത്തിന്റെ പ്രകാശമുള്ളപ്പോൾ ദുൎവ്വിചാരങ്ങളൊന്നും മനസ്സിൽ സ്ഫുരണം ചെയ്യുന്നതുമല്ലല്ലൊ. പുലൎച്ചെ എഴുന്നേററ ഉടനെയും രാത്രി അത്താഴത്തിന്നു മുമ്പായും അല്പസമയം ഈശ്വരധ്യാനത്തിന്നായി നിയമിക്കുന്നതു മനസ്സു ഈശ്വരോന്മുഖമായ്ത്തീരേണ്ടതിലേക്കു ഹിതകരമാകുന്നു. എന്നാൽ മനസ്സിന്റെ ഏകാഗ്രതക്കനുസരിച്ചാണ് ധ്യാനത്താലുളവായ്ത്തീരുന്ന ആശ്വാസം. നിഷ്കളങ്കമായ ഭക്തി മനസ്വാസ്ഥതക്കനുരൂപമായി ആശ്വാസത്തെ നല്കുന്നു. ദൈവഭജനത്തിന്നായി ഓരോ പ്രത്യേക സ്ഥലങ്ങളിൽ (ക്ഷേത്രം, പള്ളി മുതലായവ) സംഘം കൂടുന്നതും വിശ്വാസത്തെ പ്രബലപ്പെടുത്തുന്നതാണ്. ജനങ്ങൾ സംഘം കൂടി നില്ക്കുന്നവിടെത്തന്നെ ഒരു പ്രത്യേക ചൈ

തന്ത്ര്യമുണ്ടായിരിക്കുന്നതാണ്. ഒരു ജനസംഘം മുഴുവൻ ഭക്തിരസത്തിൽ മുഴുകിനില്ക്കുന്ന അവസരത്തിൽ നന്മക്കായ്ക്കൊണ്ടുള്ള മനോശക്തി അനിൎവ്വചനീയമാണ്. ആത്മാവിങ്കൽ സൎവ്വശക്തികളും അന്തൎഭവിച്ചിരിപ്പുള്ള അവസ്ഥകൾ ഉള്ളഴിഞ്ഞ പ്രാൎത്ഥനകൾ ആത്മപ്രകാശമാകുന്ന ഫലം അല്പമെങ്കിലും ലഭിക്കാതിരിക്കയില്ലല്ലൊ. ഈശ്വരപ്രവേശനത്തിന്നു ഹൃദയകവാടം സന്തോഷപൂൎവ്വം തുറന്നിടുന്ന ആൾക്കു സ്വൎഗ്ഗം തന്നിൽതന്നെ സ്ഥിതിചെയ്യുന്നതാണ്. ദൈവസാന്നിദ്ധ്യത്തെ സൎവ്വത്ര സ്മരിപ്പാൻ കഴിവെത്താത്തവൎക്കു പ്രതിമാദികളിൽ സ്ഥൂലങ്ങളായ പഞ്ചേന്ദ്രിയങ്ങളെ ഉറപ്പിക്കുന്നതു നല്ലതുതന്നെ. ദൈവം ആശ്രിതവത്സലനാണെന്നു പൂൎണ്ണമായി വിശ്വസിച്ചു പ്രാൎത്ഥിക്കുന്നതു ധൎമ്മാചരണത്തിന്നു നമ്മെ ശക്തരാക്കുകയും ആപൽകാലത്തു നമ്മുടെ ധൃതിയെ നിലനിൎത്തുകയും ചെയ്യുന്നു.

വിചാരങ്ങൾ നിസ്സാരമല്ല. വിചാരങ്ങളെല്ലാം കമ്പിയില്ലാക്കമ്പിയെന്നപോലെ സൎവ്വ ദിക്കിലേക്കും വ്യാപിച്ചു ആകാശതത്വത്തിൽ പതിഞ്ഞു രൂപീകരിക്കുന്നുണ്ട്. ദിവ്യചക്ഷുസ്സ്, എന്നുവെച്ചാൽ പഞ്ചേന്ദ്രിയങ്ങളുടെ അതൃത്തിയിൽനിന്നു കവിഞ്ഞുനില്ക്കുന്ന ബോധം, മനുഷ്യന്നു ലഭിക്കാവുന്നതുതന്നെ. ആത്മീയശക്തി വൎദ്ധിച്ചിട്ടുള്ള ദിവ്യപുരുഷന്മാൎക്കു നിഗ്രഹാനുഗ്രഹശക്തി ഉണ്ടായിരിക്കുമെന്നുള്ള സംഗതിയും വാസ്തവംതന്നെ. എന്നാൽ എല്ലാ ശക്തിയും സ്വാൎത്ഥതല്പരതനിമിത്തം തിന്മക്കായി ഉപയോ

ഗിച്ചുതുടങ്ങുമ്പോഠം ക്ഷയിക്കുന്നതുമാണ്. നമ്മുടെ പഞ്ചേന്ദ്രിയങ്ങഠംക്കു വിഷയീഭവിക്കാത്ത സൂക്ഷ്മതത്വങ്ങഠം എന്തെല്ലാമോ പ്രകൃതിയിലുണ്ട്. അതുത്തി കുറിക്കപ്പെട്ട പഞ്ചേന്ദ്രിയങ്ങഠം മൂലമായി നമുക്കുള്ള പരിമിതജ്ഞാനത്താൽ അപാരമായ പ്രകൃതിയെ അളന്നു നോക്കുന്നതു ധാർഷ്ട്യവും, അവകഠംക്കു ഗോചരമാകാത്ത സംഗതികളെയൊന്നും വിശ്വസിക്കാതിരിക്കുന്നതു അല്പജ്ഞതയുമാകുന്നു. പുരാണങ്ങളിൽ പ്രസ്താപിക്കപ്പെട്ടിട്ടുള്ള വിമാനം ഇക്കാലത്തു നടപ്പായ്ത്തീർന്നപ്പോഠം മതുമല്ലേ പരക്കെ അതിൽ വിശ്വാസം ജനിച്ചതുള്ളൂ? സർവ്വേശ്വരനെ സങ്കല്പത്തിന്നനുരൂപമായി പരിശുദ്ധമായ ഹൃത്തടത്തിൽകൂടി പ്രത്യക്ഷപ്പെടുത്താവുന്നതാണ്. പരാപരനെ കണ്ടു കഴിഞ്ഞ ആഠംക്കു സകല സംശയങ്ങളും തീർന്നു ശാന്തി ലഭിക്കുന്നു. ആ ഓർമ്മവരുമ്പോഴെല്ലാം രോമാഞ്ചമുണ്ടാകുകയും ആനന്ദബാഷ്പങ്ങഠം പൊഴിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു.

മന്ത്രോച്ചാരണത്തിന്നും ശക്തിയുണ്ട്. ശബ്ദത്തിന്നു ശക്തിയുണ്ടെന്നുള്ള സംഗതിക്കു ഗ്രാമഫോൺ ഒരു തെളിവാണല്ലോ. ഇക്കാലത്തു മനുഷ്യക്കുള്ള ജനസ്വാധീന ശക്തിയും വാചാലതത്വത്തിനെ ആശ്രയിച്ചാണല്ലോ കാണുന്നത്. മനസ്സിന്റെ നൈർമ്മല്യത്തിന്നും ഏകാഗ്രതക്കും അനുസരിച്ചാകുന്നു ജപത്തിന്റേയും ധ്യാനത്തിന്റേയും മന്ത്രോച്ചാരണത്തിന്റേയും, പ്രാർത്ഥനയുടേയും ശക്തി. ദേഹംകൊണ്ടു മാത്രമുള്ള ആരാധന വിഫലമാണ്. തിന്മക്കായിട്ടുണ്ടാകുന്ന ആരാധന തന്നിലേക്കുതന്നെ പ്രതിഭാ

നീക്കുന്നതുമാണ്. ആത്മപ്രസാദത്തിന്ന എളുപ്പവും സൎവ്വൎക്കും ഒരുപോലെ അനുഷ്ഠിക്കത്തക്കതുമായ ഉത്തമമാൎഗ്ഗം ഭക്തിനിഷ്ഠതന്നെയാണ്.

ദൈവത്തിന്ന മനുഷ്യൻ ആഹാരമൊന്നും കൊടുക്കേതില്ലെന്നു നാഗരീകത്വം പ്രാപിച്ച ഏവൎക്കും അറിയാം. എന്നാൽ ഇപ്പോഴത്തേക്കാൾ എത്രയോ അഭിവൃദ്ധിപ്രാപിച്ചിരുന്ന നമ്മുടെ പൂൎവ്വീകന്മാർ പ്രാൎത്ഥനയും വഴിപാടും നടപ്പാക്കിയതു സാധുസംരക്ഷണത്തിനെ ഉദ്ദേശിച്ചു മാത്രമാണെന്നു സൂക്ഷ്മഗ്രാഹികൾക്കെല്ലാം മനസ്സിലാകാവുന്നതാണ്. പക്ഷെ കാലക്രമംകൊണ്ടു ആസ്തികൾ ഉദ്ദിഷ്ടകാൎയ്യത്തിലേക്കുപകരിക്കുന്നതിന്ന പകരം കേവലം ബാഹ്യാനുഷ്ഠാനമായ ഒരു മാമൂലായിത്തീൎന്നു ചിലരുടെ പ്രത്യേക സ്വത്തിലേക്കു മാത്രം ഉതകി വരായിട്ടുണ്ട്. സാധുക്കൾക്കു കഴിയുന്നത്ര രക്ഷ എപ്പോഴും എവിടെവെച്ചും ചെയ്യുന്നതു നന്മതന്നെ എന്നുള്ള ആന്തരമായ തത്വത്തെ എല്ലാവരും ശരിയായി മനസ്സിലാക്കിയാൽ മതി.

5. ഹിന്ദുമതം—ദൈവാരാധനത്തിന്നുള്ള വിവിധങ്ങളായ പടവുകളെല്ലാം ഹിന്ദുമതത്തിലടങ്ങിയിരിക്കയാൽ ചില അല്പജ്ഞന്മാർ ശാസ്ത്രങ്ങൾക്കു തമ്മിൽ പരസ്പരവിരോധങ്ങളുണ്ടെന്നു കല്പിക്കുന്നുണ്ട്. തത്വസാരങ്ങളെ വിവേചനംചെയ്തു മനസ്സിലാക്കുവാൻ കഴിവുള്ളവൎക്കു ശാസ്ത്രങ്ങളിലെ ആന്തരീയമായ തത്വം ഐകകണ്ഠ്യേന ഒന്നുതന്നെയാണെന്നു സംശയംവിനാ ബോദ്ധ്യപ്പെടാതിരിക്കയില്ല. ജലകൾക്കുള്ളിൽ മറഞ്ഞുകിടക്കുന്ന കാൎയ്യങ്ങളെയാകുന്നു.

തിരഞ്ഞു പിടിക്കേണ്ടത്. ഇലകളെ മാത്രം നോക്കി മരത്തിനെ കറിച്ചു വിവിധങ്ങളായ അഭിപ്രായങ്ങൾ പറഞ്ഞു വാദിക്കന്നതു മൂഢതയാണെന്നു മാത്രമെ ഗണിച്ചുകൂട. വേദാന്തത്തിലെ തത്വങ്ങൾക്കുസമം മഹിമ ഏറിയ തത്വജ്ഞാനം മറെറങ്ങും കാണന്നതല്ല.

പുരാണങ്ങളും സച്ചരിതങ്ങളുമെല്ലാം ലൌകിക ജ്ഞാനത്തെ സുസ്പഷ്ടമായി നല്കന്നവയാണ്. സത്സംസർഗ്ഗത്തിന്നു സമമാണ് തത്തുല്യമായ കഥാപാരായണം. ധർമ്മത്തിന്നു അധർമ്മത്തിൻെറ മേൽ ഉണ്ടായ വിജയത്തെയാണ് മഹാഭാരതം സൂചിപ്പിക്കന്നത്. സത്യനിഷ്ഠ, പാതിവ്രത്യം, ഗുരുഭക്തി മുതലായ തത്വങ്ങളെ രാമായണം പഠിപ്പിക്കന്നു. പുരാണങ്ങളിൽ വിവരിച്ചിരിക്കന്ന ദേവാസുരയുദ്ധങ്ങളിലെല്ലാം തമോമയന്മാരായ അസുരന്മാർക്കായിരുന്നു അധികശക്തിയെന്നും എന്നാൽ ഈശ്വരാനുകൂല്യംനിമിത്തം സാത്വീകപ്രകൃതന്മാരായ ദേവന്മാരായിരുന്നു അവസാനത്തിൽ വിജയം നേടിയിരുന്നതെന്നും കാണന്നു. ദൃഢവ്രതങ്ങളോടുകൂടി തപസ്സു ചെയ്തപ്പോഴെല്ലാം അസുരന്മാർക്ക് സർവ്വാഭീഷ്ടവരപ്രസാദങ്ങളെ ഈശ്വരൻ നല്കിയെന്നും ആ ശക്തികളെ ലോകോപദ്രവത്തിന്നായി ദുരുപയോഗിച്ചു തുടങ്ങിയപ്പോൾ അവതാരം (വിശേഷചൈതന്യവികാസത്തോടുകൂടിയ ജന്മം) എടുത്തു അവരെ ഹനിച്ചുവെന്നുമുള്ള കഥകൾ മനസ്സിൻെറ ശക്തിയേയും ആത്മാവിൻെറ സത്യസന്ധാനത്തെയും സൂചിപ്പിക്കന്നു. ശക്തി സമ്പാദിക്കേണ്ടതുതന്നെ; പക്ഷേ അതിനെ വിവേ

ക്കപൂവ്വം ലോകോപകാരത്തിന്നായി ഉപയോഗിച്ചാൽ മാത്രമേ അതു നിലനില്പാനും അഭിവൃദ്ധി പ്രാപിപ്പാനും ഇടവരികയുള്ളു എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. സാത്വീകഗുണത്തിന്നു തന്നെയാണ് അവസാനത്തെ വിജയം എന്നതു വാദമററ ഒരു സംഗതിയാണ്.

സവ്വത്ര ദൈവസാന്നിദ്ധ്യത്തെ ദശിക്കുകയും സദാ സ്മരിക്കുകയും ചെയ്തു, മനോവാക്കായങ്ങളാലുള്ള സവ്വ കമ്മങ്ങളേയും നിഷ്കാമമായി പരമാത്മാവിന്നു സമപ്പണം ചെയ്കയാണ് പരമോൽകൃഷ്ടമായ ഭക്തി. ഇങ്ങിനെ ആയിരിക്കും ലോകത്തിൻെറ ഭാവിമതം. കാഴ്ചയിൽ വിവിധങ്ങളായി തോന്നുന്നവകളെല്ലാം സൂക്ഷ്മത്തിൽ ഒന്നു തന്നെയാണെന്നു മനസ്സിലാക്കി അസംഖ്യങ്ങളിൽ ഒന്നിനെയും ഒന്നിൽ അസംഖ്യങ്ങളേയും കാണുന്നതാണ് പരമാത്ഥബോധം.

# XII മോക്ഷം.

"ദുൎല്ലഭം ത്രയമേവൈതൽ ദൈവാനുഗ്രഹ ഹേതുകം,
മനുഷ്യത്വം മുമുക്ഷുത്വം മഹാപുരുഷസംശ്രയഃ"

(മനുഷ്യജന്മം ലഭിക്കുക, മോക്ഷത്തിന്നായ്ക്കൊണ്ടുള്ള ആഗ്രഹം ജനിക്കുക, മഹാപുരുഷന്മാരെ ആശ്രയിക്കുക ഇവമൂന്നും ദുൎല്ലഭമായിട്ടുള്ളതും ദൈവാനുഗ്രഹത്താൽ സിദ്ധിക്കുന്നതുമാകുന്നു)

1. <u>വിധി</u>—"വിതച്ചതു കൊയ്യും" എന്ന തത്വത്തിന്നനുസരിച്ച് കൎമ്മങ്ങൾക്കനുരൂപമായി അനുഭവങ്ങളുണ്ടായിത്തീരുന്നതിനെയാണ് വിധി എന്നു പറയുന്നത്. സൎവ്വകൎമ്മങ്ങൾക്കും പ്രതിഫലനശക്തിയുണ്ട്. വിത്തിൽ ഭാവിവൃക്ഷം അന്തൎഭവിച്ചിരിപ്പുണ്ട്; മൊട്ടിൽ കായുംപൂവും അടങ്ങിയിരിപ്പുണ്ട്. സൎവ്വ ജീവികൾക്കും ജീവിതയാത്രക്കനുകൂലമായി ത്രികരണങ്ങളാലും പ്രവൃത്തിക്കുന്നതെല്ലാം പുണ്യമാകുന്നു. ഏതു പ്രാണിക്കും ജീവിതയാത്രക്കു ത്രികരണങ്ങളാലുമുണ്ടാക്കിത്തീൎക്കുന്ന പ്രതിബന്ധങ്ങളാണ് പാപം.

"പരോപകാരമേ പുണ്യം, പരപീഡന പാപമാം"

എന്നാണല്ലോ ശാസ്ത്രോക്തിയും. മറ്റെല്ലാ സങ്കല്പങ്ങളും അജ്ഞാനത്താലുള്ള മൂഢത മാത്രമാണ്. നിൎവ്യാജമായ പശ്ചാത്താപത്തോടുകൂടിയ പ്രായശ്ചിത്തമാണ് പാപത്തിന്നുള്ള പരിഹാരം. സൎവ്വസൃഷ്ടികൾക്കും ചെയ്യുന്ന ദയാന്വിതമായ ഉപകാരമാണ് പുണ്യത്തിന്റെ ആസ്പദം. പുണ്യപാപങ്ങളിൽവെച്ച് ശക്തി കൂടി നില്ക്കുന്നതാണ്

പ്രാരബ്ധകൎമ്മം. വൎത്തമാനജന്മത്തിന്റെ ബാണമതുന്ന്. താന്താങ്ങളുടെ ത്രികരണങ്ങളാലുള്ള സൎവ്വ കൎമ്മങ്ങളും അപ്പപ്പോൾതന്നെ തങ്ങളുടെ കാരണശരീരത്തിൽ പതിഞ്ഞുമരണശേഷം വാസനകളുടെ ആകൎഷണത്തിന്നനുസരിച്ചുസംസൎഗ്ഗം ചെയ്തു വീണ്ടും വീണ്ടും പുനൎജ്ജന്മമെടുത്തുകൊണ്ടിരിക്കുന്നു. തേനീച്ചകൾ പുഷ്പങ്ങളേയും ഈച്ചകൾ അമേദ്ധ്യത്തെയും ഇഷ്ടപ്പെട്ടു തിരഞ്ഞുചെല്ലുന്ന വിധമാകുന്നു വാസനകളുടെ ആകൎഷണം. ഒരേ മാതാപിതാക്കന്മാരുടെ മക്കൾ തമ്മിൽ കാണുന്ന അത്യന്തവിപരീതസ്വഭാവങ്ങളും ഓരോരുത്തൎക്കു അഹേതുകമായി കാണുന്ന വിശേഷതകളും പ്രത്യേകതകളും, ഇടെക്കിടെക്കു ദുല്ലഭമായി നാം കാണുന്നതും കേൾക്കുന്നതുമായ ചില ആശ്ചൎയ്യസംഭവങ്ങളും ആലോചിച്ചു നോക്കിയാൽ സൎവ്വ മതങ്ങളിലും ഏകകണ്ഠ്യേന ഉൽഘോഷിച്ചിട്ടുള്ള മരണാന്തരസ്ഥിതി യഥാൎത്ഥവും യുക്തിയുക്തവുമാണെന്നു ആൎക്കും ബോദ്ധ്യപ്പെടാതിരിക്കയില്ല. നമ്മുടെ ബാല്യകാലത്തുണ്ടായ അനുഭവങ്ങളെത്തന്നെ നമുക്കു ഓൎമ്മതോന്നാതിരിക്കെ പൂൎവ്വജന്മങ്ങളെക്കുറിച്ചു ഓൎമ്മയുണ്ടാകുന്നതു അസംഭാവ്യമാണല്ലൊ. പ്രപഞ്ചത്തിന്റെ ന്യായനിഷ്ഠമായ വ്യവസ്ഥക്കു പുനൎജ്ജന്മവിശ്വാസം ഏററവും ഉപയുക്തവുമാണ്.

വാസ്തവമാലോചിച്ചാൽ ഓരോരുത്തരുടേയും ഭാഗ്യനിൎഭാഗ്യങ്ങൾക്കും നന്മതിന്മകൾക്കും വിശ്വകൎമ്മാവു അവനവൻ തന്നെ. "ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ

വരിപുരാത്മനഃ" എന്നതത്വപ്രകാരം തനിക്കു താൻതന്നെയാണ് ബന്ധുവും ശത്രുവും. താന്താങ്ങളുടെ അനുഭവങ്ങൾ അന്യന്മാരാലും യദൃച്ഛാസംഭവങ്ങളാലുമുളവായ്ത്തീരുന്നതാണെന്നു സങ്കല്പിക്കുന്നതു മൂഢത നിമിത്തമാകുന്നു. കാരണമില്ലാതെ യാതൊരു കാൎയ്യവും ജഗത്തിലില്ല. സത്യസ്വരൂപനായ ജഗന്നിയന്താവിന്നു യാതൊരു പക്ഷഭേദവും സിദ്ധാന്തവും ഉണ്ടായിരിക്കുന്നതുമല്ലല്ലൊ. ദൈവം സാക്ഷി മാത്രമാണ്. ദൈവസാന്നിദ്ധ്യത്താൽ പ്രപഞ്ചമാസകലം കാന്തത്താൽ സൂചിയെന്നപോലെതന്നെത്താൻ പ്രവൃത്തിക്കുന്നതേയുള്ളു. ഓരോരുത്തരുടെ കൎമ്മസഞ്ചയത്തിന്റെ ഗുണദോഷങ്ങൾക്കനുരൂപമായിട്ടാണു അവരുടെ ആത്മബോധം. ആത്മാവിന്നു സൎവ്വജ്ഞതയുണ്ട്. പാപങ്ങൾ ആത്മാവിന്നു ആവരണമായും പുണ്യങ്ങൾ സ്ഫടിക (Lens) സദൃശമായും ഭവിക്കുന്നു. മുൻപറഞ്ഞ ഇരുളിനേയും പ്രകാശത്തേയുമാണ് വിധിയെന്നും ഭാഗ്യമെന്നും പറയുന്നത്. തമസ്സ് തമസ്സിനേയും തേജസ്സ് തേജസ്സിനെയും ആകൎഷിക്കുന്നതാണല്ലൊ.

ആത്മചൈതന്യം നമ്മിലുള്ളതിനാൽ വിധിയെക്കൂടി ജയിപ്പാൻ നമുക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ ക്ഷമാപൂൎവ്വമായ പരിശ്രമങ്ങളാൽ ഉണൎത്തപ്പെടുന്ന സ്വശക്തിക്കനുസരിച്ചിരിക്കും നമ്മുടെ സ്വാതന്ത്ര്യം. എല്ലാം വിധിയാണെങ്കിൽ മനുഷ്യർ ജലപ്രവാഹത്തിൽപെട്ടൊഴുകിപ്പോകുന്ന ഒരു വയ്ക്കോലിഴക്കോ ഒരു വെറും പാവക്കോ സമനാണെന്നുതന്നെ പറയണം. അങ്ങിനെയാണെങ്കിൽ

മനുഷ്യനു സ്വാതന്ത്ര്യശക്തി ഇല്ലാത്തതിനാൽ പുണ്യപാപങ്ങൾ സംബന്ധിപ്പാൻ കാരണമില്ല. ഒരിക്കലും അങ്ങിനെയല്ലെന്നു തീൎച്ചപ്പെട്ടുത്താം. വിധി എന്നൊരു ഭരണനീതിയുണ്ടെന്നു ആൎക്കും സമ്മതിക്കാതെ കഴികയില്ല. ഒററയിരട്ടക്കളികളും യദൃച്ഛാസംഭവങ്ങളും ഒന്നുംതന്നെ നാം പ്രകൃതിയിൽ എവിടേയും കാണുന്നില്ല. കാരണമില്ലാതെ കാൎയ്യത്തെ എങ്ങും കാണുന്നില്ല, രണ്ടാളുകൾ ഒരേ തരത്തിലുള്ള കൎമ്മം ഒരേ ദിക്കിൽതന്നെ അനുഷ്ഠിച്ചാലും ഫലപാകത്തിൽ വ്യത്യാസം കാണപ്പെടുന്നുണ്ടു. ഒരേ പ്രകൃതവും സന്ദൎഭങ്ങളും രണ്ടുപേൎക്കും ഒരുപോലെ കാണ്മാനും പ്രയാസമാണ്.

വിധി എന്ന നീതിന്യായം നിമിത്തം താന്താൻ മുന്പു ചെയ്തുപോയ കൎമ്മങ്ങൾക്കനുസരിച്ചു ബീജക്ഷേത്രശുദ്ധിയും സഹജമായ പ്രകൃതവും സ്വഭാവവും സന്ദൎഭങ്ങളും ഉളവായിത്തീരുന്നു * "യഥാ ധേനുസഹസ്രേഷു വത്സോ വിന്ദതി മാതരം, തഥാപൂൎവ്വകൃതം കൎമ്മ കൎത്താരമനുഗച്ഛതി" എന്ന അഭിജ്ഞവചനംപോലെ പൂൎവ്വകൎമ്മങ്ങളെല്ലാം അവകളുടെ ഉടമസ്ഥനെ പിന്തുടരുന്നു. പൂൎവ്വകൎമ്മഫലം ജലപ്രവാഹം പോലെയുള്ള ഒരൊഴുക്കാണ്. എന്നാൽ സ്വശക്തി ഉപയോഗിച്ചാൽ നമുക്കു ക്ഷമാപൂൎവ്വം

---

* ആയിരക്കണക്കായ പശുക്കളുടെ ഇടയിൽ പശുക്കുട്ടി എങ്ങിനെ മാതാവിനെ തിരിച്ചറിയുന്നുവോ അങ്ങിനെ തന്നെ പൂൎവ്വകൎമ്മങ്ങളും അവകളുടെ ഉടമസ്ഥനെ പിന്തുടരുന്നു.

ത്തു പ്രവാഹത്തിൽ നീന്തിത്തുഴഞ്ഞുനിന്നു പ്രവാഹത്തിന്റെ ശക്തി കുറയുമ്പോൾ രക്ഷപ്രാപിപ്പാൻ സാധിക്കുമെന്നതിനു സന്ദേഹമില്ല. പക്ഷെ പ്രവാഹത്തിന്റെ ശക്തിക്കും ദൈർഘ്യത്തിനും അനുസരിച്ചു തുഴഞ്ഞുനിന്നു കഷ്ടപ്പെടേണ്ടിവരുമെന്നു മാത്രമെയുള്ളൂ. സ്വശക്തി മൂലമായി മാൎക്കണ്ഡേയനെപ്പോലെ ഏതു വിധിയേയും ജയിപ്പാൻ നമുക്കു സാധിക്കുമെന്ന തത്വത്തെ പ്രത്യേകം ഗ്രഹിക്കേണ്ടതാണ്. സന്മാൎഗ്ഗത്തിൽക്കൂടി ഏകാഗ്രമായ പരിശ്രമം തന്നെയാകുന്നു സൎവ്വ വിജയങ്ങൾക്കുമുള്ള ഏക മാൎഗ്ഗം.

കാലചക്ര പരിവൎത്തനത്താൽ സൎവ്വൎക്കും നല്ല കാലവും ദോഷകാലവും ഇടകലൎന്നുകൊണ്ടിരിക്കുന്നുണ്ട്. പക്ഷെ ഗുണദോഷങ്ങളും ഭാഗ്യനിർഭാഗ്യങ്ങളും ബാഹ്യത്തിൽനിന്നു വന്നുചേരുന്നതല്ല; അവ താന്താങ്ങളിൽനിന്നുതന്നെ ഉത്ഭവിക്കുന്നതേയുള്ളൂ.

* "പ്രായഃസമാപന്ന വിപത്തികാലേ
ധിയോപി പുംസാം മലിനാഭവന്തി"

എന്ന ആപ്തവചനം എത്രയും സത്യമാണ്. എന്നാൽ സ്വശക്തി ഉണൎന്നിട്ടുള്ള ഒരാൾക്കു ബുദ്ധിക്കു മാലിന്യം ബാധിക്കാതെ സ്വസ്ഥിതിയിൽതന്നെ നിലനിൎത്താൻ കഴിയുന്നതാകുന്നു. വിധി എന്നു പറയുന്നതു യഥാൎത്ഥത്തിൽ മനസ്സിന്റെ ഭാവനയാണ്. വിധിയെ ജയിക്കുന്നതുതന്നെ

---

* ആപത്തുകാലം അണഞ്ഞുവരുമ്പോൾ പ്രായേണ മനുഷ്യരുടെ ബുദ്ധി മലിനപ്പെടുന്നു.

യാണ് മനോജയം. ആ സ്ഥിതി എത്തുന്നതുവരെ "കാലാവലോകനം കാര്യ്യസാദ്ധ്യോ നൃണാം" എന്നുള്ള തത്വത്തിന്നനുസരിച്ചു കാലദേശാവസ്ഥകളെ നോക്കി കാര്യ്യങ്ങളെല്ലാം നടത്തുന്നതാണ് നന്മ.

2. കലിയുഗം— കലിയുഗം സർവ്വദോഷങ്ങളും തികഞ്ഞകാലമാണെന്നും മററും ചിലർ ഈ നടക്കുന്ന കാലത്തിനെക്കുറിച്ചു അധിക്ഷേപിക്കുന്നതു ശരിയല്ല.

* "സതാം സത്യയുഗം സാക്ഷാൽ സർവ്വദൈ
വാസതാംകലിഃ"

എന്നാണല്ലോ ശാസ്ത്രം. സത്വരജസ്തമോ ഗുണങ്ങൾ അത്യന്തം പ്രത്യേകത പ്രാപിക്കുന്ന ഈ കലിയുഗം ദോഷങ്ങൾക്കെന്നു മാത്രമല്ല, ഗുണങ്ങൾക്കും മൂല്യമായ കാലമാകുന്നു. പണ്ടത്തെക്കാൾ ഇപ്പോൾ ആയുസ്സ് ചുരുക്കമാണെങ്കിലും നമ്മുടെ പൂർവ്വീകന്മാർ അനേക പരമ്പരകളായി സമ്പാദിച്ച സിദ്ധികളെല്ലാം നമുക്കു കിട്ടിയിരിക്കയാൽ ചുരുങ്ങിയ ആയുഷ്കാലംകൊണ്ടു നമുക്കു ജീവിതയാത്രയിൽ അഭിവൃദ്ധി പ്രാപിപ്പാൻ എളുപ്പമായ്ത്തീർന്നിരിക്കുന്നു. തീവണ്ടിയും, കമ്പിയും, മോട്ടരും, വിമാനവും, തീക്കപ്പലും മററും നമ്മുടെ ഗതിക്കു വളരെ വേഗത കൂട്ടിയിരിക്കുന്നു. പണ്ടു ഉല്ലേഖം ചില ആഢ്യന്മാർക്കും പ്രഭുക്കൾക്കും മാത്രം ജ്ഞാനം ലഭിപ്പാൻ സാധിച്ചിരിക്കെ ഇപ്പോൾ ഭൂഗോ

---

* സജ്ജനങ്ങൾക്കു എന്നും സത്യയുഗമാണ്; എന്നാൽ ദുർജ്ജനങ്ങൾക്കു എപ്പോഴും കലിയുഗംതന്നെ.

ളും മുഴുവനും കമ്പിത്തപാലുകൾ മൂലം അന്യോന്യം ബന്ധപ്പെട്ട അച്ചടി യന്ത്രത്തിന്റെ സഹായത്താൽ ഓരോ രാജ്യക്കാരും ഓരോ വിഷയങ്ങളിൽ പരമ്പയ്യമായി സമ്പാദിച്ചിട്ടുള്ള ജ്ഞാനം പരന്നു പ്രകാശിച്ചു സർവ്വ മനുഷ്യക്കും ലഭിക്കത്തക്ക നിലയിലെത്തിയിരിക്കുന്നു. ഈ കാരണത്താൽ തന്നെയാകുന്നു കലിയുഗം മോക്ഷത്തിന്നെളുപ്പമായ കാലമാണെന്നു ശാസ്ത്രങ്ങളിൽ ഘോഷിച്ചിട്ടുള്ളതും. ഭൂഗോളത്തിൽവെച്ചു പരമോൽകൃഷ്ടമായ മനുഷ്യജന്മവും ഗതിവേഗത്തിന്നു എളുപ്പമായ ഈ കാലവും പ്രാപിച്ചിട്ടുകൂടി ജീവിതയാത്രയിൽ അഭിവൃദ്ധി പ്രാപിക്കാതിരുന്നാൽ ആ ഉപേക്ഷനിമിത്തം നാം എത്രകാലം ഇനിയും ദുഃഖങ്ങളനുഭവിച്ചിരിപ്പാൻ ഇടവരുമെന്നു നിശ്ചയിച്ചുകൂടാ. ലോകഗതി നമ്മുടെ സൌകര്യത്തിന്നനുസരിച്ചു നില്ക്കുന്നതല്ല. ലോകഗതിക്കനുസരിച്ചു നാമും ഒഴുകുന്നതാകുന്നു വിവേകം. എന്നാൽ, മനസ്സിനെ വരുത്തു പൊരിച്ചുകൊണ്ടിരിക്കുന്ന ബാഹ്യപരിഷ്കാരങ്ങളെയെല്ലാം നിരസിച്ചു മനസ്സിനെ ശീതളമാക്കി വികസിപ്പിക്കുന്ന ആന്തരീയമായവയെയാണ് സ്വീകരിക്കേണ്ടതു.

3. <u>മോക്ഷം</u>—സ്വാതന്ത്ര്യം, ജ്ഞാനം, ആനന്ദം എന്നീ അവസ്ഥാത്രയങ്ങളുടെ നിത്യപരിപൂർണ്ണതയാകുന്നു മോക്ഷം എന്നു പ്രഥമാദ്ധ്യായത്തിൽതന്നെ പ്രസ്ഥാപിച്ചിട്ടുണ്ടല്ലോ. സച്ചിദാനന്ദബിന്ദുവായ 'ഞാൻ' എന്ന ജീവാത്മാവിനെ നിർമ്മലമാക്കി പ്രവഹിപ്പിച്ചു, അന്നമ

മയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നീ പഞ്ചകോശങ്ങളേയും ഉൽഗമിച്ചു, "തത്വമസി" എന്ന ബോധത്തോടുകൂടി സച്ചിദാനന്ദസിന്ധുവായ പരമാത്മാവോടുകൂടി ലയിക്കുന്ന ഒരവസ്ഥാവിശേഷമാണ് അതു. സത്യത്തിൽ തന്മയത്വം പ്രാപിക്കുന്നതുതന്നേയാണ് മോക്ഷം.

"കരസ്ഥം പായസം ത്യക്ത്വാ ഭിക്ഷാമടതി ദുൎമ്മതിഃ" എന്നു പറഞ്ഞപോലെ നിത്യാനന്ദം നമ്മുടെ ഹൃത്തടത്തിൽ തന്നെ സ്ഥിതിചെയ്യുമ്പോൾ അതിനെ മനസ്സിലാക്കാതെ നാം പുറത്തു തിരയുന്നതു അജ്ഞതയാൽ മാത്രമാണ്. സ്ഥൂലശരീരത്തിനെ സംബന്ധിച്ച മായാപ്രകൃതിയായ മനസ്സിൻെറ സ്വാൎത്ഥപ്രതിപത്തിയാണ് ആ നിത്യാനന്ദത്തെ ആവരണം ചെയ്തിരിക്കുന്നതു. സ്വാൎത്ഥതല്പരതയെ ബലികൊടുത്താൽ മാത്രമെ നിത്യാനന്ദം സ്ഫുരണം ചെയ്കയുള്ളൂ. 'സ്വാൎത്ഥത്തെ ബലികൊടുക്കുക' എന്നുവെച്ചാൽ തൻെറ സ്ഥൂലശരീരത്തിനകത്തു ബന്ധിക്കപ്പെട്ടുനില്ക്കുന്ന 'ഞാൻ' എന്ന മമതയെ നിൎമ്മലമാക്കി പ്രവഹിപ്പിക്കുക എന്നാകുന്നു ശരിയായ താല്പൎയ്യം. ഏതിലും സ്വാൎത്ഥവും പ്രതിഫലേച്ഛയും ഇല്ലാതിരിക്കുന്നതാണ് വിജയത്തിൻേറയും സൌഖ്യത്തിൻേറയും രഹസ്യം. 'അഹം' എന്ന ബോധം മനുഷ്യനു എപ്പോഴും ഇല്ലാതിരിക്കയില്ല; ആ ബോധം ഇല്ലാതാവുന്നതു ശൂന്യാവസ്ഥയാണല്ലൊ. എന്നാൽ സത്യം, ദയ, ക്ഷമ ശാന്തത മുതലായ ഗുണങ്ങളുൾപ്പെട്ട സാത്വികഗുണത്തെ അവലംബനം

ചെയ്യുമ്പോൾ മനസ്സു നിർമ്മലമായ്ത്തീരുകയും അപ്പോൾ സ്വാത്മം സ്ഥൂലശരീരത്തിനെ വിട്ടു സ്നേഹരൂപേണ വികാസം പ്രാപിക്കുന്നതിനാൽ ആത്മപ്രകാശം ഉദിക്കുകയും ചെയ്യുന്നു. സ്വശക്തി മൂലമായി സത്യധർമ്മമര്യാദകളെ പരസ്പരാശ്രിതമാക്കി നിരന്തരം നിറവേററിക്കൊണ്ടിരുന്നാൽ മാത്രമെ സാത്വീകഗുണം പുഷ്ടിപ്പെടുകയുള്ളൂ. സാത്വീകഗുണം പുഷ്ടിപ്പെടുമ്പോൾ മാത്രമെ മനസ്സിനെ കീഴടക്കുവാൻ സാധിക്കയുള്ളൂ. മനസ്സ് സ്വാധീനപ്പെട്ടു ആത്മാവിൽ കേവലം ലയിക്കുന്നതുതന്നെയാകുന്നു മോക്ഷം. മോക്ഷത്തിൽ മാത്രമെ ബന്ധവിഹീനമായ ആനന്ദമുള്ളൂ. എന്തിനേറെ? "മനോജയ ഏവ മഹാജയഃ" എന്ന ആപ്തവാക്യപ്രകാരം മനോജയം തന്നെയാണ് വിജയത്തിന്റെ കേന്ദ്രം.

"ബ്രഹ്മസത്യം ജഗന്മിഥ്യാ
ജീവോ ബ്രഹ്മൈവ നാപരഃ"

എന്നാണു സർവ്വ തത്വജ്ഞാനങ്ങളുടേയും സാരം. സർവ്വ ലോകചരാചരങ്ങളും സച്ചിദാനന്ദസിന്ധുവിലെതിരകൾപോലെയും പൊള്ളയായവയുമാണ്. തിരകൾ സമുദ്രത്തിലുൾപ്പെട്ടതാണ് എന്നാൽ സമുദ്രമല്ലതാനും.

മോക്ഷത്തിന്നായിപരിശ്രമിക്കുന്നതിന്നിടയിൽ പലേ തരത്തിലുമുള്ള അവാന്തരസിദ്ധികളുണ്ടു. ആത്മാവിങ്കൽ സർവ്വസിദ്ധികളും അന്തർഭവിച്ചിരിപ്പുണ്ട്. മനസ്സിനെ അനുസരണപ്പെടുത്തി ആത്മാവിന്നനുകൂലമായി ഉപയോഗിക്കു

ന്നോടത്തോളം ആ സിദ്ധികളെ ലഭിക്കാവുന്നതുമാണ്. എന്നാൽ ആ അവാന്തരസിദ്ധികൾക്ക മാത്രമായി പരിശ്രമിച്ചാൽ അവ ലഭ്യങ്ങളുമല്ല. രത്നാകരത്തിൻെറ ഉപരിഭാഗത്ത് ജലം, നുര, തിരകൾ മുതലായവയെ മാത്രമെ കാണുകയുള്ളൂ. അതിന്നന്തർഭാഗത്തുള്ള നിധികളെ ജലത്തിൽ മുങ്ങുവാൻ ശീലിച്ചവന്നു മാത്രമെ ലഭിക്കയുള്ളൂ. അപ്രകാരം തന്നെ ലോകപരിചയത്താൽ മാത്രമെ ജ്ഞാനം സിദ്ധിക്കയുള്ളൂ. വിരക്തത്വം ജ്ഞാനമല്ല, ജ്ഞാനത്തിൻെറ മാർഗ്ഗദർശിയാണ്. പഞ്ചേന്ദ്രിയ സുഖഭോഗങ്ങളിൽ ആസക്തചിത്തന്മാരായിരുന്നാൽ അജ്ഞാന തമോമയന്മാരായ്ത്തന്നെ ഇരിക്കും. ലൌകികാനുഭവങ്ങളെ രസകരമായി ഭുജിക്കുക എന്നാൽ വിചാരിക്കുമ്പോഴെല്ലാം അവയിൽ ആസക്തിയൊട്ടുമില്ലാതെ പിൻവലിപ്പാൻ കഴിവുണ്ടായിരിക്കുക. ഇതാണ് പ്രപഞ്ചരസികത്വം.

4. <u>വിജ്ഞാപനം</u>—ലൌകികവിഷയങ്ങളിൽ ആലസ്യം അവലംബിക്കുന്നതു നന്മയാണെന്നു വേദശാസ്ത്രങ്ങളിൽ എങ്ങും അഭിപ്രായപ്പെട്ടിട്ടില്ല. ലൌകികവിഷയങ്ങളിൽ ആസക്തിയും ഫലാകാംക്ഷയും പരിത്യജിച്ചു സ്വധർമ്മങ്ങളെ നിറവേററുവാൻ നിരന്തരം പരിശ്രമിച്ചുംകൊണ്ടു "താമരയിലയിൽ ജല"മെന്നപോലെ ലോകത്തിൽ സ്ഥിതിചെയ്യേണമെന്നു തന്നെയാണ് സർവ്വവേദശാസ്ത്രപുരാണങ്ങളുടേയും ആന്തരമായ താല്പര്യം. "മാതേ സംഗോസ്ത്വകർമ്മണി" എന്നാണല്ലൊ ഭഗവദ്വചനം. ആലസ്യം തമോഗുണമാണ്. ആലോചന സ്വപ്നപ്രായമാ

ണ്. ഉദ്ദേശങ്ങൾകൊണ്ടുമാത്രം യാതൊരു വിജയവും സിദ്ധിക്കുന്നതല്ല. കർമ്മാനുഷ്ഠാനമാണ് ജാഗ്രത്ത്. ആലോചനകളുള്ള ക്രിയാനുഷ്ഠാനമായി രൂപാന്തരപ്പെടുത്തിയാൽ മാത്രമെ ഏതു വിജയവും സിദ്ധിക്കയുള്ളൂ. മഹത്തായ ഒരുദ്ദേശം, പൂർണ്ണാരോഗ്യം, വിവേകത്തോടും ദൃഢനിശ്ചയത്തോടും കൂടിയ ഏകാഗ്രമായ പരിശ്രമം, ആത്മവിശ്വാസം ഇവകളാണ് ജീവിതവിജയത്തിന്റെ സാമഗ്രികൾ. പൂർണ്ണതപ്രാപിച്ചവർപോലും വർത്തമാനജന്മം അവസാനിക്കുന്നതുവരെ സമസ്തസൃഷ്ടികളെ നന്നാക്കിത്തീർപ്പാൻ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ട ബാദ്ധ്യതയുണ്ട്. ലോകത്തിന്റെ ആവശ്യങ്ങളെല്ലാം നൽകിക്കൊണ്ടിരിക്കുന്ന ജഗന്നിയന്താവിന്റെ ഹിതത്തിന്നനുസരിച്ചു നാമും പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നതാണ് ദൈവാനുഗ്രഹത്തിന്നുള്ള മാർഗ്ഗം. "ലോകസംഗ്രഹമേവാപി സംപശ്യൻ കർത്തുമർഹസി" എന്നാണല്ലോ ഭഗവാന്റെ വചനം.

പരിശ്രമം ശീലിക്കാതെ സ്വശക്തി ഉണരുന്നതല്ല.
കഷ്ടം അനുഭവിക്കാതെ ഇഷ്ടം സിദ്ധിക്കുന്നതല്ല.
സത്യധർമ്മമര്യാദകളെ അംഗീകരിക്കാതെ അഭിവൃദ്ധി
ഉണ്ടാവുന്നതല്ല.
ലോകപരിചയമില്ലാതെ പരമാർത്ഥബോധം
ഉദിക്കുന്നതല്ല.
സ്വാർത്ഥത്യാഗമില്ലാതെമനസ്സുനിർമ്മലമായ്ത്തീരുന്നതല്ല.
അനുസരണമഭ്യസിച്ചല്ലാതെ ആജ്ഞാശക്തി
ലഭിക്കുന്നതല്ല.

മനസ്സു കീഴടങ്ങാതെ ആത്മാവിങ്കലേക്കു
പ്രവഹിക്കുന്നതല്ല.

ഹൃദയശുദ്ധിക്കും സമാധാനത്തിന്നും കാരണമായ് തീരാത്തതൊന്നും യഥാൎത്ഥമായ അഭിവൃദ്ധിയല്ല.

സൎവ്വ നന്മകളേയും അനായാസേന സിദ്ധിച്ചാൽ കൊള്ളാമെന്നു നാം മോഹിക്കുന്നു. എന്നാൽ കഷ്ടപ്പെട്ടു കൊണ്ടുതന്നെ ക്രമേണ അഭിവൃദ്ധിപ്രാപിക്കേണ്ടു തരം ദൈവം നിയമിച്ചിരിക്കുന്നു. ആത്മശക്തി നിക്ഷേപിച്ചിരിപ്പുള്ള ഹൃദയത്തിൻെറ താക്കോൽ കിട്ടേണമെങ്കിൽ സ്വാൎത്ഥതല്പരത നിമിത്തമുള്ള മാനുഷചാപല്യങ്ങളെ ജയിച്ചു നിഷ്കളങ്കമായ ഭക്തിയാൽ പഞ്ചേന്ദ്രിയങ്ങളുടെ അത്തുത്തി വിട്ടുയരണം. മോടിയിലും പകിട്ടിലും, നാട്യത്തിലുമല്ലപരിഷ്കാരം, സൽസ്വഭാവത്തിലാണ്. സ്ഥൂലമായ ഭോഗങ്ങളിലല്ല സുഖം, സമാധാനത്തിലാണ്. സ്ഥാനത്തിലും അധികാരത്തിലുമല്ല യോഗ്യത, സത്യമായ നടവടിയിലാണ്. കെട്ടിവെപ്പിലല്ല സ്വത്ത്, മാഹാത്മ്യത്തിലാണ്. ധനത്തിലല്ല ശാശ്വതമായ വിജയം, മനോജയത്തിലാണ്. സ്വശക്തിയുള്ളവൻ തന്നെയാകുന്നു സൎവ്വസമ്പന്നൻ. സച്ചിദാനന്ദസിന്ധുവെന്നു ദൈവത്തിന്നുള്ള വിശേഷത സൎവ്വശക്തി നിമിത്തമാണ്.

താന്താങ്ങളോടും, ലോകത്തോടും, ദൈവത്തോടും തങ്ങൾക്കുള്ള ബാദ്ധ്യതകളെ വേൎപിരിക്കുന്നതിനാലാണ് സൎവ്വദുരവസ്ഥകളുമുത്ഭവിക്കുന്നതു. ത്രികരണങ്ങളാലുമുള്ള സൎവ്വവ്യാപാരങ്ങളിലും മുൻപറഞ്ഞ മൂന്നുബാദ്ധ്യതകളേയും

പരസ്പരാശ്രിതങ്ങളാക്കി അനുഷ്ഠിപ്പാൻ പരിശീലനം ചെയ്താൽ മാത്രമെ ജീവിതയാത്രയിൽ അഭിവൃദ്ധി പ്രാപിക്കയുള്ളൂ. സച്ചിദാനന്ദസ്വരൂപമായ പരമാത്മാവിൻെറ സാന്നിദ്ധ്യത്തെ സൎവ്വത്ര ദൎശിച്ചും സ്മരിച്ചുംകൊണ്ടു സ്വധൎമ്മം, സത്യമൎയ്യാദകളോടുകൂടി, ഈശ്വരാൎപ്പണമെന്ന നിലയിൽ നിഷ്കാമമായി നിറവേററുന്നതുതന്നെയാണ് ജീവിതത്തിൻെറ പ്രഭാവം. ജലത്തിനെ ഒരു കുടത്തിലാക്കി ചുമക്കുമ്പോഴാണു അതു ഘനം തോന്നുന്നതു. ജലത്തിൽ മുങ്ങിയാൽ ചുററുമുള്ള ജലസമൂഹം ഭാരമായിരിക്കുന്നില്ല. അപ്രകാരംതന്നെ പ്രതിഫലേച്ഛനിമിത്തം സ്വജനങ്ങളോടുമാത്രമുള്ള മമതയുടെ ഭ്രമം മായയും സൎവ്വഭൂതങ്ങളോടും സമാനമായ സ്നേഹം ജ്ഞാനവുമാണ്. ഇതാണ് സൎവ്വ തത്വങ്ങളുടേയും മറി. ദൈവം സ്നേഹപരിപൂൎണ്ണപ്രകൃതിയോടുകൂടിയവനാണ്.

സ്നേഹവും ദയയും ഭക്തിയും സൂക്ഷ്മത്തിൽ ഒരേ സൂക്ഷ്മവികാരത്തിൻെറ സങ്കല്പവ്യത്യാസങ്ങൾ മാത്രമാണ്. സ്നേഹിക്കുന്നതുകൊണ്ടല്ല പ്രതിഫലം ഇച്ഛിക്കുകകൊണ്ടാണ് നാം ബന്ധിതന്മാരായ്ത്തീരുന്നത്. ആന്തരീയമായ സ്നേഹത്തിന്നു പ്രതിഫലേച്ഛയോ ഭയമോ ഉപേക്ഷയോ ഉണ്ടായിരിക്കയില്ല. മററു സൎവ്വ ഉദ്ദേശങ്ങളിലും വെച്ചു കവിഞ്ഞ ഒരുദ്ദേശമായിരിക്കുകയും ചെയ്യും. സംസാരവിജയം തന്നെയാണ് ദൈവസന്നിധിക്കുള്ള മാൎഗ്ഗം. താന്താൻ കളിക്കുന്നതിനെക്കാൾ കളി കണ്ടുകൊണ്ടിരിക്കുന്നതാണ് സുഖം. സംസാരസാഗരത്തിൽ ദേഹമെന്ന ക

പ്പുഖിനെ വ്യവസ്ഥയോടുകൂടി നടത്തി സംസാരപരിചയം പൂൎത്തിയായി ലഭിച്ചില്ലാതെ മറുകര അണയുന്ന കാൎയ്യം അസംഭാവ്യമാണ്. ഒരൊററ ചാട്ടത്താൽ സംസാരസാഗരത്തെ കടക്കാമെന്നു ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു ഭോഷത്വമാണ്. സൽപഥത്തിൽകൂടി ക്ഷമാപൂൎവ്വം പരിശ്രമിച്ചുകൊണ്ടിരുന്നാൽ മാത്രമെ ജ്ഞാനപ്രകാശം ലഭിക്കയുള്ളു. മാഹാത്മ്യം സിദ്ധിച്ചവൎക്കു മോക്ഷം "ഉള്ളംകയ്യിൽ നെല്ലിക്ക"പോലെയാണ്. സ്നേഹവും, സ്നേഹിക്കുന്നവനും സ്നേഹിക്കപ്പെട്ടതും, ഒന്നായിത്തീരുന്ന ഒരവസ്ഥയാണ് മോക്ഷം. ശക്തൻ, രാജാവ്, മാതാപിതാക്കന്മാർ, സ്നേഹിതൻ, ദമ്പതി എന്നിങ്ങിനെയാണ് ദൈവഭക്തി ക്രമേണ വൎദ്ധിച്ചുവരുന്നത്. പ്രായം ചെല്ലുന്തോറും പ്രപഞ്ചസാഗരത്തിലെ ചുഴികളിൽ പെട്ടുകനിത്തം ഭോഷ്ക്ക കല്ദൃഷ്ടിയും ഹൃദയത്തിന്നു ശാന്തതയുണ്ടെങ്കിലും തരിപ്പും വന്നുചേരുവാൻ സംഗതിയുണ്ട്. ഹൃദയം യാതൊന്നും പ്രവൃത്തിക്കാതെ മൂതിപ്പെട്ടുന്നതിനേക്കാറം ക്ഷുഭിതഹൃദയനായിരിക്കയാണു ഭേദം. തനിക്കു നേരിട്ട ആപത്തുകറംക്കു താൻതന്നെയാണ് കാരണം എന്നു സമാധാനിക്കുന്നതായാൽ ഹൃദയകാഠിന്യം ഉണ്ടായ്ത്തീരുന്നതല്ല. തനിക്കു പുറമെയുള്ള ലോകത്തെയെല്ലാം തൻെറ ഇഷ്ടത്തിന്നനുസരിച്ചാക്കിത്തീൎപ്പാൻ ആൎക്കും കഴികയില്ല. എന്നാൽ താന്താങ്ങളെതന്നെ താന്താങ്ങറംക്കു ഹിതപ്പെടുത്തുവാൻ ആൎക്കും സാധിക്കുന്നതാണ്. താന്താങ്ങറം നന്നായ്ത്തീരുമ്പോറം പുറമെയുള്ള ലോകവും നന്നായ്ത്തീരുന്നതാണ്.

ആയതിനാൽ ഈ ചെറുപുസ്തകത്തിൽ സംഗ്രഹിച്ചിരിക്കുന്ന തത്വസാരങ്ങളെയെല്ലാം നല്ലവണ്ണം മനസ്സിലാക്കി അവകളെ സദാനുഷ്ഠാനത്തിൽ വരുത്തി ക്ഷേമം വർദ്ധിപ്പിപ്പാനും സദാനന്ദപദം അണയുവാനും അശ്രാന്തപരിശ്രമം ചെയ്തുംകൊണ്ടു സർവ്വരും ജീവിതത്തെ പ്രഭാവത്തോടുകൂടി നയിക്കുമാറാകട്ടെ.

"സ്വാർത്ഥമെല്ലാം സന്ത്യജിച്ച ലോകദാസ്യംകൈക്കൊണ്ടു
മിത്ഥ്യയാക്കീടാതെ നന്നായി ജീവിതത്തെപ്പോക്കുകിൽ
ഏതടത്തിൽ വാണിരിക്കും സച്ചിദാനന്ദാത്മകൻ
അതലെല്ലാം തീർത്തടക്കിക്കാത്തുകൊള്ളും സാമ്പ്രതം."

ഓം ശുഭമസ്തു.

7 NOV. 1931
MADRAS

# "ജീവിതപ്രഭാവ"മെന്ന

## പുസ്തകത്തെക്കുറിച്ച് പത്രങ്ങളുടെയും മഹാന്മാരുടെയും

# അഭിപ്രായങ്ങൾ.

---

## പത്രാഭിപ്രായങ്ങൾ.

---

*The West Coast Spectator, Calicut*—........is an excellent treatise on the rules of conduct and morality adopted by the wise men of all nations for their guidance and inspiration. The author, though as yet not very well known in our literary circles, has now shown himself to be one of the few writers in Malayalam who could express even very dry and abstract ideas in a remarkably lucid and homely style.

The book is divided into XII chapters dealing with Manliness, Truthfulness, Duty, Married life, Health, Devotion, Salvation and so on and is interspersed with useful and apt Sanskrit quotations that every body should know. The opinions and inferences of the author are so true and convincing that even a casual reader will emerge from its pages with a brighter and more landable outlook upon life. The 'Glory of Life' will be found to

be an excellent Text book for moral instruction for School-boys.

2. *The West Coast Reformer, Calicut*—........ The title employed to this book indicate pretty clearly the range of the subjects attempted. They hint also that the author must possess experience of and insight into character, a critical taste free from pedantry and an easy literary style. In this book is enumerated in a most vivid manner the accidents of life and it is sure the reader will come to a mature reflection of the multifarious duties he has to perform in this world. This is not a production to be counted among those petty novels that are found in abundance in the realm of Malayalam literature. In fact this book contains high moral ideals to be studied. Especially at such a time when the public is upholding the study of morals in institutions we hope the book, will get its wholehearted approval of the Text book Committee in view of the wholesome influence it will have in young minds. We take this opportunity of congratulating Mr. Narayanan Nayar and wish him every success in his further ventures in the realm of literature.

*The Champion, Calicut*—.......It treats of a variety of matters which concern the daily life of every body such as physical health, mental devel-

opment and spiritual outlook. The book is instructive and thought-provoking and will be a guide to youth. We congratulate the author on the success of his first enterprise in the literary field.

4. മനോരമ, കോഴിക്കോട്—മലയാള സാഹിത്യ ഭണ്ഡാരത്തിൽ ഇദംപ്രഥമമായി സ്ഥലം പിടിച്ചിട്ടുള്ള ഒരു അമൂല്യരത്നമാകുന്നു........ഈ പുസ്തകം........ഇത്യാദി വിവിധവിഷയങ്ങളെ വായനക്കാൎക്ക് രുചിക്കത്തക്കവിധത്തിൽ യുക്ത്യനുഭവങ്ങളേയും നവീനാദൎശങ്ങളേയും അടിസ്ഥാനപ്പെടുത്തി ഗ്രന്ഥകാരൻ ലളിതഭാഷയിൽ പ്രതിപാദിച്ചിട്ടുണ്ട്........ ഈ പുസ്തകം നായന്മാർ പലവുരു സശ്രദ്ധം വായിച്ചു ഇതിൽ പറയപ്പെട്ട തത്വങ്ങളെ അനുസരിച്ചു നടക്കുന്നതായാൽ, അവരുടെ അഭ്യുന്നതിക്കു ഇതു തന്നെ പൎയ്യാപ്തമാകും എന്നാണ് ഞങ്ങളുടെ പക്ഷം........ഏവം വിധമായ പലേ ഉപദേശങ്ങളും സൂക്ഷ്മതത്വങ്ങളും വിശിഷ്ടാദൎശങ്ങളും അടങ്ങിയ 'ജീവിതപ്രഭാവം' പാഠശാലകളിൽ സദാചാര പാഠ്യപുസ്തകമായി സ്വീകരിക്കപ്പെടുന്നതായാൽ അതു അദ്ധ്യേതാക്കളുടെ ജീവിതപ്രഭാവത്തിന്നു ഏററവും ഉപയുക്തമായിത്തീരുന്നതാകുന്നു.

5. വസുമതി. കോഴിക്കോട്—അന്തസ്സാരശൂന്യവും അനൎത്ഥകരവുമായ ഓരോ പുസ്തകങ്ങൾ അങ്ങുമിങ്ങും പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ആത്മീയതത്വങ്ങളെ പ്രതിപാദിക്കുന്ന ഒരു പുസ്തകത്തിന്റെ ആവിർഭാവം എത്രമാത്രം ആശാസ്യവും അഭിനന്ദനീയവുമാണെന്നു് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ഇന്നത്തെ ദുഷിച്ച വിദ്യാലയജീവിതം വിദ്യാൎത്ഥികളെ ഒരു വെറും പുറംപൂച്ചൽ പഠിപ്പിക്കുകയല്ലാതെ യഥാൎത്ഥജ്ഞാനം അവൎക്കുണ്ടാക്കിക്കൊടുക്കുന്നുണ്ടോ എന്നു വളരെ

സംശയമാണ്. അതിന്നുള്ള പല കാരണങ്ങളുടേയും കൂട്ടത്തിൽ സൽഗ്രന്ഥങ്ങളുടെ ദൌർല്ലഭ്യവും ഉണ്ടെന്നു പറഞ്ഞേ കഴിയൂ. അങ്ങിനെയുള്ള ഒരു ഘട്ടത്തിൽ എൻ. നാരായണൻനായരവർകളുടെ 'ജീവിതപ്രഭാവം' എന്ന പുസ്തകം വിദ്യാർത്ഥി ലോകത്തിന്നു പ്രത്യേകിച്ചും ഉപകാരപ്രദമായിരിക്കുമെന്നാണ് ഞങ്ങൾക്കു തോന്നുന്നത്........ തുടങ്ങി വിവിധവിഷയങ്ങളെ സരളവും എന്നാൽ സമുജ്വലവുമായ ഭാഷയിൽ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം മലയാളഭാഷയിലുള്ള ഉത്തമഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്........എന്നു തുടങ്ങിയ തത്വസാരങ്ങളെ ഈ പുസ്തകത്തിൽനിന്നു പകർത്തി കാണിക്കുവാൻ തുടങ്ങിയാൽ അവസാനിക്കുകയില്ല. ഈ പുസ്തകത്തെപ്പററി പ്രയത്നിച്ചേടത്തോളം തൽകർത്താവിന്ന് കൃതാർത്ഥതക്കു ധാരാളം വഴിയുണ്ട്........

6. <u>അൽ-അമീൻ, കോഴിക്കോട്</u>—ചില ജ്ഞാനലവദുർവ്വിദഗ്ദ്ധന്മാർ സ്വകൃതികളുടെ എണ്ണം കാണിക്കാൻ കൊതിച്ചു കെട്ടിച്ചമയ്ക്കുന്ന തൃണമാലകളെപ്പോലെയുള്ളതല്ല ഇപ്പുസ്തകം. ഇതു ഗ്രന്ഥപരിചയത്തേയും ലോകപരിചയത്തേയും അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള ഒരു വിജ്ഞാനരത്നമാലതന്നെയാണ്. മി: നാരായണൻനായരുടെ ആദ്യപരിശ്രമം ഇത്രത്തോളം വിജയമായി കാണുന്നതിൽ ഞങ്ങളദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു........പുസ്തകത്തിൽ പ്രതിപാദിക്കാനുള്ള വിഷയങ്ങളെ ശരിയായി തിരഞ്ഞെടുക്കുകയും സംക്ഷിപ്തമായിട്ടാണെങ്കിലും സുഗമവും സുന്ദരവുമായ രീതിയിൽ അവയെ വായനക്കാർക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജീവിതത്തിൽ മുൻകൂട്ടി അറിഞ്ഞു പ്രവൃത്തിക്കേണ്ടതായ എല്ലാ സംഗതികളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു........എന്നിങ്ങിനെ

നമുക്കറിയേണ്ട ഏതു സംഗതിയുടെയും വിജ്ഞാനപ്രദമായ ചുരുങ്ങിയ വിവരം ഇതിലുണ്ട്. ഈ സംഗതികളെ പററി ഗ്രന്ഥകർത്താവു ഒരു ഉൽപതിഷ്ണുവിൻെറ നിലയിലാണു അഭിപ്രായം പറഞ്ഞിട്ടുള്ളത്......ചുരുക്കത്തിൽ പുസ്തകം നന്നായിട്ടുണ്ടെന്നാണ് ഞങ്ങൾക്കു പറവാനുള്ളത്. യുവാക്കന്മാരിതു അവശ്യം അറിഞ്ഞിരിക്കേണ്ടതാകയാൽ ഈ പുസ്തകം വായിക്കേണ്ടതാണെന്നു ഞങ്ങൾ ശിപാർശി ചെയ്യുന്നു. ഭാഷാരീതി ഊർജ്ജസ്വലമെന്നുതന്നെ പറയാം.

7. കേരളപത്രിക, കോഴിക്കോട്—...ഈ വകപുസ്തകങ്ങൾ എത്ര തന്നെ ഉണ്ടായാലും അധികമായിപ്പോകയില്ലെന്നു അവതാരികയിൽ പറയുന്നതോടുകൂടി ഞങ്ങളും യോജിക്കുന്നു. അധികംപേരും അഭിരുചി കാണിക്കുന്നതു ആഭാസശൃംഗാരമയമായ കവിതകളിലും പീറ നോവലുകളിലും ആയിരിക്കുന്ന ഇക്കാലത്തു ഇങ്ങിനെ സദാചാരവിഷയമായൊരു പുസ്തകം എഴുതുവാൻ തോന്നിയതിൽ ഗ്രന്ഥകർത്താവിനെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഇതിലെ ഭാഷക്കും നല്ല ലാളിത്യമുണ്ട്. ഇതു എല്ലാവരും വായിക്കേണ്ട പുസ്തകമാണെന്നതിന്നു രണ്ടുപക്ഷമുണ്ടാകയില്ല.

8. മിതവാദി, കോഴിക്കോട്—...യാഥാർത്ഥ്യങ്ങൾ പലതുമടങ്ങിയ ഇപ്പുസ്തകത്തിൽ വായിച്ചറിയേണ്ടവയായ അനേകം സംഗതികളുമടങ്ങിയിരിക്കുന്നു. പുരാണകഥകളും, ശൃംഗാരകവനങ്ങളും മററും വായിച്ചു മനസ്സിനെ മലിനപ്പെടുത്തുന്ന മലയാളികൾ ഈ പുസ്തകം ശരിയായി പാരായണം ചെയ്യുന്നതു ജീവിതത്തിൽ അവക്കു സർവ്വാഭ്യുദയങ്ങൾക്കും ഒരു മാർഗ്ഗമായിരിക്കും. ഗ്രന്ഥകർത്താവ് ഇങ്ങിനെ സദ്ധർമ്മപരമായ ഒരു പുസ്തകമെഴുതുവാൻ ശ്രമിച്ചതിൽ ഞങ്ങൾ അദ്ദേഹത്തെ ശ്ലാഘിക്കുന്നു.

9. പ്രബുദ്ധകേരളം—...ഈ ഗ്രന്ഥത്തിൽ സകലമനുഷ്യരും ജീവിതം വിജയകരമായി നയിക്കുന്നതിന്നു അറിഞ്ഞിരിക്കേണ്ട അറുപതിൽപരം സംഗതികൾ 'ജീവിതരീതി മുതൽ മോക്ഷം'വരെ പടിപടിയായും ഭംഗിയായും വിവരിച്ചിരിക്കുന്നു. ഒടുവിൽ ആദ്ധ്യാത്മജീവിത സമ്പ്രദായത്തെയും സ്വാർത്ഥത്യാഗത്തിന്റെ മഹിമയെയും പ്രതിപാദിച്ചു പുസ്തകം സമാപിക്കുന്നു. ഗ്രന്ഥകർത്താവിന്റെ ആദ്യത്തെ ശ്രമഫലമാണിതെന്നറിയുന്നതിൽ സന്തോഷിച്ചുകൊണ്ടും ഭാവി സൽഗ്രന്ഥങ്ങളേയും പ്രതീക്ഷിച്ചുകൊണ്ടും മംഗളമാശംസിക്കുന്നു.

---

# മഹാന്മാരുടെ അഭിപ്രായങ്ങൾ

---

1. (കവിതിലകൻ) വള്ളത്തോൾ (നാരായണമേനോൻ)—ജഗദീശ്വരൻ ദയാപൂർവ്വം കല്പിച്ചു നൽകുന്ന ഒരു വിലയേറിയ സമ്പത്താണു് മനുഷ്യായുസ്സ്; ഇതിനെ മുക്തിലാഭത്തിന്നായി വിനിയോഗിക്കുന്നില്ലെങ്കിൽ മനുഷ്യനും തിര്യക്കുമായി ആകൃതികൊണ്ടുമാത്രമെ വ്യത്യാസമുള്ളു. നമ്മുടെ ജീവിതനദി അതിപൂർണ്ണവും അക്ഷയവും അതിവിശാലയവുമായ പരമപദത്തിൽ ചെന്നു ചേരുന്നതിന്നു ഏതു വഴിയിലൂടെ പ്രവഹിക്കേണമോ, ആ സന്മാർഗ്ഗത്തെ ചൂണ്ടിക്കാണിക്കുകയാണു് 'ജീവിതപ്രഭാവം'എന്ന വിശിഷ്ടഗ്രന്ഥം ചെയ്യുന്നതു്.

ആർഷസൂക്തങ്ങളേയും ആപ്തവാക്യങ്ങളേയും മുൻനിർത്തി സരളമായ ഭാഷയിൽ എഴുതപ്പെട്ട ഈ ഗദ്യപ്രബന്ധം—ചുരുക്കിപ്പറകയാണെങ്കിൽ—ജീവിതായോധനത്തിന്നിറങ്ങുന്ന യുവാക്കൾക്കു് അനായാസേന ധരിപ്പാവുന്നതും അപായങ്ങളിൽനിന്നു

ക്ഷപ്പെടുത്തുന്നതും വിജയത്തെ പ്രദാനം ചെയ്യുന്നതുമായ ഒരു നവീനായുധമാകുന്നു.

എൻ. നാരായണൻ നായരവർകളുടെ പ്രഥമമായ സാഹിത്യപരിശ്രമത്തിൽ നിന്നു തന്നെ ഇത്രയും ഉൽകൃഷ്ടമായ ഒരു പുസ്തകം കൈവന്നതിൽ കൈരളിയ്ക്കു് ആഹ്ലാദം മാത്രമല്ല, അഭിമാനം കൂടി തോന്നാതിരിക്കയില്ല.

2. ശ്രീമതി തരവത്ത് അമ്മാളുഅമ്മ— ...'ജീവിതപ്രഭാവം' എന്ന പുസ്തകം എനിക്കു കിട്ടി മുഴുവനും വായിക്കുകയും ചെയ്തു. അതിൽ പ്രതിപാദിച്ച വിഷയങ്ങളെല്ലാം മനുഷ്യർക്കു അത്യാവശ്യമായവയും അനുകരണീയങ്ങളും ആദരണീയങ്ങളുമാണെന്നു ആരും സമ്മതിക്കും. അദ്ധ്യായനാമങ്ങൾ തന്നെ എല്ലാവർക്കും ഉണർച്ച ഉണ്ടാക്കുന്നതാണ്. വിശേഷിച്ച് 'ദൈവഭജനം' എന്ന അദ്ധ്യായം വേദാന്തശാസ്ത്രത്തിന്റെ ഒരു സാരസംഗ്രഹമാണെന്നു തന്നെ പറയാം. വേദാന്തപരിചയം ഇല്ലാത്തവർക്ക് ഈ ഒരു അദ്ധ്യായംകൊണ്ടു തന്നെ മുക്തന്മാരാവാം. 'മോക്ഷം' എന്ന അദ്ധ്യായം വളരെ സാരതരം തന്നെ. അവസാനത്തെ വിജ്ഞാപനമോ സാരാൽസാരതരമായിരിക്കുന്നു. നമ്മുടെ പുരാണേതിഹാസങ്ങളും ധർമ്മശാസ്ത്രങ്ങളും മററും മനുഷ്യർക്ക് ജീവിതദശയിൽ അനുഷ്ഠേയങ്ങളായ ഓരോ സംഗതികളെ വിസ്തരിച്ചു പ്രതിപാദിക്കുന്നവയാണ്. അവയിൽ നിന്നു സാരങ്ങളായ മുഖ്യ കാര്യങ്ങളെ തിരഞ്ഞെടുത്ത് ക്രോഡീകരിച്ചു പുസ്തകരൂപമാക്കിത്തീർത്ത നിങ്ങളുടെ പരിശ്രമത്തെ മലയാളികൾ എത്രയെത്ര ശ്ലാഘിച്ചാലും മതിയാകുന്നതല്ല. ഇതു മലയാളികൾക്കു ഒരു നിക്ഷേപമാണെന്നു തന്നെ പറയണം. പാശ്ചാത്യപരിഷ്കാരത്തിൽ ഭ്രമിച്ചുഴലുന്ന ഇപ്പോഴത്തെ ചെറുപ്പക്കാർക്കു പരമാർത്ഥബോധം നൽകി അവരെ സൽപഥത്തിലേക്കു നയിക്കുവാനു

ള്ള ദിവ്യശക്തി തീച്ചയായും ഈ ഗ്രന്ഥത്തിന്നുണ്ടെന്നാണ് എ
ൻെറ വിശ്വാസം. ഈ പുസ്തകം സ്കൂളുകളിൽ പാഠ്യപുസ്തകമാ
യി കിട്ടുന്നതായാൽ മലയാളവിദ്യാത്ഥികളുടെ ജന്മം സഫലമാ
യി. നിങ്ങൾക്കു ഈ പ്രയത്നത്തിൻെറ ഫലം ലഭിക്കുവാനും ഇ
തുപോലെ വിശിഷ്ടതത്വപ്രതിപാദ്യങ്ങളായ ഗ്രന്ഥങ്ങൾ നി
ൎമ്മിക്കുവാൻ സംഗതി വരുത്തുവാനും ജഗദീശ്വരൻ കടാക്ഷിക്ക
ട്ടെ. എനിക്കു ഈ പുസ്തകത്തിൽ തോന്നീട്ടുള്ള സന്തോഷബഹു
മാനങ്ങളെ എഴുതി അറിയിക്കുവാൻ സാദ്ധ്യമാകുന്നില്ല. ഏ
തൊരു വസ്തുവിനേയും സ്തുതിക്കുവാനും നിന്ദിക്കുവാനും എ
നിക്കു അറിഞ്ഞുകൂടാത്തതുകൊണ്ട് മനസ്സിൽ ഉണ്ടായ ഭാവങ്ങ
ളെ മുഴുവനും എഴുതി അറിയിപ്പാൻ സാദ്ധ്യമല്ലാതെ വ
ന്നതാണ്.

3. ദിവാൻബഹദൂർ മന്ദത്ത് കൃഷ്ണൻനായരവർകൾ (M. L. C.)—നിങ്ങളുടെ 'ജീവിതപ്രഭാവം' എന്ന പുസ്തകം
ഞാൻ വായിച്ചു. അതിൽ അനേക സനാതനതത്വങ്ങൾ അട
ങ്ങീട്ടുണ്ട്. ഒരു മനുഷ്യൻെറ ജീവകാലത്തെ നല്ല പന്ഥാവിൽ
കൂടി കൊണ്ടുപോകുന്നതിലേക്കു നിങ്ങളുടെ പുസ്തകം ഒരു ന
ല്ല മാൎഗ്ഗദശിയാണ്. ജീവിതരീതി, സത്യം, മൎയ്യാദ, ധൎമ്മം, ദൈ
വഭജനം, ആരോഗ്യം മുതലായവകളെപ്പററി നിങ്ങളുടെ പുസ്ത
കത്തിൽ വിശദമായും സവിസ്താരമായും പ്രസ്ഥാപിച്ചിട്ടുണ്ട്.
ഈ വക വിഷയങ്ങളെപ്പററിയാണ് മനുഷ്യർ അറിയേണ്ടത്.
പുസ്തകത്തിൽ വാചകഭംഗിയും നല്ലവണ്ണം ഉണ്ട്. വിദ്യാലയ
ങ്ങളിൽ ഒരു പാഠ്യപുസ്തകമായി സ്വീകരിക്കേണ്ട യോഗ്യതയു
തിന്നുണ്ട്. ഈ പുസ്തകം ഗ്രന്ഥനിൎമ്മാണത്തിൽ നിങ്ങളുടെ ഒ
ന്നാമത്തെ ശ്രമമാണെന്നറിയുന്നു. ഇനിയും സദ്വിഷയങ്ങളെ
പ്പററി നിങ്ങൾ പുസ്തകങ്ങൾ എഴുതുമെന്ന് വിശ്വസിക്കുകയും

നിങ്ങളുടെ ആ വക ശ്രമങ്ങളിൽ നിങ്ങൾക്ക് വിജയം ഭവിക്കേണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

4. റാവുസാഹിബ് എം. കുഞ്ഞിരാമൻനായരവർകൾ ബി. ഏ. (ഡിപ്പ്യൂട്ടികലക്ടർ)—മലയാള പുസ്തകങ്ങൾ ഈയിടെയായി എത്രയോ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നുണ്ട്. എന്നാൽ ആബാലവൃദ്ധം ജനങ്ങൾക്കു ഉപകാരപ്രദമായും അഥവാ അത്ര്യാവശ്യകമായും എല്ലാവർക്കും ഒരുപോലെ രുചിക്കത്തക്കതായും ഉള്ള വേറെ ഒരു പുസ്തകം ഞാൻ കണ്ടിട്ടില്ലെന്ന് തീർച്ചയായും പറയാം. ഒരു വിധം എല്ലാ കാര്യങ്ങളും ഇതിൽ അടങ്ങീട്ടുണ്ട്. അനാവശ്യമായി ഒരു വാക്കുപോലും ഇല്ല എന്നുതന്നെ പറയാം. "ദൈവഭജനം" എന്ന അദ്ധ്യായത്തിൽ അഖിലലോകകർത്താവായ സാക്ഷാൽ പരബ്രഹ്മത്തെ മാത്രം സങ്കല്പിച്ച് നാനാജാതിമതസ്ഥന്മാരും തമ്മിലുണ്ടാകേണ്ടുന്ന സഹോദരത്വത്തെപ്പററി വിസ്തരിക്കുകൂടി ചെയ്തിരിക്കയാൽ നിങ്ങളുടെ "ജീവിതപ്രഭാവ"മെന്ന പുസ്തകത്തെ എല്ലാ ജനങ്ങൾക്കും വിശേഷിച്ച് "ഗ്രന്ഥവിസ്താരേ ഭയമുള്ള ബാലകന്മാർക്കും അന്തരംഗത്തിൽ ബോധമില്ലാത്ത ജനങ്ങൾക്കും" ഒരു വേദപുസ്തകമായി തന്നെ കരുതാവുന്നതാണ്. ഇത്ര അധികം സാരമായ കാര്യങ്ങൾ ഈ ചെറു പുസ്തകത്തിൽ ഒതുക്കിയതിൽ എനിക്കു അത്ഭുതം തോന്നുന്നുണ്ട്.

ഈ പുസ്തകം വിദ്യാലയങ്ങളിൽ ഒരു പാഠ്യപുസ്തകം ആക്കുന്നതിൽ തൽഭാരവാഹികൾ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുമെന്നു വിശ്വസിക്കുന്നു.

നിങ്ങളുടെ ഒന്നാമത്തെ ഉദ്യമം ഇത്രത്തോളം ഫലവത്തായ സ്ഥിതിക്ക്, ഗ്രന്ഥകർത്തൃത്വത്തിൽ നിങ്ങൾക്കു വളരെ അഭിവൃദ്ധിയുണ്ടാവാൻ വഴിയുണ്ടെന്ന് "ജീവിതപ്രഭാവം" നല്ലപോലെ വെളിപ്പെടുത്തീട്ടുണ്ട്.

ഈ പുസ്തകത്തെപ്പററി ഒരഭിപ്രായം എഴുതുവാനുള്ള യോഗ്യത എനിക്കില്ല. എന്നാൽ മനസ്സിൽ തോന്നിയത് എഴുതി എന്നു മാത്രമേ ഉള്ളു. നിങ്ങളുടെ ഉദ്യോഗസംബന്ധമായ പ്രവൃത്തിത്തിരക്കിൽ ഈ പുസ്തകം എഴുതുവാൻ നിങ്ങൾക്കു സാധിച്ചതിൽ ഞാൻ നിങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഗ്രന്ഥനിർമ്മാണത്തിൽ ഇതിലും ഉപരിയായ കീർത്തിസമ്പാദിക്കാനായി സച്ചിദാനന്ദസ്വരൂപൻ നിങ്ങളെ തുണക്കട്ടെ.

5. ശ്രീജിത് മഞ്ചേരി രാമയ്യരവർകൾ (ഹൈക്കോർട്ട് വക്കീൽ)—എൻ. നാരായണൻനായരവർകളുടെ 'ജീവിതപ്രഭാവം' എന്ന പുസ്തകം സ്ഥാലീപുലാകന്യായേന നേരിട്ടു ഞാൻ പരിശോധിച്ചതിലും എന്റെ സ്നേഹിതൻ മജിസ്റ്റ്രേട്ട് ഉദ്യോഗം രാജിവെച്ച ശ്രീമാൻ രാമൻതട്ടാൻ അവർകളെക്കൊണ്ടു കൂലങ്കഷമായി പരിശോധിച്ചുനോക്കിയതിലും, ശാസ്ത്രയുക്ത്യാനുസരണങ്ങളായ തത്വങ്ങൾ സർവ്വത്ര വ്യാപിതമായി കാണപ്പെട്ടിരിക്കുന്നു. ഈ 12 ഉപന്യാസങ്ങളെ വായിച്ചു അതിലടങ്ങിയ സാരങ്ങൾക്കനുസരിച്ചു ജീവിതത്തെ നയിക്കുന്ന എല്ലാവർക്കും അവരുടെ ലോകയാത്ര സുഗമമാവുമെന്നതിനു യാതൊരു സംശയവുമില്ല.

6 കുലപതി വി. വി പരമേശ്വരയ്യരവർകൾ ഹെഡ്മാസ്റ്റർ അൻറമാനേജർ, നേററീവ് ഹൈസ്ക്കൂൾ, പാലക്കാട്—നിങ്ങൾ എഴുതിയ "ജീവിതപ്രഭാവം" എന്ന പുസ്തകം അയച്ചുതന്നതു വളരെ സന്തോഷപൂർവ്വം സ്വീകരിച്ചു വായിച്ചുനോക്കി. അതിൽ വിദ്യാർത്ഥികൾക്കു അവശ്യം അറിയേണ്ട വിഷയങ്ങൾ ധാരാളം ഉണ്ടു്. ഓരോ അദ്ധ്യായാരംഭത്തിൽ വി

ഷയസൂചകമായി ചേൎത്തിട്ടുള്ള ശ്ലോകങ്ങൾ വളരെ നന്നായിരിക്കുന്നു. ആപ്തവാക്യങ്ങൾ ധാരാളം ഈ പുസ്തകത്തിൽ കാണുന്നതു ഈ പുസ്തകത്തിലുള്ള വിഷയങ്ങളെ വായനക്കാരുടെ മനസ്സിൽ ഉറപ്പിക്കുന്നതിന്നു വളരെ ഉപയോഗമായിരിക്കുന്നു. ഈ പുസ്തകം എല്ലാംകൊണ്ടും ഇപ്പോഴുള്ള വിദ്യാൎത്ഥികൾ പഠിക്കേണ്ടതു് അത്യാവശ്യമാകുന്നു.

7. പി. എം. സെയ്യ്ത് അഹമ്മത് ജിഫിറി ആറാതങ്ങളവർകൾ (ഡിസ്ത്രിക്ട് താലൂക്ക ബോർഡുകളിലെ മെമ്പറും മുൻസിപ്പാൽ കൌൺസിലരും) —നിങ്ങൾ എഴുതിയ "ജീവിതപ്രഭാവം" എന്ന പുസ്തകം ഞാൻ വായിച്ചുനോക്കി. മനുഷ്യന്നു അവശ്യം അറിഞ്ഞിരിക്കേണ്ടതായ സൂക്ഷ്മതത്വസാരങ്ങളെല്ലാം ഈ പുസ്തകത്തിൽ അടങ്ങീട്ടുണ്ടു്. ഈ പുസ്തകത്തിലെ ആദൎശങ്ങൾ എല്ലാം സൎവ്വരും മതജാതിവ്യത്യാസം എന്നിയെ വായിച്ചു മനസ്സിലാക്കി അനുകരിക്കത്തക്കവയാണ്. ഈ വിധം ഉപയോഗമുള്ള പുസ്തകങ്ങൾകൊണ്ടു മാത്രമേ ലോകത്തിന്നു യഥാൎത്ഥത്തിൽ അഭിവൃദ്ധി ഉണ്ടായിത്തീരുകയുള്ളൂ. ഈ പുസ്തകത്തെ സൎവ്വ സ്കൂളുകളിലും ഒരു സദാചാരപാഠ്യപുസ്തകമായി ഏൎപ്പെടുത്തേണ്ടതാണെന്നതിന്നു രണ്ടു പക്ഷമുണ്ടാവാൻ തരമില്ല. ഈ പുസ്തകത്തിലെ ഭാഷയും ലളിതവും സമുജ്വലവുമായിരിക്കുന്നു. നിങ്ങളുടെ ഈ ശ്ലാഘനീയമായ പരിശ്രമത്തിൽ ഞാൻ വളരെ അഭിനന്ദിക്കുന്നു.

8. ടി. കുഞ്ഞിരാമമേനോനവർകൾ, വക്കീൽ, പരപ്പനങ്ങാടി—ശ്രീമാൻ എൻ. നാരായണൻ നായരവർകൾ എഴുതിയതായ "ജീവിതപ്രഭാവ"മെന്ന പുസ്തകത്തെ ഞാനും സസന്തോഷം വായിച്ചു. സച്ചിദാനന്ദപ്രാപ്തിയാകുന്ന മോക്ഷമാ

ണ് ജീവിതാദർശമെന്നു ധരിക്കാത്ത ഹിന്തുക്കൾ ഇപ്പോൾ ദുർല്ലഭമാണ്. ഈ പരമപുരുഷാൎത്ഥത്തെ ലക്ഷ്യമാക്കിക്കൊണ്ടാണ് പ്രസ്തുതഗ്രന്ഥത്തിന്റെ ഗതി. നിത്യസുഖപ്രാപ്തിയെ എവരും കാംക്ഷിക്കുന്നുണ്ടെങ്കിലും അതിന്നു പൎയ്യാപ്തമായ ജീവിതരീതിയെ അറിയുന്നവർ ഏററവും ചുരുക്കമായിരിക്കുന്നു. അറിയുന്നവരിൽതന്നെ അതിനെ പിന്തുടൎന്നു പ്രവൃത്തിക്കുന്നവർ അതിലും ചുരുക്കം. ഈ ലക്ഷ്യത്തെ മുൻനിൎത്തിക്കൊണ്ടു ഇപ്പോഴത്തെ കാലസ്ഥിതികളും പരിതഃസ്ഥിതികൾക്കും അനുസരിച്ച ജീവിതാദർശങ്ങളെ അനുഭവത്തിൽ കൊണ്ടുവരേണ്ടതായ വഴികളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ നമ്മുടെ ദേശീയഭാഷകളിൽ ഉണ്ടായിരിക്കുന്നത് മേൽപറയപ്പെട്ട ന്യൂനതകളെ പരിഹരിപ്പാനുള്ള ഒരു പ്രധാന കാരണമാണ്. മലയാളഭാഷയിൽ ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ ഇല്ലെന്നുതന്നെ പറയാം. ആകയാൽ പ്രസ്തുതഗ്രന്ഥം മലയാളികളുടെ ഒരു വലുതായ ആവശ്യത്തെ നിൎവ്വഹിക്കുന്നുണ്ട്.

മോക്ഷോപായങ്ങളായ നാലു മാൎഗ്ഗങ്ങളെ വേദാന്തശാസ്ത്രം ഘോഷിക്കുന്നുണ്ടെങ്കിലും അവയിൽ ഓരോന്നും ഓരോ കാല പൌരുഷവും, പരോപകാരബുദ്ധിയും, സ്വാൎത്ഥപരിത്യാഗവും കുറഞ്ഞ ഇക്കാലത്തേക്കു, അവകളിൽ ഏററവും ആവശ്യവും, സാമുദായികജീവിതത്തിലിരിക്കുന്ന ഗൃഹസ്ഥരായ മുമുക്ഷുക്കൾക്കു ഏതു കാലത്തും അത്യന്തം ഉപയോഗപ്പെടുന്നതുമായ വഴി "കൎമ്മയോഗ"മത്രെ-ഈ വഴിയാകുന്നു പ്രസ്തുതഗ്രന്ഥം ആശ്രയിച്ചിരിക്കുന്നതു്. "സച്ചിദാനന്ദരൂപമായ പരമാത്മാവിന്റെ സാന്നിദ്ധ്യത്തെ സൎവ്വത്ര ദൎശിച്ചും സ്മരിച്ചും കൊണ്ടു സ്വധൎമ്മം സത്യമൎയ്യാദകളോടുകൂടി ഈശ്വരാൎപ്പണമെന്ന നിലയിൽ നിഷ്കാമമായി നിറവേററുന്നതുതന്നെയാണ് ജീവിതത്തിന്റെ പ്ര

ദാവം" എന്നു ഗ്രന്ഥകത്താ അവസാനത്തിൽ പറയുന്നു. ഇതു തന്നെയാണ് കമ്മയോഗത്തിൻെറ പരമരഹസ്യം-എന്നാൽ ഈശ്വരനിലും മോക്ഷത്തിലും വിശ്വാസമുള്ള ജനങ്ങൾക്കു മാത്രമേ ഇഗ്രന്ഥംകൊണ്ടു പ്രയോജനമുള്ളുവെന്നു ധരിച്ചുപോകരുത്. ആസ്തികനും, നാസ്തികനും, ലോകരംഗത്തിലുണ്ടാവുന്ന അനുഭവം ഒരേ വിധത്തിലായിരിക്കുന്നതുകൊണ്ടും, ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ട ജീവിതധമ്മം സവ്വസാമാന്യമായ ജീവിതാനുഭവത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാകയാലും, ഇതു ഏതു തരത്തിലുള്ള മനുഷ്യനും ഒരു ഉത്തമമിത്രമായ് ഭവിക്കുന്നതാണെന്നും ഇതിലെ വിലമതിക്കവയ്യാത്ത ജീവിതതത്വങ്ങളിൽ ഏതെങ്കിലും ഒന്നിനെപോലും അനുഷ്ഠാനത്തിൽ അവലംബിക്കുന്ന മനുഷ്യനെ, അതു ജീവിതസമരത്തിൽ വിജയിയാക്കുന്നതാണെന്നും നിസ്സംശയം പറയാം.

ഈ പുതിയ ഗ്രന്ഥകാരനു ഞാൻ മേൽക്കുമേൽ മംഗളങ്ങളെ ആശംസിക്കുന്നു.

പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മാ അവൎകൾ— നാരായണൻനായരവൎകൾ അയച്ചുതന്ന ഈ പുസ്തകം ഞാൻ സാദരം സ്വീകരിക്കുകയും ആപാദചൂഡം ശ്രദ്ധയോടെ വായിച്ചു നോക്കുകയും ചെയ്തു. ഇതിൽ അടങ്ങിയിരിക്കുന്ന ഓരോ വിഷയങ്ങളും ജനസാമാന്യം പ്രത്യേകം വായിച്ചു ഗ്രഹിക്കേണ്ടതും അതിന്നനുസരിച്ചു പ്രവൎത്തിക്കേണ്ടതും പ്രവൃത്തിപ്പിക്കേണ്ടതുമാകുന്നു.

ഐഹികങ്ങളായിരിക്കുന്ന വിഷയങ്ങളിൽ മാത്രമല്ല ഈ ഗ്രന്ഥകൎത്താവ് ശ്രദ്ധവെച്ചിട്ടുള്ളതു്; പാരത്രികങ്ങളായ വിഷയങ്ങളും കൂടി സമഷ്ടിരൂപേണ ശ്രദ്ധവെച്ചിട്ടുണ്ടെന്ന് സൂക്ഷ്മാലോചനയിൽ കാണാവുന്നതാണ്. എന്നാൽ "നിവൃത്തിമാൎഗ്ഗത്തേക്കാൾ ജനങ്ങൾ പ്രവൃത്തിമാൎഗ്ഗത്തിലാണ് അധികം ആസക്തന്മാരായിതീരുന്നതു" എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രവൃത്തിമാൎഗ്ഗത്തെ ശുദ്ധമാക്കിത്തീൎപ്പാൻ അധികം മനസ്സിരുത്തിട്ടുള്ളതും ഉചിതം തന്നെ എന്നു വിചാരിക്കാം.

ഈ ഗ്രന്ഥകൎത്താവ് പ്രായേണ സ്വകപോലകല്പിതങ്ങളായ അൎത്ഥങ്ങളെയല്ല പ്രധാനമായി അവലംബിച്ചിട്ടുള്ളതു്. കിന്തു ആപ്തന്മാരെന്ന് പ്രസിദ്ധി നേടിയ വളരെ മഹാന്മാരുടെ വചനങ്ങളെ ഇതിൽ സാധകമായി സ്വീകരിച്ചിട്ടുണ്ട്.

"മഹാമുനീനാം മതയോപിഭിന്നാഃ" എന്ന വചനത്തെ ആസ്പദമാക്കി നോക്കുമ്പോൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ട ചില വിഷയങ്ങളെ പററി അഭിപ്രായഭേദം ഉണ്ടാകുന്നതു പ്രകൃതിസിദ്ധമാകയാൽ അവഹേളന ഹേതുവാകയില്ലെന്ന് തീൎച്ചയായും പറയാവുന്നതാണ്.

നവീന വിദ്യാഭ്യാസരീതിയിൽ ജനങ്ങൾക്കു അധികം ആവേശം കാണുന്നുണ്ടു. ആയതു പാരമ്പൎയ്യായിതമായ പ്രവൃത്തി

കളിൽ വൈമനസ്യഹേതുവായി വന്നേക്കുമെന്നും ഗ്രന്ഥകൎത്താവ് ശങ്കിക്കാതിരുന്നിട്ടില്ല. ആ ശങ്കയെ സൂക്ഷ്മമായി സൂചിപ്പിക്കുകയും ആ ദോഷം വരാതെ കഴിപ്പാൻ ശ്രദ്ധിക്കേണ്ടതാണെന്നു ഗൂഢമായി ഉപദേശിക്കുകയും ചെയ്യാതിരുന്നിട്ടും ഇല്ല. ഈ വിഷയത്തിൽ ഈ ഗ്രന്ഥപരിശീലനം ചെയ്യുന്നവര് പ്രത്യേകം മനസ്സിരുത്തുമെന്നു വിശ്വസിക്കുന്നു.

“ആലസ്യം യദി ന ഭവേജ്ജഗത്യനൎത്ഥഃ കോ ന സ്യാദ് ബഹുധനകോ ബഹുശ്രുതോ വാ। ആലസ്യാദിയമവനിഃ സസാഗരാന്താ സംപൂൎണ്ണാ നരപശുഭിശ്ച നിൎദ്ധനൈശ്ച!!” എന്നുള്ള വാസിഷ്ഠോപദേശത്തെ സ്വരൂപേണ ഗ്രന്ഥത്തിൽ ധരിച്ചിട്ടില്ലെങ്കിലും അതിന്റെ സാരത്തെ യുക്തിയോടും ഉദാഹരണത്തോടും കൂടി വിശദമായി പ്രതിപാദിച്ചിട്ടുള്ളതിൽ വാചകന്മാരുടെ ശ്രദ്ധയെ ഞാൻ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

തൊഴിലിനെ പററി പറയുന്ന ഘട്ടത്തിൽ ജനങ്ങളുടെ അഭിരുചി ഭിന്നഭിന്നമായി വരുന്നതിന്ന് പാരമ്പൎയ്യസിദ്ധമായ വാസനക്ക് കാരണത്വം കല്പിച്ചിട്ടില്ലെങ്കിലും ആ അഭിരുചിയെ ആസ്പദമാക്കി പ്രവൎത്തിക്കുന്നതിന്ന് അധികശോഭയുണ്ടെന്നു പ്രതിപാദിച്ചതും വിശിഷ്യ ശ്രദ്ധേയമാകുന്നു.

ഈ വിധം ഇതിൽ പ്രതിപാദിക്കപ്പെട്ട ഓരോ വിഷയങ്ങളെപ്പററി പ്രത്യേകവിമൎശനത്തിന്നു ആരംഭിച്ചാൽ ഗ്രന്ഥവിസ്തരത്തിന്നും അതു നിമിത്തം അനുവാചകന്മാൎക്ക് വൈമനസ്യത്തിന്നും ഇടയാകുമെന്നു കരുതി തൽക്കാലം അതിന്നായി ഒരുങ്ങുന്നില്ല.

പിന്നെ ഏതു മതക്കാൎക്കും ഏതു ജാതിയിൽ ഉൾപ്പെട്ടവൎക്കും അനുവാചനത്തിൽ വൈമനസ്യം ജനിക്കാതിരിപ്പാൻ ഗ്രന്ഥകൎത്താവ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ആയതു മഹാമനസ്കതയെ വെളിപ്പെടുത്തുന്നു. എന്നാൽ അതുനിമിത്തം പ്രതി

പാദനീയങ്ങളായ അംശങ്ങളിൽ യാതൊരു കുറവും വരാതിരിപ്പാൻ പ്രത്യേകം മനസ്സിരുത്തീട്ടുള്ളതു അത്യന്തോചിതമായിരിക്കുന്നുവെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല.

വാചകങ്ങൾ പ്രായേണ സരളങ്ങളും അതിനാൽ അൎത്ഥം സുഖബോധവുമാണെന്നുള്ളതു അവ്യുല്പന്നന്മാൎക്കു കൂടി പുസ്തകവായനയിൽ അഭിരുചിയെ ജനിപ്പിക്കത്തക്കതാകുന്നു.

ഈ പുസ്തകത്തിന്റെ വലിപ്പവും ഇതിലടങ്ങിയ വിഷയങ്ങളുടെ യോഗ്യതയും ഈ പുസ്തകവായനയിൽ നിന്നുണ്ടാകാവുന്ന ഗുണങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇതിനു നിശ്ചയിച്ച വില ഒട്ടും അധികമാണെന്നു തോന്നുന്നില്ല.

അതിനാൽ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും ഉള്ള പാഠശാലകളിലെ പാഠ്യപുസ്തക നിൎണ്ണായിക സംഘക്കാർ ഈ പുസ്തകത്തിന്നു് തങ്ങളുടെ പുസ്തകപ്പട്ടികയിൽ തക്കതായ സ്ഥലം കൊടുക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു....

........ഈ ഗ്രന്ഥകൎത്താവു സദ്വിഷയകമായ തന്റെ പ്രോത്സാഹത്തെ ഇതിലും ഉപരിയായി പ്രദൎശിപ്പിച്ചു സജ്ജനസമൂഹത്തിന്റെ നിരന്തരബഹുമാനത്തിന്നു പാത്രീഭവിച്ചു് യഥോത്തരം അഭ്യുദയത്തോടെ ദീൎഘായുസ്സായിരിപ്പാൻ സൎവ്വേശ്വരിയായ ഈഞ്ഞയ്യൂർ ഭഗവതി സദയം അനുഗ്രഹിക്കുമാറാകട്ടെ എന്നു ആശംസിച്ചുകൊള്ളുന്നു.

# ശുദ്ധിപത്രം.

| ഭാഗം വരി | അബദ്ധം | സുബദ്ധം |
| --- | --- | --- |
| 31—19 | തിരുപദ്രവം | നിരുപദ്രവം |
| 33—8 | ഭൃത്യഹിതം | ഭൃതഹിതം |
| 59—11 | വിദാ | വിദ്ധ്യാ |
| 110—12&13 | (വിശ്വാസത്തിന്നു etc) എന്നതിനെ തട്യുക. | |
| 152—1 | 'വർത്തമാനജന്മത്തിന്റെ' എന്നതിന്നു മുമ്പായി 'പ്രാരബ്ധകർമ്മമാണു്' എന്നു ചേർക്കുക. | |
| 161—18 | സാമഗ്രികൾ | സാമഗ്രികകൾ. |